# സുറിയാനി ക്രിസ്ത്യാനികളുടെ

## ശവസംസ്ക്കാര ശുശ്രൂഷാ പുസ്തകം

മലയാളവും ഇംഗ്ലീഷും ഇടകലർത്തി

ക്രോഡീകരിച്ചത്: ജോയിക്കുട്ടി, ഡിട്രോയിറ്റ്
**Compiled by Joykutty, Detroit**

# സുറിയാനി ക്രിസ്ത്യാനികളുടെ

# ശവസംസ്ക്കാര ശുശ്രൂഷാ പുസ്തകം

### മലയാളവും ഇംഗ്ലീഷും ഇടകലർത്തി

**P.P. JOYKUTTY**
**2686 ATHENA Dr.**
**TROY**
**Michigan-48083-2468**
**Phone: 248-740-4923**
**Mobile: 248-346-4785**
**E-mail: ANUJANMON@CS.COM**

**June 28th 2004**

**Compiled, Printed & Published byJoykutty, Detroit**

**SYRIAN CHRISTIAN'S**

# THE BURIAL SERVICE BOOK

**സുറിയാനി ക്രിസ്ത്യാനികളുടെ**
**ശവസംസ്ക്കാര ശുശ്രൂഷാ പുസ്തകം**

## A service book

**ഒരു ശുശ്രൂഷാ പുസ്തകം**

**Compiled, Typed, Typesetted and Published by:**
**Joykutty, Detroit**

**This is a Joykutty Publication**

# ശ്രദ്ധിക്കുക

ഈ പുസ്തകത്തിൽ പല മലയാളം ഭാഗങ്ങളുടേയും കൂടെ ഇംഗ്ലീഷും കൊടുത്തിരിക്കുന്നത് അതിന്റെ ശരിയായ വിവർത്തനമല്ല. പ്രസ്തുത ആ ഭാഗങ്ങളിലേക്ക് ഉപയോഗിക്കുന്ന ഭാഗമാണ് ചേർത്തിരിക്കുന്നത്. ഓരോഭാഗങ്ങളിലേയും മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കത്തക്കവണ്ണമാണ് ഈ പുസ്തകം ക്രമീകരിച്ചിരിക്കുന്നത്.

നാലാംശുശ്രൂഷയുടെ ഭാഗം ഇംഗ്ലീഷിൽ ഇല്ലാതെ വിഷമിച്ചിരിക്കുന്ന സാധാരണ വിദേശങ്ങളിൽ വസിക്കുന്നവർക്ക് ഈ പുസ്തകം ഒരനുഗ്രഹമായിരിക്കുമല്ലോ.

# Syrian Christians
# The Burial Services of Males

## സുറിയാനി ക്രിസ്ത്യാനികളായ
## പുരുഷന്മാരുടെ ശവസംസ്ക്കാരം

# സുറിയാനിക്രിസ്ത്യാനികളായ
# പുരുഷന്മാരുടെ ശവസംസ്ക്കാരം

## ഒന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നുംഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the king-dom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു

കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമാ

യ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**Yelg;>YelÐàr**

പുരോഹിതൻ: കർത്താവേ! കഷ്ടതകളും ദുഃഖങ്ങളും നിറഞ്ഞ ഈ ലോകത്തിൽ നിന്നു വേർപിരിഞ്ഞ് യാത്രയായി വിദൂരസ്ഥമായിത്തീർന്നിരിക്കുന്ന ഈ ആത്മാവ്, ആശ്വാസവും ആനന്ദവും നിറഞ്ഞതായ സ്ഥലങ്ങളിലേക്ക് കർത്താവിന്റെ വിശുദ്ധ മാലാഖമാരാൽ നയിക്കപ്പെടുവാനും പുനരുത്ഥാനദിവസം വെരെ അവി ടെ ആനന്ദം അനുഭവിച്ച് പിതൃപുത്രപരിശുദ്ധാത്മാവായ കർത്താ വിനെ മുഖപ്രസന്നതയോടുകൂടെ അഭിമുഖീകരിക്കുവാനും ഇടയാകണമെ. ഹോശോ......

## PREPARATORY PRAYER

Celebrant: O Lord, make this soul, that has been set free from this temporal life and has departed from this sorr-owful and painful world, be worthy to be guided by Your holy angels to the heavenly mansions that abound in delight and rest until the day of resurrection, on which he will meet You with confidence, Father, Son and Holy Spirit forever and ever. Amen.

### (51-ാം മസുമൂർ)

ദൈവമേ!തവ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെതാൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ളഎന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്ര

മങ്ങളെ ഒ ക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തവ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെരക്ഷയായദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവംനുറുങ്ങിയഹൃദയത്തെനിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me. Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

Shubhaho.... Menaolam.....

**എനിയോനെ**

**ÕdlpJsCpC[yJC[djRs\Ö**

ആദാം മക്കൾക്കുത്ഥാനം-വാഗ്ദത്തം ചെ-യ്തോൻ മ്ശിഹാ
നിൻശരണത്തിൽ നിദ്രിതരാം ഭക്തർക്കുളണമു-ത്ഥാ-നം.

താൽക്കാലികമാം-വാസത്തീ-ന്നടിയാനെ നീ-ക്കിയ മ്ശിഹാ!
കനിവൊടു കൈക്കൊള്ളണമിവനെ വിധിയതിലേറ്റരുതേ-നാ-ഥാ!
വെളിവായെല്ലാം-തൃക്കണ്ണാൽ കാണും മ്ശിഹാ-രാജാവേ!
നിന്മഹിമോദയ ദിവസത്തിൽ ഇവനുടെ കറ വെളിവാ-ക്ക-ല്ലെ.

നിൻശരണത്താൽ നിദ്രിതനാം ദാസനു മ്ശിഹാ-സ്മൃതി നൽകി
നിന്മഹിമോദയ ദിവസത്തിൽ വലഭാഗത്തായ് ചേ-ർക്കേ-ണം.

സ്വർഗ്ഗകവാടം-ഭേദിക്കും പറുദീസിൻ താ-ക്കോൽ മ്ശിഹാ!
തവ ശരണേ മൃതനാം ദാസ-ന്നൻപാൽ വാതിൽ തുറ-ക്കേ-ണമേ.
പോവുക സഹജാ!കരയരുതേ നാഥൻ പ്രഭയിൽ-പാർപ്പിക്കും
വഴി കാണിക്കും പറുദീസിൻ കാവൽ ക്രോബേ മാ-ലാഖാ.

മൃതലോകത്തീന്നും-ലാസർ-ക്കുത്ഥാനം ന-ൽകിയ നാഥം
കബറതിൽ നിന്നും നിന്നെ വിളി-ച്ചേറ്റീടും പറുദീ-സാ-യിൽ.

മ്ശിഹാനൃപതേ! സൃഷ്ടിപതേ! സർവ്വരഹസ്യം-കാണ്മോനേ!
നാഥാ! കൃപയാൽ ഞങ്ങളെ നിൻ ചിറകിൻ മറവിൽ ചേർക്കേ

ണമെ.

നിൻശരണത്തിൽ-നിൻകൃപയിൽ നിദ്രിതനാമീ-സോദരനെ
നിന്നാഗമനപ്പെരുന്നാളിൽ നിൻകൃപ നേരിട്ടീ-ടേ-ണം.
ബാറെക്മോർ-ശുബഹോ....മെനഓലം....

ജനകാത്മജപാ-വന റൂഹാ! സത്യൈകേശാ!-കല്പനയാൽ
വാങ്ങിയൊരാത്മാവങ്ങേയ്ക്കായ് വന്ദനവും സ്തുതിയും ന-ൽകും.

O Christ, who has promised resurrection to Adam's mortal children, we beseech You to raise and quicken Your servant who has slept trusting in you.

O Christ, the King of glory, to Whom all the hidden things are known, reveal not my personal offences when all the secrets are made manifest.

Christ, Thy are truly the key to paradise which opens the gates of heaven; open, O Lord, the gate of Your mercies to Your servant who has slept trusting in You.

Depart, brother, and sorrow not because the Lord will make you to dwell in His light, and the cherub who guards paradise will prepare the path for you.

May the faithful departed, who believed in the Trinity, be worthy to receive Your promise which was made to the thief of the cross.

Make Your servant, who has departed with trust and condidence in Your compassion, be worthy to stand at

Your right hand on the day when Your majesty is made manifest.

Barekhmore.
Shubhaho....   Menolam......

The soul that has departed by Your command offers glory and doration to You, Father, Son, and Holy Spirit, one true God.

May the voice that called Lazarus and raised him from the dead, call you and raise you from the grave to paradise.

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ! കർത്താവിൽ അഭയം പ്രാപിച്ചുകൊണ്ട് തിരുകല്പനപ്രകാരം ഇവിടെനിന്ന് യാത്രയായിരിക്കുന്ന ഈ ആത്മാവിനുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! ക്രൂരന്മാരായ അശുദ്ധപിശാചുക്കളുടെവഞ്ചകസമൂഹത്തിൽനിന്നും സംരക്ഷിക്കപ്പെട്ട് ജീവനുള്ളവരുടെ വാസസ്ഥലങ്ങളിൽ ചെന്നെത്തുവാൻ തക്കവണ്ണം ഈ ആത്മാവിനെ കാത്തു കൊള്ളണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! ഈ ആത്മാവ് കർത്താവിന്റെ വിശുദ്ധന്മാരുടെ പട്ടണത്തിൽ അധിവസിക്കുകയും വെടിപ്പുള്ള സ്ഥലത്ത് ഇപ്പോഴും എന്നേക്കും പാർക്കുകയും ചെയ്യുമാറാകണമെ. ഹോശോ.....

O merciful God! we take refuge in Thee and pray for this soul who by Thy supreme command has departerd from this world. Deliver him, O Lord, that he may esc-
ape from the clutches of the unclean and bitter evil spirits and from the deceiving band of the invisible aerial adversaries and reach the mansions of the living and dwell in the city of Thy saints and live in the place

of the holy ones, O Father, Son and Holy Spirit, now and always for ever: Amen.

**കുക്കിലിയോൻ**
**(അഞ്ചാം രാഗം)**

1. നാഥാ! നിങ്കലുയർത്തുന്നെന്നാത്മത്തെ-ഹാലേലുയ്യ
നീയെൻ ശരണം ഞാൻ ലജ്ജിക്കരുതേ-ദേവേശാ!

2. വൈരികൾ ഡംഭം കാട്ടരുതെന്മേൽ-ഹാലേലുയ്യ
ലജ്ജിക്കരുതെ നിന്നാശ്രിതരാരും

3. ലജ്ജിക്കും ദോഷികൾ വ്യർത്ഥതയാൽ-ഹാലേലുയ്യ
കർത്താവേ! കാട്ടുക നിൻ പാതകളെ.

4. അറിയിക്കണമെന്നെ നിൻ ചെറുവഴികൾ-ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീ-ലിപ്പിക്ക.
ബാറെക്മോർ-ശുബഹോ....മെനഗാലം....

Unto You, O Lord, do I lift my soul; Halleluiah
O my God, I trust in You; let me not be ashamed.
Let not my enemies triumph over me, Halleluiah
Yea. Let none that trust in you be ashmed.

Let them be ashamed which transgress without cause
Halleluiah, Show me your ways, O Lord
Shew me Your small paths Halleluiah
Lead me in straigth and teach me your paths.

Barekhmore.
Shubhaho.... Menolam......

**എക്ബൊ**

സർവ്വേശാ മ്ശ്ഹാ! വിശ്രാന്തിയുമാനന്ദമതും ദാ-സർക്കുൾക.
മരണം കൈക്കൊണ്ടോനാം നീ-പാതാള-സ്ഥിതരെ നാശം
തീർത്തെഴുന്നേല്പിപ്പാൻ സാക്ഷാത്താംജീവോ-ത്ഥാനങ്ങൾ
വാഗ്ദത്തം ചെയ്തോതിയപോൽ ആശ്വാസമവർക്ക്ത്ഥാനെനൽക
സ്തൗമെൻകാലോസ്....

Grant, O Christ our God, rest and felicity to Your servants, and comfort them on the day of resurrection as You have promised; You Who were counted among the dead and preached to them the true hope and the resurrection of righteousness, and promised to redeem them from the perdition of Sheol.

Stomen kalos, Kurie eleison

## പ്രുമിയോൻ

സ്വന്തരൂപത്തിൽ നമ്മെ രൂപപ്പെടുത്തിയ ഉത്തമനും, സ്വന്ത ഛാ
യയിൽ നമ്മെ നിർമ്മിച്ച സ്രഷ്ടാവും, മണ്ണുകൊണ്ട് നമ്മെ മെന
ഞ്ഞുണ്ടാക്കുകയും തന്റെ നീതിയിൽ അതിലേക്ക് തന്നെ നമ്മെ
തിരിച്ചയയ്ക്കുകയും കൃപയോടെ അതിൽ നിന്ന്‌വീണ്ടുംഉദ്ധരിക്കു
കയും ചെയ്യുന്ന നിർമ്മിതാവും ആയവനു സ്തുതി. തന്റെ ദാസ ന്റെ
ശവസംസ്ക്കാര ശുശ്രൂഷ ഞങ്ങൾ നിർവ്വഹിക്കുന്ന ഈ സ
മയത്തും .......സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കു..

Glory be to Him, Who is the hope of the living and the raiser of the dead, in Whose hands are the souls of the just and righteous, Who restores the bodies of His creation and brings them up from the dark chambers of Sheol and sends them to the paradise which overflows with felicity and delight. To Him be glory, honor and adoration at this time of His servants burial service and at all festivals, times, hours, seasons and through all the days of our life forever and ever. Bhaku.....

## സെദറാ

**ബലവാനും യോദ്ധാവും ഭയങ്കരനും സകലത്തേയും ഭരിക്കുന്നവ**

നുമായ കർത്താവേ! തവ കല്പനയാൽ സകലവും ഉണ്ടാകുകയും
തവ കല്പനയാൽ തന്നെ എല്ലാം അഴിഞ്ഞുപോവുകയും ചെയ്യു
ന്നു. തിരുവിഷ്ടപ്രകാരം തന്നെ ജീവനും, അവിടുത്തെ ആംഗ്യ

ത്താൽ അവസാനവും സംഭവിക്കുന്നു. ദൈവമേ! ജീവപ്രാണ വും സകലത്തിന്റേയും ശ്വാസവും കർത്താവാകുന്നു. ദൈവത്തി ലുള്ള പ്രത്യാശയിൽ അപകടപൂർണ്ണമായ ജീവിതമാകുന്ന ഈ താൽക്കാലിക വിദേശവാസത്തിൽ നിന്ന് യാത്രയായി നിദ്രപ്രാപിച്ചിരിക്കുന്ന ഈ ദാസനിൽ കനിയണമെ. തിരു ആശ്വാസഭവനങ്ങളിലേക്കു കടക്കുവോളം തവ വിശുദ്ധ സേനകളാൽ ഇവനു സഹായം നൽകണമെ. മഹാകാരുണ്യവാനായ ദൈവമേ! തവ ശ്രേഷ്ഠത ഉദിക്കുകയും തിരുകർതൃത്വം വെളിപ്പെടുകയും തവ പരാക്രമം അറിയപ്പെടുകയും കർത്താവിനെക്കുറിച്ചുള്ള ഭയം എല്ലാവരിലും ഉണ്ടാകുകയും ചെയ്യുന്നതായ ആ അവസാന പുനരുത്ഥാന ദിവസത്തിൽ മാലാഖമാർ കാഹളനാദം പുറപ്പെടുവിക്കുകയും റീശൈമാലാഖമാർ അട്ടഹസിക്കുകയും അഗ്നിമയന്മാരു ടെ സകല സംഘങ്ങളും ദൈവീക ഭയങ്കരതയുടെ പ്രഭാവത്തെ കൊണ്ടാടുകയും ചെയ്യുമ്പോൾ രാജ്യങ്ങൾ മാഞ്ഞുപോവുക യും തലസ്ഥാനങ്ങൾ അഴിഞ്ഞു പോവുകയും പ്രശംസക്കാരുടെ സിംഹാസനങ്ങൾ നശിച്ചു മറിഞ്ഞുപോവുകയും സംവത്സരങ്ങ ൾ ഛേദിക്കപ്പെടുകയും മാസങ്ങളുടെ സംഖ്യയ്ക്ക് അഴിവുണ്ടാവുകയും രാപകലുകൾ ഒടുങ്ങിപ്പോവുകയും സൃഷ്ടി മുഴുവൻ ശൂന്യമായി അവശേഷിക്കുകയും ആകാശം ഇളകുകയും സൂര്യൻ അന്ധകാരപ്പെടുകയും ചന്ദ്രനും നക്ഷത്രങ്ങളും കാർമേഘാവൃതമായി തീരുകയും ചെയ്യുന്ന സമയത്ത്, കർത്താവ് ഭയങ്കരമായ നിലയിൽ ആഗതനാവുകയും പ്രത്യക്ഷമായി കാണപ്പെടുകയും എല്ലാ ഭൂഭാഗങ്ങളെയും അതിർത്തികളേയും ഭയത്തോടും വിറയലോടും നിറുത്തുകയും നീതിമാന്മാർ ആനന്ദിക്കുകയും പുണ്യവാന്മാർ സന്തോഷിക്കുകയും പ്രകാശ സന്താനങ്ങളെല്ലാവരും കർത്താവിനെ എതിരേൽക്കുവാനായി പുറപ്പെടുകയും ദുഷ്ടന്മാർ ലജ്ജിക്കുകയും വിജാതീയർ മ്ലാനവദനരാവുകയും ദുഷ്ക്കർമ്മികൾ നാണിച്ചു നിൽക്കേണ്ടി വരികയും ചെയ്യുമ്പോൾ, തവ മഹിമയുടെ സിംഹാസനം ഒരുക്കപ്പെടുകയും ആനന്ദപ്രദമായ തവ ശബ്ദം എല്ലാ ജഡങ്ങളേയും ഒരുമിച്ചു കൂട്ടുകയുംനീതികോപിപ്പിക്കുയും അഗ്നി ജ്വലിക്കുകയും വാൾ മൂർച്ചകൂട്ടപ്പെടുകയും അന്ധകാരം വ്യാപിക്കുകയും നാശവും ദണ്ഡനവും വിധിക്കപ്പെടുകയും പല്ലുകടി കേൾക്കപ്പെടുകയും ഉത്തമന്മാർ വേർതിരിക്കപ്പെടുകയും

പാപികൾ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും സർവ്വരുടേയും പ്രവൃത്തികൾ പരസ്യമായി പരിശോധിക്കപ്പെടുകയും ചെയ്യുന്നതായ ആ സമയത്ത് അവിടെയുള്ള ശിക്ഷാവിധിയിൽ നിന്നും ഈ തവ ദാസന്റെ ആത്മാവിനെ സംരക്ഷിച്ചുകൊള്ളണമെ. തവ മനുഷ്യസ്നേഹം മൂലം ഇവനിൽ കരുണചെയ്യണമെ. ഇവൻ ചെയ്തുപോയിട്ടുള്ള ഹീനകർമ്മങ്ങളെ പരിഗണിക്കരുതെ. ഇവൻ ചെയ്ത പാപങ്ങളെ ഓർമ്മിക്കയുമരുതെ. ഭയങ്കരമായ തിരുന്യായവിധിയിൽ ഇവനെ ശിക്ഷിക്കരുതെ. തവ കൃപയിൽ നിന്ന് ഇവൻ നിരോധിക്കപ്പെടുകയുമരുതെ. കർത്താവിനെ സ്നേഹിച്ചിട്ടുള്ള കൂട്ടത്തിൽ നിന്ന് ഇവൻ വേർതിരിക്കപ്പെടുവാനിടയാകരുതെ. തിരുകരുണയിൻ ചിറകു വിരിച്ച് ഇവനെ സംരക്ഷിച്ചു കൊള്ളണമെ. കർത്താവിന്റെ ദിവസത്തിനായി സന്തോഷപൂർവ്വം കാത്തിരിക്കുന്ന കർത്താവിന്റെ സകല സ്നേഹിതന്മാരും വത്സലന്മാ രും കർത്താവിനോടപേക്ഷിക്കുമാറാകണമെ. കർത്താവിൻെറ രാജ്യത്തിന് ഇവനെ അർഹനാക്കണമെ. മുഖപക്ഷമില്ലാത്തവനും അവനവന്റെ പ്രവർത്തികൾക്ക് തക്കപോലെ എല്ലാവർക്കും പ്രതിഫലം നൽകുന്നവനുമായ നീതിയും സത്യവുമുള്ള ന്യായാധിപതിയായുള്ളോവേ! ഇവൻ സന്തോഷാനന്ദങ്ങളോടെ കർത്താവിന്റെ കൂടെ മണവറയിലേക്കു പ്രവേശിക്കുകയും കർത്താവിന്റെ കരുണയേയും കൃപയേയും സ്തുതിച്ച് പാടുകയും ചെയ്യുമാറാകണമെ. കർത്താവിന് കർത്താവിന്റെ പിതാവിനോടും പരിശുദ്ധറൂഹായോടും കൂടെ സ്തുതി യോഗ്യമാകുന്നു. ഹോശോ......
ദൈവത്തിൽ നിന്ന്.........

Almighty and powerful Lord, Who awesomely reigns over all, by Your word all things are made and by Your orders they shall all be dissolved; by Your will is life and by Your command is the end. You are God
Who is the breath and life of all. Have mercy upon the soul of Your servant, who trusting in You, has passed

away and departed from the transitory pilgrimage of this life which is full of tribulations. Help him by Your holy hosts until he reaches Your abodes of delight. On the last

day of the general resurrection, when Your greatness is made manifest, Your Lordship glorified, Your kingdom revealed, Your mightiness made known, and Your dread shall fall upon mankind; when the angels sound the trumpets, the archangels blow the horns, and the fiery congregations whorship the mightiness of Your strength; when the kingdoms cease to exist, the principalities are dissolved, and the thrones of the boastful are overthrown into corruption; when the succession of the years is interrupted, the reckoning of months is rendered null and void; when days and nights vanish away, and the whole creation comes to naught; when heaven is caused to be agitated, the sun turns into darkness, and the moon and stars put in a gloomy cloud; when Your fear-inspiring coming is declared, Your glorious manifestation is made to shine upon all men, and all the dead shall be raised by Your life-giving voice from all the quarters and the regions of the world; when the just shall exult, the righteous shall rejoice, and the children of light shall be on their way to joyously meet You; at the dreadful hour of test, the wicked shall be put to shame, the ungodly shall be mournful, and the impious shall stand in reproach; When Your glorious throne is firmly established and Your sweet voice gathers all the nations; when justice threatens to destroy and the fire breaks out in flames to burn;when the flaming blade of the sword is sharpenedand the darkness grows thick and black; when perdition and torment threaten to devour and the gnashing of teeth shall be heard; when the virtuous shall be abundantly rewarded and the sinners shall be severely punished, and the works of evberyone shall be publicly tested; yea, merciful and compassionate God, we humbly

beseech You to deliver the soul of Your servant, at that hour, from the torment and torture there. Have pity on him in accordance with Your loving kindness. Investigate not the offences committed by him, remember not the sins perpetrated by him, and do not condemn him in Your dreadful judgment. Deliver him not unto bitter despair, make him not a portion allotted to the quenchless fire, deprive him not of Your grace, separate him not from those who loved You, but rather protect him under the wings of Your mercy. May Your dear friends and beloved ones, who kept in expectation for Your day and became worthy of Your kingdom, intercede on his behalf, and with them, rejoicing and exulting, may he enter into Your chamber, praising Your glorious mercy and grace, O just and impartial Judge, Who treats none with partiality but rewards all men according to their deeds, to Whom glory, honor, and adoration is due now and at all times forever. Amen.

Celebrant: From God may we receive remission of debts and forgiveness of sins in both worlds forever and ever

**തക്ശെപ്തൊ**

**(ഹൊയ്ദേൻ മൊദ്റോലൊൻ)**

സ്ഥാ-നഭ്രംശത്താൽ സൃഷ്ടികളഖിലം
സംഭ്രമപൂർവ്വം-മറിയുമ്പോൾ
ആദിത്യന്നമ്പിളിയും താരകളും
പ്രഭയില്ലാതായ് മറയുന്നു.
    ലോകം സ്രഷ്ടവ-വിൻ വാക്കാൽ
    അന്ത്യാവസ്ഥ-യിലെത്തുന്നു
പാടേ-കബറുകളിളകിപ്പിളരുന്നു
നിര്യാതന്മാ-രുയരുന്നു
നേ-രും നീതിയുമുൾക്കൊള്ളും
നിയതവിധിക്കായ് വിധിഗേഹം പ്രാപി-ക്കു-ന്നു.

മൊറിയൊ.....

At that time, when the whole creation begins to shake and the rocks and their foundations become agitated; when the sun, the moon, and the stars shall be turned into darkness, then by the Creator's decree, the world shall come to an end. Suddenly, the graves shall be opened with terror, and the dead therein shall be quick-
ened to be ready in the tribunal, to receive their rewards in a righteous, just, and impartial judgement.

Moriyoraho.......

**എത്രൊ (Prayer of Incense)**

കർത്താവേ! സത്യവിശ്വാസത്തോടും സൽപ്രവൃത്തികളോടുംകൂടെ ഈ ലോകത്തിൽ നിന്ന് യാത്ര പുറപ്പെട്ടിരിക്കുന്ന വിശ്വാസിയായ ഈ സഹോദരന്റെ ആത്മാവിന് കർത്താവ് വിമോചകനും പാപപരിഹാരകനും ആയിരിക്കണമെ. ഇവന്റെ ആയുഷ്ക്കാലത്ത് ഇവൻ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും തെറ്റുകളും മ്ലേച്ഛതകളും അനുഗ്രഹസമ്പൂർണ്ണമായ തവ കരുണാസമുദ്രത്തിൽ കഴുകി വെടിപ്പാക്കണമെ. ജീവദായകമായ തിരു ദൈവത്വത്തിന്റെ കല്പനയാലും ആംഗ്യത്താലും ഇവനെ നാശത്തിൽ നിന്നും നശ്വരതയിൽ നിന്നും ഉദ്ധരിക്കണമെ. മഹനീയമായ തവ ശ്രേഷ്ഠതയിൻ കല്പനയാൽ ഇവന്റെ ദേഹിയെയും ആത്മാവിനെയും വിശുദ്ധീകരിക്കണമെ. ഇവനുവേണ്ടി ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപത്താൽ ഇവനു പാപപരിഹാരം നൽകണമെ. കരച്ചിലോ വിലാപമോ ഇല്ലാത്ത സന്തോഷോല്ലാസങ്ങളുടെ സ്ഥലത്ത് ഇവനെ ആശ്വസിപ്പിച്ചുകൊള്ളണമെ. ഞങ്ങളും വിശ്വാസികളായ സകല മരിച്ചുപോയവരും തവ വലത്തുഭാഗത്ത് നിന്നുകൊണ്ട് പിതൃപുത്രപരിശുദ്ധാത്മാവായ തനിക്ക് സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ.......

Forgive and absolve, O Lord, the soul of this Your faithful servant who, in true faith and virtuous deeds, has departed from this world. By the sea of Your

compassion, wipe out his transgressions, and wash him thorougly from the infirmities and offences committed by him in his lifetime. By Your divine and life-giving command, restore him from corruption and deliver him from destruction. Sanctify his soul and spirit by the righteous decree of Your glorious majesty. Grant him remission of sins by virtue of this sweet incense which we have offered on his behalf, that he may obtain rest in the abodes of gladness and rejoicing where there is neither weeping nor mourning. O merciful Lord, make us and our faithful departed worthy to stand at Your right hand and to offer You glory and praise, Father, Son and Holy Spirit forever and ever.    Hoso.....

**കോലൊ**

**(മൊറഹീമിൻ)**

ആദാമിലാ-രംഭി-ച്ചായതമായ് മ്ശിഹായോളം
മരണം നീ-ണാളോടി

മ്ശിഹായ-മ്മരണത്തി-ന്നധികാരം
ഒഴിവാക്കി-പ്പാപത്തിൻ-മുനനീക്കി
ഘോഷിക്കു-ന്നെല്ലാ-ത്തലമുറയും സ്കീപ്പായിന്മേൽ
നേടിയതാം-വിജയത്തെ.

പുനരുത്ഥാ-നത്തിൽ-മാഞ്ഞീടും മൃതിയൊടു പാപം
ലജ്ജിതനാ-കും സാത്താൻ
നീതിപര-ന്മാരെല്ലാം-മോദിക്കും
ശോഭനമാം-വസനത്താൽ ഭൂഷിതരായ്
ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
മണവറയെ പൂകിടുവാൻ

ബാറെക്മോർ-ശുബഹോ.......

ഗാത്രത്തോ-ടാത്മാ-വോതുന്നു സസമാധാനം
പ്രിയസഹജാ-മരുവുക നീ
പോകുന്നേൻ-ഞാനാ-ശിക്കുന്നുണ്ടുത്ഥാനത്തിൽ
നിന്നെക്കാ-ണാൻ വീണ്ടും.

മെനഓലം.....

മ്ശിഹാരാ-ജാവിൻ-വരവിങ്കൽ ദൂതവരന്മാർ
കാഹളമൂ-തുന്നേരം
 കബറുകളും-പാറകളും-പൊളിയുമുടൻ
 മൃതരെല്ലാ-മുത്ഥാനം-ചെയ്തീടും
 ദീപികയാ-ളിച്ചി-ട്ടവരെത്തും മണവാളനുമായ്
 മണവറയെ-പൂകിടുവാൻ.

From adam death commenced and extended until Christ. Christ abolished its authority and broke the sting of sin. Lo, the victory, which was obtained on the cross, has been preached from generation to generation

Barekhmor-Shubhaho....

The soul, in addressing the body, says: Farewell, my brother and beloved one, I am departing from you to the abodes where God commands me to go. I have confidence in the Lord to meet you again on the day of resurrection.

Menaolam.......

By the coming of christ the King and with the voice of

the archangels' trumpet, the graves and rocks shall be split and all the dead will rise up with lighted lamps, so that they may enter with the bridegroom into the chamber.

**മദറൊശൊ**

**(തുബൌലമൻ)**

ന്യായധിപ നാഥാ!-ഈ-ശോയേ!
വിധിവിജയം നേടു-ന്നോ-ൻ ധന്യൻ
 നാമെങ്ങെന്നോപ്പിൻ-സോ-ദരരേ!
 വിധിവിജയം നേടു-ന്നോ-ൻ ധന്യൻ
 നാമിന്നാൾ വീട്ടിൽ ഭാ-ഷിക്കും
 നാളെക്കബറുകളിൽ-മൗ-നികളാം
 നിത്യമിതോക്കുന്നോൻ താൻ-ധന്യൻ.

ഭ്രാതാക്കന്മാരേ!-സ-ശ്രദ്ധം-
കേട്ടറിവിൻ നിങ്ങൾ-സ-മ്പത്തും
സൗന്ദര്യവുമാജ്ഞാ-ശ-ക്തിയതും
പൊയ്പ്പോയ് നിശ്ശേഷം-മാ-ഞ്ഞീടും
നിത്യം വാഴുന്നോൻ-താ-ൻ ധന്യൻ.
സോദരരന്യോന്യം-മ-ല്ലിട്ടു
മദ്ധ്യേ മൃതിവേഗം-ചെ-ന്നെത്തി
ഭാഗം ഭാഗം വേർ-പാ-ടാക്കി
കർത്താവിനെയാന്നോൻ-താ-ൻ ധന്യൻ.
മൃതസങ്കേതം ഞാൻ-പ്രാപിച്ചു.
മോദകരം തേജ-സ്സ-ങ്ങില്ല
ശാശ്വതതേജസ്സേ!-നി-ന്നാൽ ഞാ-
നാനന്ദസ്ഥാനം-പ്രാ-പിക്കും.

## ബ്രീക്കഌ മ്ശീഹൊ

ഉ-ത്ഥാനദിനേ-മൃതജനതയ്ക്കുയിരേകി
ശോ-ഭനഗാത്രം-നൽകും മ്ശിഹാ ധന്യൻ
ഹേ!-മൃതിഗതരേ! ഉത്ഥാനം-ദ്രുതമെത്തും
ഖേ-ദിക്കേണ്ടാ-ദേഹത്തിൻ നാശത്തിൽ

സുന്ദരമായ്-നിങ്ങളെ നിർമ്മിച്ചോൻ
ഗാത്രത്തി-ന്നുത്ഥാനം നൽകി
സർവ്വർക്കും-പ്രതിദാനം-യോഗ്യതപോലരുളീടും

ആർദ്രതമൂലം-പാതാളം പൂകി മൃതർ-
ക്കെ-ല്ലാപേർക്കും-മാർഗ്ഗം കാണിച്ചോനേ!
ആദമ്യ-ർക്കുത്ഥാനം നൽകാൻ
അന്ത്യദിനേ-നീ വന്നീടുമ്പോൾ
നിന്നിലുറ-ങ്ങും ദാസ-ന്നമ്പൊടു നൽ-കുക ജീവൻ

ഹാ!-സ്നേഹിതരെ! മൃതിദൂതൻ-വന്നെത്തി
വേ-ഗം പോവാ-നവനെന്നെ-ധൃതികൂട്ടി
പരിചിതരെ-കണ്ടീടാനവനോ-
ടനുവാദം-ഞാനഭ്യർത്ഥിച്ചു
യാചനയും-കോഴകളും-കൈക്കൊണ്ടി-ല്ലവനയ്യോ

ഞാ-ൻ ചെയ്യുന്നെ-ന്തെൻപ്രിയരെ! വത്സലരേ!
നോ-ക്കീടുന്നേൻ-പിഴയെന്നെ-വിധിനിലയേ
എൻപാപം-ഞാനോക്കുന്നെന്നെ-
യവതേടും-സംഭ്രമമിയലുന്നേൻ
അൻപുടയോൻ-തൻവരവിൽ-കൃപചെയ്വാനത്ഥിപ്പിൻ.

ഹാ! സോദരരേ! മൃതിരചിതം-മദകരമാം
ഈ-പാനീയം-പാക്കിലഹോ-ബഹുതിക്തം
സുതരതിനാൽ-താതനെയും ജനനീ
ജനകന്മാർ-വത്സലസുതരെയും
ഓത്തീടു-ന്നില്ലിതിനെ-നിയമിച്ചോൻ-വാഴ്വുടയോൻ

Blessed be Christ Who will raise the dead and clothe their bodies with glory on the day of resurrection.

Resurrection day is drawing near, therefore, sorrow not, O departed, for the corruption of your bodies. He,

Who created and adorned your substance, will quicken and raise your bodies, and, in justice, He will rewards everyone according to his deeds.

O Lord, Who descended into Sheol, and became the guest of those who are in the graves, we humbly beseech You, when You come on the last day to quicken the human race that, by Your grace, You may raise this Your servant who has passed away trusting in You.

O beloved ones, the messenger of death is drawing near to me; he is hurrying to take me away with him immediately, I prayed and pleaded that time be granted

me in order to see my relatives, but he neither accepts persuasion nor does he take a bribe.

Woe, my brethren, how terribly bitter is this cup which death has mixed to intoxicate all those who drink of it. Once taken, it causes children to forget their parents, parents to forget their children's love, and mothers to forget their dear ones. Blessed is He, Who mixed it for all to drink of it.

**മാർ യാക്കോബിന്റെ ബോവൂസൊ**

ദൈ-വാത്മജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ
ദാ-സന്നേകുക ധാർമ്മിക ശുദ്ധന്മാരോടൊപ്പം

ക-ല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം

ദൈ-വത്താൽ പ്രേഷിതനാം ദൂതൻ ഭീതിപ്രദനാം
ശീ-ഘ്രം പ്രേഷിപ്പിച്ചീടുമ്പോളേറ്റം ഘോരൻ.

പാ-പം തീണ്ടിയോരാത്മത്തെ ജവമിങ്ങെത്തിക്കെ-
ന്നീറെനോടുന്നതനാംഗ്യത്താൽ കല്പിക്കുന്നു.

ദൂ-തൻ താണിട്ടേകീടുന്ന മൃതിയിൻ ശിക്ഷ
താ-ഡിക്കുന്ന മരണാസ്ത്രത്താൽ ദൃഢഗാത്രത്തെ.

ഗാ-ത്രമശേഷം ജ്വരമാം ദഹനൻ ബാധിക്കുന്നു
വേ-ദനയാലസ്ഥികളന്യോന്യം തിക്കീടുന്നു.

സ-ങ്കടഭാരം ചിത്തത്തേ ഹാ! മഥനം ചെയ്‌വൂ.
മു-മ്പിൽ കാര്യം സർവ്വവുമൊന്നായ് വന്നീടുന്നു.

തേ-ജോരന്ധ്രം സുന്ദരനേത്രം മങ്ങീടുന്നു.

ചു-ണ്ടുകൾ രണ്ടും മരണത്തിൻ വീണ്ടുൾക്കൊള്ളുന്നു.

മ-ണ്ണാലാദാമിനെ നിർമ്മിച്ചോൻ താതൻ സ്തുത്യൻ
ക്രൂ-ശിൻപാടാൽ രക്ഷിച്ചോനാം പുത്രൻ വന്ദ്യൻ

അ-ന്ത്യം ജീവൻ നൽകീട്ടവനെ മക്കളൊടൊപ്പം
തേ-ജസ്സണിയിച്ചീടും റൂഹാ സ്തോത്രാർഹൻ താൻ.

ക-ല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം.

O Son of God, grant rest to your servant among the righteous in that eternal kingdom with Your saints.

Glory be to You, Who quicken the dead from their graves and clothes them with the garments of glory on the day of resurrection.

O Lord, You are the resurrection and the life for those who love You; enlighten the eyes that have become darkened in destruction and ruin. Lo, the dead like seeds, are sown in the depth of the earth, raise them, O Lord, from their graves by the thunder of Your word.

Come down, O life-giving spirit, from the Father’s mansions; blow upon the dead and awaken them that they may sing glory; in the graves men’s mouths are firmly closed and cannot laud You; let them come to paradise where the worshipers glorify You without ceasing.

O son of God, Who is the hope of all mortals, may this Your servant be raised from dust by Your word; shake off from him corruption and restore his beauty which has

faded away; and on the day of resurrection renew him and raise him from the grave.

Glory be to the father Who granted hope to the departed who are in Sheol; adoration to the Son Who descended and visited them; praise be to the Spirit Who, by the sound of the trumpet, will raise their bodies; glory be to God, remission of sins for the dead, and upon us mercy and grace.

Glory be to you, Who quickens the dead from their graves and clothes them with the garments of glory on the day of resurrection.

---

## സുറിയാനിക്രിസ്ത്യാനികളായ

# പുരുഷന്മാരുടെ ശവസംസ്ക്കാരം

### രണ്ടാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties;
have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നുംഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾ

ക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

YelÐàr

മരണമുള്ളവരെ പാപമരണത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടി ശരീരപ്രകാരം മരണമനുഭവിച്ച ഉത്തമനും മരണമില്ലാത്തവനുമായ ദൈവമേ! തവ കരുണയുടെ പ്രത്യാശയിൽ നശ്വരമായ ഈ ലോകത്തിൽ നിന്ന് യാത്രയായിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരൻ .............. വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. ഇവന് ആത്മിയമായ പൂർണ്ണാശ്വാസം നൽകുകയും തിരുരാജ്യത്തിലെ വിരുന്നിൽ തോഴന്മാരുടെ കൂടെ ഇവനെ ഇരുത്തുകയും ചെയ്യണമെ. ജീവനുള്ളവനും ജീവൻ നൽകുന്നവനുമായ പിതൃ പുത്ര പരിശുദ്ധാത്മാവായ ഏക ദൈവമേ!കർത്താവ് ഉത്തമനുംമനുഷ്യസ്നേഹമുള്ളവനുമാകുന്നുവല്ലോ. കർത്താവിന് എന്നന്നേയ്ക്കും ബഹുമാനം യോഗ്യമാകുന്നു. ലഓലം ഒൽമീൻ ആമ്മീൻ.

Most blessed and immortal God, Who is the life and the hope of all men, we beseech You on behalf of this our

brother ............, who has been deprived of temporal dwellings. Make him to dwell in the abodes of immortality and in the heaven of life and rest. Grant him rest in Your heavenly kingdom. Father, Son and Holy Spirit now and forever and ever. Amen. Laolam Olmen Amen.

**കുക്കിലിയോൻ**

**Õ:yl; glz;Ö**

1. വാഴ്ത്തുക നാഥനെയെന്നാത്മാവേ! ഹാലേലുയ്യ
തിരുനാമത്തെയെന്നസ്ഥികളേ!

2. വാഴ്ത്തുക നാഥനെയെന്നാത്മാവേ! ഹാലേലുയ്യ
ഓർക്കുക തൽപ്രതിദാനങ്ങൾ

3. മോചിച്ചീടും നിൻ പാപങ്ങൾ-ഹാലേലുയ്യ
വേദനകൾക്കേകും ശമനം

4. നാശമൊഴിച്ചവനം ചെയ്യും- ഹാലേലുയ്യ
കാരുണ്യത്താൽ താങ്ങും നിന്നെ.

ബാറെക്മോർ-ശുബഹോ.....മെനഓലം.....

Bless the Lord, O my soul!, halleluiah and all that is within me, less His holy name.
Bless the Lord, O my soul, Halleluiah and forget not all His benefits.
Who forgives all your inquities, Halleluiah, who heals all your diseases.
**Who redeems your life from destruction, halleluiah and crowns Who you with llving-kindness and tender mercies.**

Barekmore-Shubhaho.....Menolam.....

**എക്ബൊ**

**(ഹൌ ദത്ത്ഇൻ)**

സ്ലാനേ നിന്നെയണിഞ്ഞോരെ മുടിവിന്ന നാഥാ!-വെടിയരുതെ
നിന്തിരുമെയ് ഭക്ഷിച്ചോരെ ദഹനൻ ഭക്ഷി-ച്ചീടരുതെ
നിന്നെ-വാഴ്ത്തിയ വദനങ്ങൾ വിലപിക്കരുതേ വേദനയാൽ
മൃതരെ സന്ദർശിച്ച സുതാ! കൃപയടിയാരിൽ ചെ-യ്യേ-ണം.

സ്ലൗമെൻകാലോസ് ........

When Adam transgressed the command, he caused death to dominate over all his children. The lot fell upon You, O Lord, to be counted among the dead and to drink the cup which Adam had mixed.

**പ്രുമിയോൻ**

മരിച്ചവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുന്നവനും ജീവനുള്ളവരുടേയും മരിച്ചവരുടേയും ന്യായാധിപനും സകല ആത്മാക്കളുടെയുംജഡങ്ങളുടെയും ദൈവവും മരിപ്പിക്കുകയും ജീവിപ്പിക്കുകയും പാതാളത്തിലേക്ക് ഇറക്കുകയും അവിടെ നിന്ന് കയറ്റുകയും ചെയ്യുന്നവനും മനുഷ്യന്റെ ആയുഷ്ക്കാലത്തിന് പരിമിതി നിർണ്ണയിക്കുകയും മരണം മുഖേന അതിനെ അഴിച്ചുമായിച്ചുകളയുകയും അക്ഷയവും അനശ്വരവുമായ ജീവിതത്തിനായി വിളിച്ചെഴുന്നേല്പിക്കുകയും ചെയ്യുന്നവനുമായ കർത്താവിന് സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷനിർവഹിക്കപ്പെടുന്ന ഈ സമയത്തും............ഉത്തമനായ തന്നെ നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുല്ഹൂൻ.......

Glory be to Him, Who quickens the dead and raises the buried, the Judge of the living and the dead, God of all spirits and of all flesh, Who puts to death and restores to life. Sends down to Sheol and raises up, Who has set a limit to man's temporal life and will bring it to an end and render it null through death, Who calls and raises all the faithful departed to the eternal and incorruptible life,

O good God, Whom we remember and praise at this time of the performance of His servant's burial, and through all the days of our life forever and ever. Bekeluhoon.... Amen.

## സെദറാ

ബലവാനായ ദൈവമായ കർത്താവേ! മഹനീയമായ കർത്താവിന്റെ പ്രത്യക്ഷതയുടെ ആ അവസാന ദിവസത്തിൽ പരേതർ നാശരഹിതരായി ഉത്ഥാനം ചെയ്യുകയും സകല പരേതരുടേയും അസ്ഥികൾ ശേഖരിക്കപ്പെടുകയും സൂര്യചന്ദ്രന്മാർ ഇരുണ്ടുപോവുകയും നക്ഷത്രങ്ങൾ പ്രകാശരഹിതമായിത്തീരുകയും ഭയങ്കര കാഹളങ്ങൾ ധ്വനിക്കുകയും ശുശ്രൂഷകന്മാരായ മാലാഖമാർ ഭയത്തോടെ നിൽക്കുകയും ഭയങ്കരങ്ങളായ പുസ്തകങ്ങൾ തുറക്കപ്പെട്ട് സകലരുടേയും പ്രവൃത്തികൾ പരിശോധിക്കപ്പെടുകയും ജ്ഞാനികൾ മൗനമായും സമർത്ഥന്മാർ വിസ്മയിച്ചും നിൽക്കുകയും നീതിമാന്മാർ മണവറയിൽ സന്തോഷിക്കുകയും ദുഷ്കർമ്മികൾ അഗ്നിക്ക് ഭക്ഷണമായ് നൽകപ്പെടുകയും പുണ്യവാന്മാർ പ്രകാശത്തിൽ ആനന്ദിക്കുകയും ദുഷ്ടന്മാർ പുറത്തെ അന്ധകാരത്തിലേക്ക് അയയ്ക്കപ്പെടുകയും വിശുദ്ധന്മാർ സന്തോഷിക്കുകയും ശ്രേഷ്ഠന്മാർ ആഹ്ലാദിക്കുകയും പാപികൾ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെടുകയും വലത്തുഭാഗം ജയത്താൽ ശ്രേഷ്ഠതപ്പെടുകയും ഇടത്തുഭാഗം നിത്യദണ്ഡനത്തിലേക്ക് തള്ളപ്പെടുകയും ഇരുഭാഗങ്ങളും അവരവർ അർഹിക്കുന്നത് പ്രാപിക്കുകയും അവയ്ക്ക് മാറ്റം സംഭവിക്കാതിരിക്കുകയും ചെയ്യുന്നതായ ആ സമയത്ത്, കർത്താവേ! കർത്തൃരൂപത്തിലുംഛായയിലും സൃഷ്ടിക്കപ്പെട്ടവനായ ഈ ദാസനിൽ കർത്താവിന് അനുകമ്പ തോന്നണമെ. കർത്താവിന്റെ വിശുദ്ധ കൈകളാൽ നിർമ്മിക്കപ്പെട്ട് അലങ്കരിക്കപ്പെട്ടതായ ഈ വാത്സല്യസൃഷ്ടിയിൽ കർത്താവിന് സഹതാപം തോന്നണമെ. കർത്താവിനെ സ്തുതിക്കുവാനായി നിർമ്മിക്കപ്പെട്ട ഈ പത്തു കമ്പിയുള്ള കിന്നരത്തെക്കുറിച്ച് അനുകമ്പ തോന്നണമെ. മരണം നശിപ്പിക്കുകയും ചിതലിനും പുഴുവിനും കൂടായിത്തീരുകയും ചെയ്യുന്ന ഈ മാനുഷിക ജനലുകളെക്കുറിച്ചും കോട്ടകളെക്കുറിച്ചും അനുകമ്പ തോന്നണമെ. പൂഴിയായിത്തീരുന്ന ഈ

സുന്ദരമായ ആകാരത്തെക്കുറിച്ച് കനിവുണ്ടാകണമെ. മാമൂദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടവനും ജീവനുള്ള തിരുശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളവനും ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്റെ ജീവിതം അവസാനിപ്പിച്ച് തവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നവനുമായ ഈ ദാസനിൽ കനിവു തോന്നണമെ. പ്രീതിയോടെകൂടെ ഇവന്റെ ആത്മാവിനെ കൈക്കൊള്ളുകയും ദുഷ്ടാത്മക്കളുടെ സ്ഥാനങ്ങളിൽ നിന്ന് കാത്ത് തവ മാലാഖാമാരാകുന്ന സേനകളുടെ സഹായത്താൽ ഇവനെ സംരക്ഷിച്ചുകൊള്ളുകയും ചെയ്യണമെ. കർത്താവേ! തിരുരാജ്യത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാതിരുന്നവരോടുകൂടെ നരകശിക്ഷയ്ക്കായി ഇവനെ വിധിക്കരുതെ. തവമനുഷ്യവതാരത്തെ ദുഷിച്ചവരോടുകൂടെ കർത്താവിനോടൊരുമിച്ചുള്ള ആനന്ദത്തിൽ നിന്ന് ഇവനെ കള്ളിക്കളയരുതെ. മനുഷ്യപ്രീതിയാൽ ഇവനിൽ ദയതോന്നി തവമഹാകരുണയാൽ ഇവനെ ദർശിക്കുമാറാകണമെ! തിരുനിവാസസ്ഥലത്ത് ഇവനെ എത്തിക്കണമെ. കർതൃവിശുദ്ധന്മാർക്കുള്ള ഓഹരിയിൽ ഇവനെയും ഉൾപ്പെടുത്തണമെ. കർത്താവിന്റെ പ്രകാശമണവറയിൽ ഇവനെയും ക്രമീകരക്കണമെ. ജീവകരമായ പുനരുത്ഥാനത്തിനും കർത്താവിന്റെ വലത്തുഭാഗത്തുള്ള ശ്രേഷ്ഠമായ നിലയ്ക്കും ഇവനെ അർഹനാക്കണമെ. ഇവന്റെ കടങ്ങളുടെ മോചനത്താൽ ഇവനെ ആനന്ദിപ്പിക്കുകയും പിഴകളുടെ ക്ഷമയാൽ സന്തോഷിപ്പിക്കയുംചെയ്യണമെ. മഹനീയമായ തിരുതേജസ്സാൽ ഇവനെ ആനന്ദിപ്പിക്കണമെ. കർത്താവിന്റെ വലത്തുഭാഗത്തുള്ള തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ മഹത്വത്തിൽ ഇവൻ ശോഭിക്കുമാറാകണമെ. കർത്താവേ! ക്ഷണികവും അപകടപൂർണ്ണവുമായ ഈ ജീവിതത്തിൽ അവശേഷിക്കുന്ന പാപികളും തവദാസരുമായ ഞങ്ങളെ കരുണാപൂർവ്വകമായ നിര്യാണത്തിനും തിരുഭവനക്കാർക്കും വത്സലന്മാർക്കും ഉചിതവും കർത്താവിനു പ്രീതികരവുമായ നല്ല അവസാനത്തിനും അർഹരാക്കണമെ. ഞങ്ങളിൽ ഒരുവനെപ്പോലും തിരുരാജ്യത്തിൽ നിന്ന് അന്യനും വേർതിരിക്കപ്പെട്ടവനുമാക്കിത്തീർക്കരുതെ. സ്നേഹപൂർവ്വം ക്രിസ്തു വന്നു ഞങ്ങളെ രക്ഷിച്ചതുപോലെ വീണ്ടും തിരികെ വന്ന് കർത്താവിനു യോഗ്യമായ നിലയിൽ ഞങ്ങളെ ഒരുക്കിക്കൊള്ളണമെ. രക്ഷയും വീണ്ടെടുപ്പും പിതാ പുത്ര പരിശുദ്ധറൂഹായ്ക്കും ഉള്ളതാകുന്നു.

ഹോശോ......... ദൈവത്തിൽ നിന്ന് ........

Yea, almighty Lord God, we beseech You to have mercy and compassion on this Your servant on the day of Your glorious manifestation. On that day, the dead shall rise without corruption, the bones of all the buried will approach one another, then the sun and moon will be turned in to darkness, the stars will no more be a light, the dreadful trumpets will sound, and the serving angels will stand in fear, the dreadful scrolls shall be opened, and the deeds of all men will be tested. Then the wise will be struck dumb and the prudent will stand astounded, the upright will rejoice in the chamber, and the ungodly shall be put into fire for fuel, the righteous will enjoy gladness in the light, and the wicked shall be sent to the outer darkness, the saints and the triumphant will be exceedingly delighted, and the sinners shall be thrown into the depths of the pit, those who stand on Your right hand will gain the crown of victory, and those who stand on Your left hand shall be put to shame and disgrace. At that dreadful and fearful hour, withhold not O Lord, Your tender mercies from this Your servant who was created in Your own image, after Your likeness. Have pity upon the majestic building which was formed and shaped by Your holy hands. Have compassion on the ten-stringed harp which was shaped to sing Your glory. Have pity on the human temples that have been corrupted by death and turned into a nest for maggots and worms; have mercy, O Lord, upon the bodies that have become dust. And, O merciful Saviour, have pity upon this Your servant who was sealed with the sign of salvation, who received Your living Body and Blood, who led all his life trusting in Your true promises, and who has departed hence hoping

in Your mercy and expecting Your loving-kindness. Receive his soul with the abundance of Your pleasure, and deliver him from the regions of the wicked spirits by the support and guidance of Your angels. Cast him not from Your presence with those who renouced Your holy cross. Condemn him not to the torture of Gehenna with those who did not acknowledge the glory of Your kingdom, but rather treat him according to the multitude of Your tender mercies. Bring him safe and rejoicing to the place of Your habitation. Count him among the congregation of Your saints. Place him in the chamber of Your light. Make him worthy of the resurrection of life and to stand at Your right hand. Make him glad by blotting out his debts, happy by forgiving his transgressions, and delighted by beholding the glorious light of Your countenance that, with shining garments of glory, he may be worthy to stand at Your right hand with Your elect ones. And to us, Your sinful servants, grant, O Lord, a blissful departure full of mercy and virtuous end adorned with the garlands of piety which will be pleasing to Your household and beloved ones. Make us not, O Lord, foreigners to Your heavenly kingdom, for Yours is salvation and everlasting deliverance, Father, Son, and Holy Spirit forever and ever.   Hoso..........

From God may we receive remission of debts.......

**തക്ശെപ്തൊ**

**(മ്നഹമോനൊ)**

ജീവദനേ! മൃതിയാന്നോരെ-യുത്ഥാനം-ചെയ്യിപ്പോനേ!
ക്ഷണവും സ്തോത്രവുമറ്റോരാം മൃതിഗതരെ-ജീവിപ്പിക്ക.
ലാസറിനെ-ക്കല്ലറയീന്നും ആഹ്വാനം-ചെയ്തോരു നാദാൽ
വിശ്വാസ-ത്തൊടു മൃതിപൂണ്ടോർ-ക്കുത്ഥാനം നൽകീടണമെ.

മോറിയൊ......

Lord of all, make the souls of Your servants, who slept trusting in You, do dwell among the congregations of the righteous and the just and to sit whith them at Your table in Your kingdom. Morioyo........

## എത്രോ

മഹാകാരുണ്യവാനായ ദൈവമായകർത്താവേ! ഞങ്ങൾ അപേക്ഷിക്കുന്നു. മരണനിദ്ര പ്രാപിച്ചിരിക്കുന്ന ഈ തവ ദാസന്റെ ആത്മാവിനുവേണ്ടി ഇപ്പോൾ ഞങ്ങൾ കർത്താവിനണച്ചതായ ഈ ധൂപം കൈക്കൊണ്ട് പാപപരിഹാരത്തിനും മോചനത്തിനും തിരുസന്നിധിയിലുള്ള മുഖപ്രസന്നതയ്ക്കും ഇവനെ അർഹനാക്കണമെ.

മോറാൻവാലോഹാൻ......

We beseech You, O compassionate Lord, to accept this sweet incense which we have offered on behalf of the soul of this servant who has passed away and slept trusting in You. Make him worthy for the remission of debts and forgiveness of sins and for standing whith confidence in Your presence forever and ever.

Moranvalohan....

### കോലൊ

(മൽക്കൊമ്നഹമോനൊ)

കൈക്കൊ-ള്ളുക നാഥാ! നിൻ ദാസൻ തൻ സംസ്ക്കാരം
ഞങ്ങളണച്ചോ-രീപ്പരിമളധൂപം ഇതിനാ-ൽ നിൻ ശരണേ
മരണമടഞ്ഞോർക്കാശ്വാസം സ്മൃതിയോടൊപ്പം-നീ നൽകീടണമെ

ജീവ-പ്രദരാജൻ! മഹിമയിൽ വാനത്തീന്നുമുദി-
ച്ചേകും-മൃതരാ-മഖിലർക്കും ജീവൻ ഒന്നായ്-മൃതരെല്ലാം
കബറീന്നുത്ഥിതരായ്, പ്രാണൻ നൽകും നിന്നെ-സ്തോത്രം ചെയ്തീടും
ബാറെക്മോർ-ശുബഹോ.........

എൻഗാ-ത്രം ഭക്ഷിച്ചുയിരേലും രുധിരം പാനം
ചെയ്തോനെ ഞാൻ വെടിയാ ശീയോളിൽ

എന്ന-ലവനെന്നും, ജീവിപ്പാൻ ഞാൻ മൃതനായെ-
ന്നീശൻ ചൊന്നോ-രാവചനം സ്തുത്യം

മെനഓലം.........

സ്നേഹ-ത്തോടെത്തി, സ്ലീബായാൽ രക്ഷിച്ചവനാ-
യിനിയും വന്നി-ട്ടാദാമയരെയേറ്റിത്ത
മഹിമാം-ബരമേകും, ജയവീരൻ ഈശോനൃപനെ
നാം സ്തോത്രം ചെ-യ്താരാധിക്കേണം.

The life-giving King will shine for the gloriously from the heights to quicken the dead and raise the buried. They shall rise instantly from their graves to offer You praise, O Raiser of the dead.

Accept, O Lord, from our hands this censer which we offer You on the burial of Your servant. By this censer, O Lord, grant rest and make good remembrance of all those who departed from this world trusting in Your name.

Barekmore-Shubhaho......

Glory to the voice which our Lord proclaims in His gospel: He who eats My-Body and drinks My Living Blood, I will not leave him in Sheol. It is for his sake that I descended and tasted death that he might have everlasting life.

Menolam......

Let us give thanks and adoration to Jesus our victorious King, Who through His love came down to us, and by His cross saved us. And he will come again, raise the human race, and clothe them with the garments of glory.

**മദറോശൊ**

**(പർദൈസൊ)**

നവ്യതയുത്ഥാനേ-കരുണാബ്ധേ! നൽക
നിന്നിൽ നിദ്രിതരാം-നിൻദാസന്മാർക്കായ്

സോദരരേ! കാണ്മിൻ-കബറിൻ സംഹാരം
മർത്ത്യാഗാരത്തെ-മൃത്യു ഹനിക്കുന്നു.
ആദാമിൻ ക്ഷയമോ-ത്ത്മൃതിയിൽ കേഴിൻ
മൃതിലോകത്തിൽ പൊടിയാമീയുലകത്തിൽ
മോഹത്തെ വിടുവിൻ-കരുണാപൂർണ്ണാ! നിൻ
സൃഷ്ടിക്കേകണമേ-പുതുമയുയർപ്പിങ്കൽ.

മൃത്യരുടെ ഹോമാനിൽ-വന്നേറികാണ്മിൻ
മൃതികൂമ്പാരംപോൽ-കൂട്ടിയ മാനവർ തൻ
ദുർഭഗഗാത്രങ്ങൾ-പാഴ്മൺപാത്രങ്ങൾ
ഭീകരമസ്ഥികളിൽ കൃമികൾ കുടികൊൾവൂ
ഇതുകണ്ടാൽ താഴ്ത്തും-തല ഗർവിഷ്ഠന്മാർ
നശ്വരലോകത്തെ-സ്നേഹിപ്പോർ വാടും.

പ്രിയരേ! സുന്ദരരേ! പാതാളം പൂകിൻ
സങ്കടരംഗത്തിൽ-മ്ലേച്ഛതയെ കാണ്മിൻ
അഴകെല്ലാം പോയി-ചമയങ്ങൾ പാഴായ്
മോദം നൽകും പരിമളമില്ലവിടെങ്ങും
ആരെയുമോടിക്കും-ദുർഗന്ധം പാരം
ചാർച്ചക്കാരനെയും-നേരിടുവാൻ വയ്യാ.

നിൻശരണേ മൃതരാം-ജനക ഭ്രാതാക്കൾ
സൗഭാഗ്യസ്ഥാന-ത്തേൽക്കണമാശ്വാസം
വംശവിധിക്കായ് നീ-ആഗതനാകും നാൾ
ഉന്നതമാം യേറുശലേമിൽ നിന്നടിയാർ
മോദാഗാരത്തിൽ-വിമലന്മാരൊപ്പം
സ്തുതി നിത്യം പാടാൻ-ഭാഗ്യം നേടേണം.

സ്വർഗ്ഗപതേ! മൃതരെ-ജീവിപ്പിക്കണമെ
നിൻശരണേ ജീവൻ-വിരമിപ്പിച്ചോരാം
സകല പരേതർക്കും-മോചനമേകണമെ

നിന്നുടെ വൻദിനമതിലവർ മോദിക്കണമെ
അവരഴലില്ലാതെ-തേജോധാരികളായ്
മണവറയെ മോദാൽ-പ്രാപിച്ചീടേണം.

സ്തുതി കാരുണ്യത്താൽ-സൃഷ്ടിച്ചോൻ ജനകാ!
സ്തോത്രം സ്ലീബായാൽ-രക്ഷിച്ചോൻ തനയാ!
സ്തോത്രം പ്രാണദനാം-പരിശുദ്ധാത്മാവേ!
ഞങ്ങളിലെപ്പോഴും മ്ശിഹാ രക്ഷകനേ!
കനിവുണ്ടാകണമെ-അടിയാരും മൃതരും
നിന്നെയെന്നെന്നും-സ്തോത്രം ചെയ്തീടും.

Blessed he who is victorious on Your day of judgement, O Christ, Lord of Judges

My brothers, let us call to mind where we are today and where we shall be tomorrow; today, we talk and live in homes; tomorrow, we shall dwell in the graves and be doomed to silence. Blessed is he who always remembers the day of his departure.

My brothers, incline your ears with discretion and know that everything shall pass away; riches, beauty, and authority shall be rendered null and void. Blessed is He Whose authority lasts forever.

Woe to me, for the day of judgment is drawing near when the righteous will be separated from the wicked. I acknowledge the multitude of my transgressions, and the judge accepts no bribe. Blessed is he whose transgression is forgiven.

I entered into the place of the dead where there is no light to gladden the buried. Be unto me, O Lord, shining and

everlasting light by which I may walk and be guided to the realms of bliss.

### ശുഗീസൊ
#### (എസ്കാനാശ് ആഹായ്)

സോദരരേ!-കൂടീൻ എന്നെയോ-ത്ിടുവിൻ
നിങ്ങടെ സം-സ്ഗ്ഗം വിടേനെ-ന്നേയ്ക്കം.

യാത്രപുറ-പ്പെട്ടേൻ ഭോജ്യമെനി-ക്കില്ല
എന്നെ കൈ-ക്കൊൾവാൻ പ്രിയരെ! പ്രാ-ത്ഥിപ്പിൻ.

നീ കൃപയാ-ലെന്നെ മണ്ണാൽ സൃ-ഷ്ടിച്ചു
പാതകി ഞാൻ-പൂകീടരുതേ പാ-താളം.

പാതകി ഞാ-ൻ, എന്നെ ഞാൻ നിന്ദി-ക്കുന്നു.
അമ്പുടയോ-നേ നിന്നമ്പത്ഥി-ക്കുന്നേൻ.

സൃഷ്ടിപതേ!-സൃഷ്ടിച്ചെന്നെ നിൻ-വടിവിൽ
വീഴരുതേ-നരകത്തീയിൽ ഞാൻ-നാഥാ!

അങ്ങേറാ-നെളുതല്ലെങ്കിൽ തൃ-ക്കനിവാൽ
ഞാൻ മേവ-ട്ടാപത്തെന്യേ വാ-തിൽക്കൽ.

അരയില കെ-ട്ടീടും സ്ലീബായാം വാളാൽ
ആപൽസ്ഥാ-നത്തെ നീ തരണം ചെയ്യും.

ഈശൻ ജീ-വമയൻ കബറീന്നും-നിന്നെ
ഏദനിലേ-യ്ക്കേറ്റും ജീവൻ നീ-നേടും.

സ്വ്ഭാഗ്യം-പൂകും ശുദ്ധന്മാരൊപ്പം
നീയാമോ-ദിക്കും ഖേദം നീ-ങ്ങീടും.

രക്ഷകനാ-മീശോ! ജീവദനേ!-എന്നെ
ജീവിപ്പി-ക്കുക നിൻകൃപയെ ഞാൻ-വാഴ്ത്തും.

മൊറിയൊറാഹേം......

## മാർ അപ്രേമിന്റെ ബോവൂസൊ

ആർദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ പുണ്യം
നിന്മഹിമോദയനാൾ തന്നിൽ
നിർത്തണമെ വലമായിവനെ.

വത്സലരേ! പാതാളത്തിൻ
വഴിയും പാർപ്പിടവും പാർത്താൽ
നിങ്ങളെ വേർപിരിയാനെന്നെ-
യിപ്പോളാഹ്വാനം ചെയ്തു.

പിന്നാലെ വന്നോൻ ദൂതൻ
വീണാനെന്മീതേ-വേഗം
ഞാനറിയാതെന്നെ നേരെ
കൂട്ടിക്കൊണ്ടയ്യോ പോയാൻ

ബാന്ധവരെക്കാണാനല്പം
നിൽക്കണമെന്നഭ്യർത്ഥിച്ചേൻ
കേട്ടില്ലെൻ-വാക്യം ദൂതൻ
വാങ്ങിച്ചില്ലെൻ കൈകൂലി.

സ്രഷ്ടാവാം താതൻ സ്തുത്യൻ
രക്ഷകനാം പുത്രൻ വന്ദ്യൻ
കബറീന്നും പറുദീസായിൽ
ചേർക്കും റൂഹാ സ്തോത്രാർഹൻ

ആർദ്രതയാൽ നാഥാ! ദേവാ!
ദാസന്നേകണമെ പുണ്യം
നിന്മഹിമോദയനാൾ തന്നിൽ
നിർത്തണമെ വലമായിവനെ.

## SUPPLICATION OF SAINT JAMES

O Son of God, grant rest to your servant among the righteous in that eternal kingdom with Your saints.

Glory be to You, Who quickens the dead from their graves and clothes them with the garments of glory on the day of resurrection.

O Breath of Life, Who shone forth in Sheol and restored the dead to life, sanctify Your servant who ate Your Body and drank Your Blook; let Your voice open the mouths that were put to silence by death that they may glorify You with the saints who stand on Your right hand

Blessed are the dead who, steadfast in faith, passed away to rest, blessed are the buried who eagerly expect the day of their Lord's coming, blessed are the departed who hopefully await the promised resurrection, blessed are the children of the Church on the day of His manifestation.

Glory to You, O Lord, who from nothing created me, and, in Your mercy, You will quicken and raise me; glory to You, O Lord, Whose glory is praised by the angels in heaven, and Your name is praised by the mortals and the heavenly hosts.

Glory be to You, Who quickens the dead from their graves and clothes them with the garments of glory on the day of resurrection.

---

## സുറിയാനിക്രിസ്ത്യാനികളായ

# പുരുഷന്മാരുടെ ശവസംസ്ക്കാരം

### മൂന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ

സമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരി യപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**പ്രാർത്ഥന**

കരുണയുള്ള ദൈവമായ കർത്താവേ! കർത്താവിൽ ഞങ്ങൾ അ ഭയം പ്രാപിച്ചുകൊണ്ട് തവ കർതൃകല്പനപ്രകാരം നിദ്രപ്രാപിച്ചി രിക്കുന്ന ഈ ആത്മാവിനുവേണ്ടി അപേക്ഷിക്കുന്നു. കർത്താവേ! ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽ നിന്നും അദൃശമായ അന്ധകാരസേനകളിൽ നിന്നും ഇവനെ സംരക്ഷിച്ച് നീതിമാന്മാ രുടെ കൂട്ടത്തിൽ രക്ഷാസ്ഥാനത്ത് ചെന്നുചേരുവാനും തിരുവി ശുദ്ധന്മാരോടൊരുമിച്ച് എന്നെന്നേക്കും വസിക്കുവാനും ഇവന് സംഗതിയാക്കണമെ. ഹോശോ.........

In You, O Lord, we take refuge, and unto You we make supplication on behalf of this soul that has

departed by the decree of Your Lordship. Deliver him, O merciful God, from the sanres of the evil spirits and from

the invisible powers of darkness. Guide him to the abodes of life. Grant him rest among the righteous and make him to dwell among Your saints. Hoso........

**കുക്കിലിയോൻ**

**Õ]ql; glz;Ö**

സംരക്ഷകനാം നാഥാ! ദേവാ!-ഹാലേ-ഉ-ഹാ.....
രാവും പകലും തിരുമു-മ്പിൽ കേണേൻ.

പൂകട്ടെൻ പ്രാർത്ഥന നിൻസവിധം-ഹാലേ-ഉ-ഹാ.....
ശ്രദ്ധിച്ചീടണമെൻ-യാചനയെ.

തിന്മയെ മോഹിച്ചെന്നാത്മം-ഹാലേ-ഉ-ഹാ.....
എന്നുയിർ പാതാ-ളം പൂകി.

കുഴിയിൽ പെട്ടോരെപ്പോലായെൻ-ഹാലേ-ഉ-ഹാ.....
തുണയറ്റോരോ-ടൊത്തേൻ ഞാൻ.

ബാറെക്മോർ-ശുബഹോ......മെനഓലം.....

O Lord God of my salvation, Halleluiah, I have cried day and night before You.
Let my prayer come before You, Halleluiah, incline Your ear unto my supplication.
For my soul is full of troubles Halleluiah, and my life draws near to Sheol.
I am counted with them that go down into the pit; Halleluiah, I am like a man who has no strength.

Barekmore-Shubha......Menaolam......

**എക്ബൊ**

**(യൌമ്മോനൊ)**

മൃതിയാണ്ടോരേ!-സൗഭാഗ്യം നിങ്ങൾക്കുത്ഥാന-ത്തിൻ നാളിൽ

ഉൾക്കൊണ്ടോരുയിരിൻ തിരുമെയ്യും മോചനമേകും തിരുരക്ത മതും നിങ്ങളെ നിത്തീടും-വലഭാഗേ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

Our Saviour gave the faithful the pledge of the new life, for by receiving His Body and Blood they will pass from death to life. Blessed are the dead who recived Him, for he shall quicken them.

Stomen Kalos Kurie eleison

**പ്രുമിയോൻ**

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെഎഴുന്നേല്പി ക്കുന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കർത്താവിനു സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാരശുശ്രൂഷ നിർവഹിക്കപ്പെടുന്ന ഈ സമയത്തും ............ തന്നെ നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുല്ഹൂൻ......

Glory to Him Who raises the dead and quickens the buried, who is the Judge of judges. Him we remember and glorify, at this time of the performance of His servant's burial, and at all festival, times, hours, seasons, and through all the days of our life forever and ever. Bekulahoon......

**സെദറ**

ആദിയിൽ ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും, എന്നെന്നേക്കും നിലനിൽക്കുന്നവനും, തന്റെ പിതാവിന്റെ മഹത്വത്തിൽ വിശുദ്ധമാലാഖാമാരോടുകൂടെ വരുവാനിരിക്കുന്നവനുമായമ്ശിഹാ തമ്പുരാനേ! സംഖ്യാതീതമായ നിരകളും ഗണങ്ങളും പതിനായിരങ്ങളും തിരുമുമ്പാകെ പരിഭ്രമിച്ച് വിറച്ചുകൊണ്ട് നിൽക്കുന്നു. ഭയങ്കരന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള ഗണങ്ങളും സ്വർഗ്ഗീയമായമേഘങ്ങളിൽ കർത്താവിനെ ആഘോഷിക്കുന്നു. കർത്താവിന്റെ ഉഗ്രമായ ശബ്ദത്തിൽ കർത്താവ് അട്ടഹസിക്കുമ്പോൾ മരണം വീണുപോവുകയും പാതാളം നശിച്ചു പോവുക

യും ആദിഭൂതങ്ങൾ അഴിഞ്ഞുപോവുകയും, ഭൂമിയിൽ ദ്രവിച്ചു പോയ സർവ്വശരീരങ്ങളും പുനരായി സൃഷ്ടിക്കപ്പെടുകയുംചെയ്യു ന്നു. സകലത്തിന്റേയും സൃഷ്ടാവും നിർമ്മിതാവുമെന്ന നിലയിൽ സൃഷ്ടിശക്തിയുള്ള വചനത്താൽ കർത്താവു വീണ്ടും അവയെ സജ്ജീകരിക്കുന്നു. നന്മയാകട്ടെ തിന്മയാകട്ടെ അവനവൻ പ്രവ ർത്തിച്ചിട്ടുള്ളവയെക്കുറിച്ച് സമാധാനം ബോധിപ്പിക്കുവാനായി സകല വംശങ്ങളും ഗോത്രങ്ങളുംപരിഭ്രമജനകവും ഭയങ്കരവുമാ യ കർത്താവിന്റെ സിംഹാസനത്തിൻ മുമ്പാകെ വന്നുകൂടുകയും ചെയ്യുന്നു. ബലവാനും കാരുണ്യവാനുമായ ദൈവമായ കർത്താ വേ! ഇവയെല്ലാം സംഭവിക്കുകയും പ്രവർത്തിക്കപ്പെടുകയും ചെ യ്യുന്നതായ ആ സമയത്ത് കർത്താവിലുള്ള പ്രത്യാശയോടെ നി ദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരനെ കർത്താവിന്റെ വലത്തു ഭാഗത്തു നിറുത്തികൊള്ളണമെ. "എന്റെശരീരംഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാനദിവസത്തിൽ ഞാൻഅവനെ ഉയിർത്തെഴുന്നേല്പിക്കും" എന്ന് ജീവനുള്ള തിരുവായ്കൊണ്ട് അരുളിച്ചെയ്തിട്ടുള്ളതായ ആ വചനം ഞങ്ങളിലും ഇവനിലും നിറവേറ്റണമെ. ഞങ്ങളും ഞങ്ങളുടെ പരേതരും തവവലത്തുഭാഗത്തു നിന്നുകൊണ്ട് തിരു കരുണയെകാണുകയും തനിക്കുംതന്റെ പിതാവിനും പരിശുദ്ധാ ത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാക ണമെ. ഹോശോ......

Glory to You, christ our God, Who was and is and shall be forever; Who will come in the glory of His Father with His holy angels; in Whose presence, the angelic orders, the spiritual choirs, and the innumerable myrids of the heavenly host stand in fear and tembling; Who is worshiped and adored by the cherubim and seraphim, with power and glory, on the clouds of heaven. We give thanks to You, by Whose voice death shall be cast down, Sheol shall be destroyed, and all the clements shall be dissolved; the heavens shall suddenly pass away, the earth and the works in it shall not be restored to their

structure. We offer You praise, O Creator and maker of all things, for by Your creative Word all the nations, tribes, and races shall be gathered to stand and be tried before Your dreadful and fearful judgement seat, that every one may be rewarded according to that which he has done in his body, whether it be good or bad. We beseech You almighty and most merciful God, when all these things happen, that this Your servant ............., who slept trusting in You, may be worthy to stand at your right hand. Fulfil to him and to us that word which Your living and holy mouth said: he who eats My Body and drinks My Blood and believes in me, will abide with Me and I with him, and I will raise him on the last day. O Lord, we humbly pray You to make us, with our faithful departed, worthy to stand at Your right hand. Grant us through Your loving kindness to
behold Your mercies and to offerYou glory and thanks Father, Son, and Holy spirit now and forever.  Hoso....

**തക്ശെപ്തൊ**

**(പൗലോസ് അക്സേബ്)**

പൗലോസെഴുതി-മൃതിമ്ശിഹായിൽ പ്രാ-
പിച്ചോരെ-മരണം-ബാധിക്കി-ല്ലെന്നേവം
മ്ശിഹാ നിദ്രാ-വശരായോർ വീണ്ടും
മൃതിയേൽക്കി-ല്ലെന്നൽ-ഘോഷിച്ചാൻ-ശാസ്ത്രീശൻ

മൊറിയൊ.........

Regarding those who die in Christ, Saint Paul writes that they will not taste death. This was well preached by the blessed Doctor concerning the faithful departed, for over such the second death has no authority.

Moriyo......

**എത്രൊ**

ബലവാനും മഹാകാരുണ്യവാനും ദയാലുവുമായ ദൈവമായ കർത്താവേ! തിരുസന്നിധിയിലേക്ക് കർത്താവ് എടുത്തിരിക്കുന്നതിനാൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരനുവേണ്ടി ഈ സമയത്ത് ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപം കൈക്കൊണ്ട് സ്വർഗ്ഗീയ ഊർശ്ലേമിൽ മോഹനീയ വാസസ്ഥാനങ്ങളിൽ ഇവനെ ആശ്വസിപ്പിക്കുകയും കടങ്ങളുടെപരിഹാരത്തിനും പാപങ്ങളു ടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ഇവനെഅർഹനാക്കുകയുംചെയ്യണമെ. മോറാൻ വാലോഹാൻ...

Yea, almighty, merciful, and compassionate Lord God we beseech You to accept the sweet odor of this incense which we have offered You on behalf of this Your servant, whom You have taken unto You. Grant him rest in the delightful abodes of the heavenly Jerus- lem. Make him worthy of the remission of sins, the forgiveness of transgressions, and of full confidence in
Your presence, Our Lord and God forever. Moran valohan

**കോലൊ**

**(കുക്കോയൊ)**

നുകരുന്നോനു കടും കയ്പ്പാ-ണീ മരണക്കാ-സാ
വരിക ജവം പോകാ മുടയോൻ-നിന്നേയാരാ-യു-
    ന്നെന്നാത്മാവോ-ടാ ദൂതൻ ചൊല്ലും
    നേരം പാരം-ഘോരം ഖേദകരം
കണ്ണീർ കവിളിലൊഴുക്കിക്കൊ-ണ്ടാത്മാവോ-തുന്നു
ശാന്തിയൊടുത്ഥാനത്തോളം-തനുവേ! നിവസിക്ക.
    ഹാലേലുയ്യ-ഉ-ഹാലേലുയ്യ
ഞാൻ വൈദേശികനെന്നേവം-ചൊന്നീടുന്നാ-ത്മം
ആൾവിട്ടുടയോൻ വിട്ടതിനാൽ-നില്പാൻ തരമില്ല
    പ്രേഷിതനെന്നോ-ടേവം ഭാഷിച്ചു
    ആലയവാസം-കൈവെടിയുക വരിക.
കർത്താവരുളിയനാൾവരെയും-ഞാൻ മേവിയതാ-കും
മോഹന നശ്വരമന്ദിരമേ! വാഴ്ക ശുഭം മെ-യ്യേ.
    ഹാലേലുയ്യ-ഉ-ഹാലേലുയ്യ

ബാറെക്മോർ-ശുബഹോ.....

ദൈവസുതാ! വഴിയാത്രയിലെൻ-പാഥേയം നീയാം
ജഗതീപോഷകനേ! പശിയിൽ-നീയെന്നെപ്പോറ്റി
ഞാനെരിയരുതേ-നിൻ തനുരുധിരങ്ങൾ
എൻതനുവീന്നും-വാസന വീശുമ്പോൾ
മാമോദീസയെനിക്കോത്താൽ-മുങ്ങാത്തൊരുനൗ-ക
നാഥാ! നിൻ കൃപ കാണണമേ-ഞാനുത്ഥാന-ത്തിൽ
ഹാലേലുയ്യ-ഉ-ഹാലേലുയ്യ

മെനഓലം......

വേർപാടിൻ വേളയിലാത്മം-മെയ്യോടുരചെ-യ്യു-
ന്നെന്തുപകാരമെനിക്കേകും-ധനസമ്പാദ്യ-ങ്ങൾ
വിധിനിലയത്തിൽ-ചോദിക്കും സുകൃതം
ചെയ്യെന്നാകിൽ-ഫലമുളവായേനെ
വാസസ്ഥലവും ധനവും ഞാ-നുടമസ്ഥക്കേ-കി
ഭീകരസിംഹാസന സവിധം-പോകുന്നേനെ-ന്റെ.
ഹാലേലുയ്യ ചെയ്തികളറിയിപ്പാൻ. മൊറിയൊറാഹേം.....

How bitter is the cup of death to him who tastes it; how bitter, dreadful, and grievous is that hour when the angel of death says to the soul: Come with me, let us go, Your Lord is calling you. With vehement cries and tears flowing on her cheeks, she says to the body: Now, farewell until the day of resurrection, Halleluiah, Halleluiah. Barekhmore- Shubhaho.....

O Son of God, I have taken You as provision for my journey; whenever I hungered, I ate of You, O preserver of the world. Let the fire depart away from my limbs when the sweet fragrance of Your Body and Blood spreads from me. May the holy baptism be unto me a ship that shall never be sunk until I behold Your mercy

on the day of resurrection, halleluiah, halleluiah.
Menolam.................

The soul, on departing from her body, says: What gains have I attained from riches and possessions? Surely, I could have gained great profits had I done the good deeds that are acceptable at the tribunal. Now, my house is left to its new dwellers and my wealth to its new possessors, while I have to give an account for what was committed by me, halleluiah, When I stand before the judgment seat.

O temporal dwelling, why did you deceive me so as to put my trust in this life? O world full of evil, why did you cast me down in misery? O sea of debts, why did you drown me in the deep abyss? Where can I flee, for the Creditor is expecting me.

O, how you enticed me in fine clothes, seduced me in heaping riches, entagled, me, like a fowl, in wordly matters; you made me to grasp the creeping shadows with my ten fingers, and now disgraced, naked, and wretched I have to meet my Lord.

When the Judge speaks, the angels shall be terrified, and the ranks soft the fiery and spiritual messengers shall stand in trembling. What apology can I make when the hidden things are revealed? Lord, have mercy upon me, Your servant, and save me by Your grace.

**മാർ അപ്രേമിന്റെ ബോവൂസൊ**

ആർദ്രതയാൽ നാഥാ! ദേവാ! ദാസന്നേകണമെ-പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ നിത്ത്ണമെ വലമാ-യിവനെ.

രക്ഷിപ്പാൻ വന്നോൻ മ്ശിഹാ!  നീയെൻ സങ്കേതം-മിത്രം
ചാവിരുളിൽ പാതാളത്തിൽ  നിൻ സ്ലീബായാണെൻ-ദീപം.

എൻവേർപാടാസന്നം ഞാൻ  നിങ്ങളിൽ നിന്നിപ്പോ-ൾ നീങ്ങും
വേർപാടേകിയ ദൈവത്തെ-യോർത്തെന്നെയോർപ്പിൻ-നിങ്ങൾ.

വത്സലരേ!  ശാന്ത്യാ വാഴ്‌വിൻ  താതന്മാരേ!  പ്രാർത്ഥിപ്പിൻ
ഞാനിപ്പോൾ ദൈവം ചൊല്ലും  സ്ഥാനം നോക്കിപ്പോ-കുന്നു.

ഏൽക്കുക ദേവാ!  നിൻശരണേ  നിദ്രയിലായോരാ-ത്മത്തെ
നിൻകൃപ ശോഭിക്കും നാളിൽ  നിർത്തണമെ വലമാ-യിവനേ.

ആർദ്രതയാൽ നാഥാ!  ദേവാ!   ദാസന്നേകണമെ-പുണ്യം
നിൻ മഹിമോദയനാൾ തന്നിൽ  നിർത്തണമെ വലമാ-യിവനെ.

O Lord, have mercy upon us; O God, grant absolution to Your servant, and make him to stand at Your right hand on the day when Your greatness is made manifest

Make Your cross to shine upon me in sheol for the shadows of death have wrapped me up; O Christ, Who came for our salvation, be unto me the guide and the refuge.

The moment of my departure is drawing near when I have to leave you forever; I adjure you by the name of God Who separted me from you, forget not to remember me in your prayers.

O God, accept the soul of Your servant, who has departed trusting in Your, and on the day when Your

mercies are made manifest, make him to stand at Your right hand.

O Lord, have mercy upon us; O God, grant absolution to Your servant, and make him to stand at Your right hand on the day when Your greatness is made manifest

---

## സുറിയാനിക്രിസ്ത്യാനികളായ

# പുരുഷന്മാരുടെ ശവസംസ്ക്കാരം

### നാലാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആ മ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**പ്രാർത്ഥന**

ദൈവമായ കർത്താവേ! താൽക്കാലികമായ ജീവതത്തിൽ നിന്ന് ഇപ്പോൾ വേർപെട്ട് ഈ വ്യർത്ഥലോകത്തിൽ നിന്ന് യാത്രയായിരിക്കുന്നഈ ആത്മാവ് പുനരുത്ഥാനദിവസംവരെ ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്കു കർത്താവിന്റെ വിശുദ്ധ മാലാഖാമാരാൽ നയിക്കപ്പെടുവാനും അവിടെ വെച്ച് മുഖപ്രസന്നതയോടുകൂടെ കർത്താവിനെ എതിരേൽക്കുവാനും സംഗതിയാക്കണമെ. ആബൊവബറൊ.......
O Lord God, make this soul which has escaped now from this temporary life and proceeded from this empty world, worthy of being led by Thy holy angels to places full of repose, happiness and joy, until the day of resurrection, and encounter Thee there with a pleasant face, O Father, Son and Holy Spirit, now and always for ever. Amen.

**കുക്കിലിയോൻ**

(എട്ടാം രാഗം)
മൃതനെപ്പോൽ ഞാൻ വിസ്മൃതനായ്-ഹാലേലൂയ്യ
പാഴ്പാത്രംപോ-ലായേൻ ഞാൻ.

ആളുകളേറ്റമെനിക്കെതിരായ്-ഹാലേലൂയ്യ
ആലോചിക്കു-ന്നതു കേട്ടേൻ.

എന്നാത്മാമെടുക്കാനവരൊത്ത്-ഹാലേലൂയ്യ
നാഥാ! ശരണപ്പെ-ട്ടേൻ നിന്നിൽ.

ചൊന്നാൻ നീ താനെൻ ദൈവം-ഹാലേലൂയ്യ
നിൻ കൈയിൽതാൻ-കാലങ്ങൾ.

ബാറെക്മോർ-ശുബഹൊ........മെനഓലം.....

**എക്ബൊ**

**(ഹൌദത്ത് ഇൻ)**

സത്തമനേ! കരുണാപൂർണ്ണാ! വിധിയേൽക്കരുതേ നിന്നടിയാർ തിരുമുമ്പിൽ ജയമാർന്നോനാർ വിധിചെയ്യല്ലെ നീയവരെ കർത്താവേ! യവരെയൻപാൽ ജീവിപ്പിക്കേണം തന്നെ ഞങ്ങളിതാ വാഴ്ത്തീടുന്നു.

**പ്രുമിയോൻ**

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിർമ്മിതാവും നിർമ്മിതമായവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും മരിച്ചുപോയവരുടെ ഉയിർപ്പും ദുഃഖിച്ചിരിക്കുന്നവരുടെ ആശ്വാസവും വിഷാദിച്ചിരിക്കുന്നവരുടെ ആഹ്ലാദവും വിലാപത്തിലിരിക്കുന്നവരുടെ സന്തോഷവും മനോവേദനയിൽ ഇരിക്കുന്നവരുടെ ധൈര്യവുമായ കർത്താവിന് സ്തുതി. തന്റെ ദാസന്റെ ശവസംസ്ക്കാര ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും.........ബ്കുല്ഹൂൻ.....

Make us worthy to raise and thanksgiving, glorification and extolement, great and never ceasing exaltation, continuously, and in every season and at all times:

(Glory be) to that creator of souls and maker of bodies, that hope of the lost; and the confidence of the created; to that resurrection of the entombed, and the vicification of the weeping; the comfort of the sorrowful and the gladness of the mournful; that joy of the lamenting and the encouragement of the broken-hearted:

To Him is due praise, honour and adoration at this time of the burial of his servant, and at all festivals and times, hours and seasons, and during all the days of our lives, for ever. Amen.

**സെദറാ**

ആദ്യന്തമില്ലാത്ത തേജസ്സും മഹാകാരുണ്യവാനും സത്യവാനും, മരണമില്ലായ്മയുടെപ്രഭയുംജീവനുംഉറവയും, സകലത്തിന്റേയും സ്രഷ്ടാവുംലോകത്തെയുംഅതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമായ കർത്താവേ! കർത്താവ് ഭയങ്കരനും കർത്താവിന്റെ കല്പനയിൽ മഹനീയനുംദീർഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. യാതൊരു രഹസ്യവും തവ ദിവ്യദൃഷ്ടിക്ക് അഗോചരമല്ല. ആലോചനകളുടെ ആഴവും ഹൃദയചിന്തകളും തിരുസന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു. തവതീരുമാനങ്ങൾ അപരിമിതങ്ങളും തവ മാർഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു മരണത്തെ മായിച്ചു കളയുവാനും മനുഷ്യസംഹാരകനായ മഹാസർപ്പത്തെ കൊല്ലുവാനുമായിട്ട് യേശുമ്ശിഹായെന്ന തിരു വത്സ ലപുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും താല്പര്യമുള്ള സ കല ആത്മാക്കൾക്കും രക്ഷയുംമരണമില്ലായ്മയും യേശുമ്ശിഹാ പ്രസംഗിക്കുകയും ചെയ്തു. തിരുകല്പനപ്രകാരം ക്ലേശപൂർണ്ണമായ ഈ ലോകത്തിൽ നിന്ന് ശ്രേഷ്ഠവും അനശ്വരവുമായ ലോകത്തിലേക്കു ഞങ്ങൾ അയയ്ക്കപ്പെടുന്നു. കർത്താധികർത്താവും ഇരുലോകങ്ങൾക്കുംഅധികാരിയുമായുള്ളോവേ! ഈ താൽക്കാലി ക ജീവിതമാകുന്ന പരദേശവാസത്തിൽ നിന്ന് വേർപെട്ട് യാത്രയായിരിക്കുന്ന ഈ തവ ദാസന്റെ ശവസംസ്ക്കാരശുശ്രൂഷയുടെ ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാർത്ഥയും സമർപ്പിക്കുന്നു. ഇവിടെ നിന്ന് യാതയായി സ്വർഗ്ഗീയ ഭവനങ്ങളിൽ വസിപ്പിക്കുന്നവരായ സമാധാനമാലാഖാമാർ മൂലം

ഇവന്റെ ആത്മാവിനെ കൈക്കൊള്ളണമെ. കർത്താവേ! ദുഷ്ടാത്മക്കളുടെ പിടിയിൽ നിന്നും ഇവന്റെ ആത്മാവിനെ രക്ഷിച്ചു കൊള്ളണമെ. ആ എതിരാളിയുടെ ബന്ധനത്തിൽ നിന്ന് അതിനെ വിടർത്തണമെ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്നവരുമായ ചുറ്റി നിൽക്കുന്നതുപോലെയുള്ള സേനകൾ ഇവനും ലഭിക്കുമാറാകണമെ. തവ മനുഷ്യപ്രീതിയാൽ ഇവന്റെപാപങ്ങളെ പൂർണ്ണമായി പരിഹരിക്കണമെ. ഇവന്റെ തെറ്റുകളെ തിരുദയയാൽ പൂർണ്ണമായി ക്ഷമിക്കുകയും ചെയ്യണമെ. ഇവന്റെയാത്രയ്ക്ക് തിരുസഹായം പരസ്യമായി അയച്ചുകൊടുക്കണമെ. കൃപാപൂർണ്ണമായ വലംകൈ ഇവന് നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽ നിന്ന് ഇവനെ ഉദ്ധരിച്ചുകൊള്ളണമെ. അദൃശ്യമായ തിരുശക്തിയാൽ ഇവനെ സഹായിക്കണമെ. പിശാചുക്കളുടെ ഭയങ്കരമായ ഒളിവിടങ്ങളിൽ നിന്ന് ഇവനെ രക്ഷിച്ചുകൊള്ളണമെ. ഇവന്റെ പ്രമാണലംഘനങ്ങൾക്ക് തക്കപോലെ ഇവനെ വിധിക്കരുതെ; തിരുസന്നിധിയിൽ സർവ്വരും കുറ്റക്കാർ തന്നെയാണല്ലോ. കർത്താവേ! ഞങ്ങളുടെ സ്വാഭാവികമായ ദുർബ്ബലതയിൽ കനിവു തോന്നണമെ. ഞങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്നതായ തിരുനാമത്തെയും തിരുമഹാകരുണയെയും ഞങ്ങളിലുംഇവനിലും ഓർക്കണമെ. ഞങ്ങളുടെ വർഗ്ഗത്തിന്റെരക്ഷയ്ക്കുവേണ്ടിയുണ്ടാ യ തിരുഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ കർത്താവിനോടപേക്ഷിക്കുമാറാകണമെ. തവ കൃപയുംകരുണയും ഇവന്റെമേൽഉദിക്കുമാറാകണമെ. ഇവൻ വിശ്വസിച്ചതായ ജയമുള്ളസ്ലീബാ ഇവന്, വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമാ യി ഭവിക്കുമാറാകണമെ. ഞങ്ങളുടെ വംശശത്രുവായ സാത്താ ൻ തന്റെ ദുഷ്ടമായ ആഗ്രഹം നിറവേറാതെ ലജ്ജിച്ചുപോകത്തക്കവണ്ണം തവ കരുണ ഇവനിൽ ഉണ്ടാകുമാറാകണമെ. കർത്താവേ! തിരുനാമഭക്തന്മാർക്കുള്ള അനുഗ്രഹീത ഭവനങ്ങളിൽ എത്തുന്നതുവെരെ ഈ തവ ദാസന് കോട്ടയും അനുയായിയും കാവർക്കാരനും സഹായിയും ആയിരിക്കണമെ. അവിടെ ആദ്യന്തമില്ലാത്തതായ തിരുമഹിമയിൽ ഇവൻ ആനന്ദിക്കുമാറാകണമെ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും വിസ്മരിക്കുവാൻ ഇവന് സംഗതിയാകണമെ. കർത്താവേ! തവ ആരാധകരായ ഞങ്ങളെയെല്ലാവരെയും ഇവയ്ക്കെല്ലാം യോഗ്യരാക്കിത്തീർക്കണമെ. വെടിപ്പു

ള്ളതും ആനന്ദകരവും പാപരഹിതവുമായ ജീവിതത്തിൽ അ ന്ധകാരത്തിന്റെ ദുഷ്ടസേനകൾക്ക്വിധേയമാകാത്ത സമാധാന പരമായ നിര്യാണം ഞങ്ങളും അനുഭവിക്കാൻ ഇടയാകണമെ. കർത്താവേ! കരുണാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ച് വിലപി ച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ദുഃഖിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും മ്ലാനവദനരായിരിക്കുന്നവർക്ക് മുഖപ്രസ ന്നത നൽകുകയും ചെയ്യണമെ. കർത്താവിനെ സ്തുതിക്കുന്ന ഏവ ർക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം ശര ണവും പ്രത്യാശയും ആയിരുന്നതുകൊണ്ട് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ദുഃഖവും നീക്കികളയണമെ. ദൈവമേ! ക ർത്താവിന്റെ മ്ശിഹായിലുള്ള പ്രത്യാശയിൽ മുൻകൂട്ടി കർത്താവി ന്റെ അടുക്കലേക്ക് യാത്രപുറപ്പെട്ടവരും ശ്രേഷ്ഠവും മഹനീയ വുമായ അവിടുത്തെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കു ന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കൾക്കും സഹോദ രീസഹോദരന്മാർക്കും ഗുരുക്കന്മാർക്കുംഞങ്ങളെല്ലാവരേയും വഹി ച്ചിരിക്കുന്ന തവ കൃപയാൽ ഭാഗ്യകരമായ ഭവനങ്ങളിൽ വിശു ദ്ധന്മാരോടുകൂടിയുള്ള ആശ്വാസം നൽകണമെ. ആ പ്രത്യക്ഷ യെ ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളോടുകൂടെ എതിരേൽ ക്കുവാൻ ഞങ്ങളും കാത്തിരിക്കുന്നു. കർത്താവേ! മുൻകൂട്ടി നി ദ്രപ്രാപിച്ചവരും ഇവിടെ അവശേഷിക്കുന്നവരുമായി രക്ഷിതരും അവിടുത്തെ കർതൃത്വത്തിന്റെ ദാസരുമായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത തിരുരാജ്യത്തിൽ വന്ദ്യവും ഗ്രഹണാതീതവു മായ തിരുനാമത്തെയും തവഏകപുത്രനേയും തിരുപരിശുദ്ധ റൂ ഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരായിത്തീരണമെ.
ഹോശോ.............

O Lord, who art the eternal light, greatly graceful and true; that brightness and life, and the spring of immortality; the creator of all things who sets in order the worlds and the changes in them; Thou art awful and glorious in Thy command, long suffering and merciful. Secrets are not hid before Thy divine vision and the deapths of the minds and the reckonings of the heart are uncovered and exposed before Thee. Thy judgements are

immeasurable and Thy ways unsearchable. Thou didst send Thy beloved Son Jesus Christ to the world that He might abrogate death and kill the dragon who slaughters men. Thou didst proclaim life and immortality to every willing would. By Thy command we are sent from this world full of suffering, to that world excellent and incorruptible. O Lord, who art the Master of all things and the Ruler of both worlds, we offer before Thee prayer and supplication at this time of burial of Your servant, who has separated and departed from this temporary so journ of life that Thou mayest receive his soul by the angels of peace who shall take him forth from this place and make him dwell in the heavenly mansions. O Lord, deliver his soul from the clutches of evil spirits. Save him from the bonds of the enemy. May such armies which encircle those that fear his name and do Thy will, encounter him. Absolve completely all his sins by Thy human love. Blot out his follies fully by Thy loving kindness. Send Thy succour openly for his travel. Extend to him Thy right hand, full of grace that it may draw him out from the whirlpool of second death. Help him by Thy invisible power. Protect him from the frightful passes of the devils. Do not Thou judge him in his lawlessness since everybody stands condemned before You. O Lord, perceive Thou the infirmity of our nature. Remember Thou concerning him and concerning us, Thy holy name with which we have been called and the multitude of Thy mercies. May the precious passions of Thy only begotten Son, for the salvation of our race, supplicate for us. May Thy mercies and Thy grace dawn upon him. May the victorious cross (✚) in which he believed be to his soul a pillar of light making him dwell amidst the company of

the saints. May Thy loving kindness manifest upon him, that satan, the enemy of our race, shall blush and be ashmed, since his evil desire has not been fulfilled. Lord, be Thou to this Thy servant a fortress, a companion, a keeper and a helper until he shall reach the blessed mansions of the devotes of Thy name and rejoice there in Thy eternal glory, and forget his sorrows and mournings and afflications resting in bosoms like that of Abraham. O Lord, make also who are Thy worshippers ready for these, that with live's

pure sweet and protected from sins, we may attain a peaceful departure, not overcome by the evil forces of darkness. O Lord, while looking upon us with an eye of compassion, give comfort to the wailing; encourage those who are sorrowful; remove all the tears and sadness from the faces of those who praise Thee, becoming thyself the hope and trust to each one, in every place as befitting him. Lord, grant by Thy grace possessing all of us, that repose with the saints in bliss- full mansions, to all our parents, brethern and teachers who have already proceeded to Thee with hope in the Messiah and await His great and glorious revelation; which we also await to see, with clear faces, devoid of all shame; that we all who are saved; the servants of his lordship; those who have gone before and those who remain back, may be worthy to praise and exalt in Thy eternal kingdom,Thy adored and incomprehensive name and that Thy only begotten Son and Thy Spirit, all holy, good, adored, life-giving consubstantial with Thee now and always for ever. Amen

Hoso.....

**തക്ശെപ്തൊ**

**(കോലോ ദക്റോ)**

മരണം പ്രാപിച്ചഴുകിപ്പോ-യോനാം
ലാസറിനെക്കബറീ-ന്നാഹ്വാനം ചെയ്ത-
സ്രഷ്ടാവിന്നാജ്ഞാ-ദ്ധ്വനിയുത്ഥാന മഹാദിവസേ
മൃതരെ-യേറ്റിച്ചേർക്കും
യോശാഫാത്തെന്ന-സാനുസ്ഥാനത്തിൽ
അരചനിരിക്കും ത്രോണോസിൽ
സത്യവിധിക്കായ് തലമുറകൾ വന്നെത്തീടും
നാഥാ! സർവ്വേശാ! എന്മേലന്നാളിൽ
കാരുണ്യം ചെയ്യേണം നീ-പ്രാണപ്രദനല്ലോ.

**എത്രൊ**

കാരുണ്യവാനായ ദൈവമേ! കർത്താവിൽ അഭയം പ്രാപിച്ചുകൊണ്ട് ഈ സുഗന്ധധൂപം ഞങ്ങൾ അണയ്ക്കുകയും തിരു കല്പനപ്രകാരം ഇവിടെയുള്ള ജീവിതത്തിൽ നിന്ന് വിട്ടുമാറിയിരിക്കുന്ന ഈ ആത്മാവിനുവേണ്ടി കർത്താവിനോടപേക്ഷിക്കുകയും ചെയ്യുന്നു.പിശാചുക്കളുടെ കഠിനബന്ധനത്തിൽ നിന്നും അന്തരീ ക്ഷവാസികളും അദൃശ്യരുമായ ശത്രുക്കളുടെ അദൃശ്യഗണത്തിൽ നിന്നും ഈ ആത്മാവ് രക്ഷിക്കപ്പെടുമാറാകണമെ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! ഈ ആത്മാവ് യാത്ര ചെയ്ത് തവ വിശുദ്ധന്മാരുടെ ആലയങ്ങളിലും ജീവനുള്ളവരുടെ പട്ടണത്തിലും ചെന്നുചേരുവാൻ ഞങ്ങളിലുള്ള തവ മഹാകരുണയാൽ സംഗതിയാക്കുകയും ചെയ്യണമെ. മോറാൻ വാലോ....

O merciful God, we take refuge in Thee and offer this smoke of incense and pray to Thee for this soul, who by Thy command has departed from here, that he may be saved from the bitter grasp of the devils and from the deceptive band of the aerial and invisible enemies and travel and reach Thy holy mansions and city of life, by Thy great mercy towards us, O our Lord and God, for ever. Amen. Moronvalo......

**കോലൊ**

**(തുബൈക്ക് ഈത്തൊ)**

ധന്യൻമൃശിഹാ! വാക്കാൽ മൃതരെയുയ-പ്പിപ്പോൻ
തൻകല്പന പാ-ലിച്ചോക്ക്ായ്-തേജോ-വസ്ത്രം നൽകീടും
അവനെ രാജ്യത്തെതിരേല്പാൻ അവർ മേഘങ്ങളിലേറിവരും
അവനാനന്ദത്തോ-ടാക്ക്ം-വന്നേ-റിക്കൈക്കൊണ്ടിടുവിൻ
കല്പന കാത്തോ-ക്ക്ായ് മുമ്പേ-താതൻ കരുതിടുമാ-രാജ്യം.

മാമോദീസാ-നീരിൽനിന്നും മ്ശീ-ഹാ തൻ
റൂശ്മായേറ്റോരേ മൃതരേ! വഴിനി-ങ്ങൾക്കുണ്ടാശിപ്പാൻ
മൃതിലോകത്തിൽ ധീരതയും-പ്രത്യാശയതും പ്രാപിപ്പിൻ
ഉയിരോടെഴുന്നേൽക്കും നിങ്ങൾ കേടേ-തും തീണ്ടീടാതെ
കല്ലറയീന്നും പറുദീസാ പൂകാൻ വാസരമാ-സന്നം
ബാറെക്മോർ-ശുബഹോ.....

ധന്യൻ പൌലോസ്-ശ്ലീഹാ ചൊന്നേവം-കേട്ടേൻ
മൃതരെയോർത്തി-ട്ടഴൽ നിങ്ങൾ ക്കരുതെ-ന്നാശിച്ചിടുന്നേൻ
വാനിൻ കാഹളനാദത്താൽ-മൃതരെല്ലാരുമെഴുന്നേൽക്കും
താൽക്കാലികമാമീ-ഗാത്രം നിത്യ-തയെ പ്രാപിച്ചിടും
തന്നുവെഴുന്നേൽക്കും കേടില്ലാ-തുത്ഥാ-നത്തിൻ വൻനാളിൽ.
മെനൊലം........

I heard Paul the blessed apostle say, My brethren, you should not grieve over those who are dead for with the sound of the trumpet all the dead shall be raised. Then

this corruptible must put on incorruption. The pledge for such a new life is the Body and Blood of Christ.
Menolam......

വഷിക്കട്ടെ താത-നയച്ചിട്ടാ ബാബേൽ
തീച്ചൂളയിൽ ബാ-ലന്മാരിൽ വീഴ്ത്തിയ ജീവപ്പനിനീരാ
മൃതിലോകത്താകുലമേറും-ഭവനങ്ങളിൽ മരുവുന്നോരിൽ-
നിന്നഭയത്തിൽ നിദ്രിതരാം ദാസ-ന്മാർ തൻ പിഴപോക്കീ
ട്ടവകാശം നൽ-കീടേണം ശാശ്വ-തസുസ്ഥിരരാ-ജ്യത്തിൽ.

**മദ്റോശൊ**

നിൻശരണേ മൃതനാം ദാസന്നുത്ഥാനം
നവ്യത ന-ൽക-ട്ടെ.

ഇതുമൃതിയിൻ ദിവസം-വേദനയിൻ ദിവസം
പരിദേവന ദിവസം-കടദിവസം നാഥാ!
നൽകണമാ-ശ്വാ-സം.

ഏവരുമൊരുപോലീ-മൃതിനുകരണമെന്നാൽ
യൗവ്വനമൃതി കയ്പാൽ-കഠിനതരം നാഥാ!
നൽകണമാ-ശ്വാ-സം

സകലമമർത്തിടുമാ-മൃതി മുന്നറിവെന്യേ
സതവരമെത്തുകയാ-ലിവനുത്ഥാനത്തിൽ
നൽകണമാ-ശ്വാ-സം

സഹജൻ രക്ഷിക്കാ-സ്നേഹിതനന്തകീടാ
ഏവം നിബിവചനം-ക്രിയയാൽ നിറവേറി
തുണനാഥാ-ചെയ്ക.
മൃതരാമുറ്റോർക്കായ-കഷ്ടപ്പെടുവാനും
നാശകനാം മൃതിയെ-മചാല്ലിക്കരയാനും
ബാദ്ധ്യതയു-ണ്ടെ-വനും.
നാവുകളിന്നെല്ലാം-സ്തോത്രം കർത്താവേ!
നിന്നാൽ മൃതരുയരും-സ്വർഗ്ഗം നേടീടും
സ്തോത്രം പാ-ടീ-ടും.

**മദ്റോശൊ**

**(യൌമൊക് ലോക്)**

മൃതിയെ നുക-ർന്നുത്ഥാനത്തിൻ-ശരണം
തന്നവനാ-മുയിരിൻ-നാഥൻ-ധന്യൻ.

സീനായ്മേ-ലവരോഹം ചെ-യ്തീശൻ
മോശയ്ക്കു-ത്ഥാനം-വെളിവായ്-കാട്ടി.

സ്വര്ഗ്ഗീയൂ-ശ്ലേമിൽ-ത്രോണോ-സിങ്കൽ
സുസ്മൃതിതൻ-ദാസ-ക്കേകട്ടീ-ശൻ.

ഈ ദാസൻ-നാഥാ! തിരുസന്നിധിയിൽ
ചെയ്ത പിഴ-യ്യെല്ലാം-ക്ഷമ നൽ-കേണം.

എരിതീയും-വിധിയും-നീക്കീ-ട്ടിവനെ
കാക്കുക നിൻ-തന്നുവാൽ-രക്ത-ത്താലും.

നിന്നിലുറ-ങ്ങിടുമീ-ദാസൻ-നാഥാ!
പ്രാപിച്ചാ-നഭയം-നിൻസ്ലീ-ബായെ.

ഭീകരമാം-വിധിയോ-ടതിവേ-ദനയും
നരകവുമേ-ൽക്കരുതേ-നാഥാ!-ദാസൻ.

നിന്നെയേ-റ്റോനാ-മീദാ-സനെ നീ
ഏറ്റുപറ-ഞ്ഞീടണം-വാഗ്ദാ-നംപോൽ.

തിരുനാമം-തള്ളാ-ത്തോനാ-മിവനെ
നരകത്തിൽ-തള്ളീ-ടരുതേ-നാഥാ!

ദ്രുതഗതിയാ-യ് മരണം-സവിധം-പൂകി
നിങ്ങടെ കൂ-ട്ടതിൽനി-ന്നെന്നേ-നീക്കി.

പ്രാര്ത്ഥനയിൽ-മേന്മേൽ-എന്നെ-യോര്പ്പിൻ
എന്നെ മറന്നീടാ-നിടയാ-കരുതേ.

മൃതിയാൽ നിൻ-ദാസൻ-വേർപെ-ട്ടതിനാൽ
രക്ഷകനേ!-ഞങ്ങൾ-വ്യഥയിൽ-മുഴുകി.

പരിശുദ്ധ-ന്മാരൊ-ത്തിവനെ-യേദൻ
പറുദീസിൽ-പന്തി-ക്കേറ്റീ-ടേണം.

വിമലന്മാ-രൊന്നി-ച്ചിവനെ-പ്രഭയിൻ

മണവറയിൽ-പാപ്പി-ക്കണമേ-നാഥാ!

നവജീവൻ-ഉത്ഥാ-നവുമാം-നിന്നെ
അവരോടൊ-ത്തിവനും-വാഴ്ത്തീടട്ടെ.

**സുമ്മോറൊ**

ആദാം നിജമക്കൾക്കേകിയ കാസാ-
ആ മൃതി പാനീയത്തിനു കയ്പ്പേറും
പാനം ചെയ്വാനാദാമി-
ന്നാത്മജരതുമുയായ് കൈമാറി.

O how bitter is the cup of death which Adam mixed for his children. He passed it from one to another until all the sons of man had drunk of it.

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽ നിന്നും- ബാറെക്മോർ.
പ്രതിവാക്യം: സൃഷ്ടികളുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

**വായനകൾ**

ആവർത്തനപുസ്തകം 32: 49-52.

നീ യെരിഹോവിന്നെതിരെ മോവാബ്ദേശത്തുള്ള ഈ അബാരീം പർവ്വതത്തിൽ നെബോമലമുകളിൽ കയറി ഞാൻ യിസ്രേൽ മക്കൾക്കു അവകാശമായി കൊടുക്കുന്ന കാനാൻദേശത്തെ നോക്കി കാൺക. നിൻെറ സഹോദരനായ അഹരോൻ ഹോർ പർവ്വതത്തിൽ വെച്ച് മരിച്ചു തന്റെ ജനത്തോടു ചേർന്നതുപോലെ നീ കയറുന്ന പർവ്വതത്തിൽ വെച്ചു നീയും മരിച്ചു നിന്റെ ജനത്തോടു ചേരും. നിങ്ങൾ സീൻമരുഭൂമിയിൽ കാദേശിലെ കലഹജലത്തിങ്കൾ യിസ്രായേൽ മക്കളുടെ മദ്ധ്യേ വെച്ചു എന്നോടു അകൃത്യം ചെയ്ക കൊണ്ടും യിസ്രായേൽ മക്കളുടെ മദ്ധ്യേ വെച്ചു എന്നെ ശുദ്ധീകരിക്കായ്കകൊണ്ടും തന്നേ. നീ ദേശത്തെ നിന്റെ മുമ്പിൽ കാണും; എങ്കിലും ഞാൻ യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തു നീ കടക്കയില്ല.

Reader: The lesson from the fifth book of Moses, the first among the prophets, Barekmor.

Response: Glory be to the Lord of the prophets and his mercy be upon us for ever.

**DEUTERONOMY 32: 49-52**

Get thee up into this mountain Ab-a-rim, unto mount Nebo, which is in the land of Moab, that is over against Jericho; and behold the land of Canaan, which I give unto the children of Israel for a possession: And die in the mount whither thou goest up, and be gathered unto thy people; as Aaron thy brother died in mount Hor, and was gathered unto his people. Because ye trespassed against me among the children of Israel at the waters of Meribathkadesh, in the wilderness of Zin; because ye sanctified me not in the midst of the

children of Israel. Yet thou shalt see the land before thee; but thou shalt not go thither unto the land which I give the children of Israel.

വായനക്കാരൻ: ഒറൈത്തായുടെ അഞ്ചാം പുസ്തകത്തിൽ നിന്നും- ബാറെക്മോർ.
പ്രതിവാക്യം: സൃഷ്ടികളുടെ ഉടയവന്റ സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

ആവർത്തനപുസ്തകം 34: 1-6

അനന്തരം മോശേ മോവാബ് സമഭൂമിയിൽ നിന്നു യെരിഹോവിനെതിരെയുള്ള നെബോ പർവ്വതത്തിൽ പിസ്ഗാമുകളിൽ കയറി യത്തോവ ദാൻ വെരെ ഗിലയാദ് ദേശം ഒക്കെയും നഫ്താലിദേശ

മൊക്കെയും എഫ്രയീമിന്റെയും മനശ്ശെയുടെയും ദേശവും പടിഞ്ഞാറേ കടൽവെരെ യെഹൂദാദേശമൊക്കെയും തെക്കെ ദേശവും ഈന്തനഗരമായ യെരിഹോവിന്റെ താഴ്വീതി മുതൽ സോവാർ വെരെയുള്ള സമഭൂമിയും അവനെ കാണിച്ചു. അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും: ഞാൻ നിന്റെ സന്തതിക്കകൊടുക്കുമെന്ന സത്യം ചെയ്ത ദേശം ഇതു തന്നെ; ഞാൻ അതു നിന്റെ കണ്ണിന്ന കാണിച്ചു തന്നു; എന്നാൽ നീ അവിടേക്കു കടന്ന പോകയില്ല. എന്ന യഹോവ അവനോടു കല്പിച്ചു. അങ്ങനെ യഹോയുടെദാസനായമോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവാബു ദേശത്തു വെച്ചു മരിച്ചു. അവൻ അവനെ മോവാബ് ദേശത്തു ബേത്ത്-പെയോരിന്നേതിരെയുള്ള താഴ്വരയിൽ അടക്കി; എങ്കിലും ഇന്നുവെരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല.

Reader: The lesson from the fifth book of Moses, the first among the prophets, Barekmor.

Response: Glory be to the Lord of the prophets and his mercy be upon us for ever.

**DEUTERONOMY 34: 1-6**

And Moses went up from the plains of Moab unto the mountain of Nebo, to the top of Pisgah, that is over against Jericho. And the Lord shewed him all the land of Gilead, unto Dan. And all Naphtali, and the land of Ephraim, and Manasseh, and all the land of Judah, unto the utmost sea. And the south, and the plain of the valley of Jeriho, the city of palm trees, unto Zoar. And the Lord said unto him, This is the land which I sware unto abraham, unto Isaac, and unto Jacob, saying, I will give it unto thy seed: I have caused thee to see it with with thine eyes, but thou shalt not go over thither. So Moses the servant of the Lord died there in the land of Moab, according to the word of the Lord. And he

buried him in valley in the land of Moab, over against Bethpeor: but no one knoweth of his sepulchre unto this day.

ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ് ജാതികളിടയിൽ
ഭൂതലസീമയിതോളം നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു സ്വർഗ്ഗമഹാ-രാജ്യം

Those Apostles Chosen, sent by God, they went-
to ev’ry place Through all the world,
Gentiles heard from them the news,
The Gospel grace. They proclaimed-the kingdom,
Heav’ns rule-of freedom For the faithful bliss.

വായനക്കാർ: പരിശുദ്ധനായ പത്രോസ് ശ്ലീഹയുടെ പൊതുലേഖനത്തിൽ നിന്നും; ഹാബീബായ്-ബാറെക്മോർ

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

**2 പത്രോസ് 3: 8-13.**

എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരുദിവസം പോലെയും ഇരിക്കുന്നുഎന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനേപ്പോലെ വരും. അന്നു സ്വർഗ്ഗം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ സ്വർഗ്ഗംചുട്ടഴിവാനും

മൂലപദാൎത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ സ്വൎഗ്ഗത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു.

Reader: The lesson from the second Epistle General of St. Peter, Habaibai, Barekmor.

Response: Glory be to the Lord of the Apostles, and His mercy be upon us for ever.

**2 Peter 3: 8-13**

But, beloved, be not ignorant of this one thing, that one day is with the Lord as a thousand years, and thousand years as one day. The Lord is not slack concerning his promise, as some men count slackness; but is longsuffering to us-ward, not willing that any should perish, but that all should come to repentance. But the day of Lord will come as a thief in the night; in the which the heavens shall pass away with a great noise and the elements shall melt with fervent heat, the earth also and the works that are therein shall be burned up. Seeing then that all these things shall be dissolved, what manner of persons ought ye to be in all holy conversation and godliness. Looking for and hasting unto the coming of the day of God, wherein the heavens being on fire shall be dissolved, and the elements shall melt with fervent heat? Nevertheless we, accoding to his promise, look for new heavens and a new earth, wherein dwelleth righteousness. Habibai, barekmor

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ കേട്ടേ-നിതേ-വം

നിങ്ങളെ ഞങ്ങളറിച്ചതൊഴി- ച്ചിങ്ങൊരുവൻ
വന്നറിയിച്ചാൽ  വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ.

Paul the blessed- Saint, the Lord's Apostle, said
If one come to preach to you Other doctrine than
we know, Be he man or angel bright,
Curs'd be he in Churchs sight; Doctrines all
diverse arise, Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ:  പൗലോസ്ശ്ലീഹാ കൊരിന്ത്യക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ  അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

**1 കൊരിന്തി 15: 34-53**

നീതിയോടെ ഹൃദയത്തെ ഉണർത്തുവിൻ. നിങ്ങൾ പാപം ചെയ്യരുത്. ചില ആളുകളിൽ ദൈവത്തെക്കുറിച്ചുള്ള അറിവ് ഇല്ലാതിരിക്കുന്നു. നിങ്ങളെ ലജ്ജിപ്പിക്കുവാനായിട്ടാകുന്നു ഞാൻ പറയുന്നത്. നിങ്ങളിൽ ഒരുവൻ, മരിച്ചവർ എങ്ങനെ പുനരുത്ഥാ നം ചെയ്യുമെന്നും ഏതു ശരീരത്തോടുകൂടി വരും എന്നു ചോദിച്ചേക്കാം. ഭോഷാ! നീ വിതയ്ക്കുന്ന വിത്ത് ക്ഷയിക്കുന്നില്ലങ്കിൽ മുളയ്ക്കുന്നില്ല. നീ വിതയ്ക്കുന്നത് ഉണ്ടാകുവാൻ പോകുന്ന ശരീരമ ല്ല; ഗോതമ്പിന്റേയോ യവത്തിന്റേയോ മറ്റേതെങ്കിലും ധാന്യത്തിന്റേയോ വെറും മണിമാത്രം. എന്നാൽ ദൈവം തന്റെ ഇഷ്ടം അനുസരിച്ച് ഓരോ വിത്തിനും അതിന്റേതായ ശരീരം നൽകുന്നു എല്ലാശരീരവും ഒന്നുപോലെയല്ല. മനുഷ്യന്റെ ശരീരം ഒന്ന്, മൃഗങ്ങളുടെ ശരീരം മറ്റൊന്ന്, പക്ഷികളുടെ ശരിരം വേറൊന്ന്, മത്സ്യങ്ങളുടെ ശരീരം വേറൊന്ന്. സ്വർഗ്ഗീയ ശരീരങ്ങൾ ഉണ്ട്. ഭൗമിക ശരീരങ്ങളും ഉണ്ട്. എന്നാൽ സ്വർഗ്ഗീയരുടെ തേജസ്സ് ഒ ന്ന്,

ഭൗമികരുടെ തേജസ്സ് മറ്റൊന്ന്. സൂര്യന്റെ തേജസ്സ് ഒന്ന്; ച ന്ദ്രന്റെ തേജസ്സ് മറ്റൊന്ന്, നക്ഷത്രങ്ങളുടെ തേജസ്സ് വേറൊന്ന്, നക്ഷത്രങ്ങൾ തമ്മിലും തേജസ്സിനു വ്യത്യാസമുണ്ട്.

അപ്രകാരം തന്നെയാകുന്നു മരിച്ചവരുടെ പുനരുത്ഥാന വും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉത്ഥാനം ചെയ്യുന്നു. ഹീനമായി വിതയ്ക്കപ്പെടുന്നു, മഹത്വത്തോടെ ഉത്ഥാ നം ചെയ്യുന്നു. ബലഹീനതയോടെ വിതയ്ക്കപ്പെടുന്നു. ബലിഷ്ഠ തയോടെ ഉത്ഥാനം ചെയ്യുന്നു. ഭൗതികശരീരം വിതയ്ക്കപ്പെടുന്നു, ആത്മിയശരീരം ഉത്ഥാനം ചെയ്യുന്നു. ഭൗതികശരീരം ഉണ്ടെങ്കി ൽ ആത്മിയശരീരവുമുണ്ട്. ആദ്യമനുഷ്യനായ ആദാം ജീവനു ള്ളവനായിത്തീർന്ന് എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവുമായി. എന്നാൽ ആദ്യം ആത്മീ യനല്ല ഭൗതികനാണ് ഉണ്ടായത്. ആദ്യ മനുഷ്യൻ ഭൂമിയിൽ നി ന്ന് മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവനും രണ്ടാമത്തെ മനുഷ്യൻ സ്വ ർഗ്ഗീയനായ കർത്താവും ആകുന്നു. ഭൂമിയിൽ നിന്നുള്ളവൻ എങ്ങ നെ ഇരിക്കുന്നുവോ അങ്ങനെ തന്നെ ഭൗമികരും. സ്വർഗ്ഗത്തിൽ നിന്നുള്ളവൻ എങ്ങനെയോ അങ്ങനെ തന്നെയായിരിക്കും സ്വ ർഗ്ഗീയരും. ഭൗമികന്റെ സാദൃശ്യം നാം ധരിച്ചതുപോലെ തന്നെ സ്വർഗ്ഗീയന്റെ സാദൃശ്യവും നാം ധരിക്കും. എന്നാൽ എന്റെ സ ഹോദരന്മാരേ! ജഡരക്തങ്ങൾക്കു സ്വർഗ്ഗരാജ്യം അർഹിക്കാവുന്ന തല്ല. നശ്വരമായതിനെ അനശ്വരതയെ അർഹിക്കാവുന്നതല്ലാ യെന്നും ഞാൻ പറയുന്നു. ഇതാ ഞാൻ ഒരു രഹസ്യം നിങ്ങ ളോടു പറയുന്നു. നാം എല്ലാവരും നിദ്ര പ്രാപിക്കയില്ല. അവസാ ന കാഹളംഊതുമ്പോൾ കണ്ണിമയ്ക്കുന്നത്രവേഗത്തിൽ നാം എല്ലാ വരും രൂപാന്തരപ്പെടും. മരിച്ചവർ അക്ഷയമായി പുനരുത്ഥാനം ചെയ്കയും നാം രൂപാന്തരപ്പെടുകയും ചെയ്യും. എന്തെന്നാൽ നശ്വരമായത് അനശ്വരതയും മർത്യമായത് അമർത്യതയും ധരിക്കു വാൻ പോകുന്നു. ആഹായ് ബാറെക്മോർ.

Reader: The lesson from the first Epistle of St. Paul, the Apostle, to the CorinthiansAhai Barekhmor.

Response: Glory be to the Lord of the Apostle and His mercy be upon us-for ever.

**1 CORINTHIANS 15: 34-53**

Awake to righteousness, and sin not; for some have not the knowledge of God: I speak this to your shame. But some one will say, how are the dead raised up? and with what body do they come? Thou fool, that which thou sowest is not quickened, except it die. And that which thou sowest, thou sowest not that body that shall be, but bare grain, it may chance of wheat, or of some other grain: But God giveth it a boady as it hath pleased him, and to every seed his own body. All flesh is not the same flesh: but there is one kind of flesh of men, another flesh of beasts, another of fishes, and another of birds. There are also celestial bodies, and

bodies terrestrial: but the glory of the celestial is one, and the glory of the terrestrial is another. There is one glory of the sun, and another glory of the moon, and
another glory of the stars: for one star different from another star in glory. So also is the resurrection of the dead. It is sown in corruption; it is raised in incorruption: It is sown in dishonour, it is raised in glory: it is sown in weakness; It is raised in power: It is sown in a natural body; it is raised a spiritual body. There is a natural body, and there is a spiritual body. And so it is written, The first man Adam was made in a living soul; the last Adam was made a quickening spirit. How
beit that was not first which is spiritual, but that which is natural; and afterward that which is spiritual. The first man is of the earth, earthy: the second man is the Lord from heaven. As is the earthy, such are they also that are earthy: and as is the heavenly, such are they also that are heavenly. And as we have born the image of the earthy,

we shall also bear the image of the heav- enly. Now this I say brethren, that flesh and blood can not inherit the kingdom of the God; neither doth corru- ption inherit incorruption. Behold, I shew a mystery; we shall not all sleep, but we shall all be changed. In a moment, in the twinkling of an eye, at the last trump: for the trumpet shall sound, and the dead shall be raised incorruptible, and we shall be changed. For this corruptible must put on incorruption, and this mortal must put on immortality. Ahai Barekmore.

**പെത്ഗോമൊ**

ഹാലേലുയ്യ-ഉ-ഹാലേലുയ്യ പ്രീതിപ്പെട്ടിടണമേയടിയാനിൽ ഏറും കൃപയാലിവനെ രക്ഷിക്ക-ഹാലേലുയ്യ.

ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

Deacon/Altar Asst.: With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord jesus Christ, that is read to us.

പുരോഹിതൻ:+ **നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീർക്കുമാറാ-കട്ടെ.

പുരോഹിതൻ: ജീവൻ നൽകുന്ന(സുവിശേഷമായ) നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ,

ലോകത്തിനു ജീവനും രക്ഷയുംപ്രഘോഷിക്കുന്ന യോഹന്നാൻ ശ്ലീഹായിൽ നിന്ന്.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടാ യിരിക്കട്ടെ.

പുരോഹിതൻ: വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീർന്ന ദൈവവും, ജീവന്റെ വചനവുംനമ്മുടെരക്ഷകനുമായകർത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

## ഏവൻഗേലിയോൻ

**Õij. Sul#lR 5â 19-29Ö**

യേശു അവരോട് പറഞ്ഞത്: "ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു; പിതാവ് ചെയ്യുന്നതായ് കാണുന്നതല്ലാതെ പുത്രന് സ്വന്തമായി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്തെന്നാൽ പിതാവ് ചെയ്യുന്നവയെ-അപ്രകാരം തന്നെ-പുത്രനും ചെയ്യുന്നു. പിതാവ് തന്റെ പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. നിങ്ങൾ അത്ഭുതപ്പെടുവാനായിട്ട് അവയിലുപരിയായിട്ടുള്ള പ്രവൃത്തികളേയും അവന് കാണിച്ചുകൊടുക്കുന്നു. പിതാവ് മരിച്ചവരെ ഉദ്ധരിച്ച് ജീവിപ്പിക്കുന്നതുപോലെ തന്നെ പുത്രനും തനിക്കിഷ്ടപ്പെടുന്നവരെ ജീവിപ്പിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നതുപോലെഎല്ലാവരും പുത്രനേയും ബഹുമാനിപ്പാനായിട്ട്പിതാ വ് ഒരുവനും വിധി നൽകാതെ ന്യായവിധിയെല്ലാം പുത്രനെ ഏല്പിച്ചിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവർ അവനെ അയ ച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു, എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. അവൻ ന്യായവിസ്താരത്തിലുൾപ്പെടാതെ മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു. ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾ

ക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം വരുന്നു. അത് ഇ പ്പോൾ തന്നെയുമാകുന്നു. എന്തെന്നാൽ പിതാവിന് തന്നിൽ ത ന്നെ ജീവനുള്ളപ്രകാരം പുത്രനും തന്നിൽ തന്നെ ജീവനുണ്ടാ യിരിപ്പാൻ തക്കവണ്ണം വരം കൊടുത്തിടുണ്ട്. ന്യായവിധിയും കൂടിയും നടത്തുവാൻഅവനെ അധികാരപ്പെടുത്തിയിരിക്കുന്നു. എന്തെന്നാൽ അവൻ മനുഷ്യപുത്രനാകുന്നു. ശവക്കല്ലറയിൽ സ്ഥിതിചെയ്യുന്നവരെല്ലാം അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനുവേണ്ടിയും തിന്മചെയ്തവർ ദണ്ഡവിധിക്കു വേണ്ടിയും പു നരുത്ഥാനം ചെയ്യുന്ന സമയം വരുന്നു. ഇതിൽ നിങ്ങൾ അത്ഭു തപ്പെടേണ്ട. **നിങ്ങൾക്കെല്ലാവർക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.**

Celebrant: + Peace be-to-you—all.
Response: And with thy spirit

Celebrant: The Holy Gospel of our Lord Jesus Christ, the life giving preaching from John the Apostle,the preacher who preaches life and redemption to the world.

Response: Blessed is He, who has come and is to come; praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

Response: We believe and confess.

**GOSPEL READING**
**(St. John 5:19-29)**

Jesus said unto them: Verily, Verily I say unto you all, The Son can do nothing of himself, but what he seeth the Father do: for what things soever he doeth, these also

doeth the son likewise. For the Father loveth the Son, and sheweth him all things that himself doeth: and he will shew him greater works than these, that ye may marvel. For as the Father raiseth up the dead, and quickeneth them; even so the Son quickeneth whom he will. For the Father Judgeth no man, but hath committed all judgement unto the son: That all men should honour the Son, even as they honour the Father. He that honoureth not the Son honoureth not the Father which hath sent him. Verily, Verily, I say unto

you, he that hears My word, and believes on Him that sent me, has everlasting life, and shall not come into condemnation; but is passed from death unto life. Ver-
Ily, verily, I say unto you, the hour is coming, and now is, when the dead shall hear the voice of the Son of God, and they that hear shall live. For as the Father has life in himself, so has he given to the Son have life in
himself. And has given Him authority to execute judgement also, because He is the Son of man. Marvel not at this, for the hour is coming, in which all that are
in the graves shall hear His voice. And they shall come forth, those who have done evil, unto the resurrection of condemnation. None of you all get wonder in it.
Peace be to all of You +

**ലുത്തിനിയ**

നാമെല്ലാവരും ദുഃഖത്തോടും ഭയഭക്തിയോടും കൂടെ യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിന് പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

**കുറിയേലായിസ്സോൻ.**

ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളവനും, മരണത്തിന്റെയും വിയോഗത്തിന്റെയും ഉടയവനും, ആത്മാക്കളുടെയും സർവ്വജഡങ്ങളുടെയും ദൈവവുമായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

"ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു.എന്നിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിയിൽ ഉൾപ്പെടാതെ മരണത്തിൽ നിന്ന് ജീവനിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു" എന്ന് അരുളിചെയ്തവനായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

മരിക്കുന്ന ഏവന്റെയും മരണഗതി കാലിൽ തുടങ്ങി തലവെരെ എത്തുന്നതിനിടയ്ക്ക് അവന്റെ മനസ്സ് അനുതാപത്തിലേക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കണം എന്ന് ജ്ഞാനസമ്പൂർണ്ണമായ തന്റെ മനുഷ്യാവതാരത്തിൽ കല്പിച്ചു ക്രമീകരിച്ചിരിക്കുന്നവനായ മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

ഞങ്ങളെല്ലാവരുടെയും ആത്മാക്കളെ ആകെൽക്കറുസായുടെ യും സൈന്യങ്ങളുടെയും ആധിപത്യത്തിൽ നിന്ന് സ്വാതന്ത്രമാ ക്കി രക്ഷിച്ചവനായ കർത്താവേ! ദുഷ്ടന്മാരുടെ ആത്മാക്കളെ പിടികൂടുവാനായി അന്തരീക്ഷത്തിൽ പതിയിരിക്കുന്നവരിൽ നി ന്ന് ഈ ഞങ്ങളുടെ സഹോദരൻ .......ടെ ആത്മാവിനെ രക്ഷച്ച് സ്വർഗ്ഗീയ ഊർശ്ലേമിൽ എത്തിക്കുമാറാകണമെ എന്ന് മ്ശിഹാതമ്പുരാനോട് ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ.

കർത്താവേ! ഞങ്ങൾ കർത്താവിന്റെ രണ്ടാമത്തെ വരവിൽ കർത്താവിന്റെ എതിരേല്പിനായി പുറപ്പെടുകയും സകല പരിശുദ്ധന്മാരുമൊരുമിച്ച് കർത്താവിനേയും കർത്താവിന്റെ പിതാവിനെയും പരിശുദ്ധ റൂഹായേയും സ്തുതിക്കുകയും ചെയ്യത്തക്കവണ്ണം സന്തോഷപ്രദമായ കർത്താവിന്റെ പുനരുദ്ധാനത്തിന്റെ പ്രകാശ രശ്മികളാൽ ഞങ്ങളെല്ലാവരുടെയും ആത്മാക്കളെ പ്രശോഭിപ്പിക്കണമെ. നാം മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

**കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.**

Let us all stand reverently, in sorrow, in the fear of God and with voices that are well pleasing unto God, let us cry out and say:

Kurielaison

O Christ our God, the Lord of death and departing, the God of spirits and of all flesh, who has authority over life and death, we entreat Lord.

Kurielaison

May the Almighty God, Who saved and delivered the souls of all of us from the realms of the adversary, redeem the soul of this our brother ......... from the powers of the air that lie in wait to hunt the souls of men. Merciful Lord, guide this faithful soul to the ma-
nsions of the heavenly Jerusalem, We beseech Lord.

Kurielaison

Let us cry out and say thrice:

Kurielaison, Kurielaison, Kurielaison

**കോലൊ**

**(ബ്റംശൊ ലബൈത്തൊഖ്)**

വത്സലരേ! ദൂര-ത്തെന്തിന്നു നിൽക്കുന്നെ-
ന്നരികിൽ വരിൻ ശ്ലോമൊ തരുവിൻ പ്രാർത്ഥിച്ചിടുവിൻ
സങ്കട കീർത്തനമെൻ-പേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ.

മരണത്തിൻ ദൂതൻ-പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണചെയ്‌വാൻ വന്നില്ലാരും
വിളികൂട്ടുന്നോർക്കായ്-വെളിവാകും നാഥാ!
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ.

വത്സലരേ! സത്യം-ഭയമാന്നീടുന്നേൻ
കഠിനഭയത്താലെകതാരിളകീടുന്നു.
ജഗതിരക്ഷകനാം-മ്ശിഹാനൃപനെൻ പേർ-
ക്കാൾവിട്ടതിനാൾ പോകുന്നേൻ സങ്കടപൂർവ്വം

ബാറെക്മോർ-ശുബഹോ.....

ഭൂവനനിവാസികളേ! ശുഭമൊടുവാണിടുവിൻ
ലോകമയന്മാക്കില്ല ഗുണം കാലം മൂലം
പോകുന്നേൻ നൽകാ-നെന്റെ കണക്കെല്ലാം
സർവ്വരഹസ്യ വിധീശൻ തൻ തിരുസന്നിധിയിൽ.

മെനഓലം...........

വൈരൂപ്യം സുമുഖർ-ക്കേകും മൃതിയെ നീ
സ്നേഹിതനൊടു മോദിപ്പോനെ ഖേദിപ്പിക്കും
വന്നിനി നിൻ ഭരണം-നീക്കിദുഃഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ.

പാഴൂഴിയിലുയരും-ശൂശാനപ്പൂക്കൾ
വസ്ത്രം കൈപ്പണിയില്ലാത്തതു ചാത്തീടുംപോൽ
ആദാം മക്കൾക്കായ്-റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയപ്പിൽ ചാത്തീടും പുണ്യാത്മാക്കൾ.

My beloved ones, why are you standing away from me? Come near me, bid me farewell, pray for me, and make lamentations over me, for today death has humiliated me at the gates of Sheol.

Verily, my dear ones, I am in distress, for dread is terrifying me and is disturbing my mine because Christ; the Saviour of the world, has sent and taken me away and I am going with deep grief.

Barekhmore-Shubaho.....

Farewell, O world and its inhabitants, for nothing is to be gained of this temporal life by those who hold fast to it. Lo, I am taken from you to give account of my deeds in

the presence of the Judge to Whom all hidden things are revealed.

Menolam........

Just as the lilies of the field put on a splendid garment that was not woven by human hands, so also, on judgement day, the righteous will put on a garment which the Holy Spirit wove for the children of Adam.

**(പട്ടക്കാരൻ മൃതദേഹത്തിൽ തൈലം ഒഴിക്കുമ്പോൾ)**

**പ്രാർത്ഥന**

തന്റെ ദൈവിക കല്പനയാലും കർതൃഹിതപ്രകാരവും ഈ സഹോദരനെ ഈ താൽക്കാലികജീവതത്തിൽ നിന്ന്യാത്രയാക്കിയ ദൈവമായകർത്താവേ! തിരുസന്നിധിയിൽനിന്ന് സ്വർഗ്ഗീയസേനകളുടെ സഹായം ഇവന് അയച്ചുകൊടുക്കണമെ. ഇവന്റെ മൃതശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ആയാറിൽ പതിയിരുന്ന് മനുഷ്യാത്മാക്കളുമായ് പോരാട്ടം നടത്തുന്ന പ്രതികൂലസൈന്യങ്ങളിൽ നിന്നും ശത്രുവിന്റെ പാളയങ്ങളിൽ നിന്നും ഇവൻ രക്ഷപെടുമാറാകണമെ. പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിലേക്ക് ഇവനെ ആനയിക്കുകയും ചെയ്യണമെ. ഇവൻ സന്തോഷത്തോടും ആനന്ദത്തോടും കൂടി കർത്താവിനും കർത്താവിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകണമെ.

**(The Priest, holding the holy oil in his hand shall say):**

O Lord God, by Whose Godhead's command and Lordship's authority this Your servant ............. has departed from this temporal life, send unto him from above the succor of Your angelic hosts, and by means of this oil which is to be poured on his body, grant that he may become slippery and unrestrainable by the adverse powers and the hosts of the enemies who lie in wait in the air to wage war against the souls of men. Bring him

safe to the heavenly abodes of light and exultation among the saints, so that, rejoicing and exceedingly glad, he may offer glory and give thanks to You, Father, Son and Holy Spirit now and forever.

**(മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം വീഴ്ത്തിക്കൊണ്ട്)**

പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനുമായി പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധറൂഹായുടെ യും + നാമത്തിൽ നിത്യജീവനുവേണ്ടി ഈ തൈലം ഒഴിക്കപ്പെ ടുന്നു.

**(The Priest pours the oil on the body in the sign of three crosses: one on the face, another on the chest, and the third on the knees, while he says following prayer:)**

For the release from pain, for repose from misery, and for felicity with the saints:
In the name of the Father, +
And of the Son +
And of the living Holy Spirit + for life eternal.

**(പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇടുന്നു)**

നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ തിരികെ ചേരും, വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും എന്നരുളിച്ചെയ്തപ്രകാരം കർത്താവേ! ഇതാ തിരുവിഷ്ടം ഈ ദാസനിൽ നിറവേറിയിരിക്കുന്നു.

(മൃതശരീരം കല്ലറയിലിറക്കുന്നു)

**(The Priest shall take some dust in his hand and cast it on the body in the form of a cross , saying)**

Your will, O Lord, has been fulfilled as You have decreed saying: Dust you are, and to dust shall you return, and again you shall be restored

(The body is laid in the grave)

## കോലൊ

(ഇൻസൊഹദേ)

കബറിൽ-പൂകിടുമതിവീരൻ-തന്നധികാ-രം
ചെയ്യും-വിസ്മയമാശ്ചര്യം-കൂറും-ദൂതന്മാർ
ചേരും-ചിതറിയൊരെല്ലഖിലം-നേടും തേ-ജ
സാത്മാ-വൊടു തനുവും നാശം-കൂടാ-തുയിരേൽക്കും

സ്തുത്യൻ-മാർത്ത്മറിയം തൻ-സോദരനാ-കും
ലോവോ-സർ ചിഞ്ഞെന്നാലും-ജീവൻ-കല്പിച്ചോൻ.
നീ ചൊ-ന്നപ്പോൾ യായീറോ-സ്സുത ജീവി-ച്ചാൾ
മൃതരന്ത്യത്തിൽ ജീവിക്കും-നിന്നാ-ഹ്വാനത്താൽ.

ബാറെക്മോർ-ശുബഹോ.....

മൃതസ-ങ്കേതേ മണ്മയനാ-മാദാമോ-ടായ്
നിയമം-തള്ളിയ-മണ്മയനേ-ഖേദി-ക്കേണ്ടാ നീ
മൃതിയും-ജീവനുമേകീടും-ദൈവസുതൻ-ഞാ-
നെന്നോ-തിയ ബഹുബലവാനാം-സ്വർഗ്ഗീയൻ സ്തുത്യൻ

മെഓലം...........

ചാതുര്യത്തൊടു ഭുവനത്തെ-മരണനുക-ത്തിൽ
ബന്ധി-ച്ചോരു വിഞ്ജൻ സ്രഷ്ടാ-വുന്ന-തരായ്യേവും
നൃപരെ-പദവികളിൽ നിന്നും ഭീകരരാ-കും
വിധിക-ർത്താക്കളെ ഭരണത്തിൽ-നിന്നും-നീക്കുന്നു.

തൃപ്പാ-വന തനുവോടുയിരിൻ-രുധിരവുമേ-റ്റൊരു
വിശ്വാ-സികൾ മൃതരേറ്റിടുമീധൂപ-ത്താൽ പുണ്യം
ജീവ-പ്രദനാം മ്ശിഹാ നിൻ-ദൈവികമാം വല-
ഭാഗ-ത്തവർ നിലകൊണ്ടങ്ങേ-സ്തുതി-പാ-ടീടട്ടെ.

(മണ്ണിടുമ്പോൾ ഈ സുഗീസൊ ചൊല്ലുന്നു)

Behold the authority of the glorious One will descend in the grave and there will perform a miracle at which the angels will be stunned: the scattered bones will join together, and putting on the robes of glory, both the soul and the body will arise in incorruption.

Barekhmore-Shubaho...

Glory to the heavenly Power who descended into Sheol and visited Adam, the mortal, saying to him: Sorrow not, O mortal, for having transgressed my command, for I am the Son of God Who causes death and give life.

Menolam.......

The wise Creator, Whose supreme wisdom has brought the whole creation under the yoke of death, deposes the mighty kings from their thrones, and puts down the powerful judges from their jurisdiction.

**(While pouring the dust in the grave this can sing)**

**(റൊസ്ലി റൊസ്ലി)**

**പെത്ഗോമൊ**

**അവൻ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.**

കർത്താവു വരും-മൃതരെയുയിർപ്പിക്കും

ശരണം നൽകും-സകല പരേതർക്കും.

**കർത്താവിന്റെ ഭവനത്തിലേക്ക് നാം പോകുന്നു.**

നിങ്ങളിൽ നിന്നെൻ-പ്രിയരേ! പിരിയുന്നേൻ

സ്വീകരണം ഞാൻ-നേടാനർത്ഥിപ്പിൻ.

കോഴയതെന്യേ-ദുഷ്ടനെ ശിഷ്ടനെയും

കൊണ്ടിഹ പോകും-മൃതിവച്ചോൻ ധന്യൻ.

ഒരു നിമിഷം കൊ-ണ്ടുടയോനെ! മൃതരെ

ജീവിപ്പിക്കും-നിൻവരവതി ഗൂഢം.

എൻ കൃത്യങ്ങൾ-ചിന്തിച്ചഞ്ചുന്നേൻ

സ്വീകൃതനാവാ-നെൻ പേർക്കർത്ഥിപ്പിൻ.

എന്നെന്നേക്കും-ശ്ലോമൊ നൽകിടുവിൻ

ഓർക്കിൻ പ്രിയരെ! എന്നെ പ്രാർത്ഥനയിൽ

മൃതിയെ! കഷ്ടം-സാത്താനേ കഷ്ടം
നിങ്ങടെ ഭരണം-മ്ശിഹാ മായിക്കും

മിന്നലൊടുടയോ-നാഗതനായീടും
മൃതരെഴുന്നേൽക്കും-സ്തുതിഗീതം പാടാം.

ശുഭമൊടു പോവിൻ-വാതിലടച്ചിടുവിൻ
കർത്താവു വരും-വാതിൽ തുറന്നു തരും

മരണം മായും സ്രഷ്ടാവിൻ ധ്വനിയാൽ
മൃതരെഴുന്നേൽക്കും-സംസ്കൃതരെഴുന്നേൽക്കും.

ക്രോബകളാർക്കും-സ്രാപ്പികൾ കുഴലൂതും
പറുദീസാ ത-ന്നവകാശീ! വരിക.

സംരക്ഷകനാ-മീശോയെ സ്തോത്രം
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

നമ്മുടെ രക്ഷയ്ക്കെഴുന്നള്ളിയ നാഥൻ
നമ്മുടെ ജീവ-ന്നെഴുന്നള്ളും നൂനം.

നിൻ സ്ലീബായെ-നമ്പിയതാമാത്മം
നിൻ വരവി-ങ്കൽ നിൻ കൃപ കാണേണം.

മൃതനാശകനേ-പ്രാണപ്രദദേവാ!
വന്ദനമീശോ!-രക്ഷാദായകനേ!

നാഥാ! വിധിയിൽ-നീ കൃപചെയ്തിടുവാൻ
നിന്നെ നമിക്കു-ന്നാത്മ ശരീരങ്ങൾ.

ആപൽസ്ഥാനം-നീങ്ങിയ നിൻ നൗക
ആനന്ദത്തിൻ-തുറമുഖമാർന്നല്ലൊ.

നിന്മെയ്യേറ്റോൻ-നിൻ നാദത്താൽ ഞാൻ
ഉണർവ്വൊടുയർപ്പിൽ-സ്തുതി പാടീടേണം.

ആപൽസ്ഥാനം-തരണം ചെയ്തിടുവാൻ
കർത്ത്യസ്ലീബാ-പാലമതാകട്ടെ.

ജീവനി നാദം-കേൾക്കും മൃതലോകം
കല്ലറകളിൽനി-ന്നുയരും സ്തുതിഗീതം.

കൃപചെയ്യണമേ-നിൻ കൃപയാലെന്നിൽ
ഞാൻ കാണണമേ-നിൻ കൃപ നിൻ വരവിൽ.

അഭിനവസൂര്യൻ-കതിരൊളി വിതറീടും
പ്രാണപ്രദനെ-മൃതിനിവഹം വാഴ്ത്തും.

സഭയും സുതരും-പിതൃ സുത റൂഹായെ
സ്തുതിഗീതത്തോ-ടൊത്തു വണങ്ങീടും.

(തുടന്ന്)

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വന്നവനും ഞങ്ങളുടെ പുനരുത്ഥാനത്തിനായി വരുവാനിരിക്കുന്നവനുമായ കർത്താവേ! തിരുനാമത്തെ സ്തോത്രം ചെയ്‌വാനായി ബന്ധനത്തിൽ നിന്ന് എന്നെ മോചിപ്പിക്കണമെ.

ഞങ്ങളുടെ കർത്താവിന് സ്തുതി. ഞങ്ങളുടെ കർത്താവിന് സ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും സ്തുതി. ബാറെക്മോർ.

O Lord, who has come for our salvation and is to come for our resurrection, bring forth from my place of imprisonment that I may praise Thy name.

Glory be to Thee O Lord,
Glory be to Thee O Lord,
Glory be to Thee, our hope for ever-Barekmor.

**മാലാഖമാരുടെ സ്തുതി**

അത്യുന്നതങ്ങളിൽ മാലാഖമാരുംപ്രാധാന മാലാഖമാരും സ്തുതി ക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും നി ന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവ ത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്ക ൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കു

കയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം തനിക്കു ഞങ്ങൾ സമർപ്പി ക്കുന്നു.

സർവ്വശക്തിയുള്ള പിതാവും സർവ്വാധിപതിയും സ്രഷ്ടാവു മായിരിക്കുന്ന ദൈവമായ കർത്താവേ! തന്നേയും യേശുമ്ശിഹാ ആയ ഏകപുത്രനായ ദൈവമായ കർത്താവേ!വിശുദ്ധറൂഹായോ ടുകൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങ ൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപ ത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കു ഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടിയിരി ക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യണമേ.

എന്തെന്നാൽ താൻമാത്രംപരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് വിശുദ്ധ റൂഹായോടുകൂടെയേശു മ്ശിഹാ ആയ താൻ മാത്രം കർത്താവാകുന്നു. ആമ്മീൻ.

എല്ലാക്കാലവും ഞങ്ങൾജീവനോടിരിക്കുന്നനാളൊക്കെ യും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യ തയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയു ള്ളകർത്താവേ! വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം മഹത്വമു ള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകു ന്നു.

സ്തുതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യു ക്തമാകുന്നു. സകലത്തിന്റേയും ദൈവവും സത്യത്തിന്റെ പിതാ

വുമായവനേ1 തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

Just as the exalted angels and the arch-angels of heaven sing praises to You, so like them, we frail and earthy ones, glorify You and say at all times, and in all moments:

Glory be to God on hight, and on earth peace and concord, and good hope to humen:

We praise You, we glorify You, we worship You, songs of praise we raise to You.

We praise You for the greatness of Your glory, O Lord Creator, heavenly King, God the Father Almighty; and You, O Lord God, only begotten Son, Jesus Christ and You Holy Spirit.

O Lord God, Lamb of God, Son and Word of the Father, who bearest and hast borne the sins of the world, have mercy upon us.

Thou who bearest and hast borne the sins of the world, incline Thine ear to us and accept our prayers.

Thou who sittest in glory, at the right hand of the Father, have compassion and mercy upon us.

For, Thou art, and alone Thou art, holy O Lord, Jesus Christ, with the Holy Spirit, for the glory of God.

At all times, and in all the days of our lives, will we bless Thee, and praise Thy holy name, blessed for ever, O Thou who art, and abidest for ever and ever.

Almighty God, God of our Fathers, blessed art Thou, and glorious is Thy Name, and exalted by praises, for ever and ever.

Meet to Thee is glory; becoming to Thee is praise; befitting to Thee is adoration, O God of all, the Father of truth, with Thine only begotton Son, and living Holy Spirit, now and always, for ever and and ever: Amen.

**(മോറാൻ യേശുമ്ശിഹാ)**

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോ ടു കരുണയുണ്ടാകണമെ.

Our Lord, Jesus Christ, do not close the door of Your mercies in our face. We acknowledge, O Lord, that we are sinners. Have mercy upon us. O Lord, Your love brought You from on high to us, that through Your death, our mortality should be swallowed. Have mercy upon us.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാതമ്പുരാ
+ നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ.

പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ! കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

ദൈവമേ സ്തുതി

സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,

Lord, accept thou our office, and our entreaties; have mercy on us.

Celebrant: Glory be to Thee, O God,

Response: Glory be to Thee, Creator,

Glory be Thee, O Christ the King Who doest pity sinners Thy servants, Barekhmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ-ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven

Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we

forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is

the king-dom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം,
പ്രതിവാക്യം: നമ്മുടെ കർത്താവു നിന്നോടുകൂടെ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോടു അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary! Full of grace.
Response: Our Lord is with you. Blessed art thou among women. Blessed is the fruit of your womb- our Lord Jesus Christ. O! virgin, Saint Mary, O! mother of God, pray for us sinners, now and at all times, and at the hour of our death. Amen

പുരോഹിതൻ: സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും
പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ ന

മ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയിപ്പിനും വരുവാനി **രിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾ നോക്കിപ്പാക്കുന്നു. ആമ്മീൻ**

ബാറെക്മോർ, സ്ത്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

Celebrant: We believe in one true God,
Response: The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by

whom all things were made; who for us men and for salvation came down from heaven, (+) and was

incarnate of the holy Virgin Mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to His will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ-ഹാലേലുയ്യ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിന്ന തുല്യം നരൻടെ നാളുകളഹോ-ഹാലേലുയ്യ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ
ബാറെക്മോർ ശുബഹോ.... മെനഓലം....

As doth a father his children love-Halleluiah
So doth the Lord love those who fear His name.
The days of man are but as grass- Halleluiah
He springs up like the herbs that-gorw in fields.

Barekhmor. Shubhaholabo.... Men’olam...
ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിനായ്
സ്തൗമെൻ......കുറിയേലായിസ്സോൻ
They who served and died in hope,
Trusting in thy mercy, Lord,
May Thy living voice them raise
From their graves to paradise
Stomen Kalos-Kurielaison

നാഥാ! താവകമിരുലോ-കം
നിന്നധികാരം താനെ-ങ്ങും
സ്ളീബായാൽ ജീവിതരെ-ക്കാ
ത്തൻപാൽ മുക്തി മൃതർക്കേ-ക
ബാറെക്മോർ ശുബഹോ....

Thine, O Lord, are both the worlds,
Here and there Thy Pow’r extends,
Keep the living by Thy cross,
By Thy grace absolve the dead.
Barekhmor. Shubhaholabo....

സ്തോത്രം! മൃതജീവപ്ര-ദനെ!
കബറീന്നേറ്റീടുന്നോ-നേ!
നിൻപ്രേഷകതാതനുമ-മലൻ
റൂഹായ്ക്കും ഹാലേലുയ്യ
മൊറിയോ......
Praise we Thee who giveth life
To those lying in the tombs;
Praise the Father, Thee who sent,
Praise the holy Spirit too

Moriyorahe......

തൻമരണത്താൽ-മരണത്തേ
ജീവിപ്പിച്ചവനാം-ദൈവസുതാ!
സ്തുതി ദൈവത്തിന്നെ-ന്നാക്കാൻ
അടിയാരേ പൂഴീന്നേറ്റണമേ.
Son of God who by Thy death
Quick’neth mortal men,
Give us life that from the dust
We may cry aloud.
Praise to Thee, O Lord.

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവർക്കും നൽകുന്ന
കബറുകളിൽനിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നേ സ്തുതിചെയ്തീടുന്നു. ബാറെക്മോർ.
ശുബഹോ.....
Comes the Prince of life
From his glorious throne above,
Raising those who-in their grves take rest
From their graves they’ll rise
With them our departed ones,
Praising Him who-giveth life to all, Barekhmor
Shubhohalo......

എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്തോൻ
പാതാളത്തിൽ-പോകാനായ് വിടാഞ്ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങത്തീട്ടു മരിച്ചതു ഞാൻ
എന്നും കർത്താ-തന്നരുളിന്നു മഹത്വം.
മൊറിയോറാഹേം.......

Praised be Jesus' words
In His Gospel giv'n to us,
Those who eat my-flesh and drink my blood
Them I will not leave
Bound in hell-for them I died
Giving all the-everlasting life
Moriyorahe....

രക്ഷകനേ നിൻഗാത്രത്തേഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരേ നാശംനീക്കിജ്ജീവിപ്പിച്ച്
അണിയേണം നിന്നേനോക്കുന്നവരിൽ കാന്തി.
ബാറെക്മോർ ശുബഹോ......

Grant, O Saviour, that the dead who ate Thy flesh
Who drank Thy blood, the chalice of salvation,
May be raised up from their graves-yea, incorrupt.
Clothed in glory full and bright, Lo, They wait Thee
Barekhmor Shubhaho....

മൃതരേജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോറാഹേം.......

Borne aloft in state upon-clouds of glory,
Comes the prince who give the life to the dead ones.
Righteous ones the trumpet hear-of His angels;
They proceed in glorious stoles-to His presence.
Mor'yo Rahemelain.....

## ഹൂത്തോമ്മൊ

ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! തനിക്കു സ്തുതി, ത നിക്കു സ്തുതി, തനിക്കു സ്തുതി. കർത്താവേ! തിരു കൃപയാലും മ ഹാകരുണയാലും ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ഞങ്ങ ളുടെ ശുശ്രൂഷകളെ അംഗീകരിക്കണമെ. ഞങ്ങളുടെ സഹായ ത്തിനു വന്ന് ഞങ്ങളുടെ മരിച്ചവർക്ക് പാപപരിഹാരം നൽകണ മെ. സത്യവിശ്വാസത്തോടെ കർത്താവിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസനു പാപപരിഹാരം നൽകുകയും ചെയ്യണമെ.

ഇന്നേ ദിവസം സത്യവിശ്വാസത്തോടും ദൈവികമായ യോഗ്യതയോടും കൂടി ക്രിസ്ത്യാനിക്കുചിതമായ നിലയിൽ നി ദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ഭൃത്യനെ ദൈവം തന്റെ നിർമ്മലമായ തൃക്കൈകളിൽ അംഗീകരിക്കുവാൻ വേണ്ടി നമു ക്കെല്ലാവർക്കും കൂടി അവിടുത്തെ കരുണയോടെ പ്രാർത്ഥിക്കാം.

കർത്താവ് സന്തോഷപൂർണ്ണമായ ഉന്നതസ്ഥാനം ഇവന് നൽകട്ടെ. സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും കർത്താവ് ഇ വന് നൽകുമാറാകട്ടെ. കണ്ണുകളാൽ കാണപ്പെടുകയോ ചെവി കളാൽ കേൾക്കപ്പെടുകയോ മനുഷ്യഹൃദയത്താൽ ഗ്രഹിക്കപ്പെ ടുകയോ ചെയ്തിട്ടില്ലാത്തതും ദൈവം തന്നെ സ്നേഹിക്കുന്നവർക്കാ യി ഒരുക്കിയിരിക്കുന്നതുമായ വാഗ്ദാനം കർത്താവ് ഇവനിൽ നി വർത്തിയാകട്ടെ. കർത്താവ് ഇവന്റെ പാപങ്ങൾ പരിഹരിക്കുക യും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ക്ലേശപൂർണ്ണമായ ഇഹ ലോകത്തിൽ വച്ച് ഇവൻ ചെയ്തു പോയിട്ടുള്ള പാപങ്ങളും തെ റ്റുകളും ദൈവം മായിച്ചുകളയുകയും തന്റെ മഹാകരുണയാൽ അവയെ ഓർക്കാതിരിക്കയും ചെയ്യട്ടെ. നീതിമാന്മാരിൽ കരുണ ചെയ്യുന്നതായ സമയത്ത് ഇവനിലും കരുണചെയ്യുമാറാകട്ടെ. കൃപാലുവായ തന്നെ കോപിപ്പിച്ച ദുഷ്ടന്മാരോടു ദൈവം പ്രതി കാരം ചെയ്യുന്ന സമയത്ത്-കരുണ ആവശ്യമായ് വരുന്ന ആ ദി വസത്തിൽ-ദൈവം ഇവനിൽ കരുണചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെടുന്നവരുടെയും കൂട്ട ത്തിൽ ഇവനെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടു കൂടെ ഇവനെയും ദൈവം ആനന്ദിപ്പിക്കട്ടെ. കാരുണ്യമാകുന്ന നല്ല എണ്ണകൊണ്ട് തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊപ്പം

ദൈവം ഇവനെയും ആനന്ദിപ്പിക്കുമാറാകട്ടെ. തങ്ങളുടെ അടുക്കൽ നിന്നുള്ള ഇവന്റെ വേർപാടിൽ വിലപിച്ചും ദുഃഖിച്ചും ഇവിടെ അവശേഷിച്ചിരിക്കുന്നവരെ മ്ശിഹാതമ്പുരാൻ കരുണയോടെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തട്ടെ. കർത്താവ് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ഹൃദയത്തിൽ നിന്ന് നീറുന്നവേദനയും നീക്കികളഞ്ഞ് അവരിൽ സത്യമുദ്ര പതിക്കുമാറാകട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയർപ്പു മൂലം സന്തോഷിപ്പിച്ചവനായ ദൈവം ഇവന്റെ വേർപാടിൽ ദുഃ ഖിച്ചിരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ.

വത്സലസഹോദരങ്ങളെ! പരസ്പരം ആശ്വസിപ്പിക്കുവി ൻ, അന്യോന്യം ധൈര്യപ്പെടുത്തുവിൻ, മരിച്ചവരുടെ സംസ്കാരത്തിൽ നീതീകരണം പ്രാപിക്കുവിൻ. മൃതനിൽ നിന്ന് കരുണ പിൻവലിക്കരുത്. വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ ഉത്തമം വിലാപഭവനത്തിൽ പോകുന്നതാണ്, എന്നുള്ള കല്പനയനുസരിച്ച് വിശുദ്ധസഭയുടെ പ്രജകൾ എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ വന്ന് ആ ദൈവികമായ തിരുവെഴുത്ത് നിർവ്വഹിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിന് വന്ന് നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. കർത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ഉത്തമഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടി നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കർത്താവായ യേശുമ്ശിഹാ നിങ്ങൾക്കുത്തരമരുളും ഐശ്വര്യപൂർണ്ണമാ യ തന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കർത്താവ് നിങ്ങളുടെ യാചനകൾക്ക് മറുപടി അയച്ചു തരികയും ചെയ്യും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പു ത ന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം വന്ന് അനുഭവിച്ചുകൊള്ളുവിൻ" എന്നരുളിച്ചെയ്യുന്ന സന്തോഷപ്രദമാ യ ശബ്ദം കേൾക്കുവാൻ ദൈവം നിങ്ങൾക്ക് സംഗതിയാക്കട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും തന്റെ ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ദാസന്റെയും പാപങ്ങൾ കർത്താവ് പരിഹരിക്കട്ടെ. കർത്താവ് ഇവനെ തന്റെ വലത്തു ഭാഗത്തു വിളിച്ചുനിറുത്തുമാറാകട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് അവന്റെ കൂടാരം കർത്താവ് സ്ഥാപിച്ച അതേ സ്ഥാനത്തു തന്നെ ഇവന്റെ വാസവും ആനന്ദവും ആയി

ത്തീരുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ സ്വർഗ്ഗീയ സഭയിലും ഈ ഭൗമികസഭയിലും ഇവയെല്ലാം സാധിക്കുമാറാകണമെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ദാസനും ആരാധകനുമായ ഇവനെ കൃപയോടെ ആശ്വസിപ്പിക്കുമാറാകട്ടെ. നമ്മുടെ ഈ കൂട്ടത്തിന്മേൽ ദൈവത്തിന്റെ കരുണ എന്നെന്നേയ്ക്കും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

Glory be to You, Glory be to You, Glory be to You, our Lord and our God for ever. O Lord, by Your grace and Your abundant mercy, hear our prayers and accept our services. Come to our aid; answer us who are feeble and absolve our departed and Your servant (hand made), who has laid down with hope in You and with true faith, our Lord and our God for ever.

Let us all pray to the merciful God that he may receive in his pure and holy hands this servant of Christ, who has laid down with hope in Him, this day, with divine elegance and befitting a Christian. May the Lord, grant (him) that exalted place full of happiness. May the Lord give (him) the bridal chamber, garden and the table in the heavenly kingdom. May the Lord grant (him) that which the eye has not seen, and the ear has not heard, and into the heart of the human has not entered, that promise which God has prepared for those who love Him. May the Lord absolve (his) sins and pardon his shortcomings and blot out the sins and mistakes which (he) has not done in this world full of sorrows. May He not remember them according to the multitude of His abundant kindness. May He show mercy upon (him), when he shows mercy to the just. May God show

compassion upon (him) on that day he is in need of compassion; when he shall wreak vegeance upon the vicked, who has angered his grace. May God gladden (him) with the saints and with his selected ones. May God give (him) happiness with that poor Lazarus and with those five wise virgins, whose lamps were not extinguished by the good oil of grace. And those who remain after (him) lamenting and mourning about (his) separation from them, May Christ the God be to them a comforter and strengthener by his abundant mercies. May the Lord wipe out the tear from their eyes and the burning sorrows from their hearts and impress upon them the seal of firmness. May God who gladdened the sisters of Lazarus by the resurrection of their brother, comfort and gladden all those who lament (his) separation from them.

And you, my brethren and my beloved, who as children of the Holy Church, have come and fulfilled the word of the divine writ, which commands and says: "Comfort one another; strengthen each other; bury the dead and be sanctified by it; do not withhold kindness from the dead; better it is to go to the house of mourning than to go the house of feasting." May God come to your aid and give you peace and tranquillity. May God absolve your debts and pardon your shortcomings by the multitude of Your loving kindness. May our Lord Jesus Christ answer you, whenever you call upon Him with a good heart, and with purity and holiness. May the Lord reward you and send you what you have asked, from His treasure house, full and rich. May God make you hear His joyful voice saying: "come and enter, you who are blessed of my Father and inherit the kingdom of heaven,

that is prepared for you from before the foundation of the world.” May God forgive your sins and those of your departed ones and of this servant of Christ, who has slept with hope in him. May the Lord call (him) and make (him) stand on His right hand. Where the Lord fixed the habitation of the first man, before he sinned, there may (his) abode and (his) delight be. And this we pray and plead that it may happen and be fulfilled in the heavenly Church and in this Church which is on earth, especially by the prayers of St.Mary, Mother of God, and of all the saints: Amen.

Celebrant: May God by His mercy give repose to His servant and worshipper who has laid down with hope in Him. May the blessings of God be upon this crowd, in both worlds, for ever and ever: Amen.

Celebrant: Blessed are you all by the Lord who has made heaven and earth. May God bless and absove all those who are present with us in this divine service. May the Lord God absolve them and pardon their faithful departed.

O Father, Son and Holy Spirit, hear and accept our feeble and impotent prayers before Thy awful and exalted throne, now and always for ever:

Response: Kurielaison, Kurielaison, Kurielaison,

Lord, have mercy upon us
Lord, be kind and have mercy
Lord, answer us and have mercy upon us

Glory be to Thee O Lord
Glory be to Thee O Lord
Glory be to Thee our hope, Barekmore

Our Father, who art in heaven,
Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

Hail Mary, full of grace,
Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

—

# Syrian Christians

## The Burial Services of Females

## സുറിയാനി ക്രിസ്ത്യാനികളായ സ്ത്രീകളുടെ ശവസംസ്ക്കാരം

# സുറിയാനിക്രിസ്ത്യാനികളായ
# സ്ത്രീകളുടെ ശവസംസ്ക്കാരം
## ഒന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties;
have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി

പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ -ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെപ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആ മ്മീൻ.

Celebrant: Our Father, who art in heaven,

Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളാ

യ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

### പ്രാരംഭപ്രാർത്ഥന

കർത്താവേ! ഈ ലോകത്തിൽ നിന്ന് യാത്രയായി കർത്താവിന്റെ അടുക്കൽ വന്നു ചേർന്നിരിക്കുന്ന ഈ സഹോദരിയുടെ ആത്മാവിന് ഭാഗ്യകരമായ മണവറയും ആനന്ദകരമായ വിരുന്നും സന്തോഷപ്രദമായ വാസസ്ഥാനവും നൽകണമെ. അവസാനത്തിൽ മഹത്വത്തോടുകൂടെ കർത്താവ് എഴുന്നള്ളുകയും നീതിയോടെ ഭൂതലത്തെ ന്യായം വിധിക്കയും ഓരോരുത്തർക്കും അവനവന്റെ അർഹതയനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യുന്ന സമയത്ത് കർത്താവിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളുടെ കൂടെ ചേരുവാനും അവരോടൊന്നിച്ച് കർത്താവിന് സ്തുതിയും സ്തോത്രവും പാടുവാനും ഇവൾക്ക് യോഗ്യത നൽകണമെ. ആബോവബ്റൊ.........

O Lord, generously bestow to this soul of Thy handmaid who has separated from this world and arrived near Thee, the bridal chamber of beatitudes, the banquet of delights and the dwelling place of joys. When Thou shalt come in glory in the end, and judge the world justly and give reward to everyone as he deserves, make her worthy of mingling with the lambs, the children of Thy right hand, and with them sing praise and thanksgiving to Thee, O Father, Son and Holy Spirit, now and always, for ever:

Aabovabaro.......

(51-ാം മസുമൂർ)

ദൈവമേ! തന്റെ കൃപയിൻ പ്രകാരംഎന്നോടു കരുണചെയ്യണമേ. തന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

തനിക്കു വിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തന്റെ തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും തന്റെന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെഉള്ളിൽപുതുതാക്കണമെ.

തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരുവഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെരക്ഷയായദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരുനീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തവ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തിരു ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തവ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഓലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.
For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

Shubhaho.... Menaolam.....

**എനിയോനൊ**
**(മ്ശീഹോ ദമ്ലാഖ്)**

ആദാം മക്കൾ-ക്കുത്ഥാനം വാഗ്ദത്തം ചെ-യ്തോൻ മ്ശിഹാ
നിൻ ശരണത്തിൽ നിദ്രിതയാം ദാസിക്കേകണമു-ത്ഥാനം.

നിൻ കരുണാസ-ങ്കേതത്തിൽ നിദ്രാവശയാം-സോദരിയെ
നിൻ മഹിമോദയദിവസത്തിൽ നിൻകാരുണ്യം കാ-ട്ടേ-ണം
ബാറെക്മോർ-ശുബഹോ.....മെനഓലം....

സ്തുതി ത്രിത്വത്തിൻ-മമ്മതാം താതന്നും തൻ-തനയന്നും
ഹാലേലുയ്യ നിമ്മലനാം റൂഹായ്ക്കും പാടും-ഞാ-ങ്ങ-ൾ.

O Christ, who has promised resurrection to Adam's mortal children, we beseech You to raise and quicken Your handmaid who has slept trusting in You.

May Your handmaid, who in true faith has passed away today, be worthy to enter the chamber of life with the wise virgins
A.S.P: Barekhmore

Celebrant: Glory be to the Father, and to the Son, and to the Holy Spirit.

Depart, O sister, and sorrow not because the Lord will make you to dwell in His light, and the cherub who guards paradise will prepare the path for you.

A.S.P: Menaolam......

May your fellowship be among the angels, your dwelling in paradise, and may you be adorned with the crown of glory in the heavenly Jerusalem.

**കുക്കിലിയോൻ**

കണ്ണിഴികളുയർത്തിടുന്നേൻ സ്വർഗ്ഗാലയനേ!-ഹാലേലുയ്യ
സ്വാമി സമക്ഷം-ദാസൻപോൽ
കൃപ ഞങ്ങളിലുളവാവോളം തിരുസന്നിധിയിൽ-ഹാലേലുയ്യ
കൃപചെയ്യുക നാഥാ! കൃപചെയ്ക.
ബാറെക്മോർ-ശുബഹോ.....മെനഓലം.....

To you I lift up mine eyes, O You Who dwells in heaven. Halleluiah, Behold, as the eyes of servants look towards their masters.
And as the eyes of a maiden look towards her mistress, Halleluiah, so also our eyes look towards the Lord our God.
Until He shall have mercy upon us. Halleluiah, Have mercy upon us, O Lord, have mercy upon us.
Barekhmore-Shubhaho.....Menaolam....

**എക്ബൊ**

**(ന്ഹെസ് ആലോഹൊ-മ്ശിഹാ ജീവിച്ചെഴുന്നേറ്റു)**

മൃതിനിലയം-ദൈവം പൂകി മൃതിയവനെ-നിഹനിച്ചില്ല,
അവനെയുൾ-ക്കൊണ്ടു പരേതർ ജീവൻപൂ-ണ്ടാനന്ദിക്കും.
സ്തൗമെൻകാലോസ്.......

Grant, O Christ our God, rest and felicity to Your servants, and confort them on the day of resurrection as You have promised; You who were counted among the dead and preached to them the true hope and the

resurrection of righteousness, and promised to redeem them from the perdition of Sheol.
Stomen kalos, Kyrie eleison

### പ്രുമിയോൻ

**തവ** പ്രത്യക്ഷതയിൽ തിരു ആത്മാവിനെ അയയ്ക്കുകയും തവ വരവിങ്കൽ ഭൂമുഖത്തെ നവീകരിക്കുകയും തിരുശബ്ദത്താൽ മൃതരെ ജീവിപ്പിക്കുകയും തവ കല്പനയാൽ കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുകയും തിരുവിഷ്ടപ്രകാരം അവരെമരണമില്ലായ്മ അണിയിക്കുകയും തവ ഉന്നത രാജ്യത്തിലേക്ക് തിരു ഭക്തരെ ഉയർത്തുകയും യോഗ്യതയേറിയ തവ മണവറയിലേക്ക് അവരെപ്രവേശിപ്പിക്കയും തിരു ശ്രേഷ്ഠതയുടെ പ്രഭ അവരിൽ ഉദിപ്പിക്കുകയും ചെയ്യുന്ന വിസ്മയനീയപുനരുത്ഥാകനായകർത്താവിന്സ്തുതി. തവദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നിർവഹിക്കപ്പെടുന്ന ഈ സമയത്തും......

Glory to the wonderful life-giving Lord, who will send forth His Spirit on His manifestation and will renew the face of the earth on His coming, who will restore the dead to life by His voice and will raise the buried by His command, who will clothe them with honor and glory by His will, and will dress them with immortality by His grace, Who will exalt His worshipers to the heights of His kingdom and will admit them to the chamber of His majesty, Who will shine forth on them the brilliance of His beauty and will gladden them with the light of His countenance; to Him we offer glory, honor, and adoration at this time of the burial service of His handmaid and at all festivals, times, hours, seasons, and through all the days of our life forever and ever. Amen.

### സെദറാ

**ജീ**വനുള്ളവരുടെ തലവനും മരിച്ചുപോയവരുടെ നാഥനുമായ മ്ശിഹാതമ്പുരാനേ! എന്നിൽ വിശ്വസിക്കുന്ന ഏവനും മരിച്ചാലും

ജിവിക്കും. എന്നിൽ സങ്കേതപ്പെടുകയും ശരണം പ്രാപിക്കുകയും ചെയ്യുന്ന ഏതാത്മാവിനും ഞാൻ പുനരുത്ഥാനവും ജീവനും രക്ഷകനുംആകുന്നുഎന്ന്നിവ്യാജമായിവാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. കർത്താവേ! തിരു പ്രത്യാശയിൽ നിദ്ര പ്രാപിച്ച് ഈ താൽക്കാലിക ജീവിതത്തെ വിട്ടുമാറിയിരിക്കുന്ന ഈ സഹോദരിയുടെആത്മാവി നെ ഇപ്പോൾ കൃപയോടെ സ്വീകരിച്ച് വാത്സല്യപൂർവ്വം ആശ്വസി പ്പിച്ച് ധൈര്യപ്പെടുത്തണമെ. കർത്താവിന്റെ അടുക്കലേക്ക് വരുന്ന മാർഗ്ഗത്തിൽ ഞങ്ങളുടെ ആത്മാക്കളെ അപഹരിക്കുവാനായി അന്തരീക്ഷത്തിലെ ഒളിവിടങ്ങളിൽ പതിയിരിക്കുന്നവരും ദുഷ്ടന്മാ രുടെ നാശത്തിനായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവരുമായ സംഘ ങ്ങളിൽ നിന്ന് ഇവളെ സംരക്ഷിച്ചു കൊള്ളണമെ. കർത്താവിന്റെ സമാധാനദൂതന്മാർ മൂലം തന്റെ വിശുദ്ധന്മാരുടെ ഭാഗ്യകരമായ വാസസ്ഥാനങ്ങളിലേക്ക് ഇവളെ നയിച്ചു കൊള്ളണമെ. പരിശുദ്ധ നായ ദൈവമേ! കർത്താവിന്റെ ദാസിയോട് കരുണചെയ്യണമെ. കാരുണ്യവാനായ ദൈവമേ! കർത്താവിൽ വിശ്വസിച്ചവളായ ഈ സഹോദരിയെ രക്ഷിച്ചുകൊള്ളണമെ. കൃപയുള്ളവനായ ദൈവ മേ! ഇവളേയും കർത്താവിനെ സമ്മതിച്ചു പറയുകയും കർത്താവി ന്റെ വിജയ സ്ലീബായെ വന്ദിക്കുകയും പുതിയ ജീവന്റെ വാഗ്ദാന മായ തവ ശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുള്ള ഒരുത്ത രേയും ഉപേക്ഷിക്കരുതെ. ദയാലുവായ ദൈവമേ! മാമ്മൂദീസാ മൂ ലം നൽകിയാതായ പ്രകാശവസ്ത്രവും മൂറോനാകുന്ന മുദ്രയും ഇവ ളിൽ നിന്ന് ഉരിഞ്ഞുകളയരുതെ. കർത്താവിന്റെ രാജ്യത്തിലുള്ള വാ സത്തിൽ നിന്ന് ദൂരെ അകറ്റി കളയുന്നതായ ആ കഠിന ശബ്ദം ഇവൾ കേൾക്കാനിടയാകരുതെ. രണ്ടാം മരണം അനുഭവിപ്പാനും "പോവുക, ഞാൻ നിന്നെ അറിയുകയില്ല" എന്നു പറയുന്ന ശ ബ്ദം കേൾപ്പാനും ഇവൾക്കു സംഗതിയാകരുതെ. ഈ മരണം വി ശ്വാസികൾക്ക് ഒരു ഉറക്കം മാത്രമാണല്ലോ. കർത്താവേ! അറി വോടുകൂടിയോ അറിവുകൂടാതെയോ ഉള്ള ഇവളുടെ തെറ്റുകളെ ഇപ്പോൾ പരിഹരിക്കണമെ. കർത്താവിന്റെ രക്ഷയുടെ തുറ മുഖത്ത് ബുദ്ധിമതികളായ കന്യകമാരുടെ ആത്മാക്കളുടെ കൂട്ട ത്തിൽ ഇവളെയും ക്രമീകരിക്കണമെ. ഇവൾക്കുവേണ്ടി നിന്നോ ടപേക്ഷിക്കുന്ന പാപികളായ ഞങ്ങളെ പരിപാകതയുള്ള നടപ ടികൾക്കും വിശുദ്ധമായ പെരുമാറ്റങ്ങൾക്കും ശക്തി നൽകി സ ഹായിക്കണമെ. ദോഷരഹിതമായ നിര്യാണത്തിനും നല്ല അവ

സ്ഥാനത്തിനും ഞങ്ങളെ ഒരുക്കികൊള്ളണമെ. അന്തരീക്ഷത്തിലെ ഉപദ്രവങ്ങളായ എതിർപ്പുകളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. കർത്താവിന്റെ കൃപയാകുന്ന ചിറകുകളുടെ കീഴിൽ ഞങ്ങളെ സംരക്ഷിക്കുകയും ദുഃഖങ്ങളും നെടുവീർപ്പുകളും ഇല്ലാത്തതായ കർത്താവിന്റെ സന്തോഷഭവനങ്ങളിലേക്ക് ഞങ്ങളെ ആനയിക്കയും ചെയ്യണമെ. ഈ ലോകം അവസാനിക്കുകയും നിത്യലോകം ആരംഭിക്കുകയും ചെയ്യുന്ന അവസാനത്തേതും ആദ്യത്തേതുമായ ആ മഹാദിവസത്തിൽ കർത്താവിൻെറ രക്ഷ ഞങ്ങൾക്കെല്ലാവർക്കും അനുഭവയോഗ്യമാക്കിത്തീർക്കണമെ. കർത്താവിന്റെ തിരുമുഖത്താൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. കർത്തൃ വലത്തുഭാഗത്ത് ഞങ്ങളെ പന്തിക്കിരുത്തണമെ. കർത്താവിന്റെ പുഷ്ടിയേറിയ മേച്ചിൽ സ്ഥലങ്ങളിൽ ഞങ്ങളെ മേയിച്ചുകൊള്ളണമെ. കർത്താവിന്റെ പെരുന്നാളാഘോഷത്തിൽ അണിനിരന്നു നിൽക്കുന്നവരായ സർവ്വരക്ഷിത സംഘത്തോടും കൂടെ കർത്താവിന്റെയും കാരുണ്യവാനായ കർത്താവിന്റെ പിതാവിന്റേയുംവിശ്വാസികളെ ജിവിപ്പിക്കുന്നവനായ കർത്താവിന്റെ വിശുദ്ധറൂഹായുടേയും കൃപയാലും മനുഷ്യസ്നേഹത്താലും കർത്താവിന്റെ ഭവനത്തിലെ പുഷ്ടി കൊണ്ട് ഞങ്ങളെല്ലാവരേയും പോഷിപ്പിക്കണമെ. ഉത്തമനായ തന്നെ നാം ഓർത്ത് മഹത്വപ്പെടുത്തണം. ഹോശോ.....

Christ our God, You are the head of the living and the Lord of the dead. You have faithfully and truthfully promised, saying: He who believes in Me, even though he die, he shall live, and I will raise him on the last day for I am the resurrection and the life and the Saviour of every soul that takes shelter and refuge in Me. Now, O Lord, we humbly beseech You to receive pleasantly, comfort affectionately, and solace kindly the soul of this Your handmaid who trusting and hoping in You, has slept in death and has been released from this temporaral life. Deliver her, on her way to You, from the hosts that are eager for the destruction of the ungodly and lie in wait, in the dreadful ways to the air, to ensnare our souls.

Guide her, by Your angels of peace, to the blissful abodes of Your saints. O Holy God, who Your mercy to Your handmaid. O merciful God, save her because she believed in You. O God full of grace, do not deny her, nor deny those who believed in You and adored Your cross and partook of Your Body and Living Blood as the pledge for the new life. O benevolent God, do not strip her of the robe of light and the seal of chrism You bestowed upon her. Do not cause her to her the indignant voice which drives away from the mansions of Your kingdom. Do not allow the second death to rule over her, for this death is mere sleep for the faithful. Let her not hear the voice which says to the evildoers: I have never known you; keep away from Me. Pardon, O Lord, the offences committed by her willingly and unwillingly, and guide her to the haven of Your salvation with the souls of the wise virgins. As for us sinners, who intercede on her behalf, strengthen us and help us towards sober manners and holy conduct. Make us ready and prepared for a blameless departure and a peaceful end. Deliver us from aerial harmful encounters with spirits. Protect us under the wings of Your grace and lead us to the treasuries of joy that are devoid of grief and groans. May your salvation light upon all of us on Your great Day which is the last and the first, when you bring this world to an end and commence Your everlasting one. Gladden all of us with Your countenance, make all of us worthy to be seated at Your right hand and to rest in the green pastures of Your stronghold, enrich all of us with the brightness of Your household, and grant us an entrance to Your banquet fest in the fellowship of all the redeemed. Grant this, we beseech You, by Your grace and kindness, Your

Father's compassion, and the mercies of Your good, adorable, life-giving and consubstantial holy Spirit forever and ever. Amen.
Hoso.....

**തക്ശെപ്തൊ**
**(ല്ഹൊയ് ബസ് കോലൊ)**

നടുരാത്രിയിലുളവായിടുമാ മഹനീയദ്ധ്വനി കേട്ടിടുവാൻ
നാഥാ! നോക്കിപ്പക്ക്ന്നേൻ സംഭ്രമകരമാം വേളയതിൽ

യേശുമഹാരാജാവിന്റെ വിജയക്കൊടിയുദയം ചെയ്യും
ആ നിമിഷത്തിൽ ക്രോബേന്മാർ മീഖായേൽ തൊട്ടീറേന്മാർ

എന്നീ വത്സല സംഘത്തിൻ തേരിന്മേലവനേറി വരും
അന്നേരത്തെരിതീപ്പുഴയിൽ ഭീകര സിംഹാസനമുയരും.

നിത്യൻ ബലവാൻ തൻ തനയൻ ബലവാനുഗ്രൻ ഭീതികരൻ
വാനും പാരും നിറയുന്നോൻ കർമ്മങ്ങൾക്കനുസൃതമാക്കും

പ്രതിദാനം നൽകീടുന്നോൻ ലോകാധീശൻ വിധിനാഥൻ
തൻ പീഠത്തിലിരുന്നീടും രക്ഷകനേ! യത്തരുണത്തിൽ

ചെയ്യണമെന്നൊടു കാരുണ്യം ജീവമയാ! ദേവാധീശാ!
ഇപ്പോൾ ഞാനവിടെത്തീടും കാണും നിൻമുഖമെപ്പോൾ ഞാൻ
എന്നു വിചാരിച്ചെന്നാത്മം നിന്നെപ്രതി ദാഹിക്കുന്നു.

**എത്രൊ**

ഉന്നതങ്ങളിൽ സ്വർഗ്ഗീയർക്കും താഴെ ഭൗമികർക്കും കബറുകളിൽ മൃതർക്കും തവ സുഗന്ധവാസന അനുഭവമാക്കിത്തീർത്ത സുഗന്ധധൂപവും പരിമളവാസനയുമായ കർത്താവേ! കർത്തൃകല്പനയാൽ യാത്രയയക്കപ്പെട്ടിരിക്കുന്ന ഈ കർത്തൃദാസിയുടെ ആത്മാവിനും കർത്താവിൽ വിശ്വസിച്ചവരും കർത്തൃശരണത്തിൽ നിദ്രപ്രാപിച്ചവരുമായ സകല മരിച്ചുപോയവർക്കും ഇപ്പോൾ ആശ്വാസാനുഭവവും പാപപരിഹാരത്തിന്റെ സന്തോഷവും നൽകണമെ. കർത്താവിന്റെ ശ്രേഷ്ഠത ഉദിക്കുകയും കർത്താവിന്റെ ദൈവത്വം വെളിപ്പെടുകയും

ചെയ്യുന്ന ദിവസത്തിൽ കർത്താവിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ കർത്താവിനും കർതൃപിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഇവളെ അർഹയാക്കിത്തീർക്കുകയും ചെയ്യണമെ. ഹോശോ......

O Sweet incense and frangrant odor richness was felt by the angels in heaven, the mortals on earth, and the dead in the graves; we humbly beseech You to grant the refreshment of rest and the delight of absolution to this soul which has been taken away by your command, as well as to all the faithfull departed who slept trusting in You. And on the last day, when Your greatness is made manifest and Your Godhead is revealed, count her among the lambs who stand at Your right hand that with them she may be worthy to offer glory and thansksgiving to You, to Your Father, and to Your Holy Spirit forever and ever. Hoso............. Amen.

**കോലോ**

**(കൂദോയൊ)**

പടുവൃദ്ധതയിൽ കാനാനിൽ-മൃതയാം സാറായെ
ഇസഹാക്കൊടുചേർന്നബ്രാഹം-ചെയ്താൻ സംസ്ക്കാരം
നിൻശരണത്തിൽ-മരണമടഞ്ഞോളെ
ആത്മോക്തികളാൽ-സംസ്ക്കാരം ചെയ്വൂ

നാഥാ! സ്തുതിയെന്നേവമിവൾ-ന്യായത്തീർപ്പിൻ നാൾ
നിൻ വലമായ് നിന്നുച്ചത്തിൽ-ഘോഷിച്ചീടേണം
ഹാലേലുയ്യ-ഉ-ഹാലേലുയ്യ ബാറെക്മോർ-ശുബഹോ...

സത്വരമൃതിയിൽ ഹാവാതൻ-മക്കളേ! കേഴല്ലെ
മന്നനുമേഴയുമിക്കാസാ-പാനം ചെയ്യേണം
മോറോൻ തന്റെ-മാറീന്നുണ്ടായ
ജീവനജലവും-പാവന നിണവും നിൻ
അംഗങ്ങളിൽനിന്നെരിതീയിൻ-ജ്വാലകളെ നീക്കും

പാതകമുക്തിയെ നീ നേടി-കർത്താവേ! സ്തോത്രം
ഹാലേലുയ്യ....എന്നാഘോഷിക്കും.

Sarah died, as is written, in the land of Canaan and was buried by Abraham and isaac in a good old age. And this Your handmaid, who slept trusting in You, is being attended with the songs of the Holy Spirit, that on judgement day she may offer You praise, Halleluiah. Pardon, O Lord, Your handmaid. Barekmore-Shubhaho...

Sorrow not, O daughter of Eve, in that death has taken you away so hastitly, for kings and paupers are drinking this cup and passing away. May the living water and absolving Blood which came out from the side of our Lord withhold the flames from your limbs. May you receive forgiveness of sins and sing glory to the Lord, Halleluiah, O Lord, grant rest to Your handmaid.

**മദറോശോ**
**(സ്ലേക്ക് ലസലീബൊ)**

ധ-ന്യൻ സഹജേ! മൃതിയാൽ നി-ന്നെ നീക്കി
ക-ന്നികളൊപ്പം-മണവറയിൽ-പാർപ്പിച്ചോൻ.
ഹാ! നമ്മെ വിളിക്കുന്നഴലാൽ-ഹാവമകൾ
ത-ൻ മരണദിനേ-വ്യഥ നമ്മൾക്കുയരുന്നു
തൽപാപം-മോചിച്ചീടണമെ
സത്തമരും-ധാർമ്മികരും സഹിതം
മോദമെഴും-മണവറയിൽ-ചേർക്കണമെ-നീയിവളെ.

വ-ത്സലസഹജേ! മരണത്താൽ-ഞങ്ങളിൽ നി-
ന്നീ-നാൾ നീ വേർ-പെട്ടതിനാൾ-കരയരുതെ
നീ മഹിമാ-വോടുത്ഥാനത്തിൻ
ദിവസത്തിൽ-കബറീന്നെഴുന്നേൽക്കും
ശാശ്വതമാം ലോകത്തിൽ-പുരുതേജസ്സണിയും നീ.

ആ-നന്ദിപ്പാൻ-ഭാഗ്യത്തിൻ-മണിയറയിൽ
സം-രക്ഷകനേ!-ദാസിയെ നീ-യേറ്റണമെ
ധാർമ്മികരും-നിർമ്മലമാനസരും
ചേർന്നിവളാ-മോദിപ്പാൻ നാഥാ!
നിൻസ്ലീബാ-യാപത്തിൽ-പാലമതായ്-തീരണമെ.
മൊറിയൊ.......

Blessed be the Lord Who has taken you away from this life; he Who will gladden you with the wise virgins in His chamber of life.

Sorrow not, O our sister, because you have tasted the death which was tasted by the chaste virgins; Lo, Mary and her companions are in the chamber of the heveenly King. We beseech their Lord to gladden You with them.

This daughter of Eve calls us for weeping, and the day of her departure fills us with grief. O Lord, forgive her trespasses and pardon her faults. Guide her to the chamber of gladness that she may go and rejoice with the just and the righteous.

Open, O our Saviour, the treasure of Your beatitudes for Your handmaid that she may go and rejoice in the realms of bliss. May Your cross be a bridge unto her, thereon to pass over the dreadful places of destruction that she may rejoice with the just and the righteous.
Moriyorahe......

**മാർ യാക്കോബിന്റെ ബോവൂസൊ**

ദൈ-വാത്മാജനേ! ശാശ്വതരാജ്യത്താശ്വാസം നിൻ
ദാ-സിക്കേകുക ധാർമ്മിക ശുദ്ധന്മാരോടൊപ്പം.

നി-ൻ കൈപ്പണിയാം മണ്ണിന്മേലമ്പുണ്ടാകേണം
ഉ-ത്ഥാനത്തിൽ ഹതരൂപത്തെപ്പുതുതാക്കേണം

നി-ൻ രാജ്യത്തിൽ പുതുതായിവളവകാശം നേടീ-
ട്ടാ-ത്മിയന്മാരൊപ്പം നിന്നെ വാഴ്ത്തീടട്ടെ.

പാ-താളത്തിൽ മരണം കൂട്ടിയൊരസ്ഥികളന്നി-
ന്നേ-കുക ജീവൻ കൃപയാൽ നിന്നെ സ്തോത്രം ചെയ്യും

ക-മ്പികൾ പത്തും മൃത്യുതകർത്തിഹ മൗനം പൂണ്ടോ-
രീ-വീണയിലെൻ നാഥാ! കാട്ടുക സഹതാപം നീ

ക-ല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേ-ജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം.

O Son of God, grant rest to Your handmaid in that eternal kingdom with Your saints.

O men of understanding, behold this daughter of Eve, who, in the likeness of her mother, invites us for grief. When she became ill and the day of her departure drew near, she gathered her children and caused them to weep piteously.

Lovers and children, who has taken me away from among you? Sons and daughters, who has carried me away from your company? Weep for me with sorrow and multiply your lamentations over me, for this same day is sending me down to the grave.

O merciful Lord, have pity on the dust which Your hands formed; restore, on the day of resurrection, Your image

which has been corrupted; make it a new inheritor in Your kingdom, that it may sing praise unto You with the spiritual beings.

Glory be to You, Who quicken the dead from their graves and clothe them with the garments of glory on the day of resurrection.

---

## സുറിയാനിക്രിസ്ത്യാനികളായ

# സ്ത്രീകളുടെ ശവസംസ്ക്കാരം

### രണ്ടാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണ മെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നുംഞങ്ങൾക്കുതര ണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തി ന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തു കൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആ മ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the king-dom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമാ

യ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പ

രിശുദ്ധ കന്യക മർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളാ യ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

### പ്രാരംഭപ്രാർത്ഥന

മരണമുള്ളവരെ പാപമരണത്തിൽ നിന്ന് രക്ഷിപ്പാനായി ജഡപ്രകാരം മരിച്ച നല്ലവനും, മരണമില്ലാത്തവനുമായുള്ളോ വേ! അനിത്യമായ ഈ ലോകത്തിൽ നിന്ന് തിരു കരുണയിലു ള്ള ശരണത്തിൽ വാങ്ങിപ്പോയിരിക്കുന്ന ഞങ്ങളുടെ സഹോദ രിയായ (ഇന്നാക്ക്) വേണ്ടി ഇപ്പോൾ ഞങ്ങൾ അപേക്ഷിക്കുന്നു. ആത്മാവിൽ പൂർണ്ണമായ ആശ്വാസം ഇവൾക്ക് സൗജന്യമായി കൊടുക്കണമെ. കർത്തൃരാജ്യത്തിലുള്ള വിരുന്നിൽ തോഴ്മക്കാരി കളോടുകൂടെ ഇവളെ ഇരുത്തണമെ. എന്തെന്നാൽ കർത്താവ് ജീവനുള്ളവനും ജീവിപ്പിക്കുന്നവനുമാകുന്നു. ഉത്തമനും മനുഷ്യ രെ സ്നേഹിക്കുന്നവനുമായ പിതാവും പുത്രനും പരിശുദ്ധ റൂഹാ യുമായ ഏക ദൈവവുമേ, കർത്താവിന് എന്നേക്കും ബഹുമാനം കടപ്പെട്ടിരിക്കുന്നു. ഹോശോ..... ആമ്മീൻ.

Most blessed and eternal God, the life and the hope of all, we beseech You on behalf of this Your handmaid ........... who has been deprived of temporal life. Please make her to dwell in the abodes of eternity and to find rest in the haven of salvation. Grant her blissful rest

with the wise virgins in Your heavenly kingdom, Father, Son and Holy Spirit forever and ever. Amen

### കുക്കിലിയോൻ

(ആറാം നിറം)

വാഴ്ത്തുക നാഥനെയെന്നാത്മാവേ!-ഹാലേലുയ്യ
ഓർക്കുക തൻ പ്രതിദാനങ്ങൾ.

നാശമൊഴിച്ചവനം ചെയ്യും- ഹാലേലുയ്യ
വേദനകൾക്കേകും ശമനം. ബാറെക്മോർ-ശുബഹോ...മെനഓ..

Bless the Lord, O my soul, Halleluiah and remember all His benefits.

Who redeems your life from destruction, Halleluiah and who crowns you with loving-kindness and tender mercies. Barekhmore-Shubhaho......Menaolam....

### എക്ക്ബൊ

എന്റെ ശരിരം ഭക്ഷിച്ചെൻ രക്തം പാ-നം ചെയ്യുന്നോൻ
എന്നിലമർന്നിടുമവനിൽത്താൻ ഞാനുമമർന്നിടുമവസാനം
ജീവൻ ഞാനവനേകിടുമെ-ന്നോതിയ നിൻ മൊഴി നിറവേറ്റാൻ
വിശ്വാസമെഴും മൃതലോകം നിൻ വരവിൻ-ദിവസത്തിന്നായ്
നോക്കിപ്പാർക്കുന്നേൻ നാഥാ! നിൻപ്രത്യാശ-യിൽ നിദ്രിതരാം
നിന്നടിയാരെക്കർത്താവേ! കൃപയാൽ ജീ-വിപ്പിക്കേണം.
സ്തൗമെൻകാലോസ്........

## EQBO

As we remember you, O faithful departed, we beseech the Lord, in Whose hope you sleep and rest, to grant you forgiveness and absolution.
Stomen kalos, Kurie eleison

## പ്രുമിയോൻ

നാശത്തോടെ വിതയ്ക്കപ്പെടുന്ന മരിച്ചവരെ നാശം കൂടാതെ ഉയിപ്പിക്കുകയും, അപമാനത്താൽ വിതയ്ക്കപ്പെടുന്നവരെ, മഹത്വത്തോടെ ജീവിപ്പിക്കുകയും, ചിതറി ഇരിക്കുന്നവയും ബലഹീനതയുള്ളവയുമായ അസ്ഥികളെ ശക്തി ധരിപ്പിക്കുകയും, ജഡീകമായ ശരീരങ്ങൾക്ക് ആത്മീയാവസ്ഥ നൽകുകയും ചെയ്യുവനായ ജ്ഞാനമുള്ള സ്രഷ്ടാവും സ്ഥിരതയോടെ നവീകരിക്കുന്നവനും ആയ തന്നെ നാം ഓർത്ത് മഹത്വപ്പെടുത്തണം. തനിക്ക് തന്റെ ദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നടത്തപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും ...........

Glory to the wise Creator and the true Restorer Who will raise in incorruption the dead who were sown in corruption, Who will quicken in glory those who were sown in dishonor, Who will clothe the scattered, weak, and dispersed bones with power, Who will transform the natural bodies into spiritual ones, the Lord Whom we remember and praise at this time of His handmaid’s burial servivce, and at all times, festivals, hours, seasons, and through all the days of our life fore ever and ever. Amen.

## സെദറാ

മരണമില്ലാത്തവനും അഴിവില്ലാത്തവനുമായ ദൈവവും, മരണമുള്ളതും അഴിവുള്ളതുമായ ഞങ്ങളുടെ സ്വഭാവത്തിന്റെ നാഥനും, സ്രഷ്ടാവും ശരീരങ്ങളിലിരിക്കുന്നവരും ശരീരങ്ങളിൽ നിന്ന് പുറപ്പെട്ടുപോകുന്നവരുമായ സകലരുടേയും ദേഹികളും ആത്മാക്കളും തന്റെ കയ്യിൽ ഇരിക്കുന്നവനായി നീതിമാന്മാരു ടെ ശരണവും പുണ്യവാന്മാരുടെ പ്രത്യാശയുമായുള്ളോവേ! സകലരുടേയും സഹായത്തിനും രക്ഷയ്ക്കുമായി കർത്താവ് മുൻപു കൂട്ടി സൂക്ഷിച്ചുകൊണ്ട് ഇവിടെയുള്ള ആയുസ്സിലും അവിടെ യുള്ള യാത്രയിലും എല്ലാവനും ഉചിതമായിരിക്കുന്നവയെ ക

ത്ത്ാവ് നൽകുന്നു. കത്ത്ാവിന്റെ സംരക്ഷണയുടെ പരിശോധി ക്കപ്പെടാവതല്ലാത്ത ആഴത്തിൻ പ്രകാരവും സകലത്തെയും ക വിയുന്നതുമായ കത്ത്യമുന്നറിവാൽ ഈ ആയുസ്സിൽ നിന്ന് ഈ ആത്മാവിനെ കത്ത്ാവ് നീക്കിയിരിക്കുന്നു. കത്ത്ാവിന്റെ അനുഗ്രഹങ്ങളുടെ സമ്പത്തിൻപ്രകാരവും, ആദ്രകരുണയിൻ പ്രകാരവും ഇതിനോടുകൂടെ അനുയാത്ര ചെയ്ത് അവിടെയുള്ള ഭയങ്കര കടവുകളിൽ അതിന് നേരിടുന്നതായ പ്രതികൂല എതി പ്പുകളിൽ നിന്ന് അതിനെ വീണ്ടുകൊള്ളുന്നവരായ സമാധാന ദൂതന്മാർ മൂലം ഇതിനെ കൈക്കൊള്ളണമേ. ഈ കത്ത്യദാസി മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെ യും തിരുമുമ്പാകെയും അല്ലാതെയും ചെയ്തിട്ടുള്ള പാപങ്ങളെ യും തിന്മകളെയും പുണ്യമാക്കി അളവില്ലാത്ത അനുഗ്രഹങ്ങളു ടെ ബഹുത്വപ്രകാരം, ക്ഷമിച്ചു മായിച്ചു കളയണമെ. ഞങ്ങളെ ല്ലാവരും പൂഴിയാകുന്നെന്നും, പാപങ്ങളാൽ ബന്ധിക്കപ്പെട്ടിരിക്കു ന്നുവെന്നും സ്ത്രീയിൽ നിന്ന് ജനിച്ചവരിൽ തിരുമുമ്പാകെ കുറ്റമി ല്ലാത്തവനില്ലന്നും, ഒരുനാഴികപോലുമെങ്കിലും ഭൂമിയിൽ പാപം കൂടാതെ ജീവിപ്പാനും വസിപ്പാനും കഴിയുന്നതല്ലന്നും ഓത്ത്ു കൊള്ളണമെ. എന്നാലോ കത്ത്ാവേ! ഹൃദയപൂവ്വം കത്ത്ാവി ന്റെ അടുക്കൽ ഞങ്ങൾ സങ്കടത്തോടെനിലവിളിക്കുന്നതിനാൽ കരുണയുള്ളവനെപ്പോലെയും എല്ലാവരോടും കരുണചെയ്യുന്ന വനെപ്പോലെയും തവ കൃപയും മനുഷ്യസ്നേഹവും ഇവളുടെ പ ക്കൽ കാണിക്കണമെ. പ്രകാശത്തിന്റെഭവനങ്ങളിലും സ്വഗ്ഗത്തി ൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ ഊശ്ലേമ്യസഭയി ൽ സ്വഗ്ഗീയ ആശ്വാസസ്ഥലങ്ങളിലും ഇവളെ വസിപ്പിക്കണമെ. നിവ്വ്യാജമായ തിരുവചനപ്രകാരം ശക്തിയോടും വലിയ മഹത്വ ത്തോടും കൂടെ ആകാശമേഘങ്ങളിൽ കത്ത്ാവ് എഴുന്നള്ളി വ രുകയും കത്ത്ാവിന്റെപരിശുദ്ധമാലാഖാമാർമൂലം ആകാശത്തി ന്റെ നാലുകോണുകളിൽ നിന്ന് കത്ത്ാവിന്റെ തിരഞ്ഞെടുക്ക പ്പെട്ടവരെ കത്ത്ാവ് കൂട്ടിച്ചേക്ക്കയും സകലത്തേയും ജീവിപ്പി ക്കുന്ന കത്ത്യശബ്ദത്താൽ കബറുകളിൽ ഇരിക്കുന്നവർ ഉയിർ ത്തെഴുന്നേൽക്കുകയും ചെയ്യുമ്പോൾ കത്ത്ാവേ! ഇന്ന് ഞങ്ങ ളുടെ ഇടയിൽ നിന്ന് വാങ്ങിപ്പോയിരിക്കുന്ന ഈ തവദാസിയെ അനുഗ്രഹങ്ങളുടെ സ്മരണയാൽ ഓത്ത്ുകൊള്ളണമെ. അവളു

ടേയും ഞങ്ങളുടടേയും ലജ്ജാകരമായ പ്രവൃത്തികളെയും ഞ ങ്ങളുടെ നിന്ദ്യമായ കാര്യങ്ങളുടെ നാണത്തെയും കർത്താവിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പാകെ കർത്തൃകരുണ മൂടിക്കളയു മാറാകണമെ. കർത്താവേ! തവ സ്വരൂപത്തിലും സാദൃശ്യത്തി ലും ഞങ്ങളെ സൃഷ്ടിക്കയും പരിശുദ്ധ തൃക്കൈകളാൽ ഞങ്ങ ളെ മെനഞ്ഞുണ്ടാക്കുകയും ഞങ്ങൾ നഷ്ടപ്പെട്ടതിന്റെ ശേഷം പരിശുദ്ധ കഷ്ടാനുഭവങ്ങളാൽ ഞങ്ങളെ രക്ഷിക്കയും തിരുശരീ രരക്തങ്ങളിൽ ഞങ്ങളെ സംബന്ധിപ്പിക്കുകയും ചെയ്തു. ഞങ്ങ ളുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും അനുസരണമായി ഞ ങ്ങളെ വിധിക്കുമെങ്കിൽ മനുഷ്യജാതം ചെയ്തിട്ടുള്ള ഞങ്ങൾക്കെ ല്ലാവർക്കും ദുരിതമാകുന്നു. ആകയാൽ ഉത്തമനേ!ദയതോന്നി ക്ഷമിക്കണമെ. കരുണയുള്ളവനേ! മനസ്സലിയണമെ. തിരുമു മ്പാകെയുണ്ടാകുന്ന സകല ലജ്ജയിൽ നിന്നും നാണത്തിൽ നി ന്നും വരുവാനിരിക്കുന്ന നരകവേദനകളിൽ നിന്നും ഞങ്ങളെ രക്ഷിച്ച് വീണ്ടുകൊള്ളണമെ. വിലപിച്ചിരിക്കുന്നവരെ ആശ്വസി പ്പിക്കണമെ. ദുഃഖിതരെ ധൈര്യപ്പെടുത്തണമെ. പാപങ്ങളാലും തിന്മകളാലും മലിനപ്പെട്ടിരിക്കുന്നവരെ കുറ്റമില്ലാത്ത നല്ല അവ സാനത്തിനും കർത്താവിന്റെ വരവിന്റെ അവസാന നാളിൽ തിരു മുമ്പാകെയുള്ള മുഖപ്രസാദത്തിനും യോഗ്യരാക്കണമെ. എ ന്തെന്നാൽ ദൈവമേ! കർത്താവ് സകലരോടും കരുണ ചെയ്യുന്ന വനും, മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമാകുന്നു. ക ർത്താവിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും യോഗ്യമാ കുന്നു. ഹോശോ........

Lord God, Lord of all and Ruler of both worlds, unto You we offer supplication and intercession at this hour of the burial service of Your handmaid, who has departed and passed away from the pilgrimage of this temporal life, so that Your peaceful angels may receive and accompany her soul and make her to dwell in the heavenly abodes. Deliver her, O Lord, from the captivity of the evil spirits. Forgive her sins by Your

loving-kindness, blot out her offences by Your compassion, and stretch out to her Your right hand which is full of mercy. Be, O Lord, her defender, her guide, and her keeper until she may reach the heavenly mansions where she will rejoice in the eternal glories, and forget all her sadness and sorrows on earth, and make her worthy to enter into Your chamber with the wise virgins. O Lord, look upon us with a merciful eye. Comfort all those who mourn, make glad the countenance of those who are distressed, wipe away the tears and weeping from our faces, and be the good hope and trust of everyone in every need. Grant, by Your grace, that we and our faithful departed may meet You with confidence which is free from disgrace, and make us worthy to glorify You and praise You with Your Only-begotten Son, and with Your Holy Spirit now and forever.   Hoso........

**മാനീസൊ**

**പെത്ഗോമൊ:-** നീതിയിൻ വാതിൽഎനിക്കായി തുറന്നുതരണമെ

സ്വർഗ്ഗീയാംഗ്യം വത്സലരേ!  ആത്മത്തെ മെയ്യതിൽ നിന്നും
നീക്കിനയിപ്പാൻ വാനവരെ വിട്ടിടുമാ സമയം ഘോരം.

ദൂതന്മാരെ ദൂരെക്ക-ണ്ടാത്മാവന്തിക വാസികളെ
ശരണം പ്രാപിച്ചുടനേ തൻ ചരിതത്തെപ്പരിശോധിപ്പൂ

പാപമലീമസമാണെങ്കിൽ താപമൊടാത്മം കേഴുന്നു
സൽക്കർമ്മങ്ങളെ ദർശിച്ചാൽ ഉൾക്കുതുകത്തോടോതീടും.

ദേവേശാ!  നിന്തിരുമെയ്യും രക്തവുമെന്നെ നീ തീറ്റി

ന്യായസ്ഥാനത്തവരണ്ടും ധൈര്യമെനിക്കേകീടട്ടെ.
ശുദ്ധന്മാരുടെ കൂട്ടത്തിൽ സ്തോത്രം ഞാൻ പാടും സ്തോത്രം.

**കോലൊ**

**(മ്ശാലെം നൂഹറൊ)**

ലിഖിതം-പോലവസാനദിനേ പാരും-വാനും മായുമ്പോൾ
താരം സകലം വീഴുമ്പോൾ ജോതിന്നികരം നീങ്ങുമ്പോൾ
നാഥാ!-സാധ്വികളൊത്തെന്നെ കാത്തീടേണം-വാഴ്ത്തും ഞാൻ നിന്നെ.

മൃതലോ-കത്തിൽ ലാസറിനും യായീ-റോസിൻ പുത്രിക്കും
വിധവാനന്ദനനും ജീവൻ ദാനം ചെയ്തോരു ശബ്ദം താൻ
നിന്നെ-പുനരുത്ഥാനത്തിൽ മണ്ണിതിൽ നിന്നും-ജീവിപ്പിക്കട്ടെ.

**കോലൊ**

**(മലക്കൊ മ്നഹ്മോനോ)**

നിന്നി-ഷ്ടം ചെയ്തോരു-ധാമ്മികർതൻ പ്രാത്ഥനയാലെ
ജീവിതലക്ഷ്യ-വിശ്രാമം നേടി
അന്ത്യേ-സർവേശാ!-നിന്നുടെ കരുണാഭാജനമായ്
നിന്തിരുനാമം-സ്തുതിചെയ്യേണമിവൾ. **ബാറെക്മോർ-ശുബഹോം....**

എൻഗാ-ത്രം ഭക്ഷി-ച്ചുയിരേലും രുധിരം പാനം
ചെയ്തോനെ ഞാൻ-വെടിയാ ശീയോളിൽ
എന്നാ-ലവനെന്നും-ജീവിപ്പാൻ ഞാൻ മൃതനായെ-
ന്നീശൻ ചൊന്നോ-രാവചനം സ്തുത്യം.

Grant rest, O Lord, in the haven of salvation to the soul of Your handmaid by the intercession of the just who did Your acceptable and perfect will. O Lord of all, show her Your compassion on the last day that she
may praise Your name because You have shown mercy upon her by Your grace.

Accept, O lord, from our hands this censer which we offer You on the burial of Your servant. By this censer, O

Lord, grant rest and make good remembrance to all those who departed from this world trusting in Your name. Barekmore-Shubhaho.....

Glory to the words which our Lord proclaims in His Gospel saying: he who eats My Body and drinks My Living Blood has eternal life and I will not leave him in Sheol. It is for his sake that I descended and tasted death, that he might have everlsting life.

**മദറോശൊ**

**(ഹബ്‌ലൻ മോറാൻ)**

മൃതരെയുത്ഥാനത്തിൽ-സ്വ-ർഗ്ഗേ
കാ-ണ്മാൻ-കർത്താവേ! ഭാഗ്യം നല്കീ-ടേ-ണം.

നീതിവിധീശനൊടാത്മാ-വേ-വം
യാ-ചിച്ചോതീടു-ന്നതു ഞാൻ കേട്ടേ-നല്ലോ

മൃതിഗതരെപ്രതി നാഥാ!-യ-ങ്ങേ-
യ്ക്ക-ർപ്പിക്കും ബലികളി-ലെന്നെ രോധി-ക്ക-ല്ലേ.

പാപികളീന്നും ശിഷ്ട-ന്മാ-രെ
വേ-റാക്കീടാ നീ-റേന്മാർ വന്നീടു-മ്പോൾ

കാരുണ്യത്തിൻ ചിറകിൻ-കീ-ഴിൽ
നാ-ഥാ! ചേർത്തിവളെ-കാക്കുക നരക-ത്തീന്നും.

ഇവളെ വിധിച്ചീടരുതേ-നാ-ഥാ!
ജീ-വിപ്പവരിലെവൻ-വിമലൻ തിരുമു-മ്പാ-കെ

നാ-ഥാ! ഇവളിൽ സ്ഥിതിചെ-യ്തീ-ടും
നി-ന്നോഹരിയഗ്നി-ക്കിയായ് നൽകീ-ട-ല്ലേ.

When You are revealed on the last day, O Son of God, have pity on Your handmaid and grant her to hear the voice which calls the sains to the feast of life.

May Your life-giving voice awaken the deep sleep of Your handmaid, who believed in Your crucifixion and slept trusting in Your Godhead, that with Your sainsts she may sing praise to You.

We pray, O sister, that on the day of resurrection you may be counted among the congregations of the holy women, who, from generation to generation, were well pleasing to God. May you rejoice with them in the heavenly kingdom.

At the appointed time, when the angels decend to separate the righteous from the sinners, protect, O Lord, Your handmaid under the wings of Your mercy and deliver her from the place of torment..

**മാർ അപ്രേമിന്റെ ബോവൂസൊ**

ആർദ്രതയാൽ നാഥാ ദേവാ! ദാസിക്കേകണമെ പുണ്യം
നിന്മഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിവളെ.

ഇവളെ ധർമ്മിഷ്ഠന്മാരൊ-ത്തൻപാൽ നീ പാർപ്പിക്കേണം
ദോഷത്തെയോർത്തീടാതെ വീഴ്ചകളെ മായിക്കേണം.

പ്രാർത്ഥനകേട്ടിവളെ പുണ്യം ചെയ്തോരോടൊന്നാക്കേണം
ആ നിരയിൽ സ്തോത്രം നാഥാ! പാടീടട്ടിവൾ നിൻപേർക്കായ്

മൃതരും ജീവിക്കുന്നോരും വാഴ്ത്തീടും നിന്നെയെന്നും
ആർദ്രതയാൽ നാഥാ ദേവാ! ദാസിക്കേകണമെ പുണ്യം

നിന്മഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിവളെ.

O Lord, have mercy upon us; O God, grant absolution to Your handmaid, and make her to stand at Your right hand on the day when Your greatness is made manifest.

According to the multitude of Your grace, make her to dwell among the just and the righteous; forgive, blot out, and pardon her offences, and remember not her transgressions.

Into Your hands she has committed her spirit, keep her by Your cross; enter not into judgment with her because she has believed in Your holy name.

O Lord, have mercy upon us; O God, grant absolution to Your handmaid, and make her to stand at Your right hand on the day when Your greatness is made manifest.

---

## സുറിയാനിക്രിസ്ത്യാനികളായ

# സ്ത്രീകളുടെ ശവസംസ്ക്കാരം

### മൂന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി

പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക്ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തു കൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞ

ങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെമരണസമയത്തി ലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

**പ്രാരംഭപ്രാർത്ഥന**

കരുണയുള്ള ദൈവമായ കർത്താവിൽ ഞങ്ങൾ ശരണപ്പെടുന്നു. തവ കർത്തൃകല്പനയാൽ വേർപെട്ടു പോയ ഈ ദാസിയുടെ ആത്മാവിനു വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽനിന്നും കാണപ്പെടാത്ത അന്ധകാരസൈന്യങ്ങളിൽ നിന്നും ഇവളെ വീണ്ടുകൊള്ളണമെ. ഈ ആത്മാവ് ജീവന്റെ സ്ഥാനത്ത് നീതിമാന്മാരുടെ കൂട്ടത്തിൽ ചെന്ന് എത്തുമാറാകണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയുള്ളോവേ! ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും ഇവൾ തവ പരിശുദ്ധന്മാരോടുകൂടെ വസിക്കുമാറാകണമെ. ഹോശോ.....

O Lord, the Judge of the living and of the dead, enter not into judgment with this Your handmaid, because no living being can be justified in Your presence. You know the infirmity of our human race and the fallibility of our nature; pardon, therefore, O Lord, all the unlawful acts committed by her. This we ask through the excellence of Your mercy and tender compassion, Father, Son and Holy Spirit forever and ever. Amen.

**കുക്കിലിയോൻ**

**(ഏഴാം രാഗം)**

നീ ജീവനെടുത്തീടുമ്പോൾ ഹാലേലുയ്യ-ഹാലേലുയ്യ

മൃതരായ് മണ്ണിൽ-ചേരുന്നു.
കർതൃമഹത്വം വാഴട്ടെന്നും ഹാലേലുയ്യ-ഹാലേലുയ്യ
തൻ ക്രിയളിലുടയോൻ-തെളിയട്ടെ.
ബാറെക്മോർ-ശുബഹോ.....മെനഓലം.....

You take away their breath, they die Halleluiah Halleluiah and return to their dust.
You send forth Your Spirit, they are created, Halleluiah Halleluiah, and You renew the face of the earth.
Barekmore-Shubhaho...... Menaolam......

**എക്ബൊ**

പ്രിയനാം ലാസറിനെക്കബറീ-
ന്നേഴുന്നേല്പിച്ചോനെ വാഴ്ത്താൻ വന്നിടുവിൻ.
മൃതിപാശത്തീന്നും വിധവാ-
സുതനെ വിടുവിച്ചോനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യേ സ്തുതി ചെയ്താരാധിക്കേണം. സ്തൗമെൻകാലോസ്...

Grant rest, by Your mercy, to the souls of Your worshipers who confessed and believed in You, and slept and rested with good hope in You. Stomen kalos....

**പ്രുമിയോൻ**

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെഎഴുന്നേല്പിക്കുന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കർത്താവിനു സ്തുതി. തന്റെ ദാസിയുടെ ശവസംസ്ക്കാരശുശ്രൂഷ നിർവഹിക്കപ്പെടുന്ന ഈ സമയത്തും ............ തന്നെ നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുല്ഹൂൻ......

Glory to the mighty, wise and invisible God Who clothes the weak with power and quickens the dead from corruption and causes the bodies and souls of the faithful to rejoice in His glory, to Whom is due glory and honour at this time of the performance of His handmaid’s burial

service, and at all festivals, times, hours, seasons and through all the days of our life forever and ever. Amen.

**സെദറ**

ആദിയിൽ ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും, എന്നെന്നേക്കും നിലനിൽക്കുന്നവനും, തന്റെ പിതാവിന്റെ മഹത്വത്തിൽ വിശുദ്ധമാലാഖാമാരോടുകൂടെ വരുവാനിരിക്കുന്നവനുമായ മ്ശിഹാ തമ്പുരാനേ! സംഖ്യാതീതമായ നിരകളും ഗണങ്ങളും പതിനായിരങ്ങളും തിരുമുമ്പാകെ പരിഭ്രമിച്ച് വിറച്ചുകൊണ്ട് നിൽക്കുന്നു. ഭയങ്കരന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള ഗണങ്ങളും സ്വർഗ്ഗീയമായ മേഘങ്ങളിൽ കർത്താവിനെ ആഘോഷിക്കുന്നു. കർത്താവിന്റെ ഉഗ്രമായ ശബ്ദത്തിൽ കർത്താവ് അട്ടഹസിക്കുമ്പോൾ മരണം വീണുപോവുകയും പാതാളം നശിച്ചു പോവുകയും ആദിഭൂതങ്ങൾ അഴിഞ്ഞുപോവുകയും, ഭൂമിയിൽ ദ്രവിച്ചു പോയ സർവ്വശരീരങ്ങളും പുനരായി സൃഷ്ടിക്കപ്പെടുകയുംചെയ്യുന്നു. സകലത്തിന്റേയും സൃഷ്ടാവും നിർമ്മിതാവുമെന്ന നിലയിൽ സൃഷ്ടിശക്തിയുള്ള വചനത്താൽ കർത്താവു വീണ്ടും അവയെ സജ്ജീകരിക്കുന്നു. നന്മയാകട്ടെ തിന്മയാകട്ടെ അവനവൻ പ്രവർത്തിച്ചിട്ടുള്ളവയെക്കുറിച്ച് സമാധാനം ബോധിപ്പിക്കുവാനായി സകല വംശങ്ങളും ഗോത്രങ്ങളും പരിഭ്രമജനകവും ഭയങ്കരവുമായ കർത്താവിന്റെസിംഹാസനത്തിൻമുമ്പാകെവന്നുകൂടുകയും ചെയ്യുന്നു. ബലവാനും കാരുണ്യവാനുമായ ദൈവമായ കർത്താവേ! ഇവയെല്ലാം സംഭവിക്കുകയും പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നതായ ആ സമയത്ത് കർത്താവിലുള്ള പ്രത്യാശയോടെ നിദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരിയെ കർത്താവിന്റെ വലത്തു ഭാഗത്തു നിറുത്തികൊള്ളണമെ. "എന്റെശരീരംഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലുംവസിക്കുന്നു. അവസാനദിവസത്തിൽ ഞാൻ അവനെ ഉയിർത്തെഴുന്നേല്പിക്കും" എന്ന് ജീവനുള്ള തിരുവായ്കൊണ്ട് അരുളിച്ചെയ്തിട്ടുള്ളതായ ആ വചനം ഞങ്ങളിലും ഇവളിലും നിറവേറ്റണമെ. ഞങ്ങളും ഞങ്ങളുടെ പരേതരും തവവലത്തുഭാഗത്തു നിന്നുകൊണ്ട് തിരു കരുണയെകാണുകയും തനിക്കും തന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ......

God and Creator of all, who sends down and brings up from Sheol, who binds violently and loosens mightily, who by death causes us to grieve, and by the hope of resurrection fills us with gladness, incline Your ear to our unworthy supplication, O Lord, and remember this our sister....................., who in true faith has departed hence to you. Forgive her offences and make her to dwell in the heavenly habitations and to join the congregation of Your saints in the gathering place of felicity where she will meet with Abraham, Isac and Jacob who lived by faith and in piety. Make us, with her, partaker of the everlasting blessings with Your saints, for You are bountiful in mercies and abundant in spiritual gifts and to You we offer praise and glory with your Father and Holy Spirit now and forever. Amen

**(അൽതറഎ്ഥ ദമ്ദീനോസൊ)**

നഗരകവാടം വഴിയായ് ഞാൻ-പോ-കു-
ന്നേ-രം കേ-ട്ടേനൊരു നാദം
ശ്രദ്ധിച്ചേൻ ചെന്നരികേ നി-ന്നേറ്റം
ഖേ-ദം തോ-ന്നും നിനദത്തെ.

ലളിതകളേബര തരുണന്മാ-രേയും
ബാ-ലന്മാ-രേയും കണ്ടേൻ

പ്രഭുവനിതകളും ദാസികളും-സന്താ-
പാ-രാവ-ത്തിൽ പാടുന്നു.

വ്യസന സമേതം ചോദിച്ചേൻ-കേ-ഴു-
ന്നെ-ന്തിന്നേ-വം സുന്ദരരേ!
വ്യഥയോടെന്തിനു പാടീടു-ന്നെ-ന്നോ-
ടോ-തീ “മൂഢാ മിണ്ടാതെ”.

നീ കാണുന്നൊരു സൗന്ദര്യം-പാ-താ-
ള-ത്തി-ൽ-പാഴായ് പോയീടും
ഈ രക്താംബര രുചിരതയെ-ഈ-യു-
ള്ളോ-ർതൻ-ഭൂഷാ സുഭഗതയെ.

മരണമശേഷം മായിക്കും; ഈ-സൗ-
ന്ദ-ര്യാ പ്രാ-തഃകാലത്തിൽ
തെളിവാകും സൂര്യന്ന തുല്യം; ഈ-സൗ-
ന്ദ-ര്യം പാഴ്പുൽക്കൊടിയിന്മേൽ.

തങ്ങും തൂമഞ്ഞിന്ന തുല്യം;- ഈ-സൗ-
ന്ദ-ര്യം സ-ന്ധ്യാ വേളയതിൽ
വാടീടും പൂവിന്ന തുല്യം;-പാ-താ-
ള-ത്തിൽ പാഴാം രൂപത്തിൽ.

കനിയുക കനിയുക കർത്താവേ! ജീ-വൻ
നൽ-കിത്തേ-ജോവസനം നീ
അതിനെയണിയിച്ചീടണമെ; സർ-വ്വാ-
ധീ-ശാ സ്തോത്രം സ്തോത്രം-തേ.

**എത്രൊ**

ബലവാനും മഹാകാരുണ്യവാനും ദയാലുവുമായ ദൈവമായ കർത്താവേ!തിരുസന്നിധിയിലേക്ക്എടുത്തിരിക്കുന്നതിനാൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരിക്കുവേണ്ടി ഈ സമയത്ത് ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപം കൈക്കൊണ്ട് സ്വർഗ്ഗീയ യറുശലേമിൽ

മോഹനീയ വാസസ്ഥലത്ത് ഇവളെ ആശ്വസിപ്പിക്കണമെ. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരു മുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ഇവളെ അർഹയാക്കുകയും ചെയ്യണമെ. മോറാൻ വാലോഹാൻ.......

Receive, O Lord God, by Your abounding mercies, the soul of this Your handmaid ................. who has departed and pased away from the pilgrimage of this temporal life

and has proceeded to You. By the sweet incense offered on her behalf, may her faults be absolved, and may the transgressions committed by her, due to human infirmity, in this world prone to error, be forgiven. May she be worthy to stand at Your right hand on the dreadful judgment day, that with confidence she may offer You glory and thanksgiving with Your Father and Holy Spirit forever and ever.  Amen.

### കോലൊ

**(തുബൈക്ക് ഈത്തോ)**

ദേവേശാ!  നിൻ പരിചാരിക തന്നാത്മത്തെ
സസമാധാനം കൈക്കൊൾക കന്മഷമഖിലം മോചിക്ക
ഇവളെ വിധിക്കരുതേ നാഥാ!  നിൻമായൻ നിയേ-കൻ-താൻ
അപരാധികളഹ്ിച്ചീടും  നരകത്തീന്നിവൾ രക്ഷിതയായ്
കല്പന കാത്തവരോടൊപ്പം  ശോഭന മണവറ പൂ-കേ-ണം
ബാറെക്മോർ-ശുബഹോ......

ഹാ!  മൃതിയേ നീ ഞെളിയേണ്ടാ മൃതരാ-യോർ-മേൽ
അവരുടെ മേൽ തെല്ലലല്ല നിന-ക്കധികാരവുമവകാശമതും
ബലവാനാം സ്രഷ്ടാവവരെ വിസ്തരണം ചെയ്യും-നൂ-നം
സാക്ഷാലവകാശികളും തൽ സുതരും ദാസരുമവരല്ലോ
നിൻ കൈകളിൽനിന്നവരെ വീ-ണ്ടേകും സ്വർഗ്ഗമഹാ-രാ-ജ്യം.

Christ our King, receive in peace the soul of Your handmaid who has slept trusting in You. Absolve and blot out her offences and enter not into judgment with her because You alone are just. Deliver her from the place of torment which is kept for transgressors, and guide her to the chamber of light with all those who kept Your commandments.  Barekmore-Shubhaho......

O death, do not bear haughty dominion over the dead for they are neither your portion not under your contemptible

authority. Their Creator is mighty and He will take vengeance for them. They are His servants, His good inheritors, and His children. He will deliver them from your hands and will cause them to inherit the heavenly kingdom.

**കോലൊ**

**(ത്രൈഹുൻ ഒലമെ)**

അഞ്ചീ-ടാ മരണത്തെ ഞാൻ നിദ്രാഭീതിയുമി-ല്ലെന്നിൽ
ദൈവം-തീയിൽ നടത്തീടും വിധിയോർത്തീടു-ന്നേൻ ഞാൻ
ബാറെക്മോർ-ശുബഹോ.....
നീ വാഗ്ദാനത്തിൻ നാടായ് സ്വർഗ്ഗമഹത്വം ചാർത്തീടും
സുന്ദധ്വനി ജീവൻ നൽകി നിന്നെ വലത്തായ് ചേ-ർത്തീടും.

**മദറോശോ**

**(പർദൈസൊ)**

കാന്തനകാത്തോരാം-കന്യാസ്ത്രീകളെ നീ
പ്രാപിക്കും സഹജേ! പുനരുത്ഥാനത്തിൽ

വ്യാകുല ലോകമതെൻ-ചിന്താവിഷയമതായ്
ആദിമകാലത്തേ-യ്ക്കെൻ മാനസമോടി
സൃഷ്ടിയെയോർത്തോരു ഞാൻ-വെമ്പീ ശാപത്താൽ
മൃത്യു നിമിത്തം വേർപിരിയും നാൾവരെയും
നാരികളത്യധികം-വ്യഥയിൽ നാൾപോക്കി
വേദനയൊടു സുതരെ-പ്രസവിച്ചീടുന്നു.

ജീവൻ പൊയ്പോയ് വേർ-പിരിയും മാതാവേ!
നോക്കീടുമാത്മജരിൽ-നെടുവീപ്പുയരുന്നു.
തായില്ലാപ്പറവ-കുഞ്ഞുങ്ങൾക്കൊപ്പം
അതിസന്താപത്താൽ രോദിച്ചീടുന്നു.
ഈ ദീനാരാവം-കേൾക്കുന്നോരെല്ലാം
ഖേദത്താലവരോ-ടൊപ്പം കരയുന്നു.

ദൂതൻ ചാരേ-വ-ന്നെന്നെക്കൊണ്ടിഹപോയ്
മാരകബാണത്താ-ലെന്നിൽ ഭ്രമമേറ്റി
നിർദ്ദയ പീഡകളാൽ-മർദ്ദിച്ചംഗങ്ങൾ

കാണ്മീൻ വടി മൂന്നാലെന്നെത്താഡിച്ചാൻ
ഞാനാശ്രയഹീന-ഞാനയ്യോ ദീന
നിൻ സൃഷ്ടിയെ നാഥാ! കൃപയാൽ പുതുതാക്ക.

May our sister, on the day of our resurrection, join the virgins who waited for His coming.

Children gaze at their mother and groan as they behold her separated from them by death. Like fledgelings, whose mother has been carried off, they call out in affliction and sadness, so that whosoever hears their bitter voice is also embittered with them in pain and suffering.

Lo, the messenger has come and taken me away hence. By the arrow of death he filled me with terror, he scourged me without mercy, and destroyed my limbs. By the three rods with which he struck me, he devastated me And left me desolated. By Your mercies, O compassionate One, restore Your creature.

My brothers, beloved ones, friends, and relatives pray with one consent, pray with love and concord that the Lord may receive me according to the multitude of His grace, and make me worthy of the abode of the angels and of the voice that says: Come, you blessed of My Father, inherit the kingdom and eternal life.

**മാർ ബാലായിയുടെ ബോവൂസൊ**

കരുണാസമ്പൂർണ്ണാ! പുനരുത്ഥാനദിനേ
നിന്നുടെ സൃഷ്ടിയെ നീ-നവമാക്കീടേണം.

പതിബന്ധം മൃതിയാൽ-വേറായ് മെയ് രണ്ടായ്
ത്തീർന്നൊരു സഹജർക്കായ്-പ്രാർത്ഥിപ്പിൻ നിങ്ങൾ

അവരൊന്നാകണമേ-പുനരുത്ഥാനത്തിൽ

മോചിക്കുക പാപം-മായിക്കുക ദോഷം
സത്യമെഴും വിധിയിൻ-നാളിൽ പാടേണം
പരിശുദ്ധന്മാരൊ--ത്തിവൾ നിൻ സ്തുതി ഗീതം.

വന്നവനും വരുവോ-നും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-ത്മാക്കൾ പാടണമെ.

O God full of mercy, renew Your creature by the resurrection, Your servant and Your worshiper who has slept in Your hope.

May God Who took you away from temporal life, make you worthy of eternal life in the comingworld.

May the living and immortal One forgive your trespasses, that with Martha and Mary, you may rejoice in the chamber of life.

In the mansions of Your saints and in the chamber of delight, grant rest, O Lord, to the soul of Your handmaid in peace.

Glory to Christ Who calls the dead, and they rise without corruption and sing praise.

Their bodies and their souls shall cry together; Blessed is He who has come and will come and raise the dead.

—

## സുറിയാനിക്രിസ്ത്യാനികളായ
# സ്ത്രീകളുടെ ശവസംസ്ക്കാരം

### നാലാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി

പ്രതിവാക്യം: സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആ മ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,

പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽ ഫലമായ യ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മർത്തമറിയമേ, തമ്പുരാന്റെഅമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ

Celebrant: Hail Mary, full of grace,

Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

**പ്രാരംഭപ്രാർത്ഥന**

ദൈവമായ കർത്താവേ! താൽക്കാലിക ജീവതത്തിൽ നിന്ന് വേർപെട്ട് ഈ വ്യർത്ഥലോകത്തിൽ നിന്ന് പുറപ്പെട്ടിരിക്കുന്ന ഈ ആത്മാവ് ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്ക് ഉയർപ്പു ദിവസം വെരെ പരിശുദ്ധ മാലാഖമാരാൽ വഴി നടത്തുവാൻ സംഗതിയാക്കണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയുള്ളോവേ, ഈ ആത്മാവ് മുഖപ്രസാദത്തോടെ അവിടെ കർത്താവിനെ എതിരേൽക്കുമാറാകണമെ. ഹോശോ.....

O Lord, generously bestow to this soul of Thy handmaid who has separted from this world and arrived near Thee, the bridal chamber of beatitudes, the banquest of delights and the dwelling place of joys. When Thou shalt come in glory in the end, and judge the world justly and give reward to everyone as he deserves, make her worthy of mingling with the lambs, the children of Thy right hand, and with them sing praise and thanksgiving to Thee, O Father, Son and Holy Spirit, now and always, for ever: Amen.

**കുക്കിലിയോൻ**

**ÕtMI rjy;Ö**

പൂകട്ടെൻ പ്രർത്ഥന തിരുമുമ്പിൽ-ഹാലേലുയ്യ
ശ്രദ്ധിച്ചീടണമെൻ-യാചനയെ.

ചിന്തിച്ചേൻ കുഴിയതിൽ വീണവരെപ്പോൽ-ഹാലേലുയ്യ
തുണയറ്റൊരു നരനെ-പ്പോലായ് ഞാൻ.

ബാറെക്മോർ-ശുബഹോ.......മെനഓലം.....

**എക്ബൊ**

ÕsuOSalsrlÖ

മൃതിയാണ്ടോരേ!-സൗഭാഗ്യം
നിങ്ങൾക്കുത്ഥാന-ത്തിൻ നാളിൽ
ഉൾക്കൊണ്ടോരുയിരിൻ-തിരുമെയ്യും
നിങ്ങളെ നിർത്തീടും-വലഭാഗേ.
സ്തൗമെൻകാലോസ്..........

**പ്രുമിയോൻ**

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിർമ്മിതാവും നിർമ്മിതമായവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും മരിച്ചുപോയവരുടെ ഉയിർപ്പും ദുഃഖിച്ചിരിക്കുന്നവരുടെആശ്വാസവും വിഷാദിച്ചിരിക്കുന്നവരുടെ ആഹ്ലാദവും വിലാപത്തിലിരിക്കുന്നവരുടെ സന്തോഷവും മനോവേദനയിൽ ഇരിക്കുന്നവരുടെ ധൈര്യവുമായ കർത്താവിന് സ്തുതി. തന്റെ ദാസിയുടെ ശവസംസ്ക്കാര ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ സമയത്തും.........ബ്കുല്ഹൂൻ.....

Make us worthy to raise and thanksgiving, glorification and extolement, great and never ceasing exaltation, continuously, and in every season and at all times:

(Glory be) to that creator of souls and maker of bodies, that hope of the lost; and the confidence of the created; to that resurrection of the entombed, and the vicification of the weeping; the comfort of the sorrowful and the gladness of the mournful; that joy of the lamenting and the encouragement of the broken-hearted:

To Him is due praise, honour and adoration at this time of the burial of his servant, and at all festivals and times, hours and seasons, and during all the days of our lives, for ever. Amen.

**സെദറാ**

ആദ്യന്തമില്ലാത്ത തേജസ്സും മഹാകാരുണ്യവാനും സത്യവാനും, മരണമില്ലായ്മയുടെ പ്രഭയും ജീവനുംഉറവയും, സകലത്തിന്റേയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമായ കർത്താവേ! കർത്താവ് ഭയങ്കരനും കർത്താവിന്റെ കല്പനയിൽ മഹനീയനും ദീർഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. യാതൊരു രഹസ്യവും തവ ദിവ്യദൃഷ്ടിക്ക് അഗോചരമല്ല. ആലോചനകളുടെ ആഴവും ഹൃദയചിന്തകളും തിരുസന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു. തവതീരുമാനങ്ങൾ അപരിമിതങ്ങളും തവ മാർഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു മരണത്തെ മായിച്ചു കളയുവാനും മനുഷ്യ സംഹാരകനായ മഹാസർപ്പത്തെ കൊല്ലുവാനുമായിട്ട് യേശുമ്ശിഹായെന്ന തിരു വത്സല പുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും താല്പര്യമുള്ള സകല ആത്മാക്കൾക്കും രക്ഷയും മരണമില്ലായ്മയും യേശുമ്ശിഹാ പ്രസംഗിക്കുകയും ചെയ്തു. തിരുകല്പനപ്രകാരം ക്ലേശപൂർണ്ണമായ ഈ ലോകത്തിൽ നിന്ന് ശ്രേഷ്ഠവും അനശ്വരവുമായ ലോകത്തിലേക്കു ഞങ്ങൾ അയയ്ക്കപ്പെടുന്നു. കർത്താധികർത്താവും ഇരുലോകങ്ങൾക്കും അധികാരിയുമായുള്ളോവേ! ഈ താൽക്കാലിക ജീവിതമാകുന്ന പരദേശവാസത്തിൽ നിന്ന് വേർപെട്ട് യാത്രയായിരിക്കുന്ന ഈ തവ ദാസിയുടെ ശവസംസ്ക്കാരശുശ്രൂഷയുടെ ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാർത്ഥയും സമർപ്പിക്കുന്നു. ഇവിടെ നിന്ന് യാതയായി സ്വർഗ്ഗീയ ഭവനങ്ങളിൽ വസിപ്പിക്കുന്നവരായ സമാധാനമാലാഖാമാർ മൂലം ഇവളുടെ ആത്മാവിനെ കൈക്കൊള്ളണമെ. കർത്താവേ! ദുഷ്ടാത്മക്കളുടെ പിടിയിൽ നിന്നും ഇവളുടെ ആത്മാവിനെ രക്ഷിച്ചു കൊള്ളണമെ. ആ എതിരാളിയുടെ ബന്ധനത്തിൽ നിന്ന് അതിനെ വിടർത്തണമെ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്നവരുമായ ചുറ്റി നിൽക്കുന്നതുപോലെയുള്ള സേനകൾ ഇവൾക്കും ലഭിക്കുമാറാകണമെ. തവ മനുഷ്യപ്രീതിയാൽ ഇവളുടെ പാപങ്ങളെ പൂർണ്ണമായി പരിഹരിക്കണമെ. ഇവളുടെ തെറ്റുകളെ തിരുദയയാൽ പൂർണ്ണമായി ക്ഷമിക്കുകയം ചെയ്യണമെ. ഇവളുടെ യാത്രയ്ക്ക് തിരുസഹായം പരസ്യമായി അയച്ചുകൊടുക്കണമെ. കൃപാപൂർണ്ണമായ വലംകൈ ഇവൾക്ക് നീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽ നിന്ന് ഇവളെ ഉദ്ധരിച്ചു കൊള്ളണമെ. അദൃശ്യമായ തിരുശക്തിയാൽ ഇവളെ സഹായിക്കണമെ. പിശാചുക്കളു

ടെ ഭയങ്കരമായ ഒളിവിടങ്ങളിൽ നിന്ന് ഇവളെ രക്ഷിച്ചുകൊള്ളണമെ. ഇവളുടെ പ്രമാണലംഘനങ്ങൾക്ക് തക്കപോലെ ഇവളെ വിധിക്കരുതെ; തിരുസന്നിധിയിൽ സർവ്വരും കുറ്റക്കാർ തന്നെയാണല്ലോ. കർത്താവേ! ഞങ്ങളുടെ സ്വാഭാവികമായ ദുർബ്ബലതയിൽ കനിവു തോന്നണമെ. ഞങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്നതായ തിരുനാമത്തെയും തിരുമഹാകരുണയെയും ഞങ്ങളിലുംഇവളിലും ഓർക്കണമെ. ഞങ്ങളുടെ വർഗ്ഗത്തിന്റെരക്ഷയ്ക്കുവേണ്ടിയുണ്ടായ തിരുഏകപുത്രന്റെ കഷ്ടാനുഭവങ്ങൾ കർത്താവിനോടപേക്ഷിക്കുമാറാകണമെ. തവ കൃപയുംകരുണയും ഇവളുടെ മേൽ ഉദിക്കുമാറാകണമെ. ഇവൾ വിശ്വസിച്ചതായ ജയമുള്ളസ്ലീബാ ഇവൾക്ക്, വിശുദ്ധന്മാരുടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായി ഭവിക്കുമാറാകണമെ. ഞങ്ങളുടെ വംശ ശത്രുവായ സാത്താൻ തന്റെ ദുഷ്ടമായ ആഗ്രഹം നിറവേറാതെ ലജ്ജിച്ചു പോകത്തക്കവണ്ണം തവ കരുണ ഇവളിൽ ഉണ്ടാകുമാറാകണമെ. കർത്താവേ! തിരുനാമഭക്തന്മാർക്കുള്ള അനുഗ്രഹീത ഭവനങ്ങളിൽ എത്തുന്നതുവരെ ഈതവ ദാസിക്ക്കോട്ടയുംഅനുയായിയും കാവൽക്കാരനും സഹായിയും ആയിരിക്കണമെ. അവിടെ ആദ്യന്തമില്ലാത്തതായ തിരുമഹിമയിൽ ഇവൾ ആനന്ദിക്കുമാറാകണമെ. അബ്രഹാമിന്റെ മടിയിൽ വിശ്രമിച്ചുകൊണ്ട് എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും വിസ്മരിക്കുവാൻ ഇവൾക്ക് സംഗതിയാകണമെ. കർത്താവേ! തവ ആരാധകരായ ഞങ്ങളെയെല്ലാവരെയും ഇവയ്ക്കെല്ലാം യോഗ്യരാക്കിത്തീർക്കണമെ. വെടിപ്പുള്ളതും ആനന്ദകരവും പാപരഹിതവുമായ ജീവിതത്തിൽ അന്ധകാരത്തിന്റെ ദുഷ്ടസേനകൾക്ക്വിധേയമാകാത്ത സമാധാന പരമായ നിര്യാണം ഞങ്ങളും അനുഭവിക്കാൻ ഇടയാകണമെ. കർത്താവേ! കരുണാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ച് വിലപിച്ചിരിക്കുന്നവരെആശ്വസിപ്പിക്കുകയും ദുഃഖിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും മ്ലാനവദനരായിരിക്കുന്നവർക്ക് മുഖപ്രസന്നത നൽകുകയും ചെയ്യണമെ. കർത്താവിനെ സ്തുതിക്കുന്ന ഏവർക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം ശരണവും പ്രത്യാശയും ആയിരുന്നതുകൊണ്ട് അവരുടെ മുഖത്തുനിന്ന് കണ്ണുനീരും ദുഃഖവും നീക്കികളയണമെ. ദൈവമേ! കർത്താവിന്റെ മ്ശിഹായിലുള്ള പ്രത്യാശയിൽ മുൻകൂട്ടി കർത്താവിന്റെ അടുക്കലേക്ക് യാത്രപുറപ്പെട്ടവരും ശ്രേഷ്ഠവും മഹനീയവുമായ അവിടുത്തെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കു

ന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാർക്കും ഗുരുക്കന്മാർക്കും ഞങ്ങളെല്ലാവരേയും വഹിച്ചിരിക്കുന്ന തവ കൃപയാൽ ഭാഗ്യകരമായ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസം നൽകണമെ. ആ പ്രത്യക്ഷയെ ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളോടുകൂടെ എതിരേൽക്കുവാൻ ഞങ്ങളും കാത്തിരിക്കുന്നു. കർത്താവേ! മുൻകൂട്ടി നിദ്രപ്രാപിച്ചവരും ഇവിടെ അവശേഷിക്കുന്നവരുമായി രക്ഷിതരും അവിടുത്തെ കർത്തൃത്വത്തിന്റെ ദാസരുമായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത തിരുരാജ്യത്തിൽ വന്ദ്യവും ഗ്രഹണാതീതവുമായ തിരുനാമത്തെയും തവ ഏകപുത്രനേയും തിരുപരിശുദ്ധ റൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ യോഗ്യരായിത്തീരണമെ.

ഹോശോ..............

O Lord, who art the eternal light, greatly graceful and true; that brightness and life, and the spring of immortality; the creator of all things who sets in order the worlds and the changes in them; Thou art awful and glorious in Thy command, long suffering and merciful. Secrets are not hid before Thy divine vision and the deapths of the minds and the reckonings of the heart are uncovered and exposed before Thee. Thy judgements are immeasurable and Thy ways unsearchable. Thou didst send Thy beloved Son Jesus Christ to the world that He might abrogate death and kill the dragon who slaughters humen. Thou didst proclaim life and immortality to every willing would. By Thy command we are sent from this world full of suffering, to that world excellent and

incorruptible. O Lord, who art the Master of all things and the Ruler of both worlds, we offer before Thee prayer and supplication at this time of burial of Your servant, who has separated and departed from this temporary so journ of life that Thou mayest receive his

soul by the angels of peace who shall take her forth from this place and make her dwell in the heavenly mansions. O Lord, deliver her soul from the clutches of evil spirits. Save her from the bonds of the enemy. May such armies which encircle those that fear her name and do Thy will, encounter her. Absolve completely all his sins by Thy human love. Blot out her follies fully by Thy loving kindness. Send Thy succour openly for her travel. Extend to her Thy right hand, full of grace that it may draw her out from the whirlpool of second death. Help herby Thy invisible power. Protect her from the frightful passes of the devils. Do not Thou judge her in her lawlessness since everybody stands condemned before You. O Lord, perceive Thou the infirmity of our nature. Remember Thou concerning her and concerning us, Thy holy name with which we have been called and the multitude of Thy mercies. May the precious passions of Thy only begotten Son, for the salvation of our race, supplicate for us. May Thy mercies and Thy grace dawn upon her. May the victorious cross (+) in which she believed be to her soul a pillar of light making her dwell amidst the company of the saints. May Thy loving kindness manifest upon her, that satan, the enemy of our race, shall blush and be ashmed, since her evil desire has not been fulfilled. Lord, be Thou to this Thy servant a fortress, a companion, a keeper and a helper until she shall reach the blessed mansions of the devotes of Thy name and rejoice there in Thy eternal glory, and forget his sorrows and mournings and afflications resting in bosoms like that of Abraham. O Lord, make also who are Thy worshippers ready for these, that with live's pure sweet and protected from sins, we may attain a peaceful departure, not overcome by the

evil forces of darkness. O Lord, while looking upon us with an eye of compassion, give comfort to the wailing; encourage those who are sorrowful; remove all the tears and sadness from the faces of those who praise Thee, becoming thyself the hope and trust to each one, in every place as befitting her. Lord, grant by Thy grace possessing all of us, that repose with the saints in bliss-full mansions, to all our parents, brethern and teachers who have already proceeded to Thee with hope in the Messiah and await His great and glorious revelation; which we also await to see, with clear faces, devoid of all shame; that we all who are saved; the servants of her lordship; those who have gone before and those who remain back, may be worthy to praise and exalt in Thy eternal kingdom,Thy adored and incomprehensive name and that Thy only begotten Son and Thy Spirit, all holy, good, adored, life-giving consubstantial with Thee now and always for ever. Amen Hoso.....

**മാനിസൊ**

വേഗം വന്നെത്തീടേണം നാഥാ! നിൻ ദയയെൻ മുമ്പിൽ
എൻ ജീവാന്ത്യമടുക്കുമ്പോൾ എന്നാത്മാവിൻ കർമ്മങ്ങൾ
പ്രതിദാനം നേടീടുമ്പോൾ തുണയാകില്ലെൻ നേട്ടങ്ങൾ
പൊന്നിനു വിലയില്ലവിടെങ്ങും അങ്ങീശോയാം ദേവേശൻ
വിധിപീഠത്തിലിരിക്കുന്നു ധനികനു ദീനതയില്ലെങ്കിൽ
ധനമാലംബം നൽകില്ല ദീനനു ശുദ്ധതയില്ലെങ്കിൽ

ദീനതയും തുണയേകീടാ സത്തമനേ നരവത്സലനേ!
അവിടെന്മേൽദയതോന്നണമെ-ന്നർത്ഥിച്ചീടുന്നേൻ മേന്മേൽ
മൊറിയൊ........

**കോലൊ**

**(അംദ്കുലഹുൻ)**

മ്ശീഹാ രാജാവേ! ശോ-കം ക്ലേശം മൃ-തിയിവയേശാത്ത
ശാശ്വത ജീവസ്ഥാനത്തിൽ പരിശുദ്ധന്മാരോടൊപ്പം
ദാസാത്മാൾക്കാശ്വാ-സം മംഗളപൂ-ർവ്വം നൽകേണം
ബാറെക്മോർ-ശുബഹോ......
നാം ദൈവാത്മജരായീ-ടാൻ വാഴ്ചയിലു-പദേശിച്ചോരാം
ജനകന്മാരെയോർക്കേണം ദൈവതനൂജൻ സ്വർഗ്ഗത്തിൽ
ആശ്വാസം പുണ്യാത്മാ-ക്കൾ-ക്കൊപ്പമവർ-ക്കേകീട-ട്ടെ.

**മദറോശൊ**

**(ഓ ഉമറൊ ദ്സബ്നൊ)**

നാ-ഥാ! മൃതയാ-മീ ദാസിക്കേ-കണമാശ്വാസം

പോവുക സഹജാ-തേ! ഭൂവാസം-നിരസിച്ചോളേ!
ആ-രാജകുമാരൻ പാർപ്പിക്കും മണിയറ ത-ന്നിൽ

നീ-വീ-ട്ടാരെയും സുതരെയും വേർപെട്ടെങ്കിൽ
വാ-നവരുടെ നാ-ട്ടിൽ നിന്നെയവൻ-നിവസിപ്പിക്കും
കൂ-ട്ടായ് നിൻ സ്ലീ-ബാ ഭീകരമാം കടവതിലാന്ന്
പാ-ഴിരുളിൻ നേ-നാ നിവഹത്തെ പായിക്കട്ടെ.
സ്ലീ-ബാ-ത്താക്കോലാൽ പറുദീസിൻ വാതിലിലേറീ-
ട്ടാ-നന്ദത്താ-ൽ ഞാൻ നിൻകൃപയെ വാഴ്ത്തീട-ട്ടെ.

വായനക്കാരൻ: ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ ശ്രേഷ്ഠ പുസ്തകത്തിൽ നിന്നും-ബാറെക്മോർ.

പ്രതിവാക്യം: ജ്ഞാനികളുടെ ഉടയവന്നു സ്തുതിയും-നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ.

**വായനകൾ**

**മഹാജ്ഞാനം 2: 1-5**

മകനേ, ജ്ഞാനത്തിന്നു ചെവി കൊടുക്കയും ബോധത്തിന്നു നിന്റെ ഹൃദയം ചായിക്കയും ചെയ്യേണ്ടതിന്നു എന്റെ വചനങ്ങളെ കൈക്കൊണ്ടു എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചാൽ, നീ ബോധത്തിന്നായി വിളിച്ചു വിവേകത്തിന്നായി ശബ്ദം ഉയർത്തുന്നു എങ്കിൽ, അതിനെ വെള്ളിയെപ്പോലെ അന്വേഷിച്ചു നിക്ഷേപ

ങ്ങളെപ്പോലെ തിരയുന്നു എങ്കിൽ, നീ യഹോവ ഭക്തി ഗ്രഹിക്കയും ദൈവപരിജ്ഞാനം കണ്ടെത്തുകയും ചെയ്യും.

Reader: The lesson from the great book of the wisdom of Solomon, the wisest among the wise: Barekmore.

Response: Glory be to the Lord of the wise and His mercy upon us, for ever.

PROVERBS: 2: 1-5

O my son, learn what I teach you and never forget what I tell you to do. Listen to what is wise and try to understand it. Yes, beg for knowledge; plead for insigt. Look for it as hard as you would for silver or some hidden treasure. If you do , you will know what it means to fear the Lord and you will successed in learning about God.

ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ് ജാതികളിടയിൽ
ഭൂതലസീമയിതോളം നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ർക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു സ്വർഗ്ഗമഹാ-രാജ്യം

വായനക്കാർ: പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽ നിന്നും ; ഹാബീബായ്-ബാറെക്മോർ

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

**പ്രക്സീസ് 9: 36-42**

യോപ്പയിൽ, പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്നു പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു; അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു. ആ കാലത്തു അവൾ ദീനം പിടിച്ചു മരിച്ചു; അവർ അവളെ കുളിപ്പിച്ചു ഒരു മാളികമുറിയിൽ കി

ടത്തി. ലുദ്ദ യോപ്പെക്കു സമീപമാകയാൽ പത്രൊസ് അവിടെ ഉണ്ടെന്നു ശിഷ്യന്മാർ കേട്ടു: നീ താമസിയാതെ ഞങ്ങളുടെ അടുക്കലോളം വരേണം എന്നു അപേക്ഷിപ്പാൻ രണ്ടു ആളെ അവന്റെ അടുക്കൽ അയച്ചു. പത്രൊസ് എഴുന്നേറ്റ് അവരുടെ കൂടെ ചെന്നു. എത്തിയപ്പോൾ അവർ അവനെ മാളികമുറിയിൽ കൊണ്ടുപോയി; അവിടെ വിധവമാർ എല്ലാവരും കരഞ്ഞുകൊണ്ടും തബീഥാ തങ്ങളോടുകൂടെ ഉള്ളപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളും കാണിച്ചുകൊണ്ടും അവന്റെ ചുറ്റും നിന്നു. പത്രൊസ് അവരെ ഒക്കെയും പുറത്തിറക്കി മുട്ടുകുത്തി പ്രാർത്ഥിച്ചു ശവത്തിന്റെ നേരെ തിരിഞ്ഞു: തബീതായേ എഴുന്നേൽക്ക എന്നു പറഞ്ഞു; അവൾ കണ്ണു തുറന്നു പത്രൊസിനെ കണ്ടു എഴുന്നേറ്റു ഇരുന്നു. അവൻ കൈകൊടുത്തു അവളെ എഴുന്നേല്പിച്ചു, വിശുദ്ധന്മാരേയും വിധവമാരേയും വിളിച്ചു അവളെ ജീവനുള്ളവളായി അവരുടെ മുമ്പിൽ നിറുത്തി. ഇതു യോപ്പയിൽ എങ്ങും പ്രസിദ്ധമായി, പലരും കർത്താവിൽ വിശ്വസിച്ചു.      ഹാബീബായ്-ബാറെക്മോർ

Those Apostles
Chosen, sent by God, they went-
to ev’ry place
Through all the world,
Gentiles heard from them the news,
The Gospel grace.
They proclaimed-the kingdom,
Heav’ns rule-of freedom
For the faithful bliss.

Reader: The lesson from the Acts of the Holy Apostles
Habibai, Barekhmor

Response: Glory be to the Lord of the Apostles, and
His mercy be upon us-for ever.

Acts: 9: 36-42

In Joppa there was a woman named Tabitha, who was

a believer. (Her name in Greek is Dorcas, meaning “a deer”) She spent all her time doing good and helping the poor. At that time she got sick and died. Her body was washed and laid in a room upstairs. Joppa was not very far from Lydda and when the believers in Joppa heard that Peter was in Lydda, they sent two men to him with the message “Please hurry and come to us.” So Peter got ready and went with them. When he arrived, he was taken to the room upstairs, where all the widows crowded around him, crying and showing him all the shirts and coats that Dorcas had made while she was alive. Peter put them all out of the room, and knelt down and prayed; then he turned to the body and said, “Tabitha, get up!” She opened her eyes, and when she saw Peter, she sat up. Peter reached over and helped her to get up. Then he called all the believers, including the widows, and presented her alive to them. The news about this spread all the Joppa, and many people believed in the Lord.
Habibai, Barekhmor

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി-ച്ചിങ്ങൊരുവൻ
വന്നറിയിച്ചാൽ വാനവനെങ്കിലുമാദൂതൻ താനേൽക്കും
സഭയിൻ ശാപം പലതരമുപദേശങ്ങളഹോ

പാരിൽ മുളച്ചു പരക്കുന്ന ദൈവത്തിന്നുപദേശം
തൊ-ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-
Saint, the Lord’s Apostle, said
If one come to preach to you
Other doctrine than we know,
Be he man or angel bright,

Curs'd be he in Churchs sight;
Doctrines all diverse arise,
Shooting up with first and last
Trusts God's truth and holds it fast.

വായനക്കാർ: പൗലോസ്ശ്ലീഹാ തെസലോനിക്ക് എഴുതിയ ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ.

**(തെസലോനി 4: 13-18)**

സഹോദരന്മാരേ! പ്രത്യാശയില്ലാത്ത മറ്റാളുകളെപ്പോലെ നിദ്ര പ്രാപിക്കുന്നവരെക്കുറിച്ച് നിങ്ങൾ ദുഃഖിക്കരുതെന്ന് അറിഞ്ഞു കൊൾവാൻ ഞാനാഗ്രഹിക്കുന്നു.എന്തുകൊണ്ടെന്നാൽ യേശു മരിക്കയും പുനരുത്ഥാനം ചെയ്കയും ചെയ്തു എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ അപ്രകാരം തന്നെ ദൈവം യേശുവിലുൾപ്പെട്ടു മരിച്ചുപോയവരേയും അവനോടുകൂടെ ഉയർപ്പിക്കും. നമ്മുടെ കർത്താവിന്റെ വരവിങ്കൽ ജീവനോടു ശേഷിക്കുന്നവരായ നമുക്ക് നിദ്രപ്രാപിച്ചവരെ പിൻതുടരേണ്ടി വരികയില്ലന്ന് കർത്താവിന്റെ വചനം ആധാരമാക്കി ഞങ്ങൾ നിങ്ങളോടു പറയുന്നു. നമ്മുടെ കർത്താവ് പ്രധാന മാലാഖായുടെ അകമ്പടി ശബ്ദം, ദൈവത്തിന്റെ കാഹളധ്വനി ഇവയോടുകൂടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരും. അപ്പോൾ മ്ശിഹായിൽ ഉൾപ്പെട്ടവരായ മരിച്ചവർ ആദ്യമേ ഉത്ഥാനം ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം- അവരോടു കൂടെ ഒരുമിച്ച്- അന്തരീക്ഷത്തിൽ കർത്താവിനെ എതിരേല്പാനായിട്ട് മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങിനെ എല്ലായ്പ്പോഴും നാം നമ്മുടെ കർത്താവിനോടൊരുമിച്ച് സ്ഥിതി ചെയ്യുകയും ചെയ്യും. ആകയാൽ ഈ വചനങ്ങൾ മൂലം പരസ്പരം ആശ്വസിപ്പിച്ചുകൊൾവിൻ.
ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. Paul, the Apostle, to the Thessalonians **Ahai Barekhmor.**

Response: Praise be to the Lord of Apostle, and His mercy be upon us for ever.

1 Thessalonians 4: 13-18

Our brothers, we want you to know the truth about those who have died, so that you will not be sad, as are those no hope. We believe that Jesus died and rose again, and so we believe that God will take back with Jesus those who have died believing in him. What we are teaching you now is the Lord's teaching: we who are alive on the day the Lord comes will not go ahead of those who have died. There will be the shout of command, the archangels voice, the sound of God's trumpet, and the Lord himself will come down from heaven. Those who have died believeing in Christ will rise to life first; then we who are living at that time will be gathered up along with them in the clouds to meet the Lord in the air. And so we will always be with the Lord. So then, encourage one another with these words. Ahai Barekhmor.

**പെത്ഗോമൊ**

ഹാലേലുയ്യ-ഉ-ഹാലേലുയ്യ പ്രീതിപ്പെട്ടീടണമേയടിയാനിൽ ഏറും കൃപയാലിവളെ രക്ഷിക്ക-ഹാലേലുയ്യ.

ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

Deacon/Altar Asst.: With calmness and reverence and with sober minds, let us give heed, and listen to the

Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

പുരോഹിതൻ:+ **നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.**

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീർക്കമാറാ-കട്ടെ.

പുരോഹിതൻ: ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും ഘോഷിക്കുന്ന സുവിശേഷകനായ മത്തായി ഏവൻഗേലിസ്ഥായിൽ നിന്ന്.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടാ യിരിക്കട്ടെ.

പുരോഹിതൻ:വിശുദ്ധകന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീന്ന ദൈവവും, ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കർത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവഇപ്രകാരം സംഭവിച്ചു.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

**ഏവൻഗേലിയോൻ**

(പ. മത്തായി 25: 1-13)

വീണ്ടും സ്വർഗ്ഗരാജ്യം മണവാളന്റെയും മണവാട്ടിയുടെയും എതിരേല്പിനായിട്ട് ദീപയഷ്ടികൾ എടുത്തുകൊണ്ടു പുറപ്പെട്ട പത്തു കന്യകമാക്ക് സദൃശ്യമായിരിക്കും. അവരിൽ അഞ്ചുപേർ ബുദ്ധിമതികളും അഞ്ചുപേർ ബുദ്ധിഹീനകളും ആയിരുന്നു. ബുദ്ധിഹീനകൾ എണ്ണയില്ലാതെ തങ്ങളുടെ ദീപയഷ്ടികളെ എടുത്തു. ആ ബുദ്ധിമതികളാകട്ടെ പാത്രങ്ങളിൽ എണ്ണസഹിതംദീപയഷ്ടികൾ എടുത്തു. മണവാളൻ താമസിച്ചതുകൊണ്ട് അവർ ഉറങ്ങി. അദ്ധരാത്രിക്കു

“ഇതാ മണവാളൻ വരുന്നു; അവന്റെ എതിരേല്പിനുപുറപ്പെടുവിൻ” എന്ന് ആർപ്പു വിളിയുണ്ടായി. അപ്പോൾ ആ കന്യകമാർഎല്ലാവരും എഴുന്നേറ്റ് തങ്ങളുടെ ദീപയഷ്ടികളെ തെളിയിച്ചു. ആ ബുദ്ധിഹീനകൾ ബുദ്ധിമതികളോട്, “ഇതാ ഞങ്ങളുടെ ദീപങ്ങൾ കെട്ടുപോയതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ നിന്ന് കുറെ ഞങ്ങൾക്കും തരിക;” എന്നുപറഞ്ഞു. ആ ബുദ്ധിമതികൾ മറുപടിയായിട്ട്, “ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വന്നേക്കാം; നിങ്ങൾ കച്ചവടക്കാരുടെ അടുക്കൽപൊയി വാങ്ങുവിൻ;” എന്നു പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടി വിരുന്നുശാലയിൽ പ്രവേശിച്ചു; വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഒടുക്കം ആ മറ്റേ കന്യകമാരും വന്ന് “പ്രഭോ! പ്രഭോ! ഞങ്ങൾക്കും വാതിൽ തുറന്നു തരേണമെ” എന്നു പറഞ്ഞു. അവൻ ഉത്തരമായിട്ട് അവരോട്, “നിങ്ങളെ ഞാൻ അറിയുന്നില്ല, എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു;” എന്നു പറഞ്ഞു. ആയതുകൊണ്ട് ആ ദിവസത്തെയും ആ സമയത്തെയും നിങ്ങൾക്കറിഞ്ഞുകൂടാത്തതിനാൽ ജാഗ്രതയായിരിപ്പിൻ.

Celebrant: [While faciing to the audiance)

\+ Peace be-to-you—all.

Response: And with thy spirit

Celebrant: The Holy Gospel of our Lord Jesus Christ, Life giving preaching from St. Matthew the Apostle the preacher who preaches life and redemption to the world.

Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

Response: We believe and confess.

**GOSPEL READING**

(St. Matt. 25: 1-13)

Then the kingdom of heaven will be like ten virgins, who took their lamps and went to greet the bridegroom and the bride. Five of them were wise, and five were foolish. And the foolish ones took their lamps, but took no oils with them. But the wise ones took oil in the vessels with their lamps. As the bridegroom was delayed, they all slumbered and slept. And at midnight there was a cry, behold, the bridegroom is coming; go out to greet him! Then all the virgins got up and prepared their lamps. And the foolish ones said to the wise ones, Give us some of your oil, for our lamps are going out. Then the wise ones answered, saying, Why, there would not be enough for us and for you; go to those who sell and buy for yourselves. And while they went to buy, the bridegroom came; and those who were ready entered with him into the banquesting house, and the door was locked. Afterwward the other virgins also came and said, Our Lord, our Lord, open to us. But he answered and said to them, truly I say to you, I do not know you. Be alert, therefore, for you do not know the day nor the hour.

Peace be to all of You +

**ലുത്തിനിയ**

നാമെല്ലാവരും ദുഃഖത്തോടും സങ്കടത്തോടും കൂടെ യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചെല്ലണം.

കുറിയേലായിസ്സോൻ

മരണമുള്ളതായ ഞങ്ങളുടെ വർഗ്ഗത്തിന്റെ യഥാർത്ഥ ജീവനാകുന്ന മ്ശിഹാതമ്പുരാനേ! ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ

സത്യവിശ്വാസത്തോടുകൂടി നിദ്രപ്രാപിച്ചവരും തവ കരുണയ്ക്കായി വാഞ്ചിച്ചുകൊണ്ടിരിക്കുന്നവരുമായ എല്ലാവർക്കും വേണ്ടി തിരു കരുണയും പാപമോചനവും അവർക്ക് നൽകപ്പെടുവാനുമായി ഞങ്ങൾ അപേക്ഷിക്കുന്നു.

കുറിയേലായിസ്സോൻ

നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

Let us all stand well as one, with sorrow and mourning; and with voices reconciling God, cry out and say Kurielaison (Lord have mercy upon us)

Kurielaison

O Christ, our God, that true life of our mortal race we beseech You.

Kurielaison

For all those, who have departed with true faith race and eagerly desire for the blessings from You, we pray You that absolution and blessings from You, may be granted to them. We beseech You.

Kurielaison

Make this Your handmaid,................., Lord, worthy to rejoice in the heavenly kingdom with the wise virgins and the congregation of holy women. We entreat You, Lord, hear us and have mercy upon us. Let us cry out and say thrice Kurielaison.

Kurielaison, Kurielaison, Kurielaison.

**മദറോശൊ**

**(ന്ഹദ്സിവു നുഹോമൊ)**

കൃപനിറയും മ്ശിഹാ!–മൃതയാം നിൻ ദാസി-

ക്കുത്ഥാനം നൽകി-നവ്യതയും സ്വർഗ്ഗേ മോദവുമേ-കേ-ണം
കണ്ണുകളിൽ കണ്ണീർ-ശ്രുതികളിലാരവം
അയ്യംവിളി വായിൽ-വ്യഥയകമേ നാഥാ!നൽകണമാ-ശ്വാ-സം
വീടതിലിളവില്ലാ-തോടി നടന്നോളെ
കബറതിലേയ്ക്കേന്തു-ന്നപരന്മാർ നാഥാ!-നൽകണമാ-ശ്വാ-സം
കനിതിന്നപരാധം-ഹാവാ ചെയ്തപ്പോൾ
മാനവവംശത്തിൽ-മൃതിപൂകി നാഥാ! നൽകണമാ-ശ്വാ-സം
ഉയിരുള്ളോരൊപ്പം-മന്ദിരത്തിൽ വാണോൾ
മൃതരൊടു കബറാന്നാൾ-പുനരുത്ഥാനമിവൾ-ക്കഴകേകീ-ട-ട്ടെ.

## കോലൊ

(സാലാവാലായ്)

പ്രാർത്ഥിപ്പിൻ പ്രിയരെയെൻ-പേർ-ക്കെല്ലായ്പ്പോഴും മെന്നെയോർപ്പിൻ
ഞാൻ മൃതിയാൽ വേർപെട്ടേനെൻ പാപത്തെയോർത്തഞ്ചുന്നേൻ
ഈ പ്രാർത്ഥനയാൽ ഞാൻ-നേ-ടും പിൻകദരി-ങ്ങളിൽ സം-ര-ക്ഷ
ബാറെക്മോർ-ശുബഹോ.....
പുണ്യം ചെയ്തോളാം ദാ-സീ! ശ്ലോമൊ നൽകാൻ വന്നീടു-
ന്നീറെന്മാർ, പറുദീസായിൽ നിർമ്മലമാം നിന്നാത്മത്തെ
പൂകിയ്ക്കും സന്തോഷി-ക്കും ധാർമ്മികരൊ-പ്പം നീ വാ-നിൽ

(മൃതദേഹം വഹിച്ചുകൊണ്ടു പോകുമ്പോൾ)

## കോലൊ

(സൊഹദെ ആപ്പീസുനോയ്)

ദേവേശാ!യെൻ മാ-ർഗ്ഗത്തിൽ കൂട്ടായ് നിന്നാസ്ലീ-ബായാൽ
എൻ ജീ-വൻ കാത്തീ-ടേണം കർത്താവേ! ന്യായത്തീർപ്പിൽ
സ്ക്കീപ്പാമേൽ മോഷ്ടാവേപ്പോ-ലമ്പാ-ലെന്നെ വാ-ഴ്ത്തേ-ണം
ബാറെക്മോർ-ശുബഹോ.....
റാഹേൽ മരണമട-ഞ്ഞപ്പോൾ യാക്കോബവളെ സം-സ്ക്കാരം
ചെയ്ത-ധികം ഖേദം-പൂണ്ടാൻ ഈ മൃതയെപ്രതി കേ-ഴേണ്ടാ
ജീവൻ നൽകുമവൾ-ക്കുള്ളിൽ സ്ഥിതമാം-തിരുമെയ് ര-ക്തങ്ങൾ.

(പുരോഹിതൻ മൃതദേഹത്തിൽ തൈലം ഒഴിക്കുന്നു)

## പ്രാർത്ഥന

തന്റെ ദൈവിക കല്പനയാലും കർതൃഹിതപ്രകാരവും ഈ സ ഹോദരിയെ ഈ താൽക്കാലിക ജീവതത്തിൽ നിന്ന് യാത്രയാക്കിയ ദൈവമായ കർത്താവേ! തിരുസന്നിധിയിൽ നിന്ന് സ്വർഗ്ഗീയസേനകളുടെ സഹായം ഇവൾക്ക് അയച്ചു കൊടക്കണമെ. ഇവളുടെ മൃത

ശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ആയാറിൽ പതിയിരുന്ന് മനുഷ്യാത്മാക്കളുമായ് പോരാട്ടം നടത്തുന്നപ്രതികൂലസൈന്യങ്ങളിൽ നിന്നും ശത്രുവിന്റെ പാളയങ്ങളിൽ നിന്നും ഇവൾ രക്ഷപെടുമാറാകണമെ. പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിലേക്ക് ഇവളെ ആനയിക്കുകയും ചെയ്യണമെ. ഇവൾ സന്തോഷത്തോടും ആനന്ദത്തോടും കൂടി കർത്താവിനും കർത്താവിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകണമെ.

**(The Priest, holding the holy oil in his hand shall say):**

O Lord God, by Whose Godhead's command and Lordship's authority this Your servant ............. has departed from this temporal life, send unto her from above the succor of Your angelic hosts, and by means of this oil which is to be poured on her body, grant that she may become slippery and unrestrainable by the adverse powers and the hosts of the enemies who lie in wait in the air to wage war against the souls of men. Bring her safe to the heavenly abodes of light and exultation among the saints, so that, rejoicing and exceedingly glad, she

may offer glory and give thanks to You, Father, Son and Holy Spirit now and forever.

**(മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം വീഴ്ത്തിക്കൊണ്ട്)**

പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനുമായി പിതാവിന്റെയും ✚ പുത്രന്റെയും ✚ പരിശുദ്ധറൂഹായുടെയും ✚ നാമത്തിൽ നിത്യജീവനുവേണ്ടി ഈ തൈലം ഒഴിക്കപ്പെ ടുന്നു.

**(The Priest pours the oil on the body in the sign of three crosses: one on the face, another on the chest, and the third on the knees, while he says following prayer:)**

For the release from pain, for repose from misery, and for felicity with the saints:
In the name of the Father, +
And of the Son +
And of the living Holy Spirit + for life eternal.

**(പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇടുന്നു)**

നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ തിരികെ ചേരും, വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും എന്നരുളിച്ചെയ്തപ്രകാരം കർത്താവേ! ഇതാ തിരുവിഷ്ടം ഈ ദാസിയിൽ നിറവേറിയിരിക്കുന്നു.

(മൃതശരീരം കല്ലറയിലിറക്കുന്നു)

**(The Priest shall take some dust in his hand and cast it on the body in the form of a cross , saying)**

Your will, O Lord, has been fulfilled as You have decreed saying: Dust you are, and to dust shall you return, and again you shall be restored

(The body is laid in the grave)

**(കല്ലറയിൽ മണ്ണിടുമ്പോൾ ഈ ഗീതം ചൊല്ലുന്നു)**

**(ബർത്തോംബൊ)**
**51-ാം സങ്കീർത്തനം**

ദൈവമേ! തിരു കൃപയിൻ പ്രകാരം.......ഹാലേലുയ്യ

സ്നേഹമൊടെത്തിയ സൽപുത്രാ-മൃതിയേറ്റോനേ!
ഞങ്ങളെ രണ്ടാം മൃതിയിന്നും-കനിവാൽ കാക്ക.

എന്റെ അന്യായത്തിൽ നിന്ന് ........ ഹാലേലുയ്യ

ക്രിയകൾക്കൊപ്പം സകലർക്കും-ഫലമേകുമ്പോൾ
നീതിനിമിത്തം വിധിഗേഹം-ബഹുഭീതികരം.

കർത്താവിനു വിരോധമായിത്തന്നെ.......ഹാലേലുയ്യ

നിന്നുടെ നീതിയെയെൻദോഷം-ലംഘിച്ചെങ്കിൽ
ഞാൻ നരകത്തീന്നൊഴിയും നിൻ-വരസമ്പത്താൽ.

എന്നാൽ നീതിയിൽ കർത്താവ് ഇഷ്ടപ്പെട്ടും.......ഹാലേലുയ്യ
അനുതാപത്തിന്നങ്ങിടമി-ല്ലെന്നേവം ഞാൻ
കേൾപ്പതിനാലെൻ സോദരരേ! ഖേദിക്കുന്നേൻ.

കർത്താവിന്റെ ആനന്ദവും സന്തോഷവും ം.......ഹാലേലുയ്യ

മൃതിയാൽ മൃതരെ മൃതരീന്നും മായിച്ചോനേ!
ഈശോ നൃപതേ! നിൻകൃപയെ-വാഴ്ത്തും ഞങ്ങൾ.

ദൈവമേ വെടിപ്പുള്ള ഹൃദയത്തെ.......ഹാലേലുയ്യ

ജീവനുയിർപ്പിൽ സകലർക്കും-നൽകാൻ മൃതനായ്
ജീവിച്ചോനേ! നകലേശാ-ത്മജനേ സ്തോത്രം.

എന്നാലോ തിരു ആനന്ദവും .......ഹാലേലുയ്യ

വലിയ വെളിച്ചമുദിച്ചല്ലോ-മൃതലോകത്തിൽ
അസ്ഥികളിന്മേലാശിസ്സാം-പനിനീർ തൂകി

എന്റെ രക്ഷയുടെ ദൈവമായ.......ഹാലേലുയ്യ

മൃതലോകത്തിൽ സ്ലീബായെൻ-കൂട്ടാകട്ടെ
വെല്ലുമുയിർപ്പിൽ ദുഷ്ടനെ ഞാൻ-മരണത്തേയും.

എന്തെന്നാൽ ബലികളിൽ.......ഹാലേലുയ്യ

മരണത്തിൻ കാറ്റടിയേറ്റെൻ-ജീവൻ മാഞ്ഞു
നിൻ സത്യാത്മാവെത്തിയെനി-ക്കുണർവേകട്ടെ

തിരു ഇഷ്ടത്താൽ സെഹിയോനോടു.......ഹാലേലുയ്യ

കബറീന്നുയിരൊടു പറുദീസിൽ-നിന്നെയേറ്റും
താതാത്മജ വിമലാത്മാവി-ന്നെന്നും സ്തോത്രം.

**കോലൊ**
**(റൊസ്ലി റൊസ്ലി)**

**കർത്താവിന്റെ ഭവനത്തിലേക്കു നാം പോകുന്നു എന്ന് അവർ എന്നോട് പറ ഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.**

നിങ്ങളിൽനിന്നെൻ-പ്രിയരേ! പിരിയുന്നേൻ
സ്വീകരണം ഞാൻ നേടാനർത്ഥിപ്പിൻ

**ഊർശ്ലേമേ എന്റെ കാലുകൾ നിന്റെ വാതിലുകളിൽ നിൽക്കുന്നു.**
നീ മൃതരായോർ-ക്കുയിരേകുമ്പോഴെൻ
മിഴിവെളിവാക്ക-വിസ്മയമീക്ഷിപ്പാൻ.

**കോട്ടയാൽ ചുറ്റപ്പെട്ടിരിക്കുന്ന പട്ടണംപോലെ ഊർശ്ലേം പണിയപ്പെട്ടിരിക്കുന്നു.**
ശ്ലോമൊ നൽകി-ശ്ലോമോയൊടു പോവിൻ
ഇനിയെന്നേയ്ക്കും-ശ്ലോമോയിതു തന്നെ.

**അവിടേയ്ക്കു ഗോത്രങ്ങൾ, കർത്താവിന്റെ ഗോത്രങ്ങൾ തന്നെ, ഇസ്രായേലി ന്റെ സാക്ഷ്യത്തിനായി കർത്താവിന്റെ നാമത്തെ സ്തോത്രം ചെയ്‌വാൻ കയറി /ചെല്ലുന്നു.**
മൃതിയെ! കഷ്ടം-സാത്താനേ! കഷ്ടം!
നിങ്ങടെ ഭരണം-മ്ശിഹാ മായിക്കും.

**അവിടെ ന്യായാസനങ്ങൾ, ദാവീദുഗൃഹത്തിലെ ന്യായാസനങ്ങൾ തന്നെ, /സ്ഥിതി ചെയ്യുന്നു.**
മൃതജീവദനേ!-ഈശോ രാജാവേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം

**ഊർശ്ലേമിന്റെ കുശലം അന്വേഷിപ്പിൻ, തവ സ്നേഹിതന്മാർ ധൈര്യമായിരിക്ക ട്ടെ. തവ കൊത്തളങ്ങളിൽ സമാധാനവും തിരുകൊട്ടാരങ്ങളിൽ സംതൃപ്തിയും /ഉണ്ടാകട്ടെ.**
സ്തോത്രം മൃതരെ-ജീവിപ്പിപ്പോനേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം

**എന്റെ സഹോദരന്മാരും സ്നേഹിതന്മാരും നിമിത്തം നിന്നിൽ സമാധാനം ഉ**

**ണ്ടാകട്ടെ എന്നു ഞാൻ പറയും: നമ്മുടെ ദൈവമായ കർത്താവിന്റെ ആലയം നിമിത്തം ഞാൻ നിന്റെ നന്മ അന്വേഷിക്കും.**

സഭയും സുതരും-പിതൃസുത റൂഹായെ
സ്തുതിഗീതത്തോ-ടൊത്തു വണങ്ങീടും.

**മദറോശോ**

ഇരുലോകത്തും-മേവുന്നേൻ ഞാൻ
കൃപ തോന്നണമേ-എന്മേലെങ്ങും.

നീ കണ്ടെന്നെ-ഞാനില്ലായ്കെ
കൃപ തോന്നണമെ-ഞാനുള്ളപ്പോൾ.

എന്നെ മനഞ്ഞു-പൂർണ്ണസ്നേഹാൽ
നീയുയിരേകിൽ-പാഴാകാ ഞാൻ.

സ്വസ്നേഹിതരാം സഹദേന്മാരെ
മുടിചൂടിച്ച-നീതിപ്രിയനേ!

ഈ ദാസിയെ നീ-കന്നികളെപ്പോൽ
ചൂഡാഭരണം-ചൂടിക്കേണം.

എന്നെന്നേക്കും സ്തുതി താതന്നും
നതിനന്ദനനും-റൂഹ്ക്കുദ്ശായ്ക്കും.

**മാർ അപ്രേമിന്റെ ബോവൂസൊ**

ആദ്രതയാൽ നാഥാ!ദേവാ! ദാസിക്കേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിവളെ

നേടത്തെ നേട്ടക്കാർക്കും വീടിനെ വാഴ്വോർക്കും വിട്ടേൻ
ദേവേശായെൻ മാർഗ്ഗത്തിൽ നീ കൂട്ടായ് നിന്നീടേണം.

ഓർക്കെന്നെ മ്ശിഹാമന്നാ! നീ ഘോഷം വന്നിടുമ്പോൾ
ഈയാത്മാവിന്നാശ്വാസം ധർമ്മിഷ്ടർക്കൊപ്പം നൽക.

ആദ്രതയാൽ നാഥാ!ദേവാ! ദാസിക്കേകണമെ പുണ്യം

നിൻമഹിമോദയ നാൾ തന്നിൽ നിത്ത്ണമെ വലമായിവളെ

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ മാലാഖമാറം പ്രാധാന മാലാഖമാറം സ്തുതിക്കുന്നതുപോലെ ബലഹീനറം പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിന്റെ സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയുംചെയ്യുന്നു. സ്തുതിയുടെ ശബ്ദംതനിക്കു ഞങ്ങൾ സമപ്പിക്കുന്നു.

സവ്വശക്തിയുള്ള പിതാവും സവാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കത്താവേ! തന്നേയും യേശുമ്ശിഹാആയ ഏകപുത്രനായ ദൈവമായ കത്താവേ!വിശുദ്ധ റൂഹായോടു കൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടിയിരിക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യണമേ.

എന്തെന്നാൽ താൻമാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് വിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹാ ആയ താൻ മാത്രം കത്താവാകുന്നു. ആമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതുംനിത്യതയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സവ്വശക്തിയുള്ള കത്താവേ! വാഴ്ത്തപ്പെട്ടവനാക്കുന്നു. തിരുനാമം മഹത്വമുള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി തന്നിൽ യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്തമാകുന്നു. സകലത്തിന്റേയും ദൈവവും സത്യത്തിന്റെപിതാവുമായവനേ! തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പു

കഴ്ച ചേച്ച്യയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

Just as the exalted angels and the arch-angels of heaven sing praises to You, so like them, we frail and earthy ones, glorify You and say at all times, and in all moments:

Glory be to God on hight, and on earth peace and concord, and good hope to men:

We praise You, we glorify You, we worship You, songs of praise we raise to You.

We praise You for the greatness of Your glory, O Lord Creator, heavenly King, God the Father Almighty; and You, O Lord God, only begotten Son, Jesus Christ and You Holy Spirit.

O Lord God, Lamb of God, Son and Word of the Father, who bearest and hast borne the sins of the world, have mercy upon us.

Thou who bearest and hast borne the sins of the world, incline Thine ear to us and accept our prayers.

Thou who sittest in glory, at the right hand of the Father, have compassion and mercy upon us.

For, Thou art, and alone Thou art, holy O Lord, Jesus Christ, with the Holy Spirit, for the glory of God.

At all times, and in all the days of our lives, will we bless Thee, and praise Thy holy name, blessed for ever, O Thou who art, and abidest for ever and ever.

Almighty God, God of our Fathers, blessed art Thou, and glorious is Thy Name, and exalted by praises, for ever and ever.

Meet to Thee is glory; becoming to Thee is praise; befitting to Thee is adoration, O God of all, the Father of

truth, with Thine only begotton Son, and living Holy Spirit, now and always, for ever and and ever: Amen.

**(മോറാൻ യേശുമ്ശിഹാ)**

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

Our Lord, Jesus Christ, do not close the door of Your mercies in our face. We acknowledge, O Lord, that we are sinners. Have mercy upon us. O Lord, Your love brought You from on high to us, that through Your death, our mortality should be swallowed. Have mercy upon us.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാതമ്പുരാ
+ നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ.

പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ! കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

ദൈവമേ സ്തുതി
സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreaties; have mercy on us.

Celebrant: Glory be to Thee, O God,
Response: Glory be to Thee, Creator,

Glory be Thee, O Christ the King Who doest pity sinners Thy servants, Barekhmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ-ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്ക തരണമെ -ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നുഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽരാജ്യവും ശക്തിയും മഹത്വവുംഎന്നേക്കംതനിക്കുള്ളതാകുന്നആമ്മീൻ.

Celebrant: Our Father, who art in heaven
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this

day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം,
പ്രതിവാക്യം: നമ്മുടെ കർത്താവു നിന്നോടുകൂടെ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടിഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലുംദൈവംതമ്പുരാനോടു അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary! Full of grace.
Response: Our Lord is with you. Blessed art thou among women. Blessed is the fruit of your womb our Lord Jesus Christ. O! virgin, Saint Mary, O! mother of God, pray for us sinners, now and at all times, and at the hour of our death. Amen

പുരോഹിതൻ: സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും

പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയുംസൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനുംസൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കുും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസി

ന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനുഅവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്നലോകത്തിലെപുതിയജീവനുമായിഞങ്ങൾനോക്കിപ്പാർക്കുന്നു .ആമ്മീൻ

ബാറെക്മോർ, സ്തൌമെൻ കാലോസ് കുറിയേലായിസ്സോൻ

Celebrant: We believe in one true God,
Response: The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin Mary, Mother of God, by the holy spirit, and became man (+) and was crucified (+) for us

in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to His will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, Catholic and Apostolic Churhch; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ-ഹാലേലുയ്യ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിന്ന തുല്യം നരന്നടെ നാളുകളഹോ-ഹാലേലുയ്യ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ
ബാറെക്മോർ ശുബഹോ.... മെനഓലം....

As doth a father his children love-Halleluiah
So doth the Lord love those who fear His name.
The days of man are but as grass- Halleluiah
He springs up like the herbs that-gorw in fields.
Barekhmor. Shubhaholabo.... Men’olam...

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ

കബറീന്നുദ്യാനത്തിനായ്
സ്ത്തൗമെൻ......കുറിയേലായിസ്സോൻ

They who served and died in hope,
Trusting in thy mercy, Lord,
May Thy living voice them raise
From their graves to paradise
Stomen Kalos-Kurielaison

നാഥാ! താവകമിരുലോ-കം
നിന്നധികാരം താനെ-ങ്ങും
സ്ളീബായാൽ ജീവിതരെ-ക്കാ
ത്തൻപാൽ മുക്തി മൃതക്കേ-ക
ബാറെക്മോർ ശുബഹോ....

Thine, O Lord, are both the worlds,
Here and there Thy Pow'r extends,
Keep the living by Thy cross,
By Thy grace absolve the dead.
Barekhmor. Shubhaholabo....

സ്ത്തോത്രം! മൃതജീവപ്ര-ദനെ!
കബറീന്നേറ്റീടുന്നോ-നേ!
നിൻപ്രേഷകതാതനുമ-മലൻ
റൂഹായ്ക്കും ഹാലേലുയ്യ
മൊറിയോ......

Praise we Thee who giveth life
To those lying in the tombs;
Praise the Father, Thee who sent,
Praise the holy Spirit too
Moriyorahe......

തൻമരണത്താൽ-മരണത്തേ
ജീവിപ്പിച്ചവനാം-ദൈവസുതാ!
സ്തുതി ദൈവത്തിന്നെ-ന്നാക്കാൻ
അടിയാരേ പൂഴീന്നേറ്റണമേ.

Son of God who by Thy death
Quick'neth mortal men,
Give us life that from the dust
We may cry aloud.
Praise to Thee, O Lord.

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവർക്കും നൽകുന്നു
കബറുകളിൽനിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നേ സ്തുതിചെയ്തീടുന്നു. ബാറെക്മോർ.
ശുബഹോ.....

Comes the Prince of life
From his glorious throne above,
Raising those who-in their grves take rest
From their graves they'll rise
With them our departed ones,
Praising Him who-giveth life to all, Barekhmor
Shubhohalo......

എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്തോൻ
പാതാളത്തിൽ-പോകാനായ് വിടാഞ്ഞാൻ
എന്നുമവൻ ജീവിപ്പാനങ്ങത്തീട്ടു മരിച്ചതു ഞാൻ
എന്നും കർത്താ-തന്നരുളിന്നു മഹത്വം.
മൊറിയോറാഹേം.......

Praised be Jesus' words
In His Gospel giv'n to us,
Those who eat my-flesh and drink my blood
Them I will not leave
Bound in hell-for them I died
Giving all the-everlasting life
Moriyorahe....

രക്ഷകനേ നിൻഗാത്രത്തേഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും

മൃതരായോരേ നാശംനീക്കിജ്ജീവിപ്പിച്ച്
അണിയേണം നിന്നേനോക്കുന്നവരിൽ കാന്തി.
ബാറെക്മോർ ശുബഹോ......

Grant, O Saviour, that the dead who ate Thy flesh
Who drank Thy blood, the chalice of salvation,
May be raised up from their graves-yea, incorrupt.
Clothed in glory full and bright, Lo, They wait Thee
Barekhmor Shubhaho....

മൃതരേജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോറാഹേം.......

Borne aloft in state upon-clouds of glory,
Comes the prince who give the life to the dead ones.
Righteous ones the trumpet hear-of His angels;
They proceed in glorious stoles-to His presence.
Mor'yo Rahemelain.....

## ഹൂത്തോമ്മൊ

ഞങ്ങളുടെ കര്ത്താവും നിത്യ ദൈവവുമേ! തനിക്കു സ്തുതി, തനിക്കു സ്തുതി, തനിക്കു സ്തുതി. കര്ത്താവേ! തിരു കൃപയാലും മഹാ കരുണയാലും ഞങ്ങളുടെ പ്രാര്ത്ഥന കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകളെ അംഗീകരിക്കണമെ. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ മരിച്ചവര്ക്ക് പാപപരിഹാരം നൽകണമെ. സത്യവിശ്വാസത്തോടെ കര്ത്താവിലുള്ള ശരണത്തിൽ നിദ്ര പ്രാപിച്ചിരിക്കുന്ന ഈ ദാസിക്കു പാപപരിഹാരം നൽകുകയും ചെയ്യണമെ.

ഇന്നേദിവസം സത്യവിശ്വാസത്തോടും ദൈവികമായ യോഗ്യതയോടും കൂടി ക്രിസ്ത്യാനിക്കുചിതമായ നിലയിൽനിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ഭൃത്യയെ ദൈവം തന്റെ നിര്മ്മലമായ തൃക്കൈകളിൽ അംഗീകരിക്കുവാൻ വേണ്ടി നമുക്കെല്ലാവര്ക്കും കൂടി അവിടുത്തെ കരുണയോടെ പ്രാര്ത്ഥിക്കാം.

കര്ത്താവ് സന്തോഷപൂര്ണ്ണമായ ഉന്നതസ്ഥാനം ഇവൾക്ക് നൽകട്ടെ. സ്വര്ഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും കര്ത്താവ് ഇവൾക്ക് നൽകുമാറാകട്ടെ. കണ്ണുകളാൽ കാണപ്പെടുകയോ ചെവി കളാൽ കേൾക്കപ്പെടുകയോ മനുഷ്യഹൃദയത്താൽ ഗ്രഹിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തതും ദൈവം തന്നെ സ്നേഹിക്കുന്നവര്ക്കായി ഒരുക്കിയിരിക്കുന്നതുമായ വാഗ്ദാനം കര്ത്താവ് ഇവളിൽ നിവര്ത്തിയാകട്ടെ. കര്ത്താവ് ഇവളുടെ പാപങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ക്ലേശപൂര്ണ്ണമായ ഇഹലോകത്തിൽ വച്ച് ഇവൾ ചെയ്തുപോയിട്ടുള്ള പാപങ്ങളും തെറ്റുകളും ദൈവം മായിച്ചു കളയുകയും തന്റെ മഹാകരുണയാൽ അവയെ ഓര്ക്കാതിരിക്കയും ചെയ്യട്ടെ. നീതിമാന്മാരിൽ കരുണ ചെയ്യുന്നതായസമയത്ത് ഇവളിലും കരുണചെയ്യുമാറാകട്ടെ. കൃപാലുവായ തന്നെ കോപിപ്പിച്ച ദുഷ്ടന്മാരോടു ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്-കരുണ ആവശ്യമായ് വരുന്ന ആ ദിവസത്തിൽ-ദൈവം ഇവളിൽ കരുണ ചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെടുന്നവരുടെയും കൂട്ടത്തിൽ ഇവളെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടു കൂടെ ഇവളെയും ദൈവം ആനന്ദിപ്പിക്കട്ടെ. കാരുണ്യമാകുന്ന നല്ല എണ്ണകൊണ്ട് തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊപ്പം ദൈവം ഇവളെയും ആനന്ദിപ്പിക്കുമാറാകട്ടെ. തങ്ങളുടെ അടുക്കൽ നിന്നുള്ള ഇവളുടെ വേര്പാടിൽ വിലപിച്ചും ദുഃഖി

ച്ചും ഇവിടെ അവശേഷിച്ചിരിക്കുന്നവരെ മ്ശിഹാതമ്പുരാൻകരുണ യോടെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തട്ടെ. കർത്താവ് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ഹൃദയത്തിൽ നിന്ന് നീറുന്ന വേദനയും നീക്കികളഞ്ഞ് അവരിൽ സത്യമുദ്രപതിക്കുമാറാകട്ടെ. ലാസറിന്റെ സഹോദരികളെ തങ്ങളുടെ സഹോദരന്റെ ഉയർപ്പു മൂലം സന്തോഷിപ്പിച്ചവനായ ദൈവം ഇവളുടെ വേർപാടിൽ ദുഃഖിച്ചിരിക്കുന്ന എല്ലാവരെയുംആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ.

വത്സലസഹോദരങ്ങളെ! പരസ്പരം ആശ്വസിപ്പിക്കുവിൻ,അന്യോന്യം ധൈര്യപ്പെടുത്തുവിൻ, മരിച്ചവരുടെ സംസ്ക്കാരത്തിൽ നീതീകരണം പ്രാപിക്കുവിൻ. മൃതയിൽ നിന്ന് കരുണ പിൻവലിക്കരുത്. വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ ഉത്തമം വിലാപ ഭവനത്തിൽ പോകുന്നതാണ്, എന്നുള്ള കല്പനയനുസരിച്ച് വിശുദ്ധ സഭയുടെ പ്രജകൾ എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ വന്ന് ആ ദൈവികമായ തിരുവെഴുത്ത് നിർവഹിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിന് വന്ന് നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. കർത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ഉത്തമഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടി നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കർത്താവായ യേശുമ്ശിഹാ നിങ്ങൾക്കുത്തരമരുളും ഐശ്വര്യപൂർണ്ണമായ തന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കർത്താവ് നിങ്ങളുടെ യാചനകൾക്ക് മറുപടി അയച്ചു തരികയും ചെയ്യും. ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പു തന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നസ്വർഗ്ഗ രാജ്യം വന്ന് അനുഭവിച്ചുകൊള്ളുവിൻ''എന്നരുളിച്ചെയ്യുന്നസന്തോഷപ്രദമായശബ്ദംകേൾക്കുവാൻ ദൈവം നിങ്ങൾക്ക് സംഗതിയാക്കട്ടെ.നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും തന്റെ ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈമ്ശിഹായുടെദാസിയുടേയും പാപങ്ങൾ കർത്താവ് പരിഹരിക്കട്ടെ. കർത്താവ് ഇവളെ തന്റെവലത്തുഭാഗത്തു വിളിച്ചുനിറുത്തുമാറാകട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് അവന്റെ കൂടാരം കർത്താവ് സ്ഥാപിച്ച അതേ സ്ഥാനത്തു തന്നെ ഇവളുടെ വാസവും ആനന്ദവും ആയിത്തീരുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ സ്വർഗ്ഗീയസഭയിലും ഈ ഭൗമികസഭയിലും ഇവയെ

ല്ലാം സാധിക്കുമാറാകണമെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ദാസിയും ആരാധകയുമായ ഇവളെ കൃപയോടെ ആശ്വസിപ്പിക്കുമാറാകട്ടെ. നമ്മുടെ ഈ കൂട്ടത്തിന്മേൽ ദൈവത്തിന്റെ കരുണ എന്നെന്നേയ്ക്കും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

Glory be to You, Glory be to You, Glory be to You, our Lord and or God for ever. O Lord, by Your grace and Your abundant mercy, hear our prayers and accept our services. Come to our aid; answer us who are feeble and absolve our departed and Your servant (hand made), who has laid down with hope in You and with true faith, our Lord and our God for ever.

Let us all pray to the merciful God that He may receive in his pure and holy hands this servant of Christ, who has laid down with hope in Him, this day, with divine elegance and befitting a Christian. May the Lord, grant (her) that exalted place full of happiness. May the Lord give (her) the bridal chamber, garden and the table in the heavenly kingdom. May the Lord grant (her) that which the eye has not seen, and the ear has not heard, and into the heart of the human has not entered, that promise which God has prepared for those who love him. May the Lord absolve (her) sins and pardon her shortcomings and blot out the sins and mistakes which (she) has not done in this world full of sorrows. May she not remember them according to the multitude of His abundant kindness. May He show mercy upon (her), when she shows mercy to the just. May God show compassion upon (her) on that day she is in need of compassion; when she shall wreak

vegeance upon the vicked, who has angered His grace. May God gladden (her) with the saints and with his selected ones. May God give (her) happiness with that poor Lazarus and with those five wise virgins, whose lamps were not extinguished by the good oil of grace. And those who remain after (her) lamenting and mourning about (her) separation from them, May Christ the God be to them a comforter and strengthener by His abundant mercies. May the Lord wipe out the tear from their eyes and the burning sorrows from their hearts and impress upon them the seal of firmness. May God who gladdened the sisters of Lazarus by the resurrection of their brother, comfort and gladden all those who lament (her) separation from them.

And you, my brethren and my beloved, who as children of the Holy Church, have come and fulfilled the word of the divine writ, which commands and says: "Comfort one another; strengthen each other; bury the dead and be sanctified by it; do not withhold kindness from the dead; better it is to go to the house of mourning than to go the house of feasting." May God come to your aid and give you peace and tranquillity. May God absolve your debts and pardon your shortcomings by the multitude of Your loving kindness. May our Lord Jesus Christ answer you, whenever you call upon him with a good heart, and with purity and holiness. May the Lord reward you and send you what you have asked, from His treasure house, full and rich. May God make you hear His joyful voice saying: "come and enter, you who are blessed of my Father and inherit the kingdom of heaven, that is prepared for you from before the foundation of the world." May God forgive your sins and those of your

departed ones and of this servant of Christ, who has slept with hope in him. May the Lord call (her) and make (her) stand on His right hand. Where the Lord fixed the habitation of the first man, before he sinned, there may (her) abode and (her) delight be. And this we pray and plead that it may happen and be fulfilled in the heavenly Church and in this Church which is on earth, especially by the prayers of St. Mary, Mother of God, and of all the saints: Amen.

Celebrant: May God by His mercy give repose to His servant and whorshipper who has laid down with hope in Him. May the blessings of God be upon this crowd, in both worlds, for ever and ever: Amen.

Celebrant: Blessed are you all by the Lord who has made heaven and earth. May God bless and absove all those who are present with us in this divine service. May the Lord God absolve them and pardon their faithful departed. O Father, Son and Holy Spirit, hear and accept our feeble and impotent prayers before Thy awful and exalted throne, now and always for ever:

Response: Kurielaison, Kurielaison, Kurielaison,

Lord, have mercy upon us
Lord, be kind and have mercy
Lord, answer us and have mercy upon us
Glory be to Thee O Lord
Glory be to Thee O Lord
Glory be to Thee our hope, Barekmore

Our Father, who art in heaven, Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us;

lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

Hail Mary, full of grace, Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

# Syrian Christians

# The Burial Services of Children

# സുറിയാനി ക്രിസ്ത്യാനികളായ ശിശുക്കളുടെ ശവസംസ്ക്കാരം

സുറിയാനിക്രിസ്ത്യാനികളായ

# ശിശുക്കളുടെ ശവസംസ്ക്കാരം

**Q#l; CkYCo<**

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടംസ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ളആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെപ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു.
ആ മ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.
Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**പ്രാരംഭ പ്രാർത്ഥന**

കർത്താവേ! പാപമാലിന്യവും കളങ്കവുമില്ലാത്തവരായി, നികൃഷ്ടവും വിഷമകരവുമായ ഈ ആയുസ്സിൽ നിന്ന് ശിശുപ്രായത്തിൽ വേർപെട്ടിരിക്കുന്ന എല്ലാവരെയും കൃപയോടെ സന്തോഷിപ്പിക്കുകയും മനുഷ്യസ്നേഹത്തോടെ ആശ്വസിപ്പിക്കുകയും അഴിവില്ലാത്ത തിരുരാജ്യത്തിൽ മഹനീയമായ തവ മണവറയിൽ ആനന്ദിപ്പിക്കുകയും ചെയ്യണമെ. അവർ സന്തോഷകരമായ മേച്ചിൽസ്ഥലങ്ങളിൽ ആനന്ദകരമായ മോഹനീയ സ്ഥാനങ്ങളിൽ, കർത്തൃവലഭാഗത്തെ കുഞ്ഞാടുകളോടുകൂടെ മേയുകയും സകല സൃഷ്ടികളെക്കാളും മഹത്തരമായ തവ ദൈവത്വത്തിനും തിരുപിതാവിനും പരിശുദ്ധറൂഹായ്ക്കും സന്തോഷപൂർവ്വം സ്തോത്രം കരേറ്റുകയുംചെയ്യുമാറാകണമെ. ഹോശോ.........

O Lord gladden by Your grace and assuage by Your human love, and cheer up by Your glorious bridal chamber and in Your indissoluble kingdom all those who have been purified from defilement and stain of sin, and

departed in childhood from this low and vexatious life, that with the lamb, the children on Your right hand they may graze in joyful pastures, and in covetable places of delights and raise up praise with happiness and thanksgiving with joy to Your divinity, exalted from all creation, and to Your Father and to Your Holy Spirit, now and always for ever. Amen

### 51-൦ം മസുമൂർ)

ദൈവമേ! തിരു കൃപയിൻപ്രകാരംഎന്നോടു കരുണചെയ്യണമേ. തവ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്തൃവിരോധമായി ത്തന്നെ ഞാൻ പാപം ചെയ്തു. തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തവ വചനത്തിൽ കർത്താവ് നീതീകരിക്കപ്പെടുകയും തവന്യായവിധികളിൽ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ കർത്താവ് ഇഷ്ടപ്പെട്ടു. തിരു ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും. തവ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെഉള്ളിൽപുതുതാക്കണമേ. തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ.വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തവ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തിരു ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും ഇഷ്ടപ്പെടും. അപ്പോൾബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതിയോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ...... മെനഗാലം.....

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For

I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out all my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me.

But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God.   Barekmor.

Shubhaho....   Menaolam.....

**എനിയോനൊ**

**ÕLp[shl rJcoRÖ**

അല്പായുസ്സിൽ കറതീ-ണ്ടാതിലോകം വിട്ടേൻ
സമ്പാദിച്ചേൻ സമരമതെന്യേ നീതികിരീടം
ദേവേശാ!  ദയയെന്മേൽ ചെയ്ക.
വിസ്മയപൂർണ്ണം ജയമാ-ർജ്ജിച്ചേൻ പോരാടാതെ
സത്തമ നാമം സംപ്രാപിച്ചേൻ മത്സരഹീനം
ദേവേശാ!  ദയയെന്മേൽ ചെയ്ക.
തിരയടിയേൽക്കാതീലോ-കത്തെ തരണം ചെയ്തേൻ
ലോകംപൂകിപ്പിഴയേശാതെ വാങ്ങിപ്പോയേൻ
ദേവേശാ!  ദയയെന്മേൽ ചെയ്ക.
ബാറെക്മോർ-ശുബഹോ.....മെനഓലം....
നിദ്രയുണർത്താൻതൂർ-നത്തിൻ ധ്വനിയാസന്നം
ആശയുമൻപും മരണാധീനർക്കുണ്ടായീടും
ദേവേശാ!  ദയയെന്മേൽ ചെയ്ക.

O Christ, who has promised resurrection to Adam’s mortal children, we beseech You to quicken and raise Your servant who has slept trusting in Your promises.

May God, who became a child, be your guide. May He, make you to rest in green pastures and lead you to the fountains of delight.
Barekhmore-Shubhaho.......Mena Olam......

May Your living voice awaken Your servant from the grave to paradise for this child has departed with trust and confidence in Your promises.

The world shall kneel to You and worship You, and every tongue shall praise Your name for You are the Raiser of the dead and the good hope of those who are buried.

**കുക്കിലിയോൻ**

**ÕQ#l; glz;Ö**

ജയമാന്നില്ലെൻ പ്രാബല്യം...... ഹാലേലുയ്യ-ഉ-ഹാലേലുയ്യ
വേദനയേറ്റും പടിയവരെൻ മുതുകിൽ-താഡിച്ചു.

അവർ വെണ്ണാടപ്പുൽച്ചെടിപോലാകും...ഹാലേലുയ്യ-ഉഹാലേലുയ്യ
കാറ്റടിയാലതു വാടിയുണ-ങ്ങീടുന്നു.
ബാറെക്മോർ-ശുബഹോ......മെനഓലം.....

Fret not because of evil-doers, Halleluiah,neither be envious of the workers of iniquity.

For they shall soon wither like grass, Halleluiah, and fade away as the green herbs.

Barekhmore-Shubhaho...........Meno Olam......

**എക്ബോ**

നമ്മുടെ രക്ഷകനാമീശോ വന്മഹിമാവോടെരിതീയിൻ
തേരിന്മേലാഗതനാകും തൻ സാക്ഷികളായ് വിശ്വാസം

കാത്തൊരു മരണവിധേയക്ക്ായ് നൂതന ജീവൻ നൽകീടും
സത്യവിധിക്കായ് തലമുറകൾ വന്നീടും തിരുസന്നിധിയിൽ

പുസ്തകമാശു വിടത്ത്ീടും ശാശ്വത ജീവത ലാഭത്താൽ
സത്തമനിവഹം മോദിക്കും കത്ത്ാവേ! നിൻ ശരണത്തിൽ

നിദ്രയടഞ്ഞൊരു ശിശുവിനു നീ നിൻ കുഞ്ഞാടുകളൊപ്പം
നില്പാൻ യോഗ്യത നൽകണമെ ദൈവിക ദശ്നഭാഗ്യമിവ-

ന്നില്ലാതാകരുതേ നാഥാ! നിരുപമകരുണാസാഗരമേ!
മൃതലോകത്തിൻ ജീവദനേ! ഊശാനകളുടെ നൂതനമാം
സ്തുതിസംഗീതത്താൽ നിന്നെ-യിവനെന്നും വാഴ്ത്തീടട്ടെ.
സ്തൗമെൻകാലോസ്.......

Lord of all, make the souls of Your child, who slept trusting in You, to dwell among the congregations of the righteous and the just and to sit with them at You in Your kingdom. Stomen kalos, Kurie eleison

YekajSulR

സ്വഭാവത്തിലും തത്വത്തിലും സമ്പൂണ്ണനും മരണാധികാരിയായ ആകൽക്കറുസായെ നശിപ്പിക്കുവാൻ വേണ്ടി മക്കളുടെ നിലയിൽ ജഡരക്തങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് തന്റെ മനുഷ്യാവതാര കാലത്ത് ജ്ഞാനത്തിലും ശരീരസ്ഥിതിയിലും കൃപയിലും വളത്ത് പ്പെട്ടവനും ആയ കത്ത്ാവേ! തിരുനാമത്തെ സ്തോത്രം ചെയ്യുന്ന ഉത്തമമായ അധരങ്ങളോടുകൂടെ ക്രിസ്ത്യാനിക്കുചിതമായ വിധത്തിൽ താല്പര്യത്തോടും ധൈര്യത്തോടും കൂടെ ഞങ്ങളുടെ കുഞ്ഞുങ്ങളെ രാജകീയ പ്രതിനിധികളെപ്പോലെ തിരുസന്നിധിയിൽ ആനയിപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമെ. ആനന്ദപൂണ്ണമായ സ്വഗ്ഗീയ പുൽമാലികളിൽ വസന്തകാലത്തിൽ കുഞ്ഞാടുകളെപ്പോലെ കത്തൃകൂട്ടത്തിൽ ആഹ്ലാദിപ്പാൻ ഞങ്ങളേയും അവരെയും യോഗ്യരാക്കുകയും ചെയ്യണമെ. ഈ പൈതലിന്റെ ശവസംസ്ക്കാര ശുശ്രൂഷ നിവ്വഹിക്കപ്പെടുന്ന ഈ സമയത്തും........ ബ്കുൽഹുൻ........

Make us worthy to raise up praise and thanksging, glorification and extolement, great and never ceasing exaltation, continuously, and in every season, and at all times: (Glory be)to Him who is perfect in nature and in essence; who in His dispensation grew up in wisdom, stature and grace, whilst associating Himself with flesh and blood in the likeness of the children of men, that he may abrogate satan who has authority over death, and grant us grace to send our children to him readily and truly and as befitting Christians, like royal envoys, with pleasing lips, glorifying Your name, make us and them worthy to enjoy with him in heavenly meadows, abounding in delights, like kids in the spring season: To Him is due praise, honour and adoration, at the time of the burial of this child, and at all festivals, hours and seasons, and during all the days of our lives, for ever. Amen.

Bhakulhoon.....

**സെദറാ**

അനാദ്യന്ത വചനമായ പൂൎണ്ണദൈവമേ! കൃപയോടെ ആദിയിൽ നൽകിയതായ പൂൎണ്ണതയിലേക്ക് അപൂൎണ്ണമായ ഞങ്ങളുടെ വൎഗ്ഗത്തെ പുനരാനയിക്കുവാൻ വേണ്ടി മനുഷ്യസ്നേഹത്തോടെ കൎത്താവ് ശിശുവായിത്തീൎന്നു. തവ മഹാകരുണയാൽ മാനുഷീക ശിശുവെന്ന നിലയിലേക്ക് മഹോന്നതത്തിൽ നിന്ന്ഇറങ്ങിവരികയുംമനുഷ്യനെ തിരു സാദൃശ്യത്തിലേക്ക് കൊണ്ടുവരുവാനായിട്ട് മനുഷ്യസ്നേഹത്തോടെ ആ സാദൃശ്യം കൎത്താവ് ധരിക്കുകയും കരുണയോടെ എല്ലാ പ്രായത്തിലും ഞങ്ങളുടെ വൎഗ്ഗത്തിന്റെ കൂടെ പെരുമാറുകയും ചെയ്തു. താഴ്മയോട് കൎത്താവു ധരിച്ച ശരീരത്താൽ കൎത്താവ് ഒരു ശിശുവായ്ത്തീരുകയും കൎത്താവിന് പ്രീതി തോന്നി എല്ലാ പ്രായങ്ങളിലും മാനുഷീക കരങ്ങളാൽ വളൎത്തപ്പെടുകയും ചെയ്തു. സ്നേഹപൂൎവ്വം കൎത്താവ് കുഞ്ഞുങ്ങളെ എടുത്ത് വിശുദ്ധങ്ങളായ അനുഗ്രഹങ്ങളാൽ അവരെ ഓമനിച്ചു. കൎത്താവേ! തവ കൃപയാൽ ഉരുവാക്കപ്പെട്ട ഈ ശിശുവിനെ ഇപ്പോൾ സ്വീകരിച്ചുകൊള്ളണമെ. തൃ

ക്കൈകളിൽ സ്നേഹപൂർവ്വം കർത്താവ് വഹിച്ചതായ കുഞ്ഞുങ്ങളെ പ്പോലെ തവ കരുണയുള്ള തൃകൈകളിൽ ഈ പൈതിലിനേയും വഹിച്ചുകൊള്ളണമെ. കർത്താവിന് സ്തോത്രം പാടിയവരായ കുട്ടിക ളുടെ കൂട്ടത്തിൽ ഈ ശിശുവിനേയും നിറുത്തിക്കൊള്ളണമെ. ക ർത്താവിന്റെ കല്പനപ്രകാരം തിരുസന്നിധിയിലേക്ക് യാത്രയായിരി ക്കുന്ന ഈ കുഞ്ഞിന്റെ ഗമനത്തെകാത്തുകൊള്ളുകയും വഴിയൊ രുക്കികൊടുക്കയും ചെയ്യണമെ. നിർമ്മലമായ ശൈശവത്തെ സ ന്തോഷിപ്പിക്കുന്ന ആത്മീയ ബലിപീഠത്തിങ്കൽ വെടിപ്പുള്ള ധൂപമാ യി ദയവോടെ ഈ പൈതലിനെ കൈക്കൊള്ളണമെ. കർത്താവേ സ്നേഹപൂർവ്വം ഈ ശിശുവിനെ വിളിച്ച് തവ മഹനീയ മടിയിലും തിരു ശ്രേഷ്ഠതയുടെ കൊട്ടാരങ്ങളിലും പള്ളിയറകളിലും കർത്താ വിനുവേണ്ടി വധിക്കപ്പെട്ട സഹോദരന്മാരായ കുഞ്ഞാടുകളുടെ തൊഴുത്തിലും ഉത്തമന്മാർ സന്തോഷിക്കുന്നതായ സ്ഥാനത്തും യോഗ്യതയേറിയ തവ വിരുന്നുപന്തിയിലും വസിപ്പിച്ചുകൊള്ളണ മെ. അവിടെ ആമോദകരമായ തവ മധുരവാസന ഈ ശിശുവി ലും വീശിക്കുകയും ചെയ്യണമെ. കർത്താവിന്റെ മണവറയിലെ അ ലങ്കാരത്താൽ ഈ കുഞ്ഞിനെ ആനന്ദിപ്പിക്കണമെ. തിരു രാജ്യ ത്തിലെ ഭണ്ഡാരത്തിൽ വിശിഷ്ടമായ ഒരു നിക്ഷേപമായി ഈ ശി ശുവിനെ ചേർത്തുകൊള്ളണമെ. തവ ശ്രേഷ്ഠതയുടെ കിരീടത്തി ൽ ഒരു രത്നം പോലെയും തവ മഹനീയ മുടിയിൽ ഉത്തമമായ മു ദ്രപോലെയും ഈ പൈതലിനെ പതിക്കയും ചെയ്യണമെ. തിരു മ ഹിമയേറിയ ആകാശവിതാനത്തിൽ ശോഭയുള്ള ഒരു നക്ഷത്രം പോലെ ഈ കുഞ്ഞിനെ ആക്കിത്തീർക്കണമെ. കൗതകമേറിയ ഒരു മുന്തിരിക്കുല അതിന്റെ തണ്ടിൽ നിന്ന് അടർക്കപ്പെട്ടതുപോലെയു ള്ള ഈ ശിശുവിന്റെ വേർപാടിൽ വിലപിച്ചിരിക്കുന്നവരെ തവ പ്ര ത്യാശയിൽ ആശ്വസിപ്പിച്ചുകൊള്ളണമെ. തവ സഹായത്താൽ അ വരുടെ കണ്ണുനീർതുടച്ചുകളയുകയും തിരുകരുണയാകുന്ന മഞ്ഞു തുള്ളികളാൽ അവരുടെ ദുഃഖാഗ്നിയെ ശമിപ്പിക്കുകയും ചെയ്യണ മെ. കർത്താവിന്റെ ഉപദേശങ്ങളുടെ ജീവപാനീയമാകുന്ന ആത്മീയ ജലത്താൽ ഇവരുടെ മനോദാഹം ശമിപ്പിക്കണമെ. കർത്താവേ! ക ർതൃഉപദേശത്താൽ കർത്താവ് പഠിപ്പിച്ചിട്ടുള്ള വിനയസമൃദ്ധിയാൽ മാനസാന്തരപ്പെട്ട് ശിശുക്കൾക്ക് തുല്യരായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഈ പൈതലിനോടുകൂടി തിരുരാജ്യത്തിനർഹ രായിത്തീരുവാൻ ഞങ്ങളേയും യോഗ്യരാക്കണമെ. കർത്താവിന്റെ വലത്തുഭാഗത്ത് ആനന്ദമനുഭവിക്കുന്ന കുഞ്ഞാടുകളോടുകൂടെ ത

വ വെളിപാടുദിവസത്തിൽ ഞങ്ങളെയും നിൎത്തണമെ. ഞങ്ങളും അവരും കൎത്താവിനും തവ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശാ.......

O perfect God, eternal word, You didst become a child by Your human love, to bring our imperfect race to that perfection which You hast given by Your grace at the beginning. By Your abundant mercies, You didst lower Your exalted position to human childhood, and assumed its likeness by Your human love, in order to bring it to Your likeness. In Your compassion You didst move with our race in all ages. By that body by which You wast wrapped in Your humility, You didst become infant and was brought up in our organs, in dimensions as it did please You. You didst take children and found them in Your love with all holy blessings.

Now, O Lord, receive this child You didst fashion in Your grace. May this child be celebrated upon the wings of Your mercy like the children whom You didst bear upon Your holy hands in Your love. May this child be ordered with the children, that sang praise to You with their mouth. Take care of this child journey and smoothen the way of this child who has departed to You by Your command. Accept this child in Your tenderness as pure incense, to that spiritual sanctuary which shall gladden this child innocent childhood. Taking this child O Lord by Your love, make this child dwell in the glorious bosom of Your person, in chambers and mansions of Your majesty, and in the fold of those lambs who like martyrs have been killed for Your sake; in the place where the good people shall rejoice and in that

banquet row of Your elegance. There, make the sweet breeze of Your fragrance to blow upon this child. Gladden this child with the magnificence of Your bridal chamber. Gather this child inside the treasury of Your kingdom like a valuable treasure. Set this child in the crown of Your elegance like a pearl. Fix this child in the mitre of Your majesty like a goodly seal. Manifest this child as a bright star in the firmament of Your glory. Those who lament about this child vintage from them like a plesing bunch of grapes plucked from the vine, comfort them with hope in You. Put away their tear by giving them Your help. Quench the flames of their sorrow with the fragrant due of Your mercy. Mitigate the thirst of their minds by the enlivening spiritual drinking water of Your teaching. Make us worthy O Lord, to be converted and become like children by that abundance of humility which You hast indicated in Your teaching. Make us deserving of Your kingdom with this child and set us on the day of Your manifestation with the lambs which rejoice on Your right hand. We and they will raise up praise and thanksgiving to You, and to Your Father, and to Your Holy Spirit, now and always for ever. Amen

Hoso.......... Amen.

**കോലൊ**

**(കുക്കോയൊ)**

പ്രളയം ഭൂമിയിലുളവാകും-കാലത്തിന്ന മുമ്പെ
ക്രമായ് വന്നീലോകത്തെ-മരണം ബാധിച്ചു
ജനകന്ന മുമ്പേ-സുതനോ മാതാവിൻ
മുമ്പേ സുയോ-മരണം പൂണ്ടില്ല.
ഈ ലോകത്തിന്നവസാനം-സവിധേ വന്നപ്പോൾ
പൈതങ്ങൾ പൊയ്പോകുന്നു-പാർത്താൽ വൃദ്ധന്മാർ
ഹാലേലുയ്യ-ശേഷിച്ചീടുന്നു. **ബാറെക്മോർ-ശുബഹോ-മെനഗാലം..**

ഉയിരിന്നുറവേ! ദേവസുതാ! നിന്നെയുൾക്കൊണ്ട
മരണഗതന്മാർ മരണത്തെ-ഭീതിപ്പെട്ടില്ല
ലോവോസാറും-യായീറോസ് സുതയും
വിധവാസുതനും-നിന്നെ നുകർന്നാദ്യം
മൃതരായോരുത്ഥാനം ചെയ്തുത്ഥാനം നൽകും
ജീവേശന്ന് പാടും സ്തുതിയെ-ന്നീമൂവരുമൊന്നായ്
ഹാലേലുയ്യ-സാക്ഷിച്ചീടുന്നു.

Parents, do not weep over those who die in youth and let not your hearts grieve over their departure. The Lord has taken them to the chamber of gladness to inherit the heavenly blessing and become lighted torches in His kingdom. There they will sing glory and thanksgiving to the Son Who will raise the dead; Halleluiah, Halleluiah
Barekhmore-Shubhaho... Menaolam.....

O Son of God, You are truly the fount of life from which the mortals drank and conquered death. Lazarus, Jairus daughter and the widow's son who drank from this living water proclaimed the resurrection of the dead, who will rise and sing glory, Halleluiah, to the immortal One Who will quicken them.

Youth withers away as a blossom and its beauty fades in the heat as a lily. She goes down into Sheol, with all her glory and grandeur, where she becomes a miserable sight. She weeps and wails for the corruption that has befallen her and entreats the compassionate Lord to have pity on her by His mercy; Halleluiah, Halleluiah.

**എത്രോ**

സകല മനുഷ്യരുടേയും പ്രവൃത്തികളെ വിസ്താരത്തിന് വിധേയമാക്കുന്നവനായ കർത്താവേ! മനുഷ്യനായി ജനിച്ച സകലരും തിരുമുമ്പാകെ കുറ്റക്കാരായി കാണപ്പെടുന്നു. ജീവനുള്ള യാതൊരുത്തനും തിരുസന്നിധിയിൽ കുറ്റം തീർന്നവനുമല്ലല്ലോ. കർത്താവേ! മരണമടഞ്ഞ് ഞങ്ങളിൽ നിന്ന് വേർപെട്ട് തിരു സവിധം എത്തിച്ചേർന്നിരിക്കുന്നവരും ഞങ്ങളുടെ സഹോദരങ്ങളുമായ കുഞ്ഞുങ്ങളുടേയും ചെറുപ്പക്കാരുടെയും ആത്മാക്കൾക്കുവേണ്ടി തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ ധൂപത്തോടുകൂടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആപൽക്കരവും ഭയങ്കരവുമായ ആ കടവിൽ തവ കൃപ അവരെ സംരക്ഷിക്കുമാറാകണമെ. മരണനിഴലിൽ തവ പ്രകാശം അവർക്കായി ഉദയം ചെയ്യണമെ. എന്തെന്നാൽ ഞങ്ങൾ പ്രകാശം കാണുന്നത് തവ പ്രകാശത്തിലാണല്ലോ. കർത്താവിന് സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹോശോ......

O Lord, who shall bring judgement the acts of all men, and before whom all those who are born shall be found guilty, since no living being shall be victorious before You, we beseech You O Lord, by means of this vapour of incense which we offer before You on behalf of the souls of our brothern, who are children and juvenile, and whom death has led away and who have separated from us and have arrived near to You, that Your grace may shelter them in that dreadful pass of that terrible place, and that Your light may dawn upon them in the place of the shadow of death, since it is by Your light that we see the light. We raise up praise and thanksgiving to You, now and always for ever. Hosoo....... Amen.

**കോലൊ**

**(ബ്റംശോ ലബൈത്തൊഖ്)**

ആക്കറിയാമേവൻ-ചാവും വാഴുമെവൻ
തരുണന്മാരെ! പാടില്ലീ-ജീവിതമോഹം
പ്രിയരേ! താതന്മാർ-വത്സലനന്ദനരെ
മുറയതു മാറി സംസ്ക്കാരം-ചെയ്വതു കാണ്മീൻ.

ബാറെക്മോർ-ശുബഹോ.....മെനഗാലം.....

രക്ഷകനേ! തിരുമെയ്-ഭക്ഷിച്ചതി മഹിതം
രക്ഷാകരരുധിരക്കാസാ-പാനം ചെയ്യും
നിൻവരവിന്ന കാക്കും-മൃതരെ സംഹാരം
നീക്കിയുയർപ്പിച്ചണിയിക്കുക-തേജോവസനം.

**മദറോശോ**

**(പർദൈസൊ)**

## ധന്യൻ ബാലകരെ-ശാലയിലേറ്റുന്നോൻ

ഏദനിലവനോടൊത്തവരാനന്ദിക്കും.

മൃതിയാൽ പൈതങ്ങൾ-പിശറുകൾ പിന്നിട്ടാർ
ചുഴലികളാൽ ലോകം-മർദ്ദിച്ചില്ലവരെ
സങ്കടലോകത്തെ-മുൻകൂട്ടി കൈവി-
ട്ടാനന്ദം നിറയും ലക്ഷ്യം പ്രാപിച്ചു.
ലാഭമെഴും ഭാരം-ശ്രമമെന്യേ കാത്തു
നിർഭയമവരേദൻ-സൗഭാഗ്യം നേടും.
നിർമ്മലമാനസരായ്-ശിഷ്യന്മാർ ഭാഗ്യം

നേടാൻ ബാലകരെ-നാഥൻ കാണിച്ചു
തുല്യസ്ഥിതി നേടി-ഭാഗ്യം പ്രാപിപ്പാൻ
ശിഷ്യന്മാർക്കും നന്മാതൃകയായോരാം
പൈതങ്ങൾക്കേവൻ-ഭാഗ്യം നൽകീടാ
ഏദനിലവരുടെ മുടി-ഞാൻ ദർശിക്കണമെ.

ധാർമ്മികമാം സമരം-ചെയ്തീടാത്തവരാം
ചെറുപൈതങ്ങൾക്കായ്-ശ്രമമെന്യേ കൂലി
നൽകീടുമെങ്ങനെ-യെന്നുണ്ടാവാം ചോദ്യം
ദുഷ്കൃത കർമ്മത്താൽ തള്ളപ്പെട്ടവനായ്
പങ്കിലനാവോളം-നിർമ്മലനും സ്വർഗ്ഗം
നേടാൻ യോഗ്യനമെ-ന്നേവം ചിന്തിക്കാം.

Blessed is He Who takes children to His chamber, where, in the Eden of delights, they will rejoice with Him.

Children, by death, have overcome the tempest without being shattered by the storms of the world. They have passed beyond this world of grief at a tender age and have arrived to the haven of gladness, where, in Eden, they will rejoice with their virtues, for whithout any labor they have gained the treasure of the beatitudes.

Our Lord ordered that His disciples should change and become as children that they might inherit the beatitudes. Unless they became humble as little children, they would not enter into the kingdom of heaven. Who then shall not Bless the pure innocent children? Grant us, O Lord, to behold their glorious crowns.

**ഊനിസൊ**

**(ആഹായ് സോയാനൊ)**

കൃപയാൽ കർത്താവേ!–സ്വർഗ്ഗാഹ്–ത നൽക
കുഞ്ഞാടുകൾ പോൽ ഞാൻ–വലമായ് നി–ൽക്കേണം.

വാഴ്‌വിൽ സംതൃപ്തി–നേടാത്തൊ–രു പിഞ്ചു
പൈതങ്ങളെയ്യൊ–കൊല്ലും മൃതി ഘോരൻ.

നിധിപോയതിനാലെ–നെടുവീർപ്പു–കളോടെ
മേന്മേലവൾ കേണു–ചുഴലം നോ–ക്കുന്നു.

സ്വൈര്യം പറുദീസിൽ–നിൽക്കുന്ന–ജവൃന്ദം
അവയെയേറ്റേണം–മോദാഗാ–രത്തിൽ.

പ്രിയനാം തനയന്റെ–മരണത്തിൻ–നാളിൽ
അവൾതൻ നയനത്തിൽ–പെട്ടന്നി–രുളേറി.

**മാർ അപ്രേമിന്റെ ബോവൂസൊ**

ദൈവാത്മജനെ ശാശ്വതരാജ്യത്താശ്വാസം നിൻ
പൈതലിന്നേകുക ധാർമ്മികശുദ്ധന്മാരൊടൊപ്പം.

ആചാര്യൻ മെയ്‌രക്തങ്ങൾ തൻ സാദൃശ്യത്തിൽ
നിര്യാതർക്കായൊപ്പം വീഞ്ഞോടർപ്പിക്കുന്നു.

ഈശോതൻ ക്രൂശേറ്റത്തെയോർക്കും യാഗേ
മോചനമേകാൻ മൃതരെയാഹ്വാനം ചെയ്യുന്നു.

കാരുണ്യത്താൽ സൃഷ്ടിച്ചോനാം താതൻ സ്തുത്യൻ
സ്ക്കീപ്പൂസായാൽ രക്ഷിച്ചോനാം പുത്രൻ വന്ദ്യൻ.

കല്പിച്ചുത്ഥാനം നൽകീടും റൂഹാ സ്തുത്യൻ
ത്രിത്വേ ഏകത്വം പാലിക്കുന്നോനേ! സ്തോത്രം.

കല്ലറയിന്നും മൃതരെയേറ്റീട്ടുത്ഥാനത്തിൽ
തേജോമയമാം വസ്ത്രം നൽകുന്നോനേ! സ്തോത്രം.

O Son of God, grant rest to Your child among the righteous in that eternal kingdom with Your saints.

The priest enters into the sanctuary for the sake of the dead, to offer bread and wine, the perfect form of our Lord’s Body and Blood. The priest commemorated the death and crucifixion of Christ, and calls the souls of the dead to receive absolution from the sacrifice.

Glory to the Father, Who created us by the mercies of His divinity, adoration to the Son Who redeemed us by the passions of His crucifixion, thanksgiving to the Holy

Spirit who will quicken us by His command; praise be to the Holy Trinity of one nature.

Glory be to You, Who quicken the dead from their graves and clothe them with the garments of glory on the day of resurrection.

## സുറിയാനിക്രിസ്ത്യാനികളായ

# ശിശുക്കളുടെ ശവസംസ്ക്കാരം

### രണ്ടാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
Glory be Thee, O Christ the king who dost pity sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെപ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തി

ലും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**പ്രാരംഭപ്രാർത്ഥന**

മരണമുള്ളവരെ പാപമരണത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടി ശരീരപ്രകാരം മരണമനുഭവിച്ച ഉത്തമനും മരണമില്ലാത്തവനുമായ ദൈവമേ! തവ കരുണയുടെ പ്രത്യാശയിൽ നശ്വരമായ ഈ ലോകത്തിൽ നിന്ന് യാത്രയായിരിക്കുന്ന ഈ ഞങ്ങളുടെ പൈതൽ ............... വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. ഈ കുഞ്ഞിന് ആത്മീയമായ പൂർണ്ണാശ്വാസം നൽകുകയും തിരുരാജ്യത്തിലെ വിരുന്നിൽ തോഴന്മാരുടെ കൂടെ ഇതിനെ ഇരുത്തുകയും ചെയ്യണമെ. ജീവനുള്ളവനും ജീവൻനൽകുന്നവനുമായ പിതൃപുത്ര പരിശുദ്ധാത്മാവായ ഏകദൈവമേ! കർത്താവ് ഉത്തമനും മനുഷ്യസ്നേഹമുള്ളവനുമാകുന്നുവല്ലോ. കർത്താവിന് എന്നന്നേയ്ക്കും ബഹുമാനം യോഗ്യമാകുന്നു. ലഓലം ഒൽമീൻ ആമ്മീൻ.

Merciful, compassionate God and Creator of all, it truly befits You, as You created our race from nothing and

made us partakers of Your blessings, likewise to raise us from the dust and renew us in Your Kingdom, Father, Son and Holy Spirit forever and ever. Amen.

**കുക്കിലിയോൻ**

**(രണ്ടാം ഭാഗം)**

ദേവാധീശാ തിരുനാമം പാരം വിശ്രുതമവനിയി-
ലെങ്ങും-ഹാലേലുയ്യ-നിന്മഹിമയെ നീ വാനീന്നരുളി.
നിന്നുടെ വൈരികൾ കാരണമായ്-ഹാലേലുയ്യാ
പകയേറും വൈരിയെ നാശം ചെയ്‌വാൻ.
ബാറെക്മോർ-ശുബഹൊ.....മെനഓലം.....

Hear my prayer, O Lord, Halleluiah, and let my cry come unto you.
Turn not Your face from me in the day when I am in trouble; Halleluiah, incline Your ear unto me in the day when I call, answer me speedily.
For my days are consumed like smoke, Halleluiah, and my bones are whitened as if they were burned.
My heart is smitten and withered like grass, Halleluiah, so that I forget to eat my bread.
Barekhmore-Shubhaho..... Menaolam......

**എക്ബൊ**

**(അൽപോസൂർ)**

സ്വർഗ്ഗത്തിൽ പീഠത്തിൽ-ധാർമ്മിക നീതി പ്രിയസംഘത്തിൽ
ആ-ശ്വാസം നൽ-കഖിലേശാ! നിൻ ശരണത്തിൽ നിദ്രിത
മാം ദാസാത്മ-ങ്ങൾ-ക്കായ് സ്തൗമെൻകാലോസ്....

Grant, O Christ our God, rest and felicity to Your servants, and comfort them on the day of resurrection as You have promised. You were counted among the dead, and preached to them the true hope and the resurrection of

righteousness, and promised to redem them from the perdition of Sheol. Stomen kalos, Kurie eleison.

## പ്രുമിയോൻ

മരിച്ചവരെ പുനരുത്ഥാനം ചെയ്യിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്പിക്കുന്നവനും ജീവനുള്ളവരുടേയും മരിച്ചവരുടേയും ന്യാ യാധിപനും സകല ആത്മാക്കളുടെയുംജഡങ്ങളുടെയും ദൈവവും മരിപ്പിക്കുകയും ജീവിപ്പിക്കുകയും പാതാളത്തിലേക്ക് ഇറക്കുകയും അവിടെ നിന്ന് കയറ്റുകയും ചെയ്യുന്നവനും മനുഷ്യന്റെ ആയുഷ് ക്കാലത്തിന് പരിമിതി നിർണ്ണയിക്കുകയും മരണം മുഖേന അതിനെ അഴിച്ചുമായിച്ചുകളയുകയും അക്ഷയവും അനശ്വരവുമായ ജീവി തത്തിനായി വിളിച്ചെഴുന്നേല്പിക്കുകയും ചെയ്യുന്നവനുമായ കർത്താ വിന്സ്തുതി. തന്റെ ശിശുവിന്റെ ശവസംസ്ക്കാര ശുശ്രൂഷ നിർവഹി ക്കപ്പെടുന്ന ഈ സമയത്തും...........ഉത്തമനായ തന്നെ നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുല്ഹൂൻ.......

Glory to the Almighty into Whose hands our life is committed, by Whose divine will we depart from this weary world, and by Whose divine command our bodies shall be raised again from the dust. By this sweet incense offered on behalf of this child......... departed, we beseech Him to receive this child and to make this child to dwell in the abodes of happiness and to rejoice and be worthy of His glory, Father, Son and Holy Spirit, at this time of the burial service of His child and at all times, hours, festivals and through all the days of our life, forever and ever. Bhakulahoon......

## സെദറാ

ബലവാനായ ദൈവമായ കർത്താവേ! മഹനീയമായ കർത്താവിന്റെ പ്രത്യക്ഷതയുടെ ആ അവസാന ദിവസത്തിൽ പരേതർ നാശര ഹിതരായി ഉത്ഥാനം ചെയ്യുകയും സകല പരേതരുടേയും അസ്ഥി കൾ ശേഖരിക്കപ്പെടുകയും സൂര്യചന്ദ്രന്മാർ ഇരുണ്ടുപോവുകയും

നക്ഷത്രങ്ങൾ പ്രകാശരഹിതമായിത്തീരുകയും ഭയങ്കര കാഹളങ്ങൾ ധ്വനിക്കുകയും ശുശ്രൂഷകന്മാരായ മാലാഖമാർ ഭയത്തോടെ നിൽക്കുകയും ഭയങ്കരങ്ങളായ പുസ്തകങ്ങൾ തുറക്കപ്പെട്ട് സകലരുടേയും പ്രവൃത്തികൾ പരിശോധിക്കപ്പെടുകയും ജ്ഞാനികൾ മൗനമായും സമർത്ഥന്മാർ വിസ്മയിച്ചും നിൽക്കുകയും നീതിമാന്മാർ മണവറയിൽ സന്തോഷിക്കുകയും ദുഷ്ക്കർമ്മികൾ അഗ്നിക്ക് ഭക്ഷണമായ് നൽകപ്പെടുകയും പുണ്യവാന്മാർ പ്രകാശത്തിൽ ആനന്ദിക്കുകയും ദുഷ്ടന്മാർ പുറത്തെ അന്ധകാരത്തിലേക്ക് അയയ്ക്കപ്പെടുകയും വിശുദ്ധന്മാർ സന്തോഷിക്കുകയും ശ്രേഷ്ഠന്മാർ ആഹ്ലാദിക്കുകയും പാപികൾ ആഴമേറിയ കുഴിയിലേക്ക് വിധിക്കപ്പെടുകയും വലത്തുഭാഗം ജയത്താൽ ശ്രേഷ്ഠതപ്പെടുകയും ഇടത്തുഭാഗം നിത്യദണ്ഡനത്തിലേക്ക് തള്ളപ്പെടുകയും ഇരുഭാഗങ്ങളും അവരവർ അർഹിക്കുന്നത് പ്രാപിക്കുകയും അവയ്ക്ക് മാറ്റം സംഭവിക്കാതിരിക്കുകയും ചെയ്യുന്നതായ ആ സമയത്ത്, കർത്താവേ! കർത്തൃരൂപത്തിലുംഛായയിലും സൃഷ്ടിക്കപ്പെട്ടവനായ ഈ ശിശുവിൽ കർത്താവിന് അനുകമ്പ തോന്നണമെ. കർത്താവിന്റെ വിശുദ്ധ കൈകളാൽ നിർമ്മിക്കപ്പെട്ട് അലങ്കരിക്കപ്പെട്ടതായ ഈ വാത്സല്യസൃഷ്ടിയിൽ കർത്താവിന് സഹതാപം തോന്നണമെ. കർത്താവിനെ സ്തുതിക്കുവാനായി നിർമ്മിക്കപ്പെട്ട ഈ പത്തു കമ്പിയുള്ള കിന്നരത്തെക്കുറിച്ച് അനുകമ്പ തോന്നണമെ. മരണം നശിപ്പിക്കുകയും ചിതലിനും പുഴുവിനും കൂടായിത്തീരുകയും ചെയ്യുന്ന ഈ മാനുഷിക ജനലുകളെക്കുറിച്ചും കോട്ടകളെക്കുറിച്ചും അനുകമ്പ തോന്നണമെ. പൂഴിയായിത്തീരുന്ന ഈ സുന്ദരമായ ആകാരത്തെക്കുറിച്ച് കനിവുണ്ടാകണമെ. മാമൂദീസായുടെ റൂശ്മായാൽ മുദ്രയിടപ്പെട്ടതും ജീവനുള്ള തിരു ശരീരരക്തങ്ങൾ അനുഭവിച്ചിട്ടുള്ളതും ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്റെ ജീവിതം അവസാനിപ്പിച്ച് തവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നവനുമായ ഈ ശിശുവിൽ കനിവു തോന്നണമെ. പ്രീതിയോടെകൂടെ ഈ ആത്മാവിനെ കൈക്കൊള്ളുകയും ദുഷ്ടാത്മക്കളുടെ സ്ഥാനങ്ങളിൽ നിന്ന് കാത്ത് തവ മാലാഖാമാരാകുന്ന സേനകളുടെ സഹായത്താൽ ഇതിനെ സംരക്ഷിച്ചുകൊള്ളുകയും ചെയ്യണമെ. കർത്താവേ! തിരുരാജ്യത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാതിരുന്നവരോടുകൂടെ നരകശിക്ഷയ്ക്കായി ഇതിനെ വിധിക്കരുതെ. തവമനുഷ്യവതാരത്തെ ദുഷിച്ചവരോടുകൂടെ കർത്താവിനോടൊരുമിച്ചുള്ള ആനന്ദത്തിൽ നിന്ന് ഇതിനെ തള്ളിക്കളയരുതെ. മ

നുഷ്യപ്രീതിയാൽ ഇതിൽ ദയതോന്നി തവമഹാകരുണയാൽ ഇതിനെ ദർശിക്കുമാറാകണമെ! തിരുനിവാസസ്ഥലത്ത് ഇതിനെ എത്തിക്കണമെ. കർത്തൃവിശുദ്ധന്മാർക്കുള്ള ഓഹരിയിൽഇതിനെയും ഉൾപ്പെടുത്തണമെ. കർത്താവിന്റെ പ്രകാശമണവറയിൽ ഇതിനെയും ക്രമീകരിക്കണമെ. ജീവകരമായ പുനരുത്ഥാനത്തിനും കർത്താവിന്റെ വലത്തുഭാഗത്തുള്ള ശ്രേഷ്ഠമായ നിലയ്ക്കും ഇതിനെ അർഹനാക്കണമെ. ഇതിന്റെകടങ്ങളുടെ മോചനത്താൽ ഇതിനെ ആനന്ദിപ്പിക്കുകയും പിഴകളുടെ ക്ഷമയാൽ സന്തോഷിപ്പിക്കയുംചെയ്യണമെ. മഹനീയമായ തിരുതേജസ്സാൽ ഇതിനെ ആനന്ദിപ്പിക്കണമെ. കർത്താവിന്റെ വലത്തുഭാഗത്തുള്ള തെരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ മഹത്വത്തിൽ ഈ ശിശു ശോഭിക്കുമാറാകണമെ. കർത്താവേ! ക്ഷണികവുംഅപകടപൂർണ്ണവുമായ ഈ ജീവിതത്തിൽ അവശേഷിക്കുന്ന പാപികളും തവദാസരുമായ ഞങ്ങളെ കരുണാപൂർവ്വകമായ നിര്യാണത്തിനും തിരുഭവനക്കാർക്കും വത്സലന്മാർക്കും ഉചിതവും കർത്താവിനു പ്രീതികരവുമായ നല്ല അവസാനത്തിനും അർഹരാക്കണമെ. ഞങ്ങളിൽ ഒരുവനെപ്പോലും തിരുരാജ്യത്തിൽ നിന്ന് അന്യനും വേർതിരിക്കപ്പെട്ടവനുമാക്കിത്തീർക്കരുതെ. സ്നേഹപൂർവ്വം ക്രിസ്തു വന്നു ഞങ്ങളെ രക്ഷിച്ചതുപോലെ വീണ്ടും തിരികെ വന്ന് കർത്താവിനു യോഗ്യമായ നിലയിൽ ഞങ്ങളെ ഒരുക്കിക്കൊള്ളണമെ. രക്ഷയും വീണ്ടെടുപ്പും പിതാ പുത്ര പരിശുദ്ധറൂഹായ്ക്കും ഉള്ളതാകുന്നു.

ഹോശോ......... ദൈവത്തിൽ നിന്ന് ........

Eternal and everlasting God, by Your grace and divine wisdom, You created the first man and granted him life by the breath You breathed into his nostrils, and on the last day You will come to reward every one justly and according to his works; when Your sublime and exalted throne is established upon which You will sit, O God the Word and upright Judge, when You set the evildoers at Your left, whom You will reprove angrily saying: Go away from Me, you cursed, to the everlasting fire, bitter torment, and the outer darkness for truly I say to you, I do not know you. O God, upright Judge and Lord of

judges, turn not Your face from Your child at that dreadful and fearful hour, but make this child to hear Your life-giving voice which says to the sheep who are set at Your right: Come you blessed of My Father, inherit the blessed and eternal life in the heavenly Jerusalem, and with them may we offer praise and thanksgiving to You with Your Father and Holy Spirit forever and ever.
Hoso......
From God may we receive remission of debts.......

**എക്ബൊ**
**(ന്തായേബ് ഹാബീബായ്)**

വത്സലരേ! ചിരയാത്രയ്ക്കായ് കരുതിക്കൊള്ളുക പാഥേയം
ആർദ്രതയാകും തൈലത്താൽ ശോഭിപ്പിക്കുക ദീപത്തെ
മണവാളൻ വന്നാഗതരെ-പരിശോധിക്കും വേളയതിൽ
പങ്കിലവസ്ത്രമുടുത്തോനെ കണ്ടിടുമെങ്കിലഹോ കഷ്ടം
കൈയിണ കൂട്ടിക്കെട്ടിയുടൻ തള്ളിടുമവനെ കൂരിരുളിൽ.

കോലൊ
**(അൽ ആലോഹൊ)**

ക്ലേശി-ച്ചാകുലയായ് മേവും മാതാ-വിൻ പാർശ്വത്തിന്നും
പൈതങ്ങളെ മൃതി നീക്കുന്നു. നീസാൻ മാസവസന്തത്തിൽ

പൂപോൽ-പൈതങ്ങൾ തൻമെയ് മിന്നു-ന്നേദൻ പൂങ്കാവിൽ
ബാറെക്മോർ-ശുബഹോ.....മെനഓലം.....
വീര-ന്മാർ സുമുഖന്മാരും മേവും-കബറുകളെ നോക്കിൻ
നേരിട്ടെങ്ങനെയീനാശം പ്രാഗത്ഭ്യം പാതാളത്തിൽ
പാഴാ-യ്പോയല്ലോ നാഥാ! കനിയേ-ണം നിൻ രൂപത്തിൽ

In great sadness and distress, babes are taken away from their mothers' arms; they are like blossoms in spring and like the buds on the tree of life, their bodies rejoice exceedingly in Edam.

The infants, who death has snatched away from their mothers' bosoms and whose beauty it has corrupted, will be spiritually and tenderly reared by the Holy Spirit among the trees of paradise.

Let us open the graves and consider how the mighty and the beautiful have been reduced to destruction. O, how their statures have been bent down and are corrupted in Sheol. Have pity, O Lord, on Your image.
Barekhmore-Shubhaho........ Menaolam.......

**മദറോശോ**
**(കാലസ് മൽക്കോ)**

വത്സലസുതനേ! ജനനീ-ജഠരത്തിൽ കൃപയാ-ലുരുവായോ-നേ!
കൃപനിർമ്മിച്ചു-ഭുവനേ-പൂവിനു തുല്യം നീ പരിശോഭി-ച്ചു
മരണം കതിരോനേക്കാൾ കാ-ളുമ്പോ-ൾ
ഇതളുകളെല്ലാം വാടിപ്പോ-യപ്പോൾ
കേഴാൻ ഭാ-വി-ക്കെ അവനൊരു നൽ-ഗേഹം
രാജസുതൻ വാഴ്ത്തി-യതായ്ക്കണ്ടേൻ-ഞാൻ.

**മാർ അപ്രേമിന്റെ ബോവൂസൊ**

ആർദ്രതയാൽ നാഥാ ദേവാ! പൈതലിന്നേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിവനെ

മാതാവിന്നരുമകുഞ്ഞും പാലൂട്ടുന്നോൾക്കർഭകനും

നഷ്ടപ്പെട്ടതിനാൽ പ്രിയരെ! കഷ്ടതയും വ്യഥയും വന്നു.

വിത്തിന്നെന്നോണം നാഥാ! മണ്ണടിയും നിര്യാതർക്കായ്
ഉൽഗതിയൻപാൽ നീയേകി-ട്ടാർത്തർക്കാശ്വാസം നൽകി

ആർദ്രതയാൽ നാഥാ ദേവാ! പൈതലിന്നേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിവനെ

O Lord, have mercy upon us; O God, grant absolution to Your child, make this child to stand at Your right hand on the day when Your greatness is made manifest.

O, beloved, what a great calamity it is, what a grievous and bitter pain that the babe is snatched from child mother and the infant is taken from child nurse’s bosom.

Your child slept trusting in You while yea at the dawn of life; may the faults committed by child be absolved by Your abundant grace.

Glory to the Father Who formed you and to the Son Who by His cross redeemed you, thanksgiving to the Holy Spirit Who will raise your body from the dust.

O Lord, have compassion upon the dead, who like seeds are buried in earth: may Your voice awaken their deep sleep that they may cry out; Your kingdom come.

O Lord, have mercy upon us; O God, grant absolution to Your servant child, and make this child to stand at Your right hand on the day when Your greatness is made manifest.

# സുറിയാനിക്രിസ്ത്യാനികളായ

# ശിശുക്കളുടെ ശവസംസ്ക്കാരം

## മൂന്നാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**

പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator
**Glory be Thee, O Christ the king who dost pity** sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെപ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങ

ൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തി ലും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,
Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയ പ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.
**Yelg;>YelÐàr**
കരുണയുള്ള ദൈവമായ കർത്താവേ! കർത്താവിൽ ഞങ്ങൾ അ ഭയം പ്രാപിച്ചുകൊണ്ട് തവ കർതൃകല്പനപ്രകാരം നിദ്രപ്രാപിച്ചി രിക്കുന്ന ഈ ആത്മാവിനുവേണ്ടി അപേക്ഷിക്കുന്നു. കർത്താവേ! ദുഷ്ടന്മാരായ മത്സരക്കാരുടെ വലകളിൽ നിന്നും അദൃശമായ അന്ധകാരസേനകളിൽ നിന്നും ഈ ശിശുവിനെ സംരക്ഷിച്ച് നീതി മാന്മാരുടെ കൂട്ടത്തിൽ രക്ഷാസ്ഥാനത്ത് ചെന്നു ചേരുവാനും തിരു വിശുദ്ധന്മാരോടൊരുമിച്ച് എന്നെന്നേക്കും വസിക്കുവാനും ഈ പൈതലിന് സംഗതിയാക്കണമെ. ഹോശോ.........

May the cross, on which You were hung for the salvation of man, be a bridge and a passage unto this Your child .... .........who, in true faith and good works, has departed

from this transitory world. O Lord, according to the multitude of Your tender mercies, make this child worthy to meet You in confidence that this child may offer You glory and thanksgiving with Your Father and Holy Spirit forever and ever. Amen.

**കുക്കിലിയോൻ**

(മൂന്നാം നിറം)

അഹിതരഹമ്മതി കാട്ടരുതെന്മേൽ-ഹാലേലുയ്യ
ലജ്ജിക്കരുതേ നിന്നാശ്രിതരാരും.
അറിയിക്കെന്നെ നിൻചെറുവഴികൾ-ഹാലേലുയ്യ
നേരിൽ നയിച്ചെന്നെപ്പരിശീലിപ്പിക്ക.
ബാറെക്മോർ-ശുബഹോ...... മെനഓലം....

Let not my enemies triumph over me, Halleluiah, Yea, let non that trust in You be ashamed.
Teach me Your paths, Halleluiah, lead me in Your truth and teach me.
Barekhmore-Shubhaho........ Menaolam.......

**എക്ബൊ**

(ഹസിസ് ആഹായ്)

സോദരരെ! യെന്നായുസ്സി-ന്നന്ത്യമടുത്തതു കാണുമ്പോൾ
എന്നെ നയിപ്പോരതിവേഗം പടുനായാടികൾ പോലെത്തി
വന്നെത്തിയ മൃതിദൂതന്റെ കൈയ്യിൽ തീവാൾ കണ്ടപ്പോൾ
സർവ്വാംഗം സംഭ്രമമാന്നേൻ എൻ നടുവെല്ലുകളിളകിപ്പോയ്.
ശ്വാസോച്ഛ്വാസം തെല്ലിട ചെ-യ്തുറ്റവരെ സോദരരേയും
കാണാനവസരമേകണമെ-ന്നവനൊടു പാരമപേക്ഷിച്ചേൻ
നാഥാ! മൃതിയാമിരുളെന്നെ കൊന്നതിനാൽ നിൻ കാരുണ്യം
പാഞ്ഞെത്തണമെന്നതിഘോരം മുറവിളി കൂട്ടുന്നെൻബോധം.

Our Saviour gave the faithful the pledge of the new life, for by receiving His Body and Blood, they will pass from death life. Blessed are the dead who received Him for He shall to quicken them.

**പ്രുമിയോൻ**

മരിച്ചവരെ ജീവിപ്പിക്കുന്നവനും കബറടക്കപ്പെട്ടവരെ എഴുന്നേല്പി ക്കുന്നവനും ന്യായാധിപതിമാരുടെ ന്യായാധിപതിയുമായ കർത്താ വിനു സ്തുതി. തന്റെ പൈതലിന്റെ ശവസംസ്ക്കാരശുശ്രൂഷ നിർവ ഹിക്കപ്പെടുന്ന ഈ സമയത്തും ............ തന്നെ നാം ഓർത്തു മഹത്വപ്പെടുത്തണം. ബ്കുല്ഹൂൻ......

Glory to the true Lord in Whose hand is death and departing, in Whose will is life and resurrection, by Whose command our temporal life comes to an end, by Whose grace we pass to eternal life, and by Whose mercies we inherit spiritual delights; the benevolent and good Lord Whom we remember and praise at this time of His child burial service and at all times, festivals, hours, seasons and through all days of our life forever and ever. Bhakulahoon........ Amen.

**സെദറ**

ആദിയിൽ ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും, എന്നെന്നേ ക്കും നിലനിൽക്കുന്നവനും, തന്റെ പിതാവിന്റെ മഹത്വത്തിൽ വി ശുദ്ധമാലാഖാമാരോടുകൂടെ വരുവാനിരിക്കുന്നവനുമായ മ്ശിഹാ തമ്പുരാനേ! സംഖ്യാതീതമായ നിരകളും ഗണങ്ങളും പതിനായി രങ്ങളും തിരുമുമ്പാകെ പരിഭ്രമിച്ച് വിറച്ചുകൊണ്ട് നിൽക്കുന്നു. ഭയ ങ്കരന്മാരായ ക്രോബേന്മാരും സ്ഥിരതയുള്ള ഗണങ്ങളും സ്വർഗ്ഗീയമാ യ മേഘങ്ങളിൽ കർത്താവിനെ ആഘോഷിക്കുന്നു. കർത്താവിന്റെ ഉ ഗ്രമായ ശബ്ദത്തിൽ കർത്താവ് അട്ടഹസിക്കുമ്പോൾ മരണം വീണു പോവുകയും പാതാളം നശിച്ചു പോവുകയും ആദിഭൂതങ്ങൾ അഴിഞ്ഞുപോവുകയും, ഭൂമിയിൽ ദ്രവിച്ചുപോയ സർവ്വശരീരങ്ങളും പുനരായി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. സകലത്തിന്റേയും സൃഷ്ടാവും നിർമ്മിതാവുമെന്ന നിലയിൽ സൃഷ്ടിശക്തിയുള്ള വചന ത്താൽ കർത്താവു വീണ്ടും അവയെ സഞ്ജീകരിക്കുന്നു. നന്മയാക ട്ടെ തിന്മയാകട്ടെ അവനവൻ പ്രവർത്തിച്ചിട്ടുള്ളവയെക്കുറിച്ച് സമാ

ധാനം ബോധിപ്പിക്കുവാനായി സകല വംശങ്ങളും ഗോത്രങ്ങളും പരിഭ്രമജനകവും ഭയങ്കരവുമായ കർത്താവിന്റെ സിംഹാസനത്തിൻ മുമ്പാകെവന്നുകൂടുകയുംചെയ്യുന്നു. ബലവാനും കാരുണ്യവാനുമായ ദൈവമായ കർത്താവേ! ഇവയെല്ലാം സംഭവിക്കുകയും പ്രവർത്തിക്കപ്പെടുകയും ചെയ്യുന്നതായ ആ സമയത്ത്കർത്താവിലുള്ളപ്രത്യാശയോടെ നി ദ്രപ്രാപിച്ചിരിക്കുന്ന ഈ സഹോദരനെ കർത്താവിന്റെ വലത്തു ഭാഗത്തുനിറുത്തികൊള്ളണമെ."എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തംപാനംചെയ്യുകയുംഎന്നിൽ വിശ്വസിക്കുകയും യും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാനദിവസത്തിൽ ഞാൻഅവനെ ഉയിർത്തെഴുന്നേല്പിക്കും" എന്ന് ജീവനുള്ള തിരുവായ്കൊണ്ട് അരുളിച്ചെയ്തിട്ടുള്ളതായ ആ വചനം ഞങ്ങളിലും ഇവനിലും നിറവേറ്റണമെ. ഞങ്ങളും ഞങ്ങളുടെ പരേതരും തവവലത്തുഭാഗത്തു നിന്നുകൊണ്ട് തിരുകരുണയെ കാണുകയും തനിക്കും തന്റെപിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ...

Christ our God, by Your death You caused the destruction of death, the abolition of sin, and the renewal of the human race. Unto Your loving-kindness, O benevolent Lord, who tasted death for the salvation of our souls, we offer prayers and supplications on the commemoration of this Your child Hear, O holy Lord, and consider the supplication we offer on this child behalf. Call this child out of darkness to the light, make this child to rest in green pastures, lead this child beside still waters, gladden this child by the forgiveness if this child transgressions, deliver this child from the resurrection of judgement, bring this child safe to the resurrection of the new life, make this child prepared to enter into the chamber of limitless glory, and with this child make us worthy, O Lord, to inherit Your heavenly kingdom for You are benevolent and loving and to You we offer praise and

thanksgiving with Your Father and Holy Spirit for ever and ever. Amen.

From God may we receive remission of debts........

**കോലൊ**

**(ഹബ്ലൊ ലഇൗത്തോ-എൻഗാത്രം ഭക്ഷിച്ചുയിരേലും)**

സ്നേഹ-ത്താലെത്തി-കുരിശാൽ വീണ്ടോരു ജേതാവാ-
മിശോനൃപനെ-വാഴ്ത്തിക്കൂപ്പേണം
വീണ്ടും-വന്നെത്തി-ട്ടാദാം മക്കൾക്കുയിരേകി-
ത്തേജോവസനം-താനണിയിച്ചീടും.

ബാറെക്മോർ-ശുബഹോ.....മെനഓലം.....

തിരുമെ-യ്യും രക്ഷാ-ക്കാസാരക്തവുമുൾകൊണ്ട്
വിശ്വാസത്തിൽ-വാങ്ങിപ്പോയോർക്കായ്
നിൻസ്ലീ-ബാമാർഗ്ഗാ-പാലം കടവെന്നിവയായ്ത്തീർ-
ന്നവരാനന്ദ-സ്ഥാനം ചേരണമെ.

We give thanks and offer adoration to Jesus our victorious King, Who came by His love and redeemed us by His cross and will come to raise Adam's children that He may clothe them with the robe of glory.

Barekhmore-Shubhaho.... Menaolam......

May the departed faithful who ate Your Body and drank Your Blook, the cup of salvation, take Your cross for the way, a bridge and passage which leads them to the chamber of gladness.

**എത്രൊ**

ബലവാനും മഹാകാരുണ്യവാനും ദയാലുവുമായ ദൈവമായ കർത്താവേ! തിരുസന്നിധിയിലേക്ക് കർത്താവ് എടുത്തിരിക്കുന്നതിനാൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ പൈതലിനുവേണ്ടി ഈ സമയത്ത് ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപം കൈക്കൊണ്ട് സ്വർഗ്ഗീയ ഊ

ർശ്ലേമിൽ മോഹനീയ വാസസ്ഥാനങ്ങളിൽ ഇതിനെ ആശ്വസിപ്പിക്കുകയും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കും ഈശിശുവിനെ അർഹനാക്കുകയുംചെയ്യണമെ. മോറാൻ വാലോഹാൻ...

O Lord, the atoning Sacrifice and the reconciling incense Who was offered on the height of Golgotha , and by His ascent on the cross made atonement for the sin of the world, we beseech You to accept, through Your loving-kindness, this sweet incense we have offered to You. May its fragrance enter into Your Holy of Holies and send forth to us remission of our faithful departed in Your heavenly kingdom forever and ever.
Moron valohon....

**കോലൊ**

**(ലമറിയം യൊൽദാസ്-ദൈവത്തിൻ മാതാമറിയ)**

ഉണ്ണികളെ കൈകളിലേന്തി-രക്ഷകനരുളി
ഉണ്ണകളെപ്പോലാകുന്നോർ-സത്യം തന്നെ
സ്വർഗ്ഗീയ മഹാരാജ്യത്തി-ന്നവകാശികളാം
കൃപയാൽ യോഗ്യത ദാസർക്കും-നാഥാ! നൽക
ബാറെക്മോർ-ശുബഹോ.......മെനഗാലം.....
ജനനീ ജനകസഹോദരരും ശ്രേഷ്ഠരുമീശോ
നിൻവലമായ് കുഞ്ഞാടുകളൊ-ത്താനന്ദിച്ചു
വരുവിൻ പൂകിൻ നിർമ്മലരൊ-ത്തുന്നതരാജ്യം
നേടുവിനെന്ന മനോജ്ഞരവം-കേട്ടീടേണം.

Our Saviour took the little children in His arms and said: The inheritors of the kingdom of heaven are such as these. Make this Your worshiper, by Your grace, worthy of Your heavenly kingdom.
Barekhmore-Shubhaho.......Menaolam......
With the lambs who are set at Your right hand, O Lord, may our parents, brothers, and masters rejoice, and make them to hear Your sweet voice which calls saying: Come, inherit the kingdom with the saints.

**മദറോശോ**

**(സ്ലേക്ക് ലസലീബൊ)**

പൈ-തങ്ങളെ മോദിപ്പിച്ചു-ത്ഥാനത്തിൽ
തേ-ജസ്സണിയിച്ചീടും മ്ശീ-ഹാ ധന്യൻ
ഹാ!  പകൽനേരം-കുറുകീടും പ്രാവേപ്പോൽ
പൈ-തലിനെയോ-ർത്ത്മ്മ പരം-ദീനതയിൽ
കേണയ്യോ-പ്രലപിച്ചീടുന്നു
ശിശുമൃതിയാൽ-മൗനം പൂണ്ടതിനാൽ
ദാരുണമാം-മുറവിളിയോ-ടവൾ വിങ്ങിക്കരയുന്നു.

**(ഹബ്ലൻ മോറാൻ)**

ബാലരെയുത്ഥാനത്തിൽ-സ്വർഗ്ഗ
കാ-ണ്മാൻ കർത്താവേ!  ഭാഗ്യം നൽകീ-ടേ-ണം.
ദുർമ്മോഹമെഴും മൃതി ചെ-ന്നേറീ-
ട്ടാ-ളേറും തെരുവുകളെല്ലാമൊഴിവാ-ക്കു-ന്നു
പരതന്ത്രത തീർത്തേകീ-ടേ-ണം.
സ്വാതന്ത്ര്യം വിഷ്ടപവീരാ!  ഞങ്ങൾ-ക്കെ-ല്ലാം
സ്നേഹിതരെ സംരക്ഷിച്ചീ-ടാ-
നാ-കാത്തൊരു നശ്വരഗൃഹമേ ശാന്ത്യാ-വാ-ഴ്ക
ഉത്സാഹികൾ ധാർമ്മികർ വാണീടും
തേ-ജോനിലയം ഞാൻ കാണ്മാൻ പോയീ-ട-ട്ടെ.
വിശ്വാസത്തൊടു നിൻമെയ്-ഭ-ക്ഷി-
ച്ചാ-രക്തം പാനം ചെയ്തോരെല്ലാ-പേ-രും.
നരകത്തീന്നും വിടുതൽ-നേ-ടി
സ്വ-ർഗ്ഗം വിമലന്മാരൊപ്പം-പ്രാപി-ക്കേ.ണം.

## മാർ ബാലായിയുടെ ബോവൂസൊ

കരുണാസമ്പൂർണ്ണാ!  പുനരുത്ഥാനദിനെ
നിന്നുടെ സൃഷ്ടിയെ നീ നവമാക്കീടേണം.

മേലൂറിശിലേമിൽ-മ്ശിഹാസന സവിധേ
വിശ്വാസികളാകും-മൃതരെയോർക്കേണം.
മൃതരെ വിളിച്ചീടും-മ്ശിഹാ തേ സ്തോത്രം
ഉയിരാർന്നിളവില്ലാ-തവരേകും സ്തോത്രം.
വന്നവനാം വരുവോൻ-മൃതരെയേറ്റുന്നോൻ
സ്തുതനെന്നാത്മാവും-തനുവും ഘോഷിക്കും.

O Lord, have mercy upon us; O God, grant absolution to Your child, and make this child to stand at Your right hand on the day when Your greatness is made manifest.

How bitter is the departure, O my beloved. How grievous and hard is the separation, when the child is separated from this child mother and the infant from this child nurse.

Your child, who fell asleep in Your hope when this child was in youth, in Your grace, O Lord, let this child failings be forgiven.

Glory to the Father Who formed you and to the Son, Who by His cross redeemed you, thanksgiving to the Holy Spirit Who will raise your body from the dust.

O Lord, have compassion upon the dead, who like seeds, are buried in earth; may Your voice awaken their sleep that they may cry out: Your kingdom come.

O Lord, have mercy upon us; O God, grant absolution to Your child, and make this child to stand at Your right hand on the day when Your greatness is made manifest.

---

### സുറിയാനിക്രിസ്ത്യാനികളായ

# ശിശുക്കളുടെ ശവസംസ്ക്കാരം

### നാലാം ശുശ്രൂഷ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ
തമ്പുരാ + നേ ഞങ്ങളോടു കരുണ ചെയ്യണമെ.
**(മൂന്നു പ്രാവശ്യം ചൊല്ലണം)**

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: **ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.**
പ്രതിവാക്യം: **ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.**
**ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.**

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreties; have mercy on us.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Glory be Thee, O God,
Glory be to Thee, Creator

**Glory be Thee, O Christ the king who dost pity**
sinners Thy servants, Barekmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുംആകണമെ. ഞങ്ങൾക്ക്ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെപ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Celebrant: Our Father, who art in heaven,
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary, full of grace,

Response: Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

Celebrant: Shubhaholo…..
Response: And upon us, weak and sinners, may mercy and compassion come down abundantly in both worlds forever and ever. Amen.

**Yelg;>YelÐàr**
ദൈവമായ കർത്താവേ! താൽക്കാലികമായ ജീവതത്തിൽ നിന്ന് ഇപ്പോൾ വേർപെട്ട് ഈ വ്യർത്ഥലോകത്തിൽ നിന്ന് യാത്രയായിരിക്കുന്ന ഈ ആത്മാവ് പുനരുത്ഥാനദിവസംവരെ ആശ്വാസവും സന്തോഷവും ആനന്ദവും നിറഞ്ഞ സ്ഥലങ്ങളിലേക്കു കർത്താവിന്റെ വിശുദ്ധ മാലാഖാമാരാൽ നയിക്കപ്പെടുവാനും അവിടെ വെച്ച് മുഖപ്രസന്നതയോടുകൂടെ കർത്താവിനെ എതിരേൽക്കുവാനും സംഗതിയാക്കണമെ. ആബൊവബറൊ.......

O Lord God, make this soul which has escaped now from this temporary life and proceeded from this empty world, worthy of being led by Thy holy angels to places full of repose, happiness and joy, until the day of resurrection, and encounter Thee there with a pleasant face, O Father, Son and Holy Spirit, now and always for ever. Amen.

**കുക്കിലിയോൻ**

(എട്ടാം രാഗം)

രക്ഷകനേ! നാഥാ! ദേവാ!-ഹാലേലുയ്യ
ദിനരാത്രം ഞാൻ തിരുമു-മ്പിൽ കേണു.
എന്നാത്മാവിന്ന പിഴകളിൽ മതിവന്നു-ഹാലേലുയ്യ
പാതാളത്തോളം ചെ-ന്നെൻ ജീവൻ.
ബാറെക്മോർ-ശുബഹോ.....മെനഓലം....

**എക്ബൊ**

(കോലൊഖ് മോർ)

മൃതിപൂരിത പാതാളത്തിൽ നാഥാ! നിൻധ്വനിയുയരട്ടെ.
മൃതലോകത്തിൻ ചുമലീന്നും മരണം ചരണം നീക്കട്ടെ.
ജീവപ്രദനാം നിന്നെപ്പോൽ പാവനനാരുണ്ടേന്നേവം.
ജീവസമേതന്മാരൊപ്പം ജീവവിഹീനന്മാരാക്കും
സ്തൗമെൻകാലോസ്......

**പ്രുമിയോൻ**

ആത്മാക്കളുടെ സ്രഷ്ടാവും ശരീരങ്ങളുടെ നിർമ്മിതാവും നിർമ്മിതമായവയുടെ ശരണവും, സൃഷ്ടികളുടെ പ്രത്യാശയും കബറടക്കപ്പെട്ടവരുടെ പുനരുത്ഥാനവും മരിച്ചുപോയവരുടെ ഉയിർപ്പും ദുഃഖിച്ചിരിക്കുന്നവരുടെആശ്വാസവും വിഷാദിച്ചിരിക്കുന്നവരുടെ ആഹ്ലാദവും വിലാപത്തിലിരിക്കുന്നവരുടെ സന്തോഷവും മനോവേദനയിൽ ഇരിക്കുന്നവരുടെ ധൈര്യവുമായ കർത്താവിന് സ്തുതി. തന്റെശിശുവിന്റെശവസംസ്ക്കാര ശുശ്രൂഷ നിർവഹിക്ക പ്പെടുന്ന ഈ സമയത്തും .........ബ്കുല്ഹൂൻ.....

Make us worthy to raise and thanksgiving, glorification and extolement, great and never ceasing exaltation, continuously, and in every season and at all times:

(Glory be) to that creator of souls and maker of bodies, that hope of the lost; and the confidence of the created; to that resurrection of the entombed, and the vicification of the weeping; the comfort of the sorrowful and the gladness of the mournful; that joy of the lamenting and the encouragement of the broken-hearted:

To Him is due praise, honour and adoration at this time of the burial of this child, and at all festivals and times, hours and seasons, and during all the days of our lives, for ever. Amen.

**സെദറാ**

ആദ്യന്തമില്ലാത്ത തേജസ്സും മഹാകാരുണ്യവാനും സത്യവാനും, മരണമില്ലായ്മയുടെ പ്രഭയും ജീവനും ഉറവയും, സകലത്തിന്റേയും സ്രഷ്ടാവും ലോകത്തെയും അതിലെ അവസ്ഥാന്തരങ്ങളെയും ക്രമീകരിക്കുന്നവനുമായ കർത്താവേ! കർത്താവ് ഭയങ്കരനും കർത്താവിന്റെ കല്പനയിൽ മഹനീയനും ദീർഘക്ഷമയുള്ളവനും കാരുണ്യവാനും ആകുന്നു. യാതൊരു രഹസ്യവും തവ ദിവ്യദൃഷ്ടിക്ക് അഗോചരമല്ല. ആലോചനകളുടെ ആഴവും ഹൃദയചിന്തകളും തിരുസന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്നു. തവതീരുമാനങ്ങൾ അപരിമിതങ്ങളും തവ മാർഗ്ഗങ്ങൾ ദുർഗ്രഹങ്ങളുമാകുന്നു. മരണത്തെ മായിച്ചു കളയുവാനും മനുഷ്യസംഹാരകനായ മഹാസർപ്പത്തെ കൊല്ലുവാനുമായിട്ട് യേശുമ്ശിഹായെന്ന തിരുവത്സല പുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയും താല്പര്യമുള്ള സകല ആത്മാക്കൾക്കും രക്ഷയും മരണമില്ലായ്മയും യേശുമ്ശിഹാ പ്രസംഗിക്കുകയും ചെയ്തു. തിരുകല്പനപ്രകാരം ക്ലേശപൂർണ്ണമായ ഈ ലോകത്തിൽ നിന്ന് ശ്രേഷ്ഠവും അനശ്വരവുമായ ലോകത്തിലേക്കു ഞങ്ങൾ അയയ്ക്കപ്പെടുന്നു. കർത്താധികർത്താവും ഇരുലോകങ്ങൾക്കും അധികാരിയുമായുള്ളോവേ! ഈ താൽക്കാലിക ജീവിതമാകുന്ന പരദേശവാസത്തിൽ നിന്ന് വേർപെട്ട് യാത്രയായിരിക്കുന്ന ഈ തവ ശിശുവിന്റെ ശവസംസ്ക്കാരശുശ്രൂഷയുടെ ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷയുംപ്രാർത്ഥനയും സമർപ്പിക്കുന്നു. ഇവിടെ നിന്ന്യാത്രയായിസ്വർഗ്ഗീയഭവനങ്ങളിൽ വസിപ്പിക്കുന്നവരായ സമാധാനമാലാഖാമാർ മൂലം ഈആത്മാവിനെ കൈക്കൊള്ളണമെ. കർത്താവേ! ദുഷ്ടാത്മക്കളുടെ പിടിയിൽ നിന്നും ഈ ആത്മാവിനെ രക്ഷിച്ചു കൊള്ളണമെ. ആ എതിരാളിയുടെ ബന്ധനത്തിൽ നിന്ന്അതിനെ വിടർത്തണമെ. തിരുനാമഭക്തരും തിരുവിഷ്ടം ആചരിക്കുന്നവരുമായചുറ്റിനിൽക്കുന്നതുപോലെയുള്ള സേനകൾ ഈ ശിശുവിനു ലഭിക്കുമാറാകണമെ. തവ മനുഷ്യപ്രീതിയാൽ പാപങ്ങളെ പൂർണ്ണമായി ഈ ശിശുവിനു പരി

ഹരിക്കണമെ. ഈ ശിശുവിന്റെ തെറ്റുകളെ തിരു ദയയാൽ പൂർണ്ണ മായി ക്ഷമിക്കുകയും ചെയ്യണമെ. ഈ ശിശുവിന്റെ യാത്രയ്ക്ക് തി രുസഹായം പരസ്യമായി അയച്ചുകൊടുക്കണമെ. കൃപാ പൂർണ്ണമാ യ വലംകൈ ഈ ശിശുവിനുനീട്ടിക്കൊടുത്ത് രണ്ടാം മരണമാകുന്ന ചുഴിയിൽ നിന്ന് ഈശിശുവിനെ ഉദ്ധരിച്ചുകൊള്ളണമെ. അദൃശ്യ മായ തിരുശക്തിയാൽ ഈ ശിശുവിനെ സഹായിക്കണമെ. പിശാ ചുക്കളുടെ ഭയങ്കരമായ ഒളിവിടങ്ങളിൽ നിന്ന് ഈ ശിശുവിനെ രക്ഷിച്ചുകൊള്ളണമെ. ഈ ശിശുവിന്റെ പ്രമാണലംഘനങ്ങൾക്ക് തക്കപോലെ ഈ ശിശുവിനെ വിധിക്കരുതെ; തിരുസന്നിധിയിൽ സർവ്വരും കുറ്റക്കാർ തന്നെയാണല്ലോ. കർത്താവേ! ഞങ്ങളുടെ സ്വാഭാവികമായ ദുർബലതയിൽ കനിവു തോന്നണമെ. ഞങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്നതായ തിരുനാമത്തെയും തിരുമഹാകരുണ യെയും ഞങ്ങളിലും ഈ ശിശുവിലും ഓർക്കണമെ. ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയുണ്ടായ തിരുഏകപുത്രന്റെ കഷ്ടാനു ഭവങ്ങൾ കർത്താവിനോടപേക്ഷിക്കുമാറാകണമെ. തവ കൃപയും കരുണയും ഈ ശിശുവിന്റെ മേൽഉദിക്കുമാറാകണമെ. ഈ ശിശു വിശ്വസിച്ചതായ ജയമുള്ളസ്ലീബാ ഈ ശിശുവിന്, വിശുദ്ധന്മാരു ടെ സമൂഹത്തിൽ വസിപ്പിക്കുന്ന പ്രകാശസ്തംഭമായി ഭവിക്കുമാറാക ണമെ. ഞങ്ങളുടെ വംശശത്രുവായ സാത്താൻ തന്റെ ദുഷ്ടമായ ആഗ്രഹം നിറവേറാതെ ലജ്ജിച്ചുപോകത്തക്കവണ്ണം തവ കരുണ ഈ ശിശുവിലും ഉണ്ടാകുമാറാകണമെ. കർത്താവേ!തിരുനാമഭക്ത ന്മാർക്കുള്ള അനുഗ്രഹീത ഭവനങ്ങളിൽ എത്തുന്നതുവരെ ഈ ശിശുവിൻകോട്ടയും അനുയായിയും കാവൽക്കാരനുംസഹായിയും ആയിരിക്കണമെ. അവിടെ ആദ്യന്തമില്ലാത്തതായ തിരുമഹിമയിൽ ഈ ശിശു ആനന്ദിക്കുമാറാകണമെ. അബ്രഹാമിന്റെ മടിയിൽ വി ശ്രമിച്ചുകൊണ്ട് എല്ലാ ദുഃഖങ്ങളും ക്ലേശങ്ങളും കഷ്ടതകളും വിസ്മ രിക്കുവാൻ ഈ ശിശുവിനു സംഗതിയാകണമെ. കർത്താവേ! തവ ആരാധകരായഞങ്ങളെയെല്ലാവരെയും ഇവയ്ക്കെല്ലാം യോഗ്യരാക്കി ത്തീർക്കണമെ. വെടിപ്പുള്ളതും ആനന്ദകരവും പാപരഹിതവുമായ ജീവിതത്തിൽ അന്ധകാരത്തിന്റെദുഷ്ടസേനകൾക്ക് വിധേയമാകാ ത്ത സമാധാനപരമായ നിര്യാണം ഞങ്ങളും അനുഭവിക്കാൻ ഇട യാകണമെ. കർത്താവേ! കരുണാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ച് വിലപിച്ചിരിക്കുന്നവരെആശ്വസിപ്പിക്കുകയുംദുഃഖിച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും മ്ലാനവദനരായിരിക്കുന്നവർക്ക് മുഖപ്രസന്ന

ത നൽകുകയും ചെയ്യണമെ. കർത്താവിനെ സ്തുതിക്കുന്ന ഏവർക്കും ഏതു സ്ഥാനത്തും അവനവന്റെ ആവശ്യാനുസരണം ശരണവും പ്രത്യാശയും ആയിരുന്നതുകൊണ്ട് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ദുഃഖവും നീക്കികളയണമെ. ദൈവമേ! കർത്താവിന്റെ മ്ശിഹായിലുള്ള പ്രത്യാശയിൽ മുൻകൂട്ടി കർത്താവിന്റെഅടുക്കലേക്ക് യാത്രപുറപ്പെട്ടവരും ശ്രേഷ്ഠവും മഹനീയവുമായ അവിടുത്തെ പ്രത്യക്ഷതയെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ എല്ലാ മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാർക്കും ഗുരുക്കന്മാർക്കും ഞങ്ങളെല്ലാവരേയും വഹിച്ചിരിക്കുന്ന തവ കൃപയാൽ ഭാഗ്യകരമായ ഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആശ്വാസം നൽകണമെ. ആ പ്രത്യക്ഷയെ ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളോടുകൂടെ എതിരേൽക്കുവാൻ ഞങ്ങളും കാത്തിരിക്കുന്നു. കർത്താവേ! മുൻകൂട്ടി നിദ്രപ്രാപിച്ചവരും ഇവിടെ അവശേഷിക്കുന്നവരുമായി രക്ഷിതരും അവിടുത്തെ കർതൃത്വത്തിന്റെ ദാസരുമായ ഞങ്ങളെല്ലാവരും ആദ്യന്തമില്ലാത്ത തിരുരാജ്യത്തിൽ വന്ദ്യവും ഗ്രഹണാതീതവുമായ തിരുനാമത്തെയും തവഏകപുത്രനേയും തിരുപരിശുദ്ധറൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻയോഗ്യരായിത്തീരണമെ. ഹോശോ.............

O Lord, who art the eternal light, greatly graceful and true; that brightness and life, and the spring of immortality; the creator of all things who sets in order the worlds and the changes in them; Thou art awful and glorious in Thy command, long suffering and merciful. Secrets are not hid before Thy divine vision and the deapths of the minds and the reckonings of the heart are uncovered and exposed before Thee. Thy judgements are immeasurable and Thy ways unsearchable. Thou didst send Thy beloved Son Jesus Christ to the world that He might abrogate death and kill the dragon who slaughters men. Thou didst proclaim life and immortality to every willing would. By Thy command we are sent from this world full of suffering, to that world excellent and incorruptible. O

Lord, who art the Master of all things and the Ruler of both worlds, we offer before Thee prayer and supplication at this time of burial of Your child, who has separated and departed from this temporary so journy of life that Thou mayest receive this soul by the angels of peace who shall take this child forth from this place and make this child dwell in the heavenly mansions. O Lord, deliver this soul from the clutches of evil spirits. Save this child from the bonds of the enemy. May such armies which encircle those that fear His name and do Thy will, encounter Him. Absolve completely all this child sins by Thy human love. Blot out this child follies fully by Thy loving kindness. Send Thy succour openly for this child travel. Extend to this child Thy right hand, full of grace that it may draw this child out from the whirlpool of second death. Help this child by Thy invisible power. Protect this child from the frightful passes of the devils. Do not Thou judge this child in lawlessness since everybody stands condemned before You. O Lord, perceive Thou the infirmity of our nature. Remember Thou concerning this child and concerning us, Thy holy name with which we have been called and the multitude of Thy mercies. May the precious passions of Thy only begotten Son, for the salvation of our race, supplicate for us. May Thy mercies and Thy grace dawn upon this child. May the victorious cross (+) in which this child believed be to the soul a pillar of light making this child dwell amidst the company of the saints. May Thy loving kindness manifest upon this child, that satan, the enemy of our race, shall blush and be ashmed, since this child evil desire has not been fulfilled. Lord, be Thou to this Thy child a fortress, a companion, a keeper and a helper

until this child shall reach the blessed mansions of the devotes of Thy name and rejoice there in Thy eternal glory, and forget this child sorrows and mournings and afflications resting in bosoms like that of Abraham. O Lord, make also who are Thy worshippers ready for these, that with live's pure sweet and protected from sins, we may attain a peaceful departure, not overcome by the evil forces of darkness. O Lord, while looking upon us with an eye of compassion, give comfort to the wailing; encourage those who are sorrowful; remove all the tears and sadness from the faces of those who praise Thee, becoming thyself the hope and trust to each one, in every place as befitting this child. Lord, grant by Thy grace possessing all of us, that repose with the saints in bliss-full mansions, to all our parents, brethern and teachers who have already proceeded to Thee with hope in the Messiah and await His great and glorious revelation; which we also await to see, with clear faces, devoid of all shame; that we all who are saved; the servants of his lordship; those who have gone before and those who remain back, may be worthy to praise and exalt in Thy eternal kingdom, Thy adored and incomprehensive name and that Thy only begotten Son and Thy Spirit, all holy, good, adored, life-giving consubstantial with Thee now and always for ever. Amen

Hoso.....

**എക്ബൊ**

**(കോലൊ ദക്കറൊ)**

മരണം പ്രാപിച്ചഴുകിപ്പോ-യോനാം
ലാസറിനെ കബറീ-ന്നാഹ്വാനം ചെയ്ത
സ്രഷ്ടാവിന്നാജ്ഞാ-ധ്വനിയുത്ഥാന മഹാദിവസെ
മൃതരെയേറ്റിച്ചേർക്കും.

യോശാഫാത്തെന്ന-സാന്നസ്ഥാനത്തിൽ
അരചനിരിക്കും ത്രോണോസിൽ
സത്യവിധിക്കായ് തലമുറകൾ-വന്നെത്തീടും
നാഥാ! സവ്വേശാ എന്മേലന്നാളിൽ
കാരുണ്യം ചെയ്യേണം നീ പ്രാണപ്രദനല്ലോ.

**എത്രൊ**

കാരുണ്യവാനായ ദൈവമേ! കർത്താവിൽ അഭയംപ്രാപിച്ചുകൊണ്ട് ഈ സുഗന്ധധൂപം ഞങ്ങൾ അണയ്ക്കുകയും തിരു കല്പനപ്രകാരം ഇവിടെയുള്ള ജീവിതത്തിൽ നിന്ന് വിട്ടുമാറിയിരിക്കുന്ന ഈ ആത്മാവിനുവേണ്ടി കർത്താവിനോടപേക്ഷിക്കുകയും ചെയ്യുന്നു.പിശാചുക്കളുടെ കഠിനബന്ധനത്തിൽ നിന്നും അന്തരീക്ഷവാസികളും അദൃശ്യരുമായ ശത്രുക്കളുടെ അദൃശ്യഗണത്തിൽ നിന്നും ഈ ആത്മാവ് രക്ഷിക്കപ്പെടുമാറാകണമെ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! ഈ ആത്മാവ് യാത്ര ചെയ്ത് തവ വിശുദ്ധന്മാരുടെ ആലയങ്ങളിലും ജീവനുള്ളവരുടെ പട്ടണത്തിലും ചെന്നുചേരുവാൻ ഞങ്ങളിലുള്ള തവ മഹാകരുണയാൽ സംഗതിയാക്കുകയും ചെയ്യണമെ. മോറാൻ വാലോ....

O merciful God, we take refuge in Thee and offer this smoke of incense and pray to Thee for this soul, who by Thy command has departed from here, that may be saved from the bitter grasp of the devils and from the deceptive band of the aerial and invisible enemies and travel and reach Thy holy mansions and city of life, by Thy great mercy towards us, O our Lord and God, for ever. Amen. Moronvalo......

**കോലൊ**

**(ആഹായ് ഹാബിബായ്)**

കർത്താവിൽ പ്രിയരെ! യെന്റെ വത്സലരേ!–ഞാൻ വേർപെ-ട്ടു
എന്നെയെപ്പോഴുമോർത്തീടിൻ ശുശ്രൂഷയ്ക്കണി നിൽക്കുമ്പോൾ
ആ പ്രാത്ഥനയെൻ നേത്ര-ത്തിൽ പറ്റിയ ധൂ-ളിയെ നീക്കീടും.
ബാറെക്മോർ-ശുബഹോ......മെനഓലം......
പാതാളസ്ഥിതരാമെല്ലാ-കുട്ടികളും-ഗോത്രക്കാ-രും

പ്രാണൻ-പ്രാപിച്ചെത്തീടും ഭീഷണമാം വിധിഗേഹത്തിൽ
അന്നാൾ മനുജസ്നേഹീ! നീ കുട്ടികളിൽ-കൃപകാട്ടേണം.

**(എസ്പൻ മൊറിയൊ)**
കത്താവേ! കാരുണ്യത്താ-ലെന്നാത്മത്തെ രക്ഷിക്ക
മൃതിയിൽ സ്മൃതിയില്ലാർ പാടും സ്തുതി ഗീതം പാതാളത്തിൽ.

Return, O Lord, and deliver my soul; save me for Your mercies' sake. For in death there is no remembrance of You; in Sheol who shall give You thanks? Halleluiah.

**വായനകൾ**

വായനക്കാരൻ: **രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ നിന്നും-ബാറെക്മോർ.**

പ്രതിവാക്യം: രാജാക്കന്മാരുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

വായനക്കാരൻ: 1 രാജാക്കന്മാർ 17: 17-24
അനന്തരം വീട്ടുടമക്കാരത്തിയായ സ്ത്രീയുടെ മകൻ ദീനം പിടിച്ചു കിടപ്പിലായി; ദീനം വദ്ധിച്ചിട്ടു് അവനിൽ ശ്വാസം ഇല്ലാതെയായി. അപ്പോൾ അവൾ ഏലിയാവോടു: അയ്യോ ദൈവപുരുഷനേ, എനിക്കും നിനക്കും തമ്മിലെന്ത്? എന്റെ പാപം ഓപ്പിക്കേണ്ടതിന്നും എന്റെ മകനെ കൊല്ലേണ്ടതിന്നും ആകുന്നുവേ നീ എന്റെ അടുക്കൽ വന്നതു എന്നു പറഞ്ഞു. അവൻ അവളോടു: നിന്റെ മകനെ ഇങ്ങു തരിക എന്നു പറഞ്ഞു. അവനെ അവളുടെ മടിയിൽ നിന്നെടുത്തു താൻ പാത്തിരുന്ന മാളികമുറിയിൽ കൊണ്ടു ചെന്നു. തന്റെ കട്ടിലിന്മേൽ കിടത്തി. അവൻ യഹോവയോടു: എന്റെ ദൈവമായ യഹോവേ, ഞാൻ വന്നു പാക്കുന്ന ഇവിടുത്തെ വിധവയുടെ മകനെ കൊല്ലുവാൻ തക്കവണ്ണം നീ അവൾക്കു അനത്ഥം വരുത്തിയോ എന്നു പ്രാത്ഥിച്ചു പറഞ്ഞു. പിന്നെ അവൻ കുട്ടിയുടെ മേൽ മൂന്നു പ്രാവശ്യം കവിണ്ണു കിടന്നു: എന്റെ ദൈവമായ യഹോവേ, ഈ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവരുമാറാകട്ടെ എന്നു യഹോവയോടു പ്രാത്ഥിച്ചു. യഹോവ ഏലിയാവിന്റെ പ്രാത്ഥന കേട്ടു; കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങി വന്നു. അവൻ ജീവിച്ചു. ഏലിയാ

വു കുട്ടിയെ എടുത്തു മാളികയിൽ നിന്നു താഴെ വീട്ടിലേക്കു കൊണ്ടുചെന്നു. അവന്റെ അമ്മെക്കു കൊടുത്തു: ഇതാ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു ഏലീയാവു പറഞ്ഞു. സ്ത്രീ ഏലിയാവോടു: നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു എന്നു പറഞ്ഞു.

Reader: The lesson from the first book of Kings, Barekhmore.
Response: Glory be to the Lord of Kings, and His mercy be upon us for ever.

Reader: 1 Kings 17: 17-24
Some time later the widow's son got sick; he got worse and worse, and finally he died. She said to Elijah, "Man Of God , why did you do this to me? Did you come here to remind God of my sins and so cause the death of my son? "Give the boy to me", Elijah said. He took the boy from her arms, carried him upstairs to the room where he was staying, and laid him on the bed. Then he prayed aloud , "O Lord my God, why have you done such a terrible thing to this widow? She has been kind enough to take care of me, and now you kill her son!" Then Elijah stretched himself out on the boy three times and prayed, "O Lord, my God, restore this child to life!" The Lord answered Elijah's prayer; the child started breathing again and revived. Elijah took the boy back down stairs to his mother and said to her, "Look, your son is alive!" She answered, "Now I know that you are a man of God and that the Lord really speaks through you!"

ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ് ജാതികളിടയിൽ

ഭൂതലസീമയിതോളം നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കോക്കെയെഴും ഭാഗ്യമിതെ-ന്നറിയിച്ചു.
സ്വർഗ്ഗമഹാ-രാജ്യം

Those Apostles Chosen, sent by God, they went-
to ev'ry place Through all the world,
Gentiles heard from them the news,
The Gospel grace. They proclaimed-the kingdom,
Heav'ns rule-of freedom For the faithful bliss.

വായനക്കാർ: പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തി
ൽ നിന്നും ; ഹാബീബായ്-ബാറെക്മോർ
Reader: The lesson from the Acts of the Holy Apostles
Habibai, Barekhmor

പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവന സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ
Response: Glory be to the Lord of the Apostles, and
His mercy be upon us-for ever.

വായനക്കാർ: പ്രക്സീസ് 20: 7-12
ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കു
വാൻ കൂടി വന്നപ്പോൾ പൌലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ
ഭാവിച്ചതുകൊണ്ടു അവരോടും സംഭാഷിച്ചു പാതിരാവെരെയും
പ്രസംഗം നീട്ടി. ഞങ്ങൾ കൂടിയിരുന്ന മാളികയിൽ വളരെ വിളക്കു
ഉണ്ടായിരുന്നു. അവിടെ യൂത്തിക്കൊസ് എന്ന യവനക്കാരൻ കി
ളിവാതിലിൽ ഇരുന്നു ഗാഢനിദ്രപ്രാപിടിച്ചു. പൌലൊസ് വളരെ
നേരം സംഭാഷിക്കയാൽ നിദ്രവശനായി മൂന്നാംതട്ടിൽ നിന്നു താ
ഴെ വീണു; അവനെ മരിച്ചവനായി എടുത്തുകൊണ്ടു വന്നു. പൌ
ലൊസ് ഇറങ്ങിച്ചെന്നു അവന്റെ മേൽ വീണു തഴുകി ഭ്രമിക്കേണ്ട;
അവന്റെ പ്രാണൻ അവനിൽ ഉണ്ടു എന്നു പറഞ്ഞു. പിന്നെ അവ
ൻ കയറിച്ചെന്നു അപ്പം നുറുക്കി തിന്നു പുലരുവോളം സംഭാഷിച്ചു
പുറപ്പെട്ടു പോയി. അവർ ആ ബാലനെ ജീവനുള്ളവനായി കൊ
ണ്ടുവന്നു അത്യന്തം ആശ്വസിച്ചു. ഹാബീബായ്-ബാറെക്മോർ

Reader: The Acts 20: 7-12

On the first day of the week-end evening we gathered together for the fellowship meal. Paul spoke to the people and kept on speaking until midnight, since he was going to leave the next day. Many lamps were burning in the upstairs room where we were meeting. A young man named Eutychus was sitting in the window, and Paul kept on talking, Eutychus was got sleepier and sleepier, until he finally went sound asleep and fell from the third story to the ground. When they picked him up, he was dead. But Paul went down and threw himself on him and hugged him. “Don’t worry,” he said, “he is still alive!” Then he went back upstairs, broke bread, and ate. After talking with them for a long time even until sunrise, Paul left. They took the young man home alive and were greatly comforted. Habibai, Barekhmor.

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറീച്ചതൊഴി- ച്ചിങ്ങൊരുവൻ
വന്നറിയിച്ചാൽ വാനവനെങ്കിലുമാദൂതൻ
താനേൽക്കും സഭയിൻ ശാപം പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്ന ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ.

Paul the blessed- Saint, the Lord’s Apostle, said
If one come to preach to you Other doctrine than
we know, Be he man or angel bright,
Curs’d be he in Churchs sight; Doctrines all
diverse arise, Shooting up with first and last
Trusts God’s truth and holds it fast.

വായനക്കാർ: പൗലോസ്ശ്ലീഹാ കോരിന്തിക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.
പ്രതിവാക്യം: (ശ്ലീഹന്മാരുടെ) ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ.

വായനക്കാർ: 1 കോരിന്തി 15: 12-19
മ്ശിഹാ മരിച്ചവരുടെ ഇടയിൽ നിന്ന് ഉത്ഥാനം ചെയ്തു എന്ന് പ്രസംഗിക്കപ്പെടുന്ന സ്ഥിതിക്ക് മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെന്ന് പറയുന്ന ചിലർ നിങ്ങളിൽ ഉണ്ടായിരിക്കുന്നതെന്താണ്? മരിച്ചവർക്ക് പുനരുത്ഥാനമില്ലെങ്കിൽ മ്ശിഹായും പുനരുത്ഥാനം ചെയ്തിട്ടില്ല. മ്ശിഹാ പുനരുത്ഥാനം ചെയ്തില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു. ദൈവം മ്ശിഹായെ ഉദ്ധരിക്കാതിരിക്കെ ഉദ്ധരിച്ചു എന്നു ഞങ്ങൾ സാക്ഷി പറഞ്ഞതുകൊണ്ട് ഞങ്ങൾ ദൈവത്തിന്റെ കള്ള സാക്ഷികളായി കാണപ്പെടുകയും ചെയ്യും. മരിച്ചവർ ഉത്ഥാനം ചെയ്കയില്ലെങ്കിൽ മ്ശിഹായും പുനരുത്ഥാനം ചെയ്തിട്ടില്ല. മ്ശിഹാ പുനരുത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം പാഴാകുന്നു. ഇതുവരെ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ തന്നെ സ്ഥിതി ചെയ്കയും ചെയ്യുന്നു. പക്ഷേ മ്ശിഹായിൽ (വിശ്വസിച്ച്) നിദ്രപ്രാപിച്ചവർ കൂടിയുംനശിച്ചുപോയിരിക്കുമോ? നാം മ്ശിഹായിൽ പ്രത്യാശവെച്ചിരിക്കുന്നത് ഈ ആയുഷ്ക്കാലത്തേക്ക് മാത്രമാണെങ്കിൽ സകല മനുഷ്യരെക്കാളും നാം ദുർഭഗന്മാരാകുന്നു.
ആഹായ്-ബാറെക്മോർ.

Reader: The lesson from the Epistle of St. Paul, the

Apostle, to the first Corinthians Ahai Barekhmor.
Response: Glory be to the Lord of the Apostles, and His mercy be upon us-for ever.
Reader: 1 Corinthians 15: 12-19
Now, since our message is that Christ has been raised from death, how can some of you say that the dead will not be raised to life? If that is true, it means tht Christ was not raised; and if Christ has not been raised from death, then we have nothing to preach and you have

nothing to believe. More than that, we are shown to be lying about God, because we said that he raised Christ from death-but if it is true that the dead are not raised to life, then he did not raise Christ. For if the dead are not raised, neither has Christ been raised. And if Christ has been raisedthen your faith is a delusion and you are still lost in your sins. It would also mean that the believers in Christ who have died are lost. If our hope in Christ is good for this life only and no more, then we deserve more pity than any one else in all the world.
Ahai Barekhmor.

**പെത്ഗോമൊ**

ഹാലേലൂയ്യ-ഉ-ഹാലേലൂയ്യ പ്രീതിപ്പെട്ടീടണമേയടിയാനിൽ.
ഏറും കൃപയാലി ശിശുവിനെ രക്ഷിക്ക-ഹാലേലൂയ്യ

Make Your face to shine upon Your child; save this child through Your mercies, Halleluiah.

ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ: ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിൻെറ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

Deacon/Altar Asst.: With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

## ഏവൻഗേലിയോൻ വായന
## EVANGELION READING

പുരോഹിതൻ: **(സഭാ വിശ്വാസികളെ അഭിമുഖീകരിച്ചു നിന്നുകൊണ്ട്)**

\+ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

Celebrant: (+) Peace be-to-you—all.

പ്രതിവാക്യം: അവിടുത്തെ ആത്മാവിനോടുകൂടെ-ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യരാക്കിത്തീർക്കുമാറാ-കട്ടെ.

Response: And with thy spirit

**പുരോഹിതൻ:** ജീവൻ നൽകുന്ന പ്രസംഗമായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന പ്രസംഗകനായ ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്)

Celebrant: The Holy Gospel of our Lord Jesus Christ, Life giving preaching from Luke the Apostle the preacher who preaches life and redemption to the world.

പ്രതിവാക്യം: വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു-നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും-നാം എല്ലാവരുടെയും മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

Response: Blessed is He, who has come and is to come; Praise be to Him, who sent Him for oursalvation, and His mercy be upon us all-for ever.

**പുരോഹിതൻ:** വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ശരീരിയായിത്തീർന്ന ദൈവവും, ജീവന്റെവചനവുംനമ്മുടെരക്ഷകനുമായകർത്താവേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

Celebrant: Now in the time of dispension of our Lord and Our God and our Redemer Jesus Christ, the word of life. God who had taken flesh of the Holy Virgin Mary, these things thus came to pass.

പ്രതിവാക്യം: അങ്ങനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

Response: We believe and confess.

**ലൂക്കോസ് 7: 11-18**

യേശു 'നയിൻ' എന്ന പേരുള്ള പട്ടണത്തിലേക്ക് പോയി. ശിഷ്യന്മാരും വലിയപുരുഷാരവും അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നു. യേശു നഗരകവാടത്തിനുസമീപിച്ചപ്പോൾ മരിച്ച ഒരുവനെ അടക്കുവാൻ കൊണ്ടുപോകുന്നതു കണ്ടു. അയാൾ തന്റെ വിധവയായ മാതാവിന് ഏകപുത്രനും ആയിരുന്നു. അവളും പട്ടണവാസികളും വളരെ ജനങ്ങളും കൂടെ ഉണ്ടായിരുന്നു. യേശുവാകട്ടെ, അവളെക്കണ്ട് മനസ്സലിഞ്ഞ് 'കരയണ്ട' എന്നു പറയുകയും, ചെന്ന് ശവമഞ്ചത്തെ തൊടുകയും ചെയ്തു. അതു വഹിച്ചിരുന്നവർ നിന്നു. യേശു പറഞ്ഞു, 'യുവാവേ! നിന്നോടു ഞാൻ പറയുന്നു, എഴുന്നേൽക്കുക'. ഉടനെ മരിച്ചവൻ എഴുന്നേറ്റിരുന്ന് സംസാരിച്ചു തുടങ്ങി. യേശു അവനെ അവന്റെ മാതാവിന് നൽകുകയും ചെയ്തു. എല്ലാവരും ഭയപ്പെട്ട് 'ഒരുവലിയ ദീർഘദർശി നമ്മുടെഇടയിൽ ഉണ്ടായിരിക്കുന്നു. ദൈവം തന്റെ ജനത്തെ ദർശിച്ചിരിക്കുന്നു.' എന്നു പറഞ്ഞു കൊണ്ട് ദൈവത്തെസ്തുതിച്ചു. യേശുവിനെക്കുറിച്ച്യീഹൂദിലെല്ലായിടത്തും സകല പരിസരപ്രദേശങ്ങളിലും ഈ സംഗതി പ്രസിദ്ധമായി. യോഹന്നാനെ അവന്റെ ശിഷ്യന്മാർ ഈ കാര്യങ്ങളെല്ലാം ഗ്രഹിപ്പിച്ചു.

പുരോഹിതൻ: നിങ്ങൾക്കെല്ലാവർക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

## St. Luke 7: 11-18

And it came to pass on the next day Jesus was going to a city called Nain; and His disciples were with him, and many people. When they came near the gate of the city, Jesus saw a dead man being carried out, who was the only son of a widow. Many people were with her. When Jesus saw her, He had compassion on her, and said to her, weep not. Then He went and touched the bier, and those who carried it stood still. Further, He said, young man, I tell you, arise. The dead man sat up and began to speak. Jesus gave him to his mother. All men were seized

with fear; and they praised God, saying, a great prophet is risen among us; and, God has visited His people. This word about Him went to out through all Judea, and through the country around them. John's disciples told him about all these things.

Celebrant: + Peace (Concord) be-to you-all.

**ലുത്തിനിയ**

നാമെല്ലാവരും ദുഃഖത്തോടും സങ്കടത്തോടും കൂടെ യോഗ്യമായി നിന്നുകൊണ്ട് ദൈവത്തിന് പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം. കുറിയേലായിസ്സോൻ.

പ്രകാശപൂർണ്ണവും അവർണ്ണ്യവുമായ തന്റെ ജ്ഞാനത്താൽ ഞങ്ങളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിധിയനുസരിച്ച് ഞങ്ങളുടെ ആയുർദൈർഘ്യത്തെ അവസാനിപ്പിക്കുന്നവനായ കർത്താവേ! ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

തിരുവിഷ്ടം ആചരിക്കുന്നവർക്ക് സ്വർഗ്ഗരാജ്യവും തന്നിൽ വിശ്വസിക്കാത്തവർക്ക് കരച്ചിലും പല്ലുകടിയും അവകാശമായി നൽകുന്നവനേ! ഞങ്ങൾ അപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

മ്ശിഹാതമ്പുരാനേ! ഞങ്ങളേയും ഇന്ന് നിദ്ര പ്രാപിച്ച് ശിശുപ്രായത്തിലും ബാല്യത്തിലും യാത്രയായി തിരു സന്നിധിയിൽ വന്നു ചേർന്നിരിക്കുന്ന ഈ പൈതലിനേയും കൃപയോടെ ആശ്വസിപ്പിക്കണമെ. ബാബേലിലെ അഗ്നിച്ചൂളയിൽ പരിശോധിക്കപ്പെട്ടവരായ കുട്ടികളോടുകൂടെ ഈ ശിശുവിനേയും ചേർത്തുകൊള്ളണമെ. മ്ശിഹാതമ്പുരാനേ! അവരുടെ കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ട നാലാമത്തെ ആൾ തളിച്ചതായ മഞ്ഞുതുള്ളികൾ ഈ പൈതിലിൻ മുഖത്തും തളിക്കണമെ. ഈ ശിശുവിനേയും തിരു സത്യത്തെ മുറുകെപ്പിടിച്ച് രക്ഷാകരമായ തവ പ്രത്യക്ഷതയെ നോക്കിപ്പാർത്തിരിക്കുന്നവരും തിരു ദാസരും വിശുദ്ധ സഭയുടെ പ്രജകളായ ഞങ്ങളേയും ആനന്ദിപ്പിക്കുമാറാകണമെ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.
കുറിയേലായിസ്സോൻ.

കർത്താവേ! ഞങ്ങളെ കൈക്കൊണ്ട് ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമെ. നാം മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

Let us all stand well as one, mournfully and sorrowfully and with voices reconciling God, cry out and say: Lord, have mercy upon us. Kurielaison.

O Thou, who by Thy illuminating and unspeakable wisdom, hast by judgement, set the passage time of our life, we beseech Thee, Lord, have mercy upon us.

Kurielaison.

Thou who givest the kingdom as an inheritance to those who do Thy will, and lamentation and gnashing of teethto those who have not believed, we pray to Thee; Lord,have mercy upon us. Kurielaison.

O Christ, our Saviour, make us and this Thy child worthy who has this day laid down, and from the life of childhood and infancy, escaped and arrived near to Thee. O Lord, comfort him, by Thy grace, and mingle him with those children, who were tested in the furnance of the Babylonians. O, God Christ, sprinkle upon this child face that dew which the fourth one who stood among them sprinkled. Gladden him and us Thy servants and the children of Thy holy church who holds Thy truth and await Thy saving manifestation. We plead Thee, Lord, have mercy upon us.

Kurielaison.

O Lord, hear us; be kind and have mercy upon us. We cry out and say three times, Lord, have mercy upon us.
Kurielaison, Kurielaison, Kurielaison.

**മദറോശോ**
**(ന്ഹദ്സീവ് നൂഹോമൊ)**

നശ്വരവാസത്തീ-ന്നുണ്ണികളെ മൃതിയാൽ
നീക്കീടുമഖിലേശൻ-ധന്യൻ! പുതുമയവർ-ക്കേകണമു-ത്ഥാ-നേ.

തടയരുതുണ്ണികളെ-എൻ നികടെ വിടുവിൻ /മോറാൻ
വാനിടമിവരെപ്പോ-ലുള്ളോർക്കെന്നോതി ശിഷ്യരൊടാ-യ്

ജനക സഹോദരരേ!-ഭാവുകമൊടു വാഴ്വിൻ
നശ്വരമാം വാസം-വിട്ടു സനാതനമാം വാസം ഞാ-ൻ നേ-ടി.

കഴുകൻ പാഞ്ഞെത്തി-കുഞ്ഞിനെ റാഞ്ചുകയാൽ
വീപ്പൊടു കുറുകീടും-പ്രാവിന്നാശ്വാസം നൽകണമെ-നാ-ഥാ.

സംസ്തുതി താതന്നും-സ്തോത്രം തനയന്നും
കീർത്തനവും നതിയും-വിമലാത്മാവിന്നും കർത്താവേ!-സ്തോത്രം

**(പട്ടക്കാരൻ മൃതദേഹത്തിൽ തൈലം ഒഴിക്കുമ്പോൾ)**

**പ്രാർത്ഥന**

തന്റെ ദൈവിക കല്പനയാലും കർതൃഹിതപ്രകാരവും ഈ പൈതലിനെ ഈ താൽക്കാലികജീവതത്തിൽ നിന്ന് യാത്രയാക്കിയ ദൈവമായ കർത്താവേ! തിരുസന്നിധിയിൽനിന്ന് സ്വർഗ്ഗീയസേനകളുടെ സഹായം അയച്ചു കൊടുക്കണമെ. ഈ മൃതശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ആയാറിൽപതിയിരുന്ന്മനുഷ്യാത്മാക്കളുമായ് പോരാട്ടം നടത്തുന്ന പ്രതികൂലസൈന്യങ്ങളിൽ നിന്നും ശത്രുവിന്റെ പാളയങ്ങളിൽ നിന്നും ഈ ശിശു രക്ഷപെടുമാറാകണമെ. പ്രകാശഭവനങ്ങളിൽ വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിലേക്ക് ഈ ശിശുവിനെ ആനയിക്കുകയും ചെയ്യണമെ. ഈ ശിശു സന്തോഷത്തോടും ആനന്ദത്തോടും കൂടി കർത്താവിനും

കർത്താവിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകണമെ.

**(The Priest, holding the holy oil in his hand shall say):**

O Lord God, by Whose Godhead's command and Lordship's authority this Your servant ............. has de parted from this temporal life, send unto this child from above the succor of Your angelic hosts, and by means of this oil which is to be poured on this child body, grant that this child may become slippery and unrestrainable by the adverse powers and the hosts of the enemies who lie in wait in the air to wage war against the souls of humen. Bring this child safe to the heavenly abodes of light and exultation among the saints, so that, rejoicing and exceedingly glad, this child may offer glory and give thanks to You, Father, Son and Holy Spirit now and forever.

**(മുഖത്തും നെഞ്ചത്തും കാൽമുട്ടുകളിലും കുരിശാകൃതിയിൽ തൈലം വീഴ്ത്തിക്കൊണ്ട്)**

പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും വിശുദ്ധന്മാരോടുകൂടിയുള്ള ആനന്ദത്തിനുമായി പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധറൂഹായുടെ യും + നാമത്തിൽ നിത്യജീവനുവേണ്ടി ഈ തൈലം ഒഴിക്കപ്പെ ടുന്നു.

**(The Priest pours the oil on the body in the sign of three crosses: one on the face, another on the chest, and the third on the knees, while he says following prayer:)**

For the release from pain, for repose from misery, and for felicity with the saints:
In the name of the Father, +
And of the Son +

And of the living Holy Spirit + for life eternal.

**(പട്ടക്കാരൻ മണ്ണെടുത്ത് കുരിശാകൃതിയിൽ മൃതശരീരത്തിൽ ഇടുന്നു)**

നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ തിരികെ ചേരും, വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും എന്നരുളിച്ചെയ്തപ്രകാരം കർത്താവേ! ഇതാ തിരുവിഷ്ടം ഈ ശിശുവിൽ നിറവേറിയിരിക്കുന്നു.

(മൃതശരീരം കല്ലറയിലിറക്കുന്നു)

**(The Priest shall take some dust in his hand and cast it on the body in the form of a cross , saying)**

Your will, O Lord, has been fulfilled as You have decreed saying: Dust you are, and to dust shall you return, and again you shall be restored

(The body is laid in the grave)

## സുഗീസൊ

**(ആഹായ്പൂശുൻ)**

**51-ാം സങ്കീർത്തനം**

ദൈവമേ! തിരു കൃപയിൻ പ്രകാരം.......ഹാലേലുയ്യ

സോദരരേ! ശുഭമായ് വാണെൻ-പേക്ഷിപ്പിൻ
വേർപെട്ടോൻ സതതം കർത്താ-വെന്നൊടുകൂടെ

എന്റെ അന്യായത്തിൽ നിന്ന് ........ ഹാലേലുയ്യ

വിലന്മാരുടെ മേൽ മേലീ-ന്നൻപുണ്ടാകും
അവരെപ്പോൽ നീയുത്ഥാനേ-ഫലമാർജ്ജിക്കും.

കർത്താവിനു വിരോധമായിത്തന്നെ.......ഹാലേലുയ്യ

വലഭാഗേ നീ സ്തുതി പാടു-ന്നതു കാണുമ്പോൾ
സാത്താനും മരണത്തിന്നും-ഹാ! ഹാ! കഷ്ടം

എന്നാൽ നീതിയിൽ കർത്താവ് ഇഷ്ടപ്പെട്ടും.......ഹാലേലുയ്യ

മൃതി പൂണ്ടോർക്കായ് കർത്താവിൽ-ഭാഗ്യം ഭാഗ്യം

വിശ്വാസികളാമഖിലക്കും-മരണം നിദ്ര.

കർത്താവിന്റെ ആനന്ദവും സന്തോഷവും ം.......ഹാലേലുയ്യ

ഭ്രാതാവേ! ഖേദിക്കേണ്ടാ-നരവംശത്തിൽ
സകല ജനങ്ങളുമിക്കാസാ-പാനം ചെയ്യും.

ദൈവമേ വെടിപ്പുള്ള ഹൃദയത്തെം.......ഹാലേലുയ്യ

തരുവിന്മേലുദയം ചെയ്തൊരു-ജീവവെളിച്ചം
കുഴിയതിലെന്മിഴി തെളിയിക്കും-കൃപ ഞാൻ കാണും.

എന്നാലോ തിരു ആനന്ദവും ം.......ഹാലേലുയ്യ
സ്വപ്നം പോൽ ഞാനീലോകം-വിട്ടു വേഗം
നിങ്ങടെ യാചനയെൻ കൂട്ടായ്-മുൻപോകട്ടെ

എന്റെ രക്ഷയുടെ ദൈവമായം.......ഹാലേലുയ്യ

ജീവനെഴുന്നൊരു പാലമതായ്-സ്ലീബാ തീർന്നി-
ട്ടേറണമേ ഞാൻ മോദമെഴും-ശാലയിലീശാ!

എന്തെന്നാൽ ബലികളിൽ.......ഹാലേലുയ്യ

മരണത്തിൻ കാറ്റടിയേറ്റെൻ-ജീവൻ മാഞ്ഞു
നിൻ സത്യാത്മാ വെത്തിയെനി-ക്കുണർവേകട്ടെ.

തിരു ഇഷ്ടത്താൽ സെഹിയോനോടും.......ഹാലേലുയ്യ

സ്നേഹത്താൽ മൃതനായ് നമ്മെ-രക്ഷിച്ചേവം
പ്രേഷക സവിധം ചേർന്നോനെ-സ്തുതിയാദ്യജനേ!

**കോലോ**

**(റൊസ്ലി റൊസ്ലി)**

**കർത്താവിന്റെ ഭവനത്തിലേക്കു നാം പോകുന്നു എന്ന് അവർ എന്നോട് പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.**

കർത്താവു വരും മൃതരെയുയിർപ്പിക്കും
ശരണം നൽകും-സകല പരേതർക്കും

**ഊർശ്ലേമേ എന്റെ കാലുകൾ നിന്റെ വാതിലുകളിൽ നിൽക്കുന്നു.**

ഉത്ഥാനദിനേ-നിന്നെപ്പറുദീസിൽ
കാണും ഞങ്ങൾ-മോഹന തരുമദ്ധ്യേ.

**കോട്ടയാൽ ചുറ്റപ്പെട്ടിരിക്കുന്ന പട്ടണംപോലെ ഊർശ്ലം പണിയപ്പെട്ടിരിക്കുന്നു.**

മൃതിനശ്വരമാം-ജീവനെടുത്തതിനാൽ
മ്ശിഹാ പ്രഭയിൽ-ശാന്തി നിനക്കേകും.

**അവിടേയ്ക്കു ഗോത്രങ്ങൾ, കർത്താവിന്റെ ഗോത്രങ്ങൾ തന്നെ, ഇസ്രായേലി ന്റെ സാക്ഷ്യത്തിനായി കർത്താവിന്റെ നാമത്തെ സ്തോത്രം ചെയ്വാൻ കയറി /ച്ചെല്ലുന്നു.**

ജീവിതലക്ഷ്യ-രാജസുതാ ചേർത്തി
ട്ടാത്മാഗാരം-കരുതണമെങ്ങൾക്കായ്.

**ഊർശ്ലേമിന്റെ കുശലം അന്വേഷിപ്പിൻ, തവ സ്നേഹിതന്മാർ ധൈര്യമായിരിക്ക ട്ടെ. തവ കൊത്തളങ്ങളിൽ സമാധാനവും തിരുകൊട്ടാരങ്ങളിൽ സംതൃപ്തിയും /ഉണ്ടാകട്ടെ.**

കുരിശിന്മീതെ-മോഷ്ടാവെന്നോണം
നിൻ ദയ വിധിയിൽ-നേടുന്നോൻ ധന്യൻ.
ബാറെക്മോർ-ശുബഹോ-മെനഓലം....

സ്തോത്രം മൃതരെ-ജീവിപ്പിപ്പോനേ!
മൃതി തൃക്കൈയിൽ-ജീവൻ തിരുവിഷ്ടം.

## കോലൊ

**(ബത്രെൻ ഒൽമ്മെ)**

സത്യ പിതാവേ! സത്യതനൂജാ! വിമലാത്മാവേ!-ജീവൻ നൽക.
സ്വേഷ്ടത്താൽ നീ-സൃഷ്ടിച്ചെന്നെ മോദിക്കണമെ-ഞാൻസ്വർഗ്ഗത്തിൽ /ചേരേണം.
നൃപനിയമിതനാം-പ്രതിനിധിയേ! നീ വാനവരിടയിൽ-പോയ്

പോവുക ശുഭമായ്-കേണീടേണ്ടാ താവക ദേശം-ദൂതനിവാസം

മോഹമിയറ്റും-മലിനതയെന്യേ പോയ ശിശുക്കൾ-ക്കേറ്റം ഭാഗ്യം.
സ്വസ്നേഹതരാം-സഹദേന്മാരെ മുടിചൂടിച്ച-നീതിപ്രിയനേ!

ശിശുവാമെന്നെ-യണിയിക്കേണം മഹിതന്മാരോടൊപ്പം മകുടം.
ദൈവതനൂജാ!-ശിശുവായോനേ! കർത്താവേ! നിൻ-വലഭാഗത്തെ

നന്ദനരാം കുഞ്ഞാടുകളൊടൊപ്പം എന്നേയും നീ-എണ്ണീടണമെ.
ഈറയരായു-ന്നെതിരേല്പാൻ നീ അവരൊത്തേറും-ജീവാഗാരം.
ഞാനമലരൊടൊ-ത്താനന്ദിപ്പാൻ നാഥാ! ഏദൻ-വാതിൽ തുറക്ക.
അവസാനദിനേ-കാഹളമൂതും നിന്നെയവരൊ-ത്തെതിരേൽക്കും /ഞാൻ.
നീ ചെന്നെത്തും-തേജോഭൂവിൽ ശുഭവും ശമവും-പ്രാപിച്ചീടും
ബാറെക്മോർ-ശുബഹോ......മെനഓലം......
എന്നെന്നേക്കും-സ്തുതി താതന്നും നതിനന്ദനനും-റൂഹ്ക്കുദിശായ്ക്കും

## മാർ അപ്രേമിന്റെ ബോവൂസൊ

ആദ്രതയാൽ നാഥാ!ദേവാ! ശിശുവിന്നേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിതിനെ

ഉന്നതരാജ്യാഗാരത്തിൽ പൈതലിതാ പാറിക്കേറി
താതനുമമ്മയുമാധിയിലും പീഡയിലും മേവീടുന്നു.

വത്സലരാകും പൈതങ്ങൾ-ക്കൻപാൽ ജീവൻ നൽകീടാൻ
മാതാക്കന്മാരെ ശുദ്ധ്യാ ദൈവത്തോടഭ്യർത്ഥിപ്പിൻ

ആദ്രതയാൽ നാഥാ!ദേവാ! ശിശുവിന്നേകണമെ പുണ്യം
നിൻമഹിമോദയ നാൾ തന്നിൽ നിർത്തണമെ വലമായിതിനെ

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ മാലാഖമാരും പ്രാധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തി

ന്നു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യ മക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം തനിക്കു ഞങ്ങൾ സമർപ്പിക്കുന്നു.

സർവ്വശക്തിയുള്ള പിതാവും സർവ്വാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! തന്നേയും യേശുമ്ശിഹാ ആയ ഏകപുത്രനായ ദൈവമായ കർത്താവേ! വിശുദ്ധറൂഹായോടുകൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടു കൂടിയിരിക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യണമേ.

എന്തെന്നാൽ താൻ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് വിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹാ ആയ താൻ മാത്രം കർത്താവാകുന്നു. ആമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും തന്നെവാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ളകർത്താവേ! വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം മഹത്വമുള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്തമാകുന്നു. സകലത്തിന്റേയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ1 തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴും എന്നേക്കും തന്നെ. ആമ്മീൻ.

Just as the exalted angels and the arch-angels of heaven sing praises to You, so like them, we frail and earthy ones, glorify You and say at all times, and in all moments:

Glory be to God on hight, and on earth peace and concord, and good hope to men:

We praise You, we glorify You, we worship You, songs of praise we raise to You.

We praise You for the greatness of Your glory, O Lord Creator, heavenly King, God the Father Almighty; and You, O Lord God, only begotten Son, Jesus Christ and You Holy Spirit.

O Lord God, Lamb of God, Son and Word of the Father, who bearest and hast borne the sins of the world, have mercy upon us.

Thou who bearest and hast born the sins of the world, incline Thine ear to us and accept our prayers.

Thou who sittest in glory, at the right hand of the Father, have compassion and mercy upon us.

For, Thou art, and alone Thou art, holy O Lord, Jesus Christ, with the Holy Spirit, for the glory of God.

At all times, and in all the days of our lives, will we bless Thee, and praise Thy holy name, blessed for ever, O Thou who art, and abidest for ever and ever.

Almighty God, God of our Fathers, blessed art Thou, and glorious is Thy Name, and exalted by praises, for ever and ever.

Meet to Thee is glory; becoming to Thee is praise; befitting to Thee is adoration, O God of all, the Father of truth, with Thine only begotton Son, and living Holy Spirit, now and always, for ever and and ever: Amen.

**(മോറാൻ യേശുമ്ശിഹാ)**

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാ
തിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാ

പികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

Our Lord, Jesus Christ, do not close the door of Your mercies in our face. We acknowledge, O Lord, that we are sinners. Have mercy upon us. O Lord, Your love brought You from on high to us, that through Your death, our mortality should be swallowed. Have mercy upon us.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.

പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാതമ്പുരാ
+ നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!
Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ! കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

ദൈവമേ സ്തുതി

സൃഷ്ടാവേ സ്തുതി

പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Lord, have mercy upon us,

Response: Lord, be kind and have mercy,

Lord, accept thou our office, and our entreaties; have mercy on us.

Celebrant: Glory be to Thee, O God,

Response: Glory be to Thee, Creator,

Glory be Thee, O Christ the King Who doest pity sinners Thy servants, Barekhmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ -ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരണമെ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തു കൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven

Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം,

പ്രതിവാക്യം: നമ്മുടെ കർത്താവു നിന്നോടുകൂടെ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമർത്ത് മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോടു അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.

Celebrant: Hail Mary! Full of grace.
Response: Our Lord is with you. Blessed art thou among women. Blessed is the fruit of your womb- our Lord Jesus Christ. O! virgin, Saint Mary, O! mother of God, pray for us sinners, now and at all times, and at the hour of our death. Amen

പുരോഹിതൻ: സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും
പ്രതിവാക്യം: കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ളപ്രകാശവുംസത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാ

നിരിക്കുന്നവനും തന്റെ രാജ്യത്തിനവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.ആമ്മീൻ

ബാറെക്മോർ, സ്റ്റൌമെൻ കാലോസ് കുറിയേലായിസ്സോൻ

Celebrant: We believe in one true God,

Response: The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to his will, and ascended into heaven, and sat on the right hand of his Father, and shall come again in his great

glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.

Barekmore, Stoumen kalos Kurielaison.

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ-ഹാലേലുയ്യ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനു തുല്യം നരന്റെ നാളുകളഹോ-ഹാലേലുയ്യ
പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ
ബാറെക്മോർ ശുബഹോ.... മെനഓലം....
As doth a father his children love-Halleluiah
So doth the Lord love those who fear His name.
The days of man are but as grass- Halleluiah
He springs up like the herbs that-gorw in fields.
Barekhmor. Shubhaholabo.... Men'olam...

ശരണത്താലെ നിൻകൃപയിൽ
മരണമടഞ്ഞോരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിനായ്
സ്തൌമെൻ......കുറിയേലായിസ്സോൻ
They who served and died in hope,
Trusting in thy mercy, Lord,

May Thy living voice them raise
From their graves to paradise
Stomen Kalos-Kurielaison

നാഥാ! താവകമിരുലോ-കം
നിന്നധികാരം താനെ-ങ്ങും
സ്ളീബായാൽ ജീവിതരെ-ക്കാ
ത്തൻപാൽ മുക്തി മൃതക്കേ-ക
ബാറെക്മോർ ശുബഹോ....

Thine, O Lord, are both the worlds,
Here and there Thy Pow'r extends,
Keep the living by Thy cross,
By Thy grace absolve the dead.
Barekhmor. Shubhaholabo....

സ്തോത്രം! മൃതജീവപ്ര-ദനെ!
കബറീന്നേറ്റീടുന്നോ-നേ!
നിൻപ്രേഷകതാതനുമ-മലൻ
റൂഹാക്കൂം ഹാലേലുയ്യ
മൊറിയോ......

Praise we Thee who giveth life
To those lying in the tombs;
Praise the Father, Thee who sent,
Praise the holy Spirit too
Moriyorahe......

തൻമരണത്താൽ-മരണത്തെ
ജീവിപ്പിച്ചവനാം-ദൈവസുതാ!
സ്തുതി ദൈവത്തിന്നെ-ന്നാക്കാൻ
അടിയാരേ പൂഴീന്നേറ്റണമേ.

Son of God who by Thy death

Quick'neth mortal men,
Give us life that from the dust
We may cry aloud.
Praise to Thee, O Lord.

ഉയിരേകുന്നോൻ രാജാ-
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻമൃതരാ-മേവക്ക്ും നൽകുന്ന
കബറുകളിൽനിന്നി-
ങ്ങവരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി-ന്നേ സ്തുതിചെയ്തീടുന്നു. ബാറെക്മോർ.
ശുബഹോ.......

Comes the Prince of life
From his glorious throne above,
Raising those who-in their grves take rest
From their graves they'll rise

With them our departed ones,
Praising Him who-giveth life to all, Barekhmor
Shubhohalo......

എന്റെ ശരീരം ഭക്ഷിച്ചെൻരക്തം പാനം ചെയ്തോൻ
പാതാളത്തിൽ-പോകാനായ് വിടാഞാൻ
എന്നുമവൻ ജീവിപ്പാനങ്ങത്തീട്ടു മരിച്ചതു ഞാൻ
എന്നും കർത്താ-തന്നരുളിന്ന മഹത്വം.
മൊറിയോറാഹേം.......

Praised be Jesus' words
In His Gospel giv'n to us,
Those who eat my-flesh and drink my blood
Them I will not leave
Bound in hell-for them I died

Giving all the-everlasting life
Moriyorahe....

രക്ഷകനേ നിൻഗാത്രത്തേഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരേ നാശംനീക്കിജ്ജീവിപ്പിച്ച്
അണിയേണം നിന്നേനോക്കുന്നവരിൽ കാന്തി.
ബാറെക്മോർ ശുബഹോ......

Grant, O Saviour, that the dead who ate Thy flesh
Who drank Thy blood, the chalice of salvation,
May be raised up from their graves-yea, incorrupt.
Clothed in glory full and bright, Lo, They wait Thee
Barekhmor Shubhaho....

മൃതരേജീവിപ്പിപ്പാനെഴുന്നെള്ളും രാജാ
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻകൊമ്പിൻനാദം കേട്ടിട്ട്
അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോറാഹേം.......

Borne aloft in state upon-clouds of glory,
Comes the prince who give the life to the dead ones.
Righteous ones the trumpet hear-of His angels;
They proceed in glorious stoles-to His presence.
Mor'yo Rahemelain.....

**ഹൂത്തോമ്മൊ**

ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! തനിക്കു സ്തുതി, തനിക്കു സ്തുതി, തനിക്കു സ്തുതി. കർത്താവേ! തിരു കൃപയാലും മഹാകരുണയാലും ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകളെ അംഗീകരിക്കണമെ. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ മരിച്ചവർക്ക് പാപപരിഹാരം നൽകണമെ. സത്യവിശ്വാസത്തോടെ കർത്താവിലുള്ള ശരണത്തിൽ നിദ്ര

പ്രാപിച്ചിരിക്കുന്ന ഈ ശിശുവിനു പാപപരിഹാരം നൽകുകയും ചെയ്യണമെ.

ഇന്നേ ദിവസം സത്യവിശ്വാസത്തോടും ദൈവികമായ യോഗ്യതയോടും കൂടി ക്രിസ്ത്യാനിക്കുചിതമായ നിലയിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെ ശിശുവിനെ ദൈവം തന്റെ നിർമ്മലമായ തൃക്കൈകളിൽ അംഗീകരിക്കുവാൻ വേണ്ടി നമുക്കെല്ലാവർക്കും കൂടി അവിടുത്തെ കരുണയോടെ പ്രാർത്ഥിക്കാം. കർത്താവ് സന്തോഷപൂർണ്ണമായ ഉന്നതസ്ഥാനം ഈ ശിശുവിന് നൽകട്ടെ. സ്വർഗ്ഗരാജ്യത്തിലെ മണവറയും തോട്ടവും മേശയും കർത്താവ് ഈ ശിശുവിന് നൽകുമാറാകട്ടെ. കണ്ണുകളാൽ കാണപ്പെടുകയോ ചെവികളാൽ കേൾക്കപ്പെടുകയോ മനുഷ്യഹൃദയത്താൽ ഗ്രഹിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തതുംദൈവംതന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്നതുമായ വാഗ്ദാനം കർത്താവ് ഈ ശിശുവിൽ നിവർത്തിയാകട്ടെ. കർത്താവ് ഈ ശിശുവിന്റെ പാപങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ക്ലേശപൂർണ്ണമായ ഇഹലോകത്തിൽ വച്ച് ഈ ശിശു ചെയ്തു പോയിട്ടുള്ള പാപങ്ങളും തെറ്റുകളും ദൈവം മായിച്ചുകളയുകയും തന്റെ മഹാകരുണയാൽ അവയെ ഓർക്കാതിരിക്കയും ചെയ്യട്ടെ. നീതിമാന്മാരിൽ കരുണചെയ്യുന്നതായ സമയത്ത് ഈ ശിശുവിലും കരുണ ചെയ്യുമാറാകട്ടെ. കൃപാലുവായ തന്നെ കോപിപ്പിച്ച ദുഷ്ടന്മാരോടു ദൈവം പ്രതികാരം ചെയ്യുന്ന സമയത്ത്-കരുണ ആവശ്യമായ്വരുന്ന ആ ദിവസത്തിൽ-ദൈവം ഈശിശുവിൽ കരുണ ചെയ്യട്ടെ. ദൈവം തന്റെ വിശുദ്ധന്മാരുടെയും തെരഞ്ഞെടുക്കപ്പെടുന്നവരുടെയും കൂട്ടത്തിൽ ഈ ശിശുവിനെ ആനന്ദിപ്പിക്കട്ടെ. ആ ദരിദ്രനായ ലാസറിനോടു കൂടെ ഈ ശിശുവിനെയും ദൈവം ആനന്ദിപ്പിക്കട്ടെ. കാരുണ്യമാകുന്ന നല്ല എണ്ണകൊണ്ട് തങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോകാതെ സൂക്ഷിച്ച ബുദ്ധിമതികളായ ആ അഞ്ചു കന്യകമാരോടൊപ്പംദൈവം ഈ ശിശുവിനെയും ആനന്ദിപ്പിക്കുമാറാകട്ടെ തങ്ങളുടെ അടുക്കൽ നിന്നുള്ള ഈ ശിശുവിന്റെവേർപാടിൽ വിലപിച്ചും ദുഃഖിച്ചും ഇവിടെഅവശേഷിച്ചിരിക്കുന്നവരെ മ്ശിഹാതമ്പുരാൻ കരുണയോടെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തട്ടെ. കർത്താവ് അവരുടെ മുഖത്തു നിന്ന് കണ്ണുനീരും ഹൃദയത്തിൽ നിന്ന് നീറുന്ന വേദനയും നീക്കികളഞ്ഞ് അവരിൽ സത്യമുദ്ര പതിക്കുമാറാകട്ടെ. ലാസറിന്റെസഹോദരികളെ തങ്ങളുടെസഹോദരന്റെ ഉയർപ്പു മൂലം സന്തോഷിപ്പിച്ചവനായ ദൈവം ഈ ശിശുവി

ന്റെ വേർപാടിൽ ദുഃഖിച്ചിരിക്കുന്ന എല്ലാവരെയും ആശ്വസിപ്പിച്ച് സന്തോഷിപ്പിക്കട്ടെ.

വത്സലസഹോദരങ്ങളെ! പരസ്പരം ആശ്വസിപ്പിക്കുവിൻ,അന്യോന്യം ധൈര്യപ്പെടുത്തുവിൻ, മരിച്ചവരുടെ സംസ്ക്കാരത്തിൽ നീതീകരണം പ്രാപിക്കുവിൻ. മൃതനിൽ നിന്ന് കരുണ പിൻവലിക്കരുത്. വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ ഉത്തമം വിലാപഭവനത്തിൽ പോകുന്നതാണ്, എന്നുള്ള കല്പനയനുസരിച്ച് വിശുദ്ധസഭയുടെ പ്രജകൾ എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ വന്ന് ആ ദൈവികമായ തിരുവെഴുത്ത് നിവ്വഹിച്ചിരിക്കുന്നു. ദൈവം നിങ്ങളുടെ സഹായത്തിന് വന്ന് നിങ്ങൾക്ക് സമാധാനവും ശാന്തിയും നൽകട്ടെ. കർത്താവ് തന്റെ മഹാകരുണയാൽ നിങ്ങളുടെ കടങ്ങൾ പരിഹരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യട്ടെ. ഉത്തമഹൃദയത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടി നിങ്ങൾ വിളിക്കുന്ന ഏതു സമയത്തും കർത്താവായ യേശുമ്ശിഹാ നിങ്ങൾക്കുത്തരമരുളും ഐശ്വര്യപൂർണ്ണമായ തന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കർത്താവ് നിങ്ങളുടെ യാചനകൾക്ക് മറുപടി അയച്ചു തരികയും ചെയ്യും. "എന്റെ പിതാവിനാൽഅനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭത്തിനു മുമ്പു തന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം വന്ന്അനുഭവിച്ചുകൊള്ളുവിൻ"എന്നരുളിച്ചെയ്യുന്ന സന്തോഷപ്രദമായ ശബ്ദം കേൾക്കുവാൻ ദൈവം നിങ്ങൾക്ക് സംഗതിയാക്കട്ടെ. നിങ്ങളുടെയും നിങ്ങളുടെ പരേതരുടെയും തന്റെ ശരണത്തിൽ നിദ്രപ്രാപിച്ചിരിക്കുന്ന ഈ മ്ശിഹായുടെകുഞ്ഞിന്റെയും പാപങ്ങൾ കർത്താവ് പരിഹരിക്കട്ടെ. കർത്താവ് ഈ ശിശുവിനെ തന്റെ വലത്തുഭാഗത്തു വിളിച്ചുനിറുത്തുമാറാകട്ടെ. ആദ്യമനുഷ്യൻ പാപം ചെയ്യുന്നതിനു മുമ്പ് അവന്റെ കൂടാരം കർത്താവ് സ്ഥാപിച്ച അതേ സ്ഥാനത്തു തന്നെ ഈ ശിശുവിന്റെ വാസവും ആനന്ദവും ആയിത്തീരുമാറാകട്ടെ. ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാത്ഥനയാൽ സ്വർഗ്ഗീയ സഭയിലും ഈ ഭൗമികസഭയിലും ഇവയെല്ലാം സാധിക്കുമാറാകണമെ എന്നു ഞങ്ങൾ പ്രാത്ഥിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ചിരിക്കുന്ന തന്റെ ഈ ശിശുവിനെ കൃപയോടെ ആശ്വസിപ്പിക്കുമാറാകട്ടെ. ന

മ്മുടെ ഈ കൂട്ടത്തിന്മേൽ ദൈവത്തിന്റെ കരുണ എന്നെന്നേയ്ക്കും രണ്ടു ലോകങ്ങളിലും ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

Glory be to You, Glory be to You, Glory be to You, our Lord and or God for ever. O Lord, by Your grace and Your abundant mercy, hear our prayers and accept our services. Come to our aid; answer us who are feeble and absolve our departed and Your servant this child, who has laid down with hope in You and with true faith, our Lord and our God for ever.

Let us all pray to the merciful God that He may receive in His pure and holy hands this child of Christ, who has laid down with hope in Him, this day, with divine elegance and befitting a Christian. May the Lord, grant this child that exalted place full of happiness. May the Lord give this child the bridal chamber, garden and the table in the heavenly kingdom. May the Lord grant this child that which the eye has not seen, and the ear has not heard, and into the heart of the human has not entered, that promise which God has prepared for those who love Him. May the Lord absolve this child sins and pardon this child shortcomings and blot out the sins and mistakes which this child has not done in this world full of sorrows. May He not remember them according to the multitude of His abundant kindness. May He show mercy upon this child, when He shows mercy to the just. May God show compassion upon this child on that day He is in need of compassion; when He shall wreak vegeance upon the vicked, who has angered His grace. May God gladden this child with the saints and with His selected

ones. May God give this child happiness with that poor Lazarus and with those five wise virgins, whose lamps were not extinguished by the good oil of grace. And those who remain after this child lamenting and mourning about this child separation from them, May Christ the God be to them a comforter and strengthener by His abundant mercies. May the Lord wipe out the tear from their eyes and the burning sorrows from their hearts and impress upon them the seal of firmness. May God who gladdened the sisters of Lazarus by the resurrection of their brother, comfort and gladden all those who lament this child separation from them.

And you, my brethren and my beloved, who as children of the Holy Church, have come and fulfilled the word of the divine writ, which commands and says: "Comfort one another; strengthen each other; bury the dead and be sanctified by it; do not withhold kindness from the dead; better it is to go to the house of mourning than to go the house of feasting." May God come to your aid and give you peace and tranquillity. May God absolve your debts and pardon your shortcomings by the multitude of Your loving kindness. May our Lord Jesus Christ answer you, whenever you call upon him with a good heart, and with purity and holiness. May the Lord reward you and send you what you have asked, from His treasure house, full and rich. May God make you hear His joyful voice saying: "come and enter, you who are blessed of my Father and inherit the kingdom of heaven, that is prepared for you from before the foundation of the world." May God forgive your sins and those of your departed ones and of this servant of Christ, who has slept with hope in Him. May the Lord call this child and make

this child stand on His right hand. Where the Lord fixed the habitation of the first human, before He sinned, there may this child abode and this child delight be. And this we pray and plead that it may happen and be fulfilled in the heavenly Church and in this Church which is on earth, especially by the prayers of St. Mary, Mother of God, and of all the saints: Amen.

Celebrant: May God by His mercy give repose to His servant and whorshipper who has laid down with hope in Him. May the blessings of God be upon this crowd, in both worlds, for ever and ever: Amen.

Celebrant: Blessed are you all by the Lord who has made heaven and earth. May God bless and absove all those

who are present with us in this divine service. May the Lord God absolve them and pardon their faithful departed.

O Father, Son and Holy Spirit, hear and accept our feeble and impotent prayers before Thy awful and exalted throne, now and always for ever:

Response: Kurielaison, Kurielaison, Kurielaison,

Lord, have mercy upon us
Lord, be kind and have mercy
Lord, answer us and have mercy upon us
Glory be to Thee O Lord
Glory be to Thee O Lord
Glory be to Thee our hope, Barekmore

Our Father, who art in heaven, Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is the kingdom, the power, and the glory, for ever and ever. Amen.

Hail Mary, full of grace, Our Lord is with you, blessed are you among women, and blessed is the fruit of your womb, our Lord Jesus Christ. O! Virgin St. Mary, Mother of God, pray for us sinners, now and at all times, and at the hour of our death. Amen.

---